വാല്യം 14

കരുനാഗപ്പള്ളി ബ്ലോക്ക്
(കൊല്ലം ജില്ല)

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ



മൈനാഗപ്പള്ളി ഗ്രാമ പഞ്ചായത്ത്

വികസനരേഖ

അധികാരം ജനങ്ങളിലേക്ക്

ഒമ്പതാം പദ്ധതി-ജനകീയ പദ്ധതി

മൈനാഗപ്പള്ളി പഞ്ചായത്തുമായി ബന്ധപ്പെട്ട ജനപ്രതിനിധികൾ

N.K. പ്രേമചന്ദ്രൻ MP

T. നാണുമാസ്റ്റർ MLA

അമ്പിളി തമ്പാൻ (ജില്ലാ പഞ്ചായത്ത് മെമ്പർ)

കുന്നത്തൂർ ബാലൻ (ജില്ലാ പഞ്ചായത്ത് മെമ്പർ)

ഡോ: സലീനാ അസീസ്
(ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻറിംഗ് കമ്മിറ്റി ചെയർ പേഴ്സൺ)

പി. രാജേന്ദ്രപ്രസാദ് (ബ്ലോക്ക് പഞ്ചാ: മെമ്പർ)

ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ

വാർഡ് നമ്പർ	പേര്
1	എസ്. ഗോപാലകൃഷ്ണപിള്ള
2	പി. ആർ. കുട്ടൻ
3	വൈ. എ. സമദ്
4	മുത്തുബീവി
5	ഗീതാകുമാരി
6	അഡ്വ: ആർ. മോഹനൻ
7	കെ. വിജയൻപിള്ള
8	സുഭദ്രാമ്മ
9	പി. കെ. ഗോപൻ
10	സാലികോശി വൈദ്യൻ
11	ജേക്കബ് ആർ. കെ. വൈദ്യൻ
12	ആർ. എം. തരകൻ
13	ശാരദ

മുൻ പഞ്ചായത്ത് പ്രസിഡൻറൻമാർ

അഡ്വ: കുറ്റിയിൽ ഇബ്രാഹിംകുട്ടി
ചെമ്പോത്തിൽ മാധവൻപിള്ള
സി. പി. കരുണാകരൻപിള്ള
പി. രാജേന്ദ്രപ്രസാദ്
എൻ. വി. ചന്ദ്രശേഖരൻനായർ
വൈ. എ. സമദ്

മൈനാഗപ്പള്ളി
ഗ്രാമ പഞ്ചായത്ത്

വികസനരേഖ

ഉള്ളടക്കം

ആമുഖം

ചരിത്ര പശ്ചാത്തലം

ഭൂപ്രകൃതിയും വിഭവങ്ങളും

ഗ്രൂപ്പ് നമ്പർ 1. കൃഷി, ജലസേചനം

,, 2. മൽസ്യമേഖല, മൃഗപരിപാലനം

,, 3. വിദ്യാഭ്യാസം

,, 4. ആരോഗ്യം, കുടിവെള്ളം, പരിസര ശുചീകരണം

,, 5. വ്യവസായം

,, 6. റോഡുകൾ, ഊർജ്ജം

,, 7. ഭവനനിർമ്മാണം, ക്ഷേമപ്രവർത്തനം

,, 8. സംസ്കാരം

,, 9. വനിത

,, 10. സഹകരണമേഖല

,, 11. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

,, 12. വിഭവസമാഹരണം.

''ഭാരതമെന്നപേർ കേട്ടാല-
ഭീമാന പൂരിത മാകണമന്ത:രംഗം
കേരളമെന്നപേർ കേട്ടാൽ
തിളയ്ക്കണം ചോരനമുക്കു് ഞരമ്പുകളിൽ''

ആയിരത്തിതൊള്ളായിരത്തി തൊണ്ണൂറേഴ് ഏപ്രിൽ മാസത്തിൽ ഇന്ത്യയിൽ ആരംഭിക്കുന്ന ഒൻപതാം പഞ്ചവൽസര പദ്ധതിയിൽ കേരളത്തിനു് അനുവദിയ്ക്കുന്ന തുക ഏതു് മേഖലയിൽ എങ്ങനെ വിനിയോഗിക്കണമെന്നു് ചരിത്രത്തിൽ ആദ്യമായി ബഹുജന പങ്കാളിത്തത്തോടെ കേരളത്തിൽ തീരുമാനിക്കുകയാണു്. 'അധികാരം ജനങ്ങളിലേക്കു്' 'ഒൻപതാം പദ്ധതി ജനകീയ പദ്ധതി'-എന്ന ആശയം ഉയർത്തി ജനകീയാസൂത്രണ പ്രസ്ഥാനം കേരളത്തിൽ ശക്തി പ്രാപിക്കുകയാണു്. അധികാരത്തിൽനിന്നും അന്യവൽക്കരിക്കപ്പെട്ടു്, അധികാരികളെ സൃഷ്ടിക്കാൻമാത്രം വിധിക്കപ്പെട്ടു് കാലത്തിന്റെ കുത്തൊഴുക്കിൽ നഷ്ടപ്പെട്ടുപോകുന്ന വിലാപങ്ങളും പൊരിഞ്ഞു് ജീവിതം തള്ളിനീക്കുന്ന ജനകോടികളുടെ മുന്നിൽ പ്രത്യാശയുടെ കിരണങ്ങളുമായി ജനകീയാസൂത്രണ പ്രസ്ഥാനം തളിരിടുന്നു.

സംസ്ഥാന തലത്തിൽ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടു് ചെയർമാനും, കേരള മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ രക്ഷാധികാരിയും, സർവ്വശ്രീ പി. കെ. വാസുദേവൻനായർ. എ. കെ. ആൻറണി കെ. കരുണാകരൻ, വി. എസ്. അച്ചുതാനന്ദൻ, ഡോ. സുകുമാർ അഴീക്കോടു്, ജസ്റ്റിസു് വി. ആർ. കൃഷ്ണയ്യർ, ഡോ. കെ. എൻ. രാജു് എന്നിവർ വൈസു് ചെയർമാൻമാരും' തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. പാലൊളി മുഹമ്മദ്കുട്ടി കൺവീനറുമായിട്ടുള്ള ഒരു മാർഗ്ഗ നിർദ്ദേശക സമിതിയാണു് ഈ പദ്ധതിക്കു് നേതൃത്വം നൽകുന്നതു്. കേരള സംസ്ഥാന പ്ലാനിംഗു് ബോർഡു് മെമ്പറൻമാർ വൈസു് ചെയർമാൻ ശ്രീ. ഐ. എസ്. ഗുലാത്തിയുടെ നേതൃത്വത്തിൽ ഈ പ്രവർത്തനത്തിനു് ആകെ നേതൃത്വംനൽകി പ്രവർത്തിക്കുന്നു.

നമ്മുടെ സംസ്ഥാനത്തു് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായിനടന്ന ഗ്രാമസഭകളിൽ മുപ്പതു് ലക്ഷത്തോളം ബഹുജനങ്ങളും പങ്കെടുത്തു.

മൈനാഗപ്പള്ളി പഞ്ചായത്തിൽ ആറായിരത്തിനു മുകളിൽ ജനങ്ങളും ഗ്രാമസഭകളിൽ തങ്ങളുംകൂടി ആദ്യമായി വികസന പ്രവർത്തനത്തിൽ ലഭിച്ച പങ്കിൽ തങ്ങളുടെ കടമ നിർവ്വഹിക്കാൻ ആവേശ പൂർവ്വം എത്തിച്ചേർന്നു. ഈ ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും മൈനാഗപ്പള്ളി പഞ്ചായത്തിലെ ജനകീയാസൂത്രണ സമിതി പ്രവർത്തകരും, ഗ്രാമ പഞ്ചായത്തു് അംഗങ്ങളും CESS-ലെ ഉദ്യോഗസ്ഥരും നടത്തിയ അന്വേഷണത്തിൽനിന്നും കണ്ടെത്തിയ വിവരങ്ങളും നിഗമനങ്ങളും അടങ്ങിയ വികസന റിപ്പോർട്ടു് നിങ്ങളുടെ മുന്നിൽ ചർച്ചയ്ക്കായി അവതരിപ്പിക്കുന്നു. ചർച്ചയിലൂടെ സമ്പുഷ്ടമാക്കുക, സമഗ്രമാക്കുക.

സ്നേഹപൂർവ്വം,

ജനകീയാസൂത്രണ സമിതി പ്രവർത്തകരും ഗ്രാമപഞ്ചായത്തംഗങ്ങളും

ആമുഖം ★

കേരള സംസ്ഥാനം രൂപംകൊണ്ടതിന്റെ 40–ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ ഗ്രാമീണ ജീവിതത്തിലെ ഗുണമേന്മയുടെ കാര്യത്തിൽ നാം എവിടെ എത്തിനിൽക്കുന്നു? നമ്മുടെ ഗ്രാമങ്ങളും തനതായ വിഭവ സമ്പത്തിന്റേയും, സാംസ്ക്കാരിക സമ്പത്തിന്റേയും ഉറവിടമായിരുന്നു. നമ്മുടെ ഈ ഗ്രാമത്തിൽനിന്നുതന്നെ കാളവണ്ടികളിൽ ശാസ്താംകോട്ട ചന്തയിലേക്കും, അവിടെ നിന്നും മറ്റു സ്ഥലങ്ങളിലേയ്ക്കു കാളവണ്ടിയിലും, പട്ടകടവിൽനിന്നും കെട്ടുവള്ളങ്ങളിലും കാർഷിക വിഭവങ്ങളും മറ്റു പ്രദേശങ്ങളിലേയ്ക്കും കയറ്റിക്കൊണ്ടു പോയിരുന്നതായി പ്രായമുള്ളവർ പറയുന്നു. കെട്ടിട നിർമ്മാണോപകരണങ്ങളും നമുക്കു ആവശ്യമുള്ളവ ഇവിടെത്തന്നെ ലഭ്യമായിരുന്നു. പുറത്തുനിന്നു ലഭ്യമാകേണ്ട ഉപഭോഗ വസ്തുക്കളും പരിമിതവും അവയ്ക്കുപകരം വേണ്ടതിൽ അധികം സമ്പത്തു് ഇവിടെനിന്നും പുറംനാടുകളിലേയ്ക്കു കയറ്റിഅയയ്ക്കാൻ കഴിഞ്ഞിരുന്ന ആ നാളുകളും ഓർമ്മയിൽ നിന്നുതന്നെ മാഞ്ഞുകഴിഞ്ഞിരിക്കുന്നു. വാസ്തുശില്പകലകളിൽ പ്രഗത്ഭരായ പല കലാകാരന്മാരും ഇവിടെ ജീവിച്ചിരുന്നതിന്റെ തെളിവുകളാണു് നമ്മുടെ പ്രദേശത്തുകാണുന്ന പുരാതന കെട്ടിടങ്ങളും.

ഇന്നു് ഉപഭോക്തൃ സമൂഹമായി രൂപാന്തരം പ്രാപിച്ചുകഴിഞ്ഞു നമ്മുടെ ഗ്രാമീണ സമൂഹം. പുറമേനിന്നു ലഭിക്കുന്നവമാത്രം ഭക്ഷിക്കുന്നതു്, മാന്യതയുടെ ലക്ഷണമെന്ന അപദ്ധാരണ കടന്നുകൂടിയിരിക്കുന്നു. കൃഷി ഒരു തൊഴിലും വരുമാനമാർഗ്ഗവും എന്ന കാഴ്ചപ്പാടു് ഉപേക്ഷിക്കാൻ നമുക്കു് വളരെയധികം ന്യായീകരണങ്ങളും ലഭിച്ചു. വസ്ത്രധാരണ രംഗത്തും സൗന്ദര്യ വർദ്ധക സാമഗ്രികളുടെ രംഗത്തും, കെട്ടിട നിർമ്മാണ രംഗത്തും, ഊർജ്ജ ഉപഭോഗത്തിനും, വാഹന ഗതാഗത കാര്യങ്ങളിലും അമിത ഉപഭോഗം കടന്നുവന്നിരിക്കുന്നു. മേൽപ്പറഞ്ഞവ പരിപൂർണ്ണമായിട്ടും പരദേശത്തുനിന്നു ലഭിക്കേണ്ട അവസ്ഥയും ഏതുവിധേനെയും പണം ഉണ്ടാക്കാൻ കഴിയുന്നതു് ജീവിത നേട്ടമായിമാറുന്ന അവസ്ഥ. അതിനു കഴിയാത്തവ പുറംതള്ളപ്പെടുന്നു. നമ്മുടെ ഉപഭോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനോ പരിമിതമായ കാർഷിക വിഭവങ്ങളുടെ വില പിടിച്ചുനിർത്തുന്നതിനോ നമുക്കു് സ്വാധീനം നഷ്ടപ്പെട്ടുകഴിഞ്ഞു.

വിദ്യാഭ്യാസ രംഗത്തും, ആരോഗ്യരംഗത്തും സേവന തുറകളിൽ ഒപ്പത്തുവെ വികസിത രാജ്യങ്ങൾക്കൊപ്പം എത്തിനിൽക്കുന്നതാണു് കേരളജനത എന്നു് അഹങ്കരിക്കുമ്പോഴും മൺമറഞ്ഞുവെന്നു് കരുതുന്ന രോഗങ്ങളും തിരികെവന്നു തുടങ്ങിയിരിക്കുന്നു. കൂടാതെ പുതിയവ പലതും. ജീവിച്ചിരിക്കുന്നവരിൽ നല്ല പങ്കു് രോഗികളും. ഈ പശ്ചാതലത്തിൽവേണം ഇതുവരെയുള്ള വികസന പദ്ധതികളെ വിലയിരുത്താൻ. സ്വതന്ത്രഭാരതം 8 പഞ്ചവൽസര പദ്ധതികളിലൂടെ കടന്നാണു് ഇന്നത്തെ നിലയിലെത്തിയതു്. ഉല്പാദനരംഗത്തു് കൈവരിക്കാൻ കഴിഞ്ഞ നേട്ടം സ്ഥായിയാക്കുന്നതിനോ, വിതരണം നീതിപൂർവ്വം നടത്തുന്നതിനോ കഴിഞ്ഞിട്ടില്ല. ഇതുകൊണ്ടൊക്കെ വികസനം ചില മേഖലകളിൽ മാത്രമായി ഒതുങ്ങി.

ഗാന്ധിജിയുടെ സ്വപ്നമായിരുന്ന സ്വാശ്രയഗ്രാമം ദിനംപ്രതി പൊലിഞ്ഞുകൊണ്ടിരിക്കുന്നു. കേന്ദ്രീകൃത ആസൂത്രണത്തിലൂടെ ഇതു കഴിയുകയില്ലെന്ന യാഥാർത്ഥ്യം മനസ്സിലാക്കാൻ വളരെ വൈകി. അപ്പോഴേക്കും അഴിമതി ഭരണകൂടത്തിന്റെ മുഖമുദ്രയായി മാറിക്കഴിഞ്ഞിരിക്കുന്നു. വമ്പന്മാർ മുതൽ താഴെത്തട്ടിലുള്ള ശിപായി വരെ അവിഹിതമായി സ്വത്തു് സമ്പാദിക്കുന്നതിനു് സഹായകമാകുന്ന തരത്തിൽ ഭരണചക്രം ദുഷിച്ചുകഴിഞ്ഞു. ഏതുലക്ഷ്യത്തിനുവേണ്ടിയാണോ വികസനപദ്ധതി ആസൂത്രണം ചെയ്യുന്നതു് അതിനുവേണ്ടി മുടക്കുന്ന പണത്തിന്റെ പത്തിലൊന്നുപോലും എത്തേണ്ടേടത്തു് എത്തില്ലെന്ന അവസ്ഥ സംജാതമായി.

വികസനമെന്നതിനു് പുതിയ അർത്ഥതലങ്ങൾ കണ്ടെത്തിയതു് ഈ ഒരു പ്രതിസന്ധി ഘട്ടത്തിലാണു്. വികസനമെന്നാൽ സ്ഥായിയും നീതിപൂർവ്വകവുമായ ഗ്രതഗതിയിലുള്ള സാമ്പത്തികവളർച്ചയാണു് എന്ന യാഥാർത്ഥ്യം തിരിച്ചറിയാൻ കഴിയണം. ഇവ ആശാവഹമാകണമെങ്കിൽ കേന്ദ്രീകൃത ആസൂത്രണം ഫലപ്രദമല്ല എന്നുതിരിച്ചറിയാൻകഴിയണം. കേരളത്തിലാണെങ്കിൽ ഉല്പാദന വർദ്ധനവു് കൈവരിക്കാതെ മറ്റു നേട്ടങ്ങളും നിലനിർത്താൻ കഴിയില്ലെന്ന യാഥാർത്ഥ്യം കാണേണ്ടതായിട്ടുണ്ടു്.

ഗ്രാമതലത്തിൽ ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണ പ്രക്രിയ എന്ന ആശയം ചർച്ച ചെയ്യപ്പെട്ട തുടങ്ങിയിട്ടു് നാളേറെയായി. എന്നാൽ ഭരണഘടനയുടെ 73, 74 ഭേദഗതികളോടെ അതിനുള്ള പശ്ചാത്തലം ഒരുങ്ങി. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിലും നടത്തിപ്പിലും ക്രമീകരണം ഉണ്ടാകുകയും, ഗ്രാമപഞ്ചായത്തു് ഉൾപ്പെടെയുള്ള ഘടകങ്ങൾക്കു് കൂടുതൽ അധികാരവും വിഭവലഭ്യതയും ഉറപ്പായപ്പോഴും ജനകീയാസൂത്രണത്തിനു് കളമൊരുങ്ങി. ഭരണ കൂടത്തിന്റേയും, പ്ലാനിംഗ് ബോർഡിന്റേയും ഇച്ഛാ ശക്തികൂടി ആയപ്പോഴും ജനകീയാസൂത്രണം യാഥാർത്ഥ്യമായിമാറി.

ജനകീയാസൂത്രണ പ്രക്രിയയ്ക്ക് അത്യന്താപേക്ഷിതമായ ഘടകങ്ങളിൽ ഒന്ന് നമ്മുടെ ലഭ്യമായ വിഭവങ്ങളും തിട്ടപ്പെടുത്തുക എന്നതാണ്. കൊല്ലം ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും സെൻറർ ഫോർ എൻവയൺമെന്റ് സയൻസ് സ്റ്റഡീസ് നേരത്തെ നടത്തിയ വിഭവഭൂപടസർവ്വേയും, നിർമ്മാണവും ഇതിന് സഹായകമായി. ജില്ലയിലെ മറ്റെല്ലാ പഞ്ചായത്തിലുംപോലെ നമ്മുടെ പഞ്ചായത്തിലും 1994 നവംബർ–ഡിസംബർ മാസങ്ങളിൽ വിഭവ ഭൂപട സർവ്വേനടന്നു. സാമൂഹ്യ സാമ്പത്തിക സർവ്വേ ഉൾപ്പെടെ പല പശ്ചാത്തല പ്രവർത്തനങ്ങളും നടത്തേണ്ടതായിരുന്നെങ്കിലും അവ നടത്താൻ കഴിഞ്ഞില്ല.

പ്ലാനിംഗ് ബോർഡ് ആവിഷ്കരിച്ച 9-ാം പദ്ധതി ജനകീയ പദ്ധതി എന്ന ജനകീയാസൂത്രണ പരിപാടിക്ക് അതിന്റെ തുടക്കം മുതൽ എല്ലാവിധ പിൻതുണയും നൽകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഒന്നാം ഘട്ടത്തിന്റെ പരിശീലനസന്ദർഭത്തിൽത്തന്നെ ഒരു കീ-റിസോർഡ് പേർസൻ ഉൾപ്പെടെ ആവശ്യമായ റിസോർസ് പേർസന്മാരെ കണ്ടെത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

ഒന്നാം ഘട്ട പ്രവർത്തനമായ പ്രത്യേക ഗ്രാമസഭകൾ എല്ലാ വാർഡുകളിലും ചിട്ടയായി നടന്നു. സെപ്തംബർ 22 മുതൽ ഒക്ടോബർ 6 വരെയുള്ള കാലയളവിൽ 13 വാർഡുകളിലും ഗ്രാമസഭകൾ നടന്നു. പങ്കാളിത്തം നല്ല തോതിൽ ഉണ്ടായിരുന്നു. രജിസ്ട്രേഷൻ മുതൽ ആറ് ഗ്രൂപ്പുകളായിട്ടാണ് ഗ്രാമസഭകൾ നടന്നത് ഓരോ ഗ്രൂപ്പിലും പരിശീലനം ലഭിച്ച രണ്ട് റിസോർസ് പേർസൻമാർ ചർച്ചകൾക്ക് നേതൃത്വം വഹിച്ചു.

ഗ്രൂപ്പ് 1 കൃഷി, ജലസേചനം, മത്സ്യമേഖല. മൃഗ പരിപാലനം.

ഗ്രൂപ്പ് 2 വിദ്യാഭ്യാസം, സംസ്കാരം.

ഗ്രൂപ്പ് 3 ആരോഗ്യം, കുടിവെള്ളം, പരിസര ശുചിത്വം, ഭവനനിർമ്മാണം.

ഗ്രൂപ്പ് 4 വ്യവസായം, സഹകരണമേഖല

ഗ്രൂപ്പ് 5 ഗതാഗതം, ഊർജ്ജം, വിഭവസമാഹരണം

ഗ്രൂപ്പ് 6 വനിതാക്ഷേമം, പട്ടികജാതി – പട്ടിക വർഗ്ഗക്ഷേമം.

എന്നീ വിഷയങ്ങളാണ് ഓരോ ഗ്രൂപ്പിലും ചർച്ച ചെയ്തത്. ഗ്രാമസഭാ ചർച്ചകൾ കുറിച്ചെടുത്ത റിസോർസ് പേർസന്മാർ അത് ക്രോഡീകരിച്ച് പഞ്ചായത്ത് ഭരണസമിതിയെ ഏൽപ്പിക്കുകയുണ്ടായി. റിസോർസ് പേർസന്മാർ ഗ്രൂപ്പുചേർന്ന് ചുമതലാവിഭജനം നടത്തി ഈ റിപ്പോർട്ടുകൾ പഞ്ചായത്തുതലത്തിൽ ക്രോഡീകരിച്ചു. ദ്വിദിയവിഭവശേഖരണം പ്രതീക്ഷിച്ചതിൽ കൂടുതൽ കാലതാമസം വരുത്തി. പലവിവരങ്ങളും പൂർണ്ണമല്ല. ഈ അപാകത ഈ വികസന റിപ്പോർട്ടിന്റെ സമഗ്രതയ്ക്ക് കോട്ടം സൃഷ്ടിച്ചിട്ടുണ്ട്.

നിലവിലുള്ള ഡിപ്പാർട്ടുമെൻറൽ പദ്ധതികളുടെ അവലോകനത്തിനായി വിവിധ ഉദ്യോഗസ്ഥന്മാരുടെ യോഗം 22–11–96 2 p m നു പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ ചേരുകയുണ്ടായി. പങ്കാളിത്തം, ചർച്ച ഇവ തൃപ്തികരമായിരുന്നു.

ചരിത്ര പശ്ചാത്തലം തയ്യാറാക്കുന്നതിനു 25 ൽ പരം കാരണവന്മാരുമായി അഭിമുഖം നടത്തി. വിവിധ തുറകളിൽ പ്രവർത്തിച്ച് അനുഭവസമ്പത്തുള്ളവരുടെ ഓർമ്മകളും വിലപ്പെട്ട വിജ്ഞാന ശ്രോതസ്സുകളായി പ്രവർത്തിച്ചു.

വിഭവഭൂപടം ലഭ്യമാണെങ്കിലും പഞ്ചായത്തിനെ 4 മേഖലകളായി തിരിച്ച് ഓരോ മേഖലയിലും 3, 4 റിസോർസ് പേർസന്മാർ അടങ്ങുന്ന സ്കാഡ് സഞ്ചരിച്ച് ഭൂപ്രകൃതി, സ്ഥലജല മാനേജ്മെൻറ്, കാർഷിക ഘടന തുടങ്ങിയവ നിരീക്ഷിച്ചു.

വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനു ഓരോ വിഷയങ്ങളുടേയും ചുമതലയുള്ള ജില്ല റിസോർസ് പേർസന്മാർ ലോക്കൽ റിസോർസ് പേർസന്മാർ ഇവർ കൂടിയിരുന്നു അതാതു വിഷയങ്ങളിൽ കരടു തയ്യാറാക്കി. പിന്നീടു സമ്പൂർണ്ണ യോഗത്തിൽ പൂർത്തിപ്പെടുത്തി പഞ്ചായത്തു ഭരണസമിതിയുടെ അംഗീകാരത്തിനു സമർപ്പിക്കുകയാണുണ്ടായത്.

ഗ്രാമസഭകൾ ചേർന്നതിനുശേഷം റിപ്പോർട്ട് തയ്യാറാക്കുന്നതുവരെയുള്ള കാലയളവ് യാണെങ്കിലും ജനാധികാര കലാജാഥ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പര്യടനം ജനകീയാസൂത്രണത്തിന്റെ പ്രചരണം നടത്തുകയും ചെയ്തു.

നമ്മുടെ ഇതുവരെയുള്ള വികസന പ്രക്രിയയുടെ സമീപനംകീഴ്മേൽ മറിഞ്ഞ തുടക്കം കുറിച്ചുകഴിഞ്ഞു. ഗ്രാമീണർക്കുവേണ്ടതു് അവർ തെരഞ്ഞെടുക്കുന്ന ഭരണ ഓരോ ആസൂത്രണ ബോർഡ് പ്രവർത്തന ക്ഷമമാകുന്നതിലൂടെ നടപ്പിലാണ്ടിടത്തു് അനുവദിക്കപ്പെട്ടിട്ടുള്ള തുകയോടൊപ്പം ജനപങ്കാളിത്തത്തിന്റെ ണത്തിന്റെയും സാധ്യത കൂടിച്ചേർന്നു് വർദ്ധിച്ച തോതിൽ എത്തിച്ചേരുന്ന നാടിനു് തികച്ചും പുതിയതുതന്നെ. ഇതു് മാറ്റത്തിനു് നാന്ദിയാകട്ടെ.

പഞ്ചായത്ത് പൊതുവിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	:	മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന റവന്യൂ വില്ലേജ്	:	മൈനാഗപ്പള്ളി
ബ്ലോക്ക് പഞ്ചായത്ത്	:	കരുനാഗപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	മൈനാഗപ്പള്ളി A ഡിവിഷൻ (1, 2, 3, 7, 8.9, വാർഡുകൾ), (മൈനാഗപ്പള്ളി B ഡിവിഷൻ 4, 5, 6, 10, 11, 12, 13, വാർഡുകൾ)
താലൂക്ക്	:	കുന്നത്തൂർ താലൂക്ക്
ജില്ല	:	കൊല്ലം
അസംബ്ലിമണ്ഡലം	:	കുന്നത്തൂർ (സംവരണം)
ജില്ലാപഞ്ചായത്ത് ഡിവിഷനുകൾ	:	തഴവാ ഡിവിഷൻ (ബ്ലോക്ക് A ഡിവിഷൻ) ശാസ്താംകോട്ട ഡിവിഷൻ (ബ്ലോക്ക് B ഡിവിഷൻ)
വിസ്തീർണ്ണം	:	9. 5. Sq. Mills.
ജനസംഖ്യ	:	36391
വാർഡുകളുടെ എണ്ണം	:	13

അതിർത്തി

കിഴക്ക്	:	ശാസ്താംകോട്ട ശുദ്ധജലതടാകം, ശാസ്താംകോട്ട പഞ്ചായത്ത്
വടക്ക്	:	തൊടിയൂർ പഞ്ചായത്ത്, ശൂരനാട് തെക്ക് പഞ്ചായത്ത്
പടിഞ്ഞാറ്	:	തൊടിയൂർ പഞ്ചായത്ത്
തെക്ക്	:	തേവലക്കര പഞ്ചായത്ത്, പടി: കല്ലട പഞ്ചായത്ത്

പഞ്ചായത്ത് രൂപം കൊണ്ട വർഷം:		**15-8-1953**
ഇപ്പോഴത്തെ പ്രസിഡന്റ്	:	**ശ്രീ. പി. ആർ. കുട്ടൻ**
ഇപ്പോഴത്തെ വൈസ് പ്രസിഡന്റ്:		**ശ്രീ. മുടിയിൽത്തറഗോപാലകൃഷ്ണപിള്ള**
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ		**ശ്രീ. ആർ. എം. തരകൻ**

പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ

1) ശ്രീ. വൈ. എ. സമദ്
2) ശ്രീമതി. എസ്. മുത്തുബീവി
3) ശ്രീമതി. വി. ഗീതാകുമാരി
4) അഡ്വ. ആർ. മോഹനൻ
5) ശ്രീ. കെ. വിയജൻപിള്ള
6) ശ്രീമതി. ഒ. സുഭദ്രാമ്മ
7) ശ്രീ. പി. കെ. ഗോപൻ
8) ശ്രീമതി. സാലികോശിവൈദ്യൻ
9) ശ്രീ. ജേക്കബ്. ആർ. കെ. വൈദ്യൻ
10) ശ്രീമതി. എസ്. ശാരദ

സാമൂഹിക സാംസ്ക്കാരിക ചരിത്രം

ഐതിഹ്യപ്രസിദ്ധമായ പ്രദേശമാണ് മൈനാഗപ്പള്ളി പഞ്ചായത്ത്. പഞ്ചായത്തിന്റെ പേരും കരുനാഗപ്പള്ളി - കാത്തികപ്പള്ളി തുടങ്ങിയ സ്ഥലനാമങ്ങളും പോലെ ബുദ്ധമത പ്രചാരണവുമായി ബന്ധപ്പെട്ട രൂപം കൊണ്ടതാണെന്നും പറയപ്പെടുന്നു. കാടുവെട്ടിത്തെളിച്ചു ജീവിതമാരംഭിച്ച മനുഷ്യന്റെ

മുഖ്യഭീഷണി ആയിരുന്ന നാഗങ്ങളുടെ പേരുമായി ബന്ധപ്പെട്ടാണ് മൈനാഗപ്പള്ളി, കരുനാഗപ്പള്ളി, തുടങ്ങിയ സ്ഥലനാമങ്ങളും ഉണ്ടായതു് എന്നു് വിശ്വസിക്കുന്നു. പർവ്വതങ്ങൾക്കു് ചിറകുകളുണ്ടായിരുന്ന കാലഘട്ടത്തിൽ മൈനാഗപർവ്വതം ഹിമാലയത്തിൽ നിന്നും പുറപ്പെട്ട വിശ്രമിച്ച സ്ഥലമാണു് എന്നും ഐതിഹ്യങ്ങളും നിലവിലുണ്ടു്. ശാസ്താംകോട്ട ധർമ്മശാസ്താക്ഷേത്രത്തിന്റെ ഉൽഭവവുമായി ബന്ധപ്പെട്ടുള്ള കഥകളിൽ പരാമർശിക്കുന്ന കാളകൂട്ടുംപൊയ്ക മൈനാഗപ്പള്ളി പഞ്ചായത്തിലാണു്. ശാസ്താംകോട്ട ക്ഷേത്രത്തിന്റെ സ്ഥാനം കണ്ടെത്തുന്നതിനുവേണ്ടി കായംകുളത്തുനിന്നും പുറപ്പെട്ട പന്തളം രാജാവും സംഘവും കാളകളാൽ ആക്രമിക്കപ്പെട്ട സ്ഥലമാണു് ഇതു് എന്നു് ഐതിഹ്യമാലയിൽ പരാമർശമുണ്ടു്.

സാമൂഹ്യമാറ്റത്തിന്റെ രംഗത്തു് ഉജ്ജ്വലമായ സംഭാവനകളും നൽകിയചരിത്രം മൈനാഗപ്പള്ളി പഞ്ചായത്തിനുണ്ടു്. സ്വാതന്ത്ര്യപ്രസ്ഥാനവുമായിബന്ധപ്പെട്ട സുപ്രധാന സംഭവവികാസങ്ങൾക്കു് ഈ പ്രദേശം സാക്ഷ്യം വഹിച്ചിട്ടുണ്ടു്. ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി C. P. രാമസ്വാമി അയ്യരെ അനുകൂലിക്കുന്ന നാഷണൽ കോൺഗ്രസും സ്റ്റേറ്റ് കോൺഗ്രസ് പ്രസ്ഥാനവും തമ്മിൽ മദ്ധ്യതിരുവിതാംകൂറിൽ അനേകം സംഘർഷങ്ങളും നടന്നിട്ടുള്ളതായി കാരണവന്മാർ സ്മരിക്കുന്നു. സ്വാതന്ത്ര്യ പ്രാപ്തിക്കുമുൻപു് തന്നെ ഇടതുപക്ഷപ്രസ്ഥാനത്തിനും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിനും ശക്തമായ വേരോട്ടം ഉണ്ടായിരുന്നു.

റെയിൽ ഗതാഗതവും റോഡ് ഗതാഗതവും വരുന്നതിനുമുൻപു് തന്നെ ഈ പ്രദേശങ്ങളെ പുറം ലോകവുമായി ബന്ധിപ്പിച്ചിരുന്നു. പട്ടകടവിൽ ആരംഭിച്ചിരുന്ന പരമ്പരാഗത വ്യവസായങ്ങളായ കശുവണ്ടി വ്യവസായം, ഓട്ടു് വ്യവസായം മുതലായവ ഈ പഞ്ചായത്തു് പ്രദേശത്തെ ട്രേഡ്യൂണിയൻ പ്രവർത്തനത്തിനു് അരങ്ങു് ഒരുക്കി. 1946ൽ രൂപം കൊണ്ട കരുനാഗപ്പള്ളി താലൂക്കു് കാഷ്യൂവർക്കേഴ്സ് യൂണിയൻ, അക്കാലത്തുതന്നെ രൂപം കൊണ്ട കരുനാഗപ്പള്ളി ടയിൽ വർക്കേഴ്സ് യൂണിയൻ തുടങ്ങിയവ നിർണ്ണായക സംഭാവനകളും ഈ രംഗത്തു് നൽകിയിട്ടുണ്ടു്.

ഭൂജന്മിമാരുടെ ചൂഷണത്തിനു് വിധേയരായിരുന്ന കർഷക തൊഴിലാളികൾക്കു് കാലാന്തരത്തിൽ ആശ്വാസംലഭിക്കത്തക്കവിധം ഭൂടമകളും ഇടതുപക്ഷ പ്രസ്ഥാനവുമായി ബന്ധപ്പെട്ടവാനിടയായി. കുടയൊഴിപ്പിക്കലുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള ശക്തമായപ്രക്ഷോഭങ്ങളും പിന്നീടു് രമ്യതയിൽ കലാശിക്കുന്നതിനു് മേല്പറഞ്ഞ മാറ്റം കാരണമായി. മിച്ചഭൂമി സമ്പാദ്യത്തിന്റെ സാദ്ധ്യതതന്നെ കുറയ്ക്കത്തക്കവിധം മിച്ചഭൂമി പ്രശ്നം സൗഹാർദ്ദപരമായിതന്നെ പരിഹരിക്കപ്പെട്ടു. എന്നാൽ വ്യാവസായികരംഗത്തു് പുരോഗമനപരമായ ഒരുമാറ്റം പ്രതിഫലിച്ചിരുന്നില്ല. വ്യവസായ ഉടമയുടെ ചൂഷണവും അതിനു് എതിരെ പ്രക്ഷോഭരംഗത്തു് ഇറങ്ങുന്നവരെ, ഗുണ്ടകളെ ഉപയോഗിച്ചു് അടിച്ചൊതുക്കുകയും ചെയ്യുന്ന പ്രവണത ശക്തമായിരുന്നു. 12 മണിക്കൂർ ജോലിചെയ്തിരുന്നവർ 8 മണിക്കൂർ ജോലിക്കായും ദിവസേന 4 കാശു് കൂലിലഭിച്ചിരുന്ന തൊഴിലാളികൾ കൂലിവർദ്ധനക്കായും നടത്തിയ ഐതിഹാസികസമരങ്ങൾക്കു് ഈ പ്രദേശം സാക്ഷ്യംവഹിച്ചിട്ടുണ്ടു്. ഇന്നും രാഷ്ട്രീയ രംഗത്തു് പ്രവർത്തനംതുടരുന്ന ശ്രീ. സി. പി. കരുണാകരൻപിള്ള, മൺമറഞ്ഞുപോയ ശ്രീ. റ്റി. പി. ഗോപാലൻ കൂടാതെ ഇന്നു് ജീവിച്ചിരിക്കുന്ന പലരും ഇതിനു് നേതൃത്വം നൽകിയവരിൽപ്പെടുന്നു. കോൺഗ്രസ് പ്രസ്ഥാനത്തിൽ നിന്നും അടർന്നു് മാറി കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തനം രഹസ്യമായി ആരംഭിക്കുന്നതു് 1949 ൽ ആണു് പന്മന ആശ്രമം സന്ദർശിക്കുന്ന അവസരത്തിൽ ഗാന്ധിജിയെ കണ്ടുമുട്ടുകയും പുതിയ രാഷ്ട്രീയ പാഠങ്ങൾ ഉൾകൊള്ളുകയും ചെയ്ത ശ്രീ. റ്റി. കെ. കേശവൻ വൈദ്യൻ ഇന്നും പഞ്ചായത്തിൽ ജീവിച്ചിരിക്കുന്ന പഴയകാല കോൺഗ്രസ്കാരിൽപ്പെടുന്നു.

കൊല്ലം ജില്ലയിലെ ആദ്യത്തെ പ്രൊഫഷണൽ നാടക കമ്പനികളിൽ ഒന്നു് ഈ പഞ്ചായത്തിലെ ആദിക്കാട്ടു് രാമകൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ ശാസ്താംകോട്ട കേന്ദ്രീകരിച്ചു് രൂപം കൊണ്ടിരുന്നു. ശ്രീ. സെബാസ്റ്റ്യൻ, കുഞ്ഞുകുഞ്ഞുഭാഗവതർ, വൈക്കം വാസുദേവൻനായർ, തിക്കുറിശ്ശി സുകുമാരൻനായർ, ഓച്ചിറ വേലുക്കുട്ടി തുടങ്ങിയർ പങ്കെടുത്ത ''സുഭഗ'' ജീവിതയാത്ര 'സ്ത്രീ' യാചകി തുടങ്ങിയ നാടകങ്ങളും അക്കാലത്തു് ചരിത്രം സൃഷ്ടിച്ചവയായിരുന്നു. ക്ഷേത്രാരാധനയുടെ ഭാഗമായി കെട്ടുൽസവങ്ങളും, പൊങ്കാല തുടങ്ങിയവ അതിഗംഭീരമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലും നടന്നിരുന്നു. പിന്നോക്ക ജാതിക്കാരുടെതായി ഉണ്ടായിരുന്ന പല ആരാധനായലങ്ങളിലും വളരെക്കാലം ഇത്തരം ഉത്സവങ്ങളും നടന്നിരുന്നു. പ്രാചീന ചികിത്സാരംഗത്തു് പ്രസിദ്ധരായിരുന്ന തേവലക്കര കണ്ണവൈദ്യന്മാർ ജീവിച്ചിരുന്നതു് മൈനാഗപ്പള്ളി പഞ്ചായത്തിലാണു്. ബ്രാഹ്മണ കുടുംബാഗമായിരുന്ന ഒരാൾ ക്രിസ്തുമതം സ്വീകരിക്കുകയും വീട്ടുവീട്ടു് ഇറങ്ങി സഞ്ചരിക്കുന്ന മദ്ധ്യ പഴയ വിരാട രാജ്യത്തു് നിന്നു് വന്ന ഒരു സന്യാസിക്കു ആതിഥ്യം നൽകുകയും അദ്ദേഹത്തിൽ നിന്നും പഠിച്ച ചികിത്സാവിധികളും ഉപയോഗിച്ചു് തിരുവിതാംകൂർ രാജ്ഞിയുടെ തീരാ വ്യാധി നീക്കം ചെയ്തു കാരണത്താൽ മഹാ രാജാവു് വൈദ്യം സ്ഥാനം നൽകി ബഹുമാനിക്കുകയാണു് ഉണ്ടായതെന്നാണു് കേട്ടുകേൾവി. അവരുടെ പിൻതലമുറക്കാർ ഇന്നും വൈദ്യസ്ഥാനം പേരിനോടൊപ്പം ഉപയോഗിക്കുന്നു.

ശതാബ്ദിയോട് അടുക്കുന്ന തേവലക്കര ഹൈസ്കൂളിന്റെ ഭരണം വളരെ അപൂർവ്വമായി മാത്രം കാണപ്പെടുന്നതരത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയിൽ നിക്ഷിപ്തമാണ്. ഇങ്ങനെ ഒരു ജനകീയഭരണസമിതി രൂപം കൊള്ളുന്നതു്. വളരെ മഹത്തായ ഒരു വിദ്യാഭ്യാസ സമരത്തിന്റെ പശ്ചാത്തലത്തിലാണ്.

മൈനാഗപ്പള്ളി പഞ്ചായത്ത് രൂപംകൊള്ളുന്നതു് 1953 ലാണ്. ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട പ്രസിഡൻറു്, അഡ്വ. കുറിയിൽ ഇബ്രാഹീംകുട്ടിയാണു്. പഞ്ചായത്തിന്റെ പ്രസിഡൻറ് സ്ഥാനം ദീർഘകാലം ശ്രീ. ചെമ്പോത്തിൽ മാധവൻപിള്ളയാണ് വഹിച്ചിരുന്നതു്. പഞ്ചായത്തിൽ സ്വന്തമായി ഒരു ഓഫീസ് ഉണ്ടായതു് ചായക്കാരന്റെയുത്തു് വീട്ടിൽ ശ്രീ. മാധവൻപിള്ള എന്ന വ്യക്തി സംഭാവന ചെയ്ത സ്ഥലത്താണ്. 1963 ൽഅധികാരത്തിൽ വന്ന ശ്രീ. സി.പി. കരുണാകരൻപിള്ളയുടെ നേതൃത്വത്തിലുള്ള ഭരണസമിതി 16 വർഷം അധികാരത്തിൽ തുടർന്നു 1979മുതൽ നിലവിൽവന്ന ഭരണസമിതിയും ശ്രീ. C. P. കരുണാകരൻപിള്ളയുടെ നേതൃത്വത്തിലുള്ളതുതന്നെയായിരുന്നു. തുടർന്ന് 1988 മുതൽ ശ്രീ. പി. രാജേന്ദ്രപ്രസാദ്, ശ്രീ. വൈ. ഏ. സമദ് എന്നിവരും, ഒരു ചെറിയ ഇടവേളയിൽ ശ്രീ. എൻ. വി. ചന്ദ്രശേഖരൻനായരും പ്രസിഡൻറായിരുന്നു. ഇപ്പോഴുള്ള ഭരണസമിതി നിലവിൽവന്നതു് 1995 ഒക്ടോബർ 2നു് ആണ്. ഇപ്പോഴത്തെ പ്രസിഡൻറ് ശ്രീ. പി.ഠി. കുട്ടൻ ആണ്.

മൈനാഗപ്പള്ളി പഞ്ചായത്ത് ഇന്നത്തെ അവസ്ഥയിൽ എത്തിച്ചേർന്നതിന്റെ പിന്നിൽ നിസ്വാർത്ഥരായ ഒരു പറ്റം സാമൂഹ്യ പ്രവർത്തകരുടെയും സന്നദ്ധ പ്രവർത്തകരുടെയും വിലപ്പെട്ട സംഭാവനയുണ്ട്. പഞ്ചായത്തിലെ പ്രധാനപ്പെട്ട റോഡുകളും, ജലസേചനത്തിനു് ഉപകരിക്കുന്ന കുളങ്ങളും, കിണറുകളും, ESI ആശുപത്രി തുടങ്ങി പലതും നിലവിൽ വന്നതു് ഇത്തരം പ്രവർത്തനത്തിന്റെ ഫലമാണ്.

അദ്ധ്യായം മൂന്നു്

ഭൂപ്രകൃതിയും വിഭവങ്ങളും

മൈനാഗപ്പള്ളി പഞ്ചായത്ത്

ഒരു പ്രദേശത്തിന്റെ വികസനം എന്നതുകൊണ്ടുദ്ദേശിക്കുന്നത്, ആ സ്ഥലത്തിന്റെ സ്ഥായിയും നീതിപൂർവ്വകവുമായ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയെയാണ്. ഈവികസനം സാദ്ധ്യമാകുക വികസനപദ്ധതികളും ഫലപ്രദമായി നടപ്പിലാക്കുകവഴിയാണ്. പ്രാദേശികമായുള്ള ആസൂത്രണത്തിലൂടെമാത്രമേ വികസനപദ്ധതികളും ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുകയുള്ളു. ഇതിനുവേണ്ടിഅതതു പ്രദേശത്തിന്റെ പരിസ്ഥിതിപരമായ പ്രത്യേകതകളും കണക്കിലെടുത്ത്, അവിടത്തെ വിഭവങ്ങൾക്കനുസൃതമായ പദ്ധതികൾക്കു രൂപംനൽകുകയും, അവ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുകയുമാണ് വേണ്ടതു്.

വികേന്ദ്രീകരണആസൂത്രണം ഊർജ്ജിതമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈകാലഘട്ടത്തിൽ പഞ്ചായത്തുകളെ വികസനയൂണിറ്റുകളാക്കികൊണ്ടുള്ള സമീപനമാണ് ഏറ്റവും പ്രായോഗികം. ഇതരത്തിലുള്ള ആസൂത്രണത്തിനുവേണ്ടുന്ന അടിസ്ഥാനവിവരങ്ങളും വളരെ ശാസ്ത്രീയവും, സൂക്ഷ്മവുമായിരിക്കണം. ഈ ലക്ഷ്യത്തോടെയാണ് കേരളസർക്കാർ പഞ്ചായത്തുതല വിഭവഭൂപടനിർമ്മാണംഎന്ന പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്.

വിഭവഭൂപടങ്ങളും പ്രകൃതിവിഭവങ്ങളുടെ സ്ഥിതിവിവരങ്ങളും വളരെവിശദമായും സൂക്ഷ്മമായും ചിത്രീകരിക്കുന്നു. ഇക്കാരണത്താൽതന്നെ പഞ്ചായത്തുതലത്തിൽ വിഭവങ്ങളുടെ സൂക്ഷ്മതലവിതരണം ചിത്രീകരിക്കുന്ന ഭൂപടങ്ങളും ആസൂത്രണ പ്രക്രിയയിൽ ഒരു സുപ്രധാന പങ്കുവഹിക്കുന്നു.

കെഡസ്ട്രൽ സ്കെയിലിൽ തയ്യാറാക്കുന്ന ഈഭൂപടത്തിൽ. പഞ്ചായത്തിലെആസ്തികളും, നിലവിലുള്ള ഭൂവിനിയോഗ രീതികളും രേഖപ്പെടുത്തുന്നുവെന്നത് വളരെയേറെ പ്രാധാന്യമർഹിക്കുന്നു. ഈ ഭൂപടങ്ങളിലൂടെ ഓരോ പഞ്ചായത്തിന്റെയും സ്പഷ്ടവും, പൂർണവുമായ സമഗ്രാവലോകനം സാധ്യമാവുന്നു. നിലവിലുള്ള സ്ഥിതിവിശേഷം പഞ്ചായത്തധികൃതർക്കും, ജനപ്രതിനിധികൾക്കും മനസ്സിലാകുന്നു. യുക്തമായ ജലോപഭോഗവും ഭൂവിനിയോഗ പരിവർത്തനവും കൊണ്ട് ഭൂമിയുടെ പരിപാലന-ഉത്പാദനക്ഷമത ലക്ഷ്യമാക്കിയുള്ള വികസനോന്മുഖ പദ്ധതികളും തയ്യാറാക്കുന്നതിനു് സാധിക്കുന്നു. 1:4000 എന്ന തോതിലാണ് വിഭവഭൂപടം തയ്യാറാക്കുന്നതു്.

കൊല്ലം ജില്ല കേരളത്തിന്റെ കശുവണ്ടിമേഖലയായി അറിയപ്പെടുന്നു. ഈ ജില്ലയിലെ ഒരു പഞ്ചായത്താണ് മൈനാഗപ്പള്ളി. ഇതു് കുന്നത്തൂർ താലൂക്കിൽ, കരുനാഗപ്പള്ളി ബ്ലോക്കിൽ, മൈനാഗപ്പള്ളി വില്ലേജിൽ സ്ഥിതിചെയ്യുന്നു. ഈ പഞ്ചായത്തിനെ 13 വാർഡുകളായി തിരിച്ചിരിക്കുന്നു. ചിത്രം (1)

മൈനാഗപ്പള്ളി പഞ്ചായത്ത് കേരളത്തിന്റെ ഇടനാടു് പ്രദേശത്തു സ്ഥിതിചെയ്യുന്നു. ഈ പഞ്ചായത്ത് കൊല്ലം—ആലപ്പുഴ ദേശീയപാതയിൽ കരുനാഗപ്പള്ളിയിൽ നിന്നും ഏകദേശം 6 കി. മീ. ദൂരത്തു കിഴക്കുഭാഗത്തായി കാണുന്നു.



ചിത്രം-1 PRM-CE56



ചിത്രം(2) PRM/CE56

കൊല്ലം ജില്ലയുടെ പടിഞ്ഞാറുഭാഗത്ത് അക്ഷാംശം 9° 1' N നും 9° 4'N നും, രേഖാംശം 76° 34' Eനും 76° 37' Eനും മദ്ധ്യേയാണ് മൈനാഗപ്പള്ളി പഞ്ചായത്ത്.

പഞ്ചായത്തിന്റെ അതിരുകൾ: വടക്ക് ശൂരനാട്, തെക്കും, കിഴക്ക് ശാസ്താംകോട്ട പഞ്ചായത്തും, തെക്കു കിഴക്ക് പടിഞ്ഞാറെ കല്ലട പഞ്ചായത്തും, തെക്ക് തേവലക്കരയും, പടിഞ്ഞാറ് തൊടിയൂർ പഞ്ചായത്തുമാണ്. ഈ പഞ്ചായത്ത് 19.70 ച: കി. മീ. ൽ വ്യാപിച്ചു കിടക്കുന്നു. ചിത്രം (2) ചിത്രം (3)

ഭൂപ്രകൃതി :-

അവലംബം : വിവേഭൂപടങ്ങൾ, ടോപോ ഷീറ്റ് [PRM-CESS]

മൈനാഗപ്പള്ളി പഞ്ചായത്ത് കേരളത്തിന്റെ ഇടനാട് ഭൂപ്രദേശത്തിൽ ഉൾപ്പെടുന്നു. ഒരു പ്രദേശത്തിന്റെ വികസനത്തിൽ അതിന്റെ ഭൂപ്രകൃതിയും ഒരു പ്രധാന പങ്കു വഹിക്കുന്നു. ഈ പഞ്ചായത്തിന്റെ 1970 ഹെക്ടർ പ്രദേശവും ഇടനാട് മേഖലയിൽപ്പെടുന്നു. സമുദ്രനിരപ്പിൽനിന്നും 8 മീറ്ററിൽ കൂടുതൽ ഉയരമുള്ള പ്രദേശങ്ങളെയാണ് ഈ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മൈനാഗപ്പള്ളി പഞ്ചായത്ത് ഒണാട്ടുകര കാർഷിക മേഖലയിൽപ്പെടുന്നു. പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറു ഭാഗവും, തെക്കു കിഴക്കു ഭാഗവും ബാക്കി സ്ഥലങ്ങളെ അപേക്ഷിച്ച് ഉയരമുള്ള പ്രദേശങ്ങളാണ്. തെക്കു കിഴക്കു ഭാഗത്ത് സമുദ്രനിരപ്പിൽ നിന്നും 20 മീറ്ററിൽ കൂടുതൽ ഉയരമുള്ള ഭാഗങ്ങളുണ്ട്. വേങ്ങ, കടപ്പാ ഭാഗങ്ങളും 20 മീറ്ററിൽ കൂടുതൽ ഉയരമുള്ള പ്രദേശങ്ങളാണ്. ഇവയ്ക്കിടയിലായി താഴ്വരകളും കാണപ്പെടുന്നു. ചിത്രം (4)

മൈനാഗപ്പള്ളി പഞ്ചായത്തിൽ സമതലങ്ങളിൽ മണൽ നിറഞ്ഞ പശിമരാശിമണ്ണും, താഴ്വരകളിൽ തീരദേശ എക്കൽമണ്ണും കാണപ്പെടുന്നു. കുറച്ചുഭാഗത്തു ലാറ്ററൈറ്റ് മണ്ണുമുണ്ട്. സമതലങ്ങളിൽ മിശ്രിതകൃഷിയാണ് കൂടുതലും കാണപ്പെടുന്നതു. താഴ്വാരകളും നെൽപാടങ്ങളാണ്. മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കുന്ന താഴ്വരകളാണ് അധികവും. ലാറ്ററൈറ്റ് മണ്ണുള്ള പ്രദേശങ്ങളിൽ റബർ കൃഷിയും കാണപ്പെടുന്നു. കൃഷിക്കുപയുക്തമായ തരിശുഭൂമിയും, വെള്ളക്കെട്ടു പ്രദേശങ്ങളും ഇവിടുത്തെ ഭൂവിഭാഗങ്ങളിൽപ്പെടുന്നു.

കാലാവസ്ഥ :-

അവലംബം : കാലാവസ്ഥാ നിരീക്ഷണകേന്ദ്രത്തിൽനിന്നും കിട്ടിയ റിപ്പോർട്ടുകൾ.

കാലാവസ്ഥയനുസരിച്ച് ഉഷ്ണമേഖലയിൽപ്പെടുന്ന പ്രദേശമാണെങ്കിലും, സമുദ്രത്തിന്റെ ശീതോഷ്ണക്രമീകരണ ശക്തിക്കു വിധേയമായതുകൊണ്ട് ഈ പഞ്ചായത്തിൽ മിതോഷ്ണ കാലാവസ്ഥയാണനുഭവപ്പെടുന്നതു. സമുദ്രം, ജലാശയങ്ങൾ എന്നിവ താപനില ക്രമീകരിക്കുന്നതിൽ ഒരു പ്രധാന പങ്കു വഹിക്കുന്നു. അതുപോലെതന്നെ ഭൂപ്രകൃതിയും ഒരു പരിതിവരെ കാലാവസ്ഥയെ സ്വാധീനിക്കുന്നു.

മൈനാഗപ്പള്ളി പഞ്ചായത്തിൽ ഏറ്റവും ചൂടു കൂടിയ സമയം മാർച്ചു മുതൽ മേയ് വരെയാണ്. ഈസമയത്ത് താപനില 38° c മുതൽ 39° c വരെയാകുന്നു. ഇതാണ് ഇവിടുത്തെ വേനൽക്കാലം. ജൂൺ മാസം മുതൽ താപനില താഴ്ന്നു തുടങ്ങുന്നു. ഈസമയത്ത് തെക്കുപടിഞ്ഞാറൻ കാലവർഷക്കാറ്റ് ശക്തിയായി വീശിത്തുടങ്ങുന്നതാണ് കാരണം. ഈ സമയത്താണ് ഇടവപ്പാതി ലഭിക്കുന്നതു. സെപ്തംബർ മാസം വരെ ഇടവപ്പാതി നീണ്ടുനിൽക്കുന്നു. വീണ്ടും ഒക്ടോബർ–നവംബർ മാസങ്ങളിൽ താപനിലയിൽ നേരിയ ഉയർച്ച അനുഭവപ്പെടുന്നു. ഒക്ടോബർ–ഡിസംബർ മാസങ്ങളിൽ തുലാവർഷം ലഭിക്കുന്നു. ഇതിനെത്തുടർന്ന് ഡിസംബർ–ജനുവരി മാസങ്ങളിൽ താപനിലയിൽ താഴ്ചയുണ്ടാകുന്നു. ഡിസംബർ മധ്യം മുതൽ ഫെബ്രുവരി മധ്യം വരെ മഞ്ഞുകാലം അനുഭവപ്പെടുന്നു. ഈ സമയത്ത് ചില അവസരങ്ങളിൽ താപനില 27° c ലും താഴുന്നു.

ദിനാന്തരീക്ഷസ്ഥിതി പരിശോധിച്ചാൽ പഞ്ചായത്തിലെല്ലാഭാഗത്തും ഒരേ താപനിലയും, മഴയുമാണെന്നു കാണാം. തീരദേശമായതിനാൽ ദിനാന്തരീക്ഷസ്ഥിതിയും, കാലാവസ്ഥയുംതമ്മിൽ വലിയ വ്യത്യാസം അനുഭവപ്പെടാറില്ല. ഊഷ്മാവിലും 5°c മുതൽ 7° c വരെയുള്ള വ്യതിയാനം മാത്രമേ ഉണ്ടാകാറുള്ളൂ.


വാർഡുകൾ
I
II
III
IV
V
VI
VII
VIII
IX
X
XI
XII
XIII
PRO - CE&G


മണ്ണിനം
PRO - CE&G

പട്ടിക-1

കൊല്ലം ജില്ല

മഴ 1991-1993 വർഷം

മാസം 1991 മി. മീ.	%	മാസം 1993 മി. മീ.	%
J—97	3.2	J—0	1
F—5	0.16	F—50.3	1.7
M—85	2.8	M—49.1	1.7
A—139	4.5	A—158.6	5.5
M—118	3.9	M—179.8	6.2
J—1168	38.4	J—571	19.6
J—185	16	J—587.3	20.3
A—236	7.8	A—204.7	7.1
S—16	0.5	S—162.3	5,6
O—481	15 8	O—477.3	16.5
N—207	6.8	N—368	12.7
D—8	0.2	D—91.1	3.1

പട്ടിക-2

കൊല്ലം ജില്ലാ

വർഷപാതം 1988 മുതൽ 1993 വരെ

വർഷം	ഇടവപ്പാതി മി. മീ.	തുലാവർഷം മി.മീ.
88	1119	671
89	307	987
90	714	585
91	1879	704
92	1435	1418
93	1363	1008

സമതലങ്ങളിൽ മണൽ നിറഞ്ഞ പശിമരാശി മണ്ണും ചില പ്രദേശങ്ങളിൽ ലാറ്ററൈറ്റ് മണ്ണും കാണപ്പെടുന്നു. താഴ്വാരപ്രദേശത്ത് തീരദേശ എക്കൽമണ്ണ് കാണപ്പെടുന്നു. നെൽകൃഷിക്കുപറ്റിയ മണ്ണാണിത്. താഴ്വാരപ്രദേശങ്ങളും നെൽപ്പാടങ്ങളാണ്.

പഞ്ചായത്തിൽ അനുഭവപ്പെടുന്ന കാലാവസ്ഥാ മാറ്റങ്ങൾ

മാർച്ച്—മേയ്	—	വേനൽക്കാലം
ജൂൺ—സെപ്തംബർ	—	ഇടവപ്പാതി
ഒക്ടോബർ—നവംബർ	—	തുലാവർഷം
ഡിസംബർ—ഫെബ്രുവരി	—	മഞ്ഞുകാലം

കൊല്ലം ജില്ലയിൽ ലഭിക്കുന്ന ശരാശരി മഴ 200–300 സെ. മീ. വരെയാണ്. ലഭ്യമാകുന്ന മഴയുടെ അടിസ്ഥാനത്തിൽ മഴക്കാലത്തെ മൂന്നായി തിരിച്ചിരിക്കുന്നു.

മഴക്കാലങ്ങൾ

(i) ഇടവപ്പാതി—ജൂൺ മുതൽ സെപ്തംബർ വരെ
(ii) തലാവർഷം—ഒക്ടോബർ മുതൽ ഡിസംബർ വരെ
(iii) ഇട മഴ —ജനുവരി മുതൽ മേയ് വരെ

കൊല്ലം ജില്ലയിൽ ഇടവപ്പാതി സമയത്തും തുലാവർഷ സമയത്തും ലഭിച്ച മഴയുടെ തോത് 1988—1993 വരെയുള്ള കണക്കുകൾ പരിശോധിച്ചാൽ മനസിലാകും. ചിത്രം (5) പട്ടിക (1) ഇത് കൂടാതെ 1991 ലും 1993 ലും കൊല്ലം ജില്ലയിൽ ഓരോ മാസവും ലഭിച്ച മഴയുടെ തോതും കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽ നിന്നും ലഭിച്ച മഴയുടെ കണക്കുകളും സൂചിപ്പിക്കുന്നു. ഇതിൽനിന്നും ഇടവപ്പാതിക്കാലത്തും, തുലാവർഷക്കാലത്തും ലഭിച്ച മഴയുടെ തോതും അതിലെ വ്യതിയാനങ്ങളും ഇട മഴ കൂടുതൽ ലഭിച്ച സമയവും മനസിലാക്കാം. 1993 ൽ ഇടവപ്പാതി ഏറ്റവും കൂടുതൽ ലഭിച്ചത് ജൂലൈ മാസത്തിലാണെങ്കിൽ തുലാവർഷം കൂടുതൽ ലഭിച്ചത് ഒക്ടോബർ മാസത്തിലാണ്.
ചിത്രം (6) പട്ടിക (2)

ജല ലഭ്യത

അവലംബം; വിവേ ഭൂപടങ്ങൾ P R M. C E S S.

മൈനാഗപ്പള്ളി പഞ്ചായത്തിൽ ശരാശരി വർഷപാതം 200—300 സെ. മീ. ആണ്. വളരെ നല്ല രീതിയിൽ ഇടവപ്പാതിയും തുലാവർഷവും ലഭിക്കുന്ന ഒരു പഞ്ചായത്താണ് മൈനാഗപ്പള്ളി.

മൈനാഗപ്പള്ളി പഞ്ചായത്ത് ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം കുടിവെള്ള ക്ഷാമമാണ്. വരൾച്ച വളരെയധികം അനുഭവപ്പെടുന്ന ഒരു പഞ്ചായത്താണിത്. പഞ്ചായത്തിലെ കിണറുകൾ വാർഡുതിരിച്ച് പരിശോധിച്ചാൽ ഇതിന്റെ രൂക്ഷത ഏറെക്കുറെ മനസിലാകും.
ചിത്രം (7) പട്ടിക (3)

വടക്കൻ മൈനാഗപ്പള്ളി വാർഡിൽ വറ്റുന്ന കിണറുകളാണുള്ളത്. ഏകദേശം 85 കിണറുകളുള്ളതിൽ 60 ഉം വറ്റുന്ന കിണറുകളാണ്. വാർഡിന്റെ പടിഞ്ഞാറുഭാഗത്തുള്ള കുളമുൾപ്പെടെ മൂന്ന് കുളങ്ങളാണുള്ളത്. കുഴൽകിണർ കുഴിച്ചതിലുൾപ്പെടെ കിണറുകളിൽ ഓരുജലവുമുണ്ട്. കുടിവെള്ളക്ഷാമമാണ് ഈ വാർഡിന്റെ പ്രധാനപ്രശ്നം. കുളങ്ങളും ഉപയോഗശൂന്യമാണ്.

പഞ്ചായത്തിന്റെ വടക്കുഭാഗത്തുള്ള ഇടവനശ്ശേരി തെക്ക് വാർഡിന്റെയും ഏറ്റവും വലിയ പ്രശ്നം ശുദ്ധജലക്ഷാമമാണ്. ഏകദേശം 371 വറ്റുന്ന കിണറുകളാണ് വാർഡിലുള്ളത്. വളരെ കുറച്ചു ഭാഗത്തുമാത്രമേ ശുദ്ധജലം എത്തിക്കാൻ പൈപ്പുകൾ കുഴിച്ചിട്ടുള്ളൂ. ഉള്ള പൈപ്പുകളിൽ ശുദ്ധജലം നല്ലരീതിയിൽ ലഭിക്കുന്നില്ല. ഈ വാർഡിൽ മൊത്തം നാലുകുളങ്ങളാണുള്ളത്.

വരിക്കോലയ്ത്ത് ലക്ഷംവീട്ടിലേയും, പൊതുകിണറുകളിലേയും പമ്പുസെറ്റുകളും ഒന്നും തന്നെ ഒരു ദിവസം പോലും പ്രവർത്തിപ്പിച്ചിട്ടില്ല. പമ്പുസെറ്റ് സ്ഥാപിച്ചിട്ടുള്ള കിണറുകളിൽ ഇപ്പോഴും തുരുമ്പുകലർന്ന വെള്ളമാണ് ലഭിക്കുന്നത്. രണ്ടു തോടുകളും വയലിലേക്ക് ഒഴുകുന്നുണ്ട്. വളരെ വീതിയിൽ ഒരു തോട് ഇടവനശ്ശേരി വാർഡിന്റെ അതിർത്തിയായി വടക്ക് ഭാഗത്ത് കാളകുത്തും പൊയ്ക ജംഗ്ഷന്റെ ഹൃദയഭാഗത്തു കൂടി കടന്നുപോകുന്ന റോഡിന്റെ തെക്കു വശത്തു കൂടി ഒഴുകി പടിഞ്ഞാറെ വയലിൽ എത്തിച്ചേരുന്നു.

പട്ടിക 3
മൈനാഗപ്പള്ളി പഞ്ചായത്ത്
ജല ലഭ്യത—കിണറുകൾ

വാർഡ്	കിണറുകളുടെ എണ്ണം		%	%
	വറ്റുന്നവ	വറ്റാത്തവ	വറ്റുന്നവ	വറ്റാത്തവ
1	60	25	70.58	29.41
2	371	36	91.15	8.84
3	255	8	96.95	3.04
4	54	29	65.06	34.93
5	61	23	72.6	27.38
6	44	32	57.89	42.10
7	20	34	37.03	62.96
8	188	117	61.64	38.36
9	10	100	9.09	90.9
10	10	129	7.19	92.8
11	10	52	16.2	83.8
12	103	29	78	22
13	163	10	94	6

ഇടവനശ്ശേരി വടക്ക് വാർഡിലും വറ്റുന്ന കിണറുകളാണ് അധികവും. വറ്റാത്ത കിണറുകളും കാണപ്പെടുന്നത് വാർഡിന്റെ പടിഞ്ഞാറെ അതിരിൽ മാത്രമാണ്. ആകെയുള്ള 26 കിണറുകളിൽ ഏകദേശം 255 കിണറുകളും വറ്റുന്നവയാണ് തെങ്ങുംതറ കുളം ഈ വാർഡിലാണ്. രണ്ട് കൈത്തോടുകളുണ്ട്. വാർഡിൽ രണ്ടുമൂന്നു സ്ഥലങ്ങളിൽ നീരുറവയുണ്ട്. ഇതിൽ ചെമ്പുനീരുറവ എപ്പോഴും വെള്ളമുള്ളതാണ്. കനാൽ കടന്നുപോകുന്നുണ്ടെങ്കിലും ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. ഈ വാർഡിൽ 1980 ൽ സ്ഥാപിച്ച ഒരു ഉയർന്ന ജലസംഭരണിയുണ്ട്.

വേങ്ങ വടക്ക് വാർഡിൽ കിണറുകളും വളരെ കുറവാണ്. കിണറുകളും വാർഡിന്റെ എല്ലാ ഭാഗത്തുമായി കാണപ്പെടുന്നു. ഇതിൽ 54 കിണറുകളും വറ്റുന്നവയും, 29 വറ്റാത്ത കിണറുകളുമാണ് ഉള്ളത്. രണ്ട് കുളങ്ങളാണ് ഈ വാർഡിലുള്ളത്.

വേങ്ങവടക്ക് വാർഡിന്റെ തെക്കുപടിഞ്ഞാറുഭാഗത്തുകൂടി കനാൽ കടന്നുപോകുന്നു. എന്നാൽ അതിൽ ഇതുവരെ വെള്ളം വന്നിട്ടില്ല. വാർഡിന്റെ കിഴക്കുഭാഗത്തെ പാടങ്ങളിലൂടെ ഒരുതോട് കടന്നു പോകുന്നു. രണ്ടു കുളങ്ങളുണ്ട്. വറ്റുന്ന കിണറുകളാണ് ഈ വാർഡിലും കൂടുൽ. 61 കിണറുകളും വറ്റുന്നവയും, 23 കിണറുകളും വറ്റാത്തവയുമാണ്.

കൊല്ലം ജില്ല

മഴ - 1991-1993 വർഷം



മാസം

ചിത്രം (5) PRO-CESS

കൊല്ലം ജില്ല

വർഷപാതം 1988 മുതൽ 1993 വരെ



വർഷം

ചിത്രം (6) PRO-CESS

കടപ്പാവാർഡിൽ 44 കിണറുകളും വറ്റുന്നവയും 32 കിണറുകളും വറ്റാത്തവയുമാണ്. ഇവിടുത്തെ കിണറുകളിലെ വെള്ളം ചവർപ്പും കളറുകളും ഗുണമേന്മ കുറഞ്ഞതുമാണ്. അതിനാൽ കിണറുകളിലെ വെള്ളം ഉപയോഗശൂന്യമാണ്. ഈ വാർഡിൽ നാല് കുളങ്ങളാണുള്ളത്.

കടപ്പാ പടിഞ്ഞാറു വാർഡിൽ വറ്റാത്ത കിണറുകളാണ് അധികവും. 34 വറ്റാത്ത കിണറുകളും, 20 വറ്റുന്ന കിണറുകളുമാണ്. എന്നാൽ കഠിനമായ ജലക്ഷാമം ഇവിടേയും അനുഭവപ്പെടുന്നു ഒരു കുഴൽ കിണർ സ്ഥാപിച്ചതും ഇപ്പോൾ ഉപയോഗശൂന്യമാണ്. പഞ്ചായത്തു വക നാലുകിണറുകളിൽ മോട്ടോർ ഘടിപ്പിച്ചെങ്കിലും, അതും ഇതേവരെ പ്രവർത്തിപ്പിച്ചിട്ടില്ല. മൂന്നു കുളങ്ങളുണ്ട്. ഇവയും ഉപയോഗശൂന്യമാണ്.

തെക്കൻ മൈനാഗപ്പള്ളി വാർഡിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്. വറ്റുന്ന കിണറുകളാണ് അധികവും. 188 വറ്റുന്ന കിണറുകളും, 117 വറ്റാത്ത കിണറുകളുമാണുള്ളത്, മൂന്നു കുളങ്ങളുടെ സ്ഥിതിയും വളരെ മോശമാണ്. രണ്ടു തോടുകളുമുണ്ട്. കനാൽ വാർഡിന്റെ കിഴക്കുഭാഗത്തുകൂടി കടന്നു പോകുന്നു. ഇതും ഇതേവരെ ഉപയോഗയോഗ്യമായിട്ടില്ല.

തെക്കൻ മൈനാഗപ്പള്ളി എന്നുതന്നെയാണ് ഒൻപതാം വാർഡിന്റേയും പേര് ഈ വാർഡിൽ വറ്റാത്ത കിണറുകളും കാണപ്പെടുന്നു. അവ വാർഡിന്റെ കിഴക്കു ഭാഗത്താണ് കൂടുതലായി കാണുന്നത്. വറ്റാത്ത 100 കിണറുകളാണ് വാർഡിലുള്ളത്. വാർഡിന്റെ തെക്കു പടിഞ്ഞാറുകുടി തോടൊഴുകുന്നു. മൂന്നു കുളങ്ങളാണ് വാർഡിലുള്ളത്.

കടപ്പ തെക്ക് വാർഡിൽ വറ്റാത്ത കിണറുകളാണധികവും. 124 വറ്റാത്ത കിണറുകളാണ് ഉള്ളത്. വടക്കു കിഴക്കുഭാഗത്തുകൂടി കനാൽ കടന്നു പോകുന്നു. ഇതു ഉപയോഗിച്ചുതുടങ്ങിയിട്ടില്ല തെക്കേ അതിർത്തിയിൽക്കൂടി തോട് കടന്നുപോകുന്നു. 5 കുളങ്ങളും ഈ വാർഡിലുണ്ട്.

കിഴക്കേകര വാർഡിൽ 52 വറ്റാത്ത കിണറുകളുണ്ട്. മൂന്ന് കുളങ്ങളുണ്ട്. വാർഡിലും കൂടി വെള്ളംക്ഷാമം രൂക്ഷമാണ്.

പഞ്ചായത്തിന്റെ VII, X, XI എന്നീ വാർഡുകളിൽ ഒന്നായികിടക്കുന 550 ഹെക്ടറോളം വരുന്ന പുഞ്ചപ്പാടങ്ങളിൽ എല്ലാവർഷവും നവംബർ മുതൽ മാർച്ചുവരെ മാസങ്ങളിൽ എത്തിച്ചേരുന്ന ദേശാടനപ്പക്ഷികളും ഈ പഞ്ചായത്തിന്റെ ഒരപൂർവ്വ പ്രത്യേകതയാണ്.

കോവൂർ വാർഡിലും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. ഇവിടെ വറ്റാത്ത 29 കിണറുകളും വറ്റുന്ന 103 കിണറുകളുമാണുള്ളത്. വാർഡിന്റെ വടക്കുകിഴക്കുകൂടിയും, കിഴക്കുകൂടിയും കനാൽ കടന്നുപോകുന്നു. ഈ കനാൽകൊണ്ട് യാതൊരുപ്രയോജനവുമില്ല. വാർഡിന്റെ എല്ലാ ഭാഗത്തും പൈപ്പ് കണക്ഷൻ ഇല്ല. പൈപ്പ്റോഡ് ഇതിന്റെ വടക്കുഭാഗത്തുകൂടി കടന്നുപോകുന്നു. കുഴിനിലത്തുകുളം ഈ വാർഡിലാണ്. 3 കുളങ്ങളുണ്ട് കുളങ്ങളും പലതും നികത്തിയിട്ടുണ്ട്. കുഴിനിലത്തുകുളവും ഉപയോഗശൂന്യമാണ്.

കോവൂർ കിഴക്ക് വാർഡിലും ജലക്ഷാമം രൂക്ഷമാണ്. 163 വറ്റുന്ന കിണറുകളാണ് വാർഡിലുള്ളത്. കനാൽ ഈ വാർഡിൽക്കൂടിയും കടന്നുപോകുന്നു. രണ്ട് കുളങ്ങളാണ് കോവൂർ കിഴക്ക് വാർഡിലുള്ളത്.

മൈനാഗപ്പള്ളി പഞ്ചായത്ത് കുടിവെള്ളക്ഷാമം രൂക്ഷമായി നേരിടുന്ന ഒരു പഞ്ചായത്താണ്. പഞ്ചായത്തിലെ മുഖുകുടിവെള്ള സ്രോതസായ കിണറുകളും ഡിസംബർ മാസം മുതൽ വറ്റിത്തുടങ്ങുന്നു. പൈപ്പുലൈനുകളും എല്ലാസ്ഥലത്തും എത്തിയിട്ടില്ല. ശാസ്താംകോട്ട കായലിൽ നിന്നും വെള്ളം നേരിട്ട് പമ്പുചെയ്ത് പൈപ്പുലൈനുകളിലേക്ക് കയറ്റുന്നു ഇതുകാരണം എപ്പോഴും പൈപ്പുലൈൻ പൊട്ടി ജലക്ഷാമം നേരിടുന്നു. വേനൽക്കാലത്ത് ജലം ലോറികളിൽ എത്തിക്കുന്നു. ഇതു വളരെ അപര്യപ്തമാണ്. 1980 ൽ നിർമ്മിച്ച ഒരു ജലസംഭരണിയാണുള്ളത്. കിണറുകളിലെ ജലവും ഗുണമേന്മയുള്ളതല്ല. കുളങ്ങളും മിക്കവാറും എല്ലാംതന്നെ ഉപയോഗശൂന്യമായ സ്ഥിതിയിലാണ്. കുഴൽക്കിണർ കുഴിച്ചെതെല്ലാം ഇപ്പോൾ ഉപയോഗിക്കുന്നില്ല പഞ്ചായത്തിൽ ആകെ 132 പൊതുടാപ്പുകളും മാത്രമേയുള്ളു സെൻട്രൽ ഗ്രൗണ്ട് വാട്ടർ അതോറിറ്റി കൊണ്ടുവന്ന ഇറിഗേഷൻ സ്കീം ഇപ്പോൾ ശുദ്ധജലവിതരണ പദ്ധതിയായി മാറിയിട്ടുണ്ട്. അത് നടപ്പിലാക്കിയിട്ടില്ല. പൈപ്പ് ലൈൻ വഴി വരുന്ന ജലം പഞ്ചായത്തിന്റെ, ദൂരെയുള്ള വാർഡുകളിലേക്കും, പൊക്കം കൂടിയ പ്രദേശങ്ങളിലും എത്തിച്ചേരുന്നില്ല. ഉദാഹരണത്തിന് കോവൂർ കോളനിപ്രദേശത്ത് ജലം വേണ്ടവിധം എത്തിച്ചേരുന്നില്ല. തോടുകളും ഒന്നും തന്നെ സംരക്ഷിച്ചിട്ടില്ല.

ഈ പ്രശ്നങ്ങൾ പരിഹരിക്കുവാൻ വേണ്ടി നിലവിലുള്ള പൊതുകിണറുകൾ ഉപയോഗയോഗ്യമാക്കുക.

എല്ലാ പൊതുടാപ്പുകളുടേയും അറ്റകുറ്റപണികൾ നടത്തുക.

ഈ പഞ്ചായത്തിൽ 6500മീ. പൈപ്പ് ലൈൻകൂടി നീട്ടുക.

പൈപ്പ് ലൈൻ എപ്പോഴും പൊട്ടി ജലവിതരണം തടസപെടുന്നതിനെതിരെ നടപടിയെടുക്കുക.

പൊതുവിതരണത്തിനുള്ള വെള്ളം അണുമുക്തമാണെന്ന് ഉറപ്പു വരുത്താനുള്ള സംവിധാനം ഉണ്ടാക്കുക.

പവർകട്ട് സമയത്തും പമ്പിംഗ് നിറുത്തലാക്കുന്നു. ഇതുമൂലം വേനൽകാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമാകുന്നു. ഇതിനു പരിഹാരമായി എന്തെങ്കിലും നടപടിയുണ്ടാകേണ്ടതാണ്.

സെൻട്രൽ ഗ്രൗണ്ട് വാട്ടർ അതോറിട്ടിയുടെ ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കുക.

ഉറവകൾ കുടിനീർ സ്രോതസുകളാക്കി മാറ്റുക

കുളങ്ങൾ ആഴം കൂട്ടി സൈഡ് ഭിത്തി കെട്ടി സംരക്ഷിക്കുക.

കുഴൽക്കിണറുകൾ ഉപയോഗയോഗ്യമാക്കുക.

പഞ്ചായത്തിലാകെ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

ജലമലിനീകരണം തടയാൻ പ്രായോഗിക പരിപാടികൾ തയ്യാറാക്കുക

അത്യാവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ ടാപ്പുകൾ സ്ഥാപിക്കുക.

ജല സംരക്ഷണത്തെക്കുറിച്ചും, ജലജന്യരോഗങ്ങളെക്കുറിച്ചു ബോധവൽക്കരണ പരിപാടികൾ തയ്യാറാക്കുക

പതിനൊന്ന്, പന്ത്രണ്ട് വാർഡുകളുടെ മദ്ധ്യേ പാറപ്പുറം ജംഗ്ഷനിൽ സോയിൽ സർവ്വേ ഡിപ്പാർട്ട്മെൻറ് ഒരു കുഴൽക്കിണർ അവരുടെ ആവശ്യത്തിലേക്കായി കുഴിച്ചു. മൊത്തം ആഴം ഉദ്ദേശിച്ചത് 139.10 മീറ്ററാണ്. 68 മീറ്റർ തൊട്ട് വെള്ളനിറത്തിലുള്ള തരിമണലാണ്. പിന്നീടും താഴേക്കു കുഴിച്ച് ജല ഉറവിടം കണ്ടുപിടിക്കാൻ ഭൂഗർഭജല അതോറിട്ടിയിൽ നിന്നും ഉപകരണങ്ങൾ കൊണ്ടുവരണം. എന്നാൽ ആ വിഭാഗത്തിൽ ഇതിനാവശ്യമായ ഉപകരണങ്ങൾ ഇല്ല. അതിനാൽ സോയിൽ സർവ്വേ ഡിപ്പാർട്ടുമെൻറ് ഈ പരീക്ഷണം ഉപേക്ഷിയ്ക്കുവാൻ തീരുമാനിച്ചിരിക്കുന്നു. എന്നാൽ വാട്ടർ അതോറിറ്റി ഈ പഞ്ചായത്തിനു വേണ്ടി PVC പൈപ്പ് കൊടുത്താൽ അവർതന്നെ ഈ പൈപ്പ് കുഴിയിൽ സ്ഥാപിച്ച് അതു കുഴൽക്കിണറാക്കി പഞ്ചായത്തിനു നൽകും ഇതു പഞ്ചായത്തിന്റെ ശുദ്ധജലക്ഷാമത്തിനു ഒരു പരിധിവരെ പരിഹാരമാകും. ഇത് പഞ്ചായത്തധികൃതരുടേയും പൊതുജനങ്ങളുടേയും ഒരു പ്രധാന ആവശ്യമാണ്.

പഞ്ചായത്തിൽ നിർമ്മിച്ചിരിക്കുന്ന ഇനിയും പ്രവർത്തനം തുടങ്ങിയിട്ടില്ലാത്ത കനാലുകൾ ഉപയോഗയോഗ്യമാക്കിയാൽ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാം

പട്ടിക 4

മൈനാഗപ്പള്ളി പഞ്ചായത്ത് — പൊതുകുളങ്ങൾ

എണ്ണം	കുളങ്ങരം	വാർഡ്
1	കളീയ്ക്കൽ കുളം	എട്ട്
2	തെങ്ങും തടത്തിൽകുളം	എട്ട്
3	തെന്നൂർകുളം	പന്ത്രണ്ട്
4	ചക്കിട്ടയിൽകുളം	എട്ട്
5	പറയൻരയ്യത്ത്കുളം	നാല്
6	തെങ്ങുംവിളയിൽകുളം	പതിനൊന്ന്
7	കണിപ്പള്ളികുളം	പതിമൂന്ന്
8	താനത്ത് കുളം	ആറ്
9	തെങ്ങുംതറകുളം	മൂന്ന്
10	പണിക്കവീടിൻകുളം	ഒൻപത്
11	കുഴിനിലത്ത്കുളം	പന്ത്രണ്ട്
12	പെട്ടിക്കാട്ട് ചിറ	ആറ്
13	ചാന്നാന്റെചിറ	പത്ത്
14	വൈയ്ക്കംകുത്തികുളം	രണ്ട്
15	ഓലിച്ചിറ	ഏഴ്
16	ഉള്ളാടിശ്ശേരികുളം	ആറ്
17	കുമ്പുയ്ക്കാട്കുളം	ഏഴ്
18	കടമ്പാട്ടുകുളം	ഒന്ന്
19	കല്ലിനാൽകുളം	പതിനൊന്ന്
20	കൊച്ചുകുളം	നാല്
21	കൂററംപള്ളികുളം	ആറ്
22	പഴഞ്ഞിയിൽകുളം	അഞ്ച്
23	പൊട്ടൻകുളം	ഏഴ്
24	മേളകുമ്പിൽചിറ	ഒന്ന്
25	പൂവമ്പള്ളികുളം	രണ്ട്
26	ആദിയ്ക്കാട് വടക്കേകുളം	അഞ്ച്
27	നെടുങ്കുളം	അഞ്ച്
28	മുടീത്തറകുളം	ഒന്ന്
29	കല്ലൂർകുളം	രണ്ട്
30	കൊച്ചുപോക്കാട്കുളം	ഒൻപത്
31	കാരവിള കുളം	പത്ത്
32	പുത്തൂർകുളം	പതിനൊന്ന്

പട്ടിക 5

മൈനാഗപ്പള്ളി പഞ്ചായത്ത്
ജലസേചന സംവിധാനം

വാർഡ്	പൊതു കിണർ	പൊതുകുളം
1	8	4
2	11	5
3	6	3
4	7	2
5	9	2
6	7	5
7	8	4
8	5	3
9	4	3
10	2	2
11	3	2
12	5	3
13	5	4

മണ്ണ്

ഭൂമിയുടെ ഉപരിതലം വിവിധതരം മണ്ണിനാൽ മൂടപ്പെട്ടിരിക്കുന്നു. മണ്ണ് മനുഷ്യന്റെ ജീവൻ നിലനിർത്തുന്നതിൽ ഒരു സുപ്രധാന പങ്കു വഹിക്കുന്നു. എല്ലാ ജീവജാലങ്ങളും പ്രത്യക്ഷമായോ, പരോക്ഷമായോ മണ്ണിനെ ആശ്രയിക്കുന്നു. ചെടികളും മണ്ണിൽ വളരുന്നു. ജന്തുക്കളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ചെടികളെ ആശ്രയിക്കുന്നു. പ്രകൃതിയിലെ വിവിധ ശക്തികളുടെ പ്രവർത്തനഫലമായി വലിയ പാറകളും പൊടിഞ്ഞുണ്ടാകുന്ന തരികളും, നശിച്ച ചെടികളുടേയും, ജന്തുക്കളുടേയും അവശിഷ്ടങ്ങളും കൂടി കലർന്നതാണ് മണ്ണ്. മണ്ണ് ധാതുലവണങ്ങളുടേയും ജീവജാലങ്ങളുടെ അവശിഷ്ടങ്ങളുടേയും മിശ്രിതമാണ്.

കൊല്ലം ജില്ലയിലെ മണ്ണിനെ മണൽ, ലാറ്ററൈറ്റ്, വനപ്രദേശത്തെ പശിമരാശിമണ്ണ് എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. മണൽ നിറഞ്ഞ മണ്ണ് കരുനാഗപ്പള്ളി താലൂക്ക് മുഴുവനും, കൊല്ലം താലൂക്കിന്റെ തീരപ്രദേശത്തുമാണ് ഉള്ളത്. ഈ മണൽ നിറഞ്ഞ മണ്ണുതന്നെ അതിന്റെ ഘടനയിൽ മണൽ നിറഞ്ഞ പശിമരാശിമണ്ണുമുതൽ വെറും മണൽവരെയുള്ള വ്യത്യസ്തരൂപങ്ങളിൽ കാണിക്കുന്നു. ഈ മണ്ണിന് ഈർപ്പം നിലനിർത്തുന്നതിനുള്ള കഴിവ് വളരെ കുറവാണ്. തെങ്ങാണ് പ്രധാന വിള ഈ മണ്ണിൽ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ് ചുണ്ണാമ്പിന്റെ അംശം എന്നിവ വളരെ കുറവാണ്. ഈ മണൽ വിഭാഗത്തിന്റെ കിഴക്കുഭാഗത്തായി ലാറ്ററൈറ്റ് പ്രദേശങ്ങളും കാണപ്പെടുന്നു.

മൈനാഗപ്പള്ളി പഞ്ചായത്ത്

ജലലഭ്യത - കിണറുകൾ



ചിത്രം (7) PRD-CESS

മൈനാഗപ്പള്ളി പഞ്ചായത്ത്

ഭൂവിനിയോഗം.



A. മിശ്രിത വിളകൾ B. മിശ്രിത മരം C. തെങ്ങ് D. നികത്തിയ പാടം E. മൂന്നു പൂകൃഷി F. രണ്ടു പൂകൃഷി G. മിശ്രിത വിള + മിശ്രിത മരങ്ങൾ
H. രണ്ടു പൂകൃഷി മാത്രം I. കൃഷിയിടങ്ങളും ഇടമുറിയാത്ത തരിശു ഭൂമി J. റബ്ബർ K. മിശ്രിതമരം + തെങ്ങ് L. മിശ്രിതവിള + തെങ്ങ്
M. മിശ്രിതമരങ്ങൾ + മിശ്രിതവിളകൾ + തെങ്ങ് N. വെള്ളക്കെട്ടു പ്രദേശം O. തരിശു ഭൂമി

ചിത്രം (8) PRD-CESS

ഭൂവിനിയോഗം: അവലംബം: വിഭവഭൂപടങ്ങൾ PRM-CESS

പഞ്ചായത്തിലെ ആകെ ഭൂമിയുടെ ഇന്നത്തെ വിനിയോഗരീതിയെയാണ് ഭൂവിനിയോഗം കൊണ്ടു ഉദ്ദേശിച്ചിരിക്കുന്നത്. മനുഷ്യന്റെ വിവിധതരത്തിലുള്ള ആവശ്യങ്ങൾ നിറവേറ്റാനുതകുന്ന തരത്തിൽ മണ്ണിൽ അവൻ ചെയ്യുന്ന പരമ്പരാഗതശൈലിയിലുള്ളതും, ശാസ്ത്രീയമായ നൂതനരീതിയിലുള്ള പ്രവർത്തനങ്ങളുമാണ് കൃഷികൊണ്ടുദ്ദേശിക്കുന്നത്.

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്ന വിഭവങ്ങളുടെ ആസ്ഥാനമായാണ് വിസ്തൃതമായ കാർഷികഭൂമിയെ കണക്കാക്കിയിരിക്കുന്നത്. ഈ പഞ്ചായത്തിന്റെ മൊത്തം വിസ്തൃതി 1970 ഹെക്ടറാണ്. ഈ പഞ്ചായത്തിൽ മിശ്രിതവിളകൾ 609 ഹെക്ടർ ഉൾക്കൊള്ളുന്നു മിശ്രിതവിളകളിൽ പയർ, എള്ള്, പച്ചക്കറി, തെങ്ങ്, വാഴ, മരച്ചീനി, കുരുമുളക്, പ്ലാവ്, കശുമാവ്, മാവ്, റബ്ബർ, കവുങ്ങ്, കിഴങ്ങുവിളകൾ എന്നിവ ഉൾപെടുന്നു.

മിശ്രിതമരങ്ങൾ ഏകദേശം 360ഹെക്ടർ പ്രദേശത്തു കാണപ്പെടുന്നു തെങ്ങുകൃഷിമാത്രം 51 ഹെക്ടർ പ്രദേശത്തുണ്ട്. വിവിധയിനം മരങ്ങളും, മിശ്രിതവിളകളും ഇടകലർന്നു കാണപ്പെടുന്നത് 96 ഹെക്ടർ സ്ഥലത്താണ്. വിവിധയിനം മരങ്ങളും, തെങ്ങുംകൂടി 44ഹെക്ടർ പ്രദേശത്തു കാണപ്പെടുന്നു. മിശ്രിതവിളകളും തെങ്ങും 189 ഹെക്ടറാണ്. മിശ്രിതവിളകളും, വിവിധയിനം മരങ്ങളും, തെങ്ങും കൂടിക്കലർന്ന പ്രദേശം 100ഹെക്ടറാണ്.

മൂന്നുപൂകൃഷിചെയ്യുന്ന നെൽപാടങ്ങൾ 110ഹെക്ടറാണ്. രണ്ടുപൂകൃഷിചെയ്യുന്ന പാടങ്ങൾ 247 ഹെക്ടറും, രണ്ടാമത്തെ പൂകൃഷിമാത്രം ചെയ്യുന്ന പാടങ്ങൾ 4ഹെക്ടറുമാണ്. റബ്ബർകൃഷി 25ഹെക്ടർ പ്രദേശത്തുകാണുന്നു കൃഷിക്കുപയുക്തമായ തരിശുഭൂമി 8ഹെക്ടറും വെറും തരിശുഭൂമി 3ഹെക്ടറുമാണ്. വെള്ളക്കെട്ടു പ്രദേശങ്ങൾ 41ഹെക്ടറാണ്. നികത്തിയ നെൽപാടങ്ങൾ 93ഹെക്ടർ പ്രദേശത്ത് കാണപ്പെടുന്നു. പട്ടിക 6 ചിത്രം(8)

മിശ്രിതവിളകൾ കൃഷിചെയ്തിരിക്കുന്ന പ്രദേശങ്ങളിലും, തെങ്ങുകൃഷി മാത്രമുള്ള സ്ഥലങ്ങളിലും തെങ്ങിന് രോഗം ബാധിക്കുന്നതായി കണ്ടുവരുന്നു. ഒന്നാം വാർഡിൽ ധാരാളം തെങ്ങുകൾ രോഗം ബാധിച്ചവയാണ്. പല സ്ഥലങ്ങളിലും വെള്ളം കെട്ടിക്കിടക്കുന്നതിനാൽ കൃഷിക്കനുയോജ്യമല്ല. മൂന്നാം വാർഡിൽ തെങ്ങും, തോട്ടങ്ങളിൽ ഇടവിളയായി പയർ, പച്ചക്കറി, മുതലായവ കൃഷിചെയ്യുന്നു. റബ്ബർകൃഷിയും ഈ വാർഡിലുണ്ട്. ഈ വാർഡിലെ കൃഷിഭൂമികൾ എല്ലാം ഉടക്കോട്ട് ചരിഞ്ഞ് കിടക്കുന്നതും, മഴ പെയ്തു കഴിഞ്ഞാൽ വെള്ളം സംഭരിച്ചു നിർത്തുവാനുള്ള ചെറിയ അണകളോ ഒന്നും തന്നെഇല്ലാത്തവയുമാണ്. അതിനാൽ ഈ പ്രദേശം കൃഷിക്കനുയോജ്യമല്ലാതായിത്തീർന്നിരിക്കുകയാണ്. വരൾച്ച രൂക്ഷമായി അനുഭവപ്പെടുന്നതുകൊണ്ട് ജലസേചനം അത്യാവശ്യമാണ്. കനാൽ ഉപയോഗക്ഷമമായാൽ ഈ പ്രദേശം ഒരു നല്ല കൃഷിഭൂമിയായിമാറും.

നാലാംവാർഡിലെ തെങ്ങുകൾക്കും രോഗം ഉണ്ട്. കൃഷി കൂടുതൽഫലവത്താക്കുവാൻ വേണ്ടി ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. അഞ്ചാം വാർഡിൽ വിവിധഇനം മരങ്ങളും, മിശ്രിതവിളകകളുമുണ്ട്. തെങ്ങ്കൃഷിയുള്ള ചിലസ്ഥലങ്ങളിൽ ഇടവിളയായി ചേമ്പ്, ചേന എന്നിവകൃഷി ചെയ്തിരിക്കുന്നു. മരച്ചീനി, വാഴ എന്നിവയും കൃഷിയുണ്ട്. ആറാംവാർഡിൽ വിവിധയിനം മരങ്ങളും, മിശ്രിതവിളകളുമുണ്ട് വയൽ നികത്തിയ പ്രദേശങ്ങൾ ധാരാളമുണ്ട്. ജലസേചനസൗകര്യം കുറവാണ്. ഏഴാം വാർഡിലും തെങ്ങുകൾക്കു രോഗം ബാധിച്ചു ഓല മഞ്ഞനിറത്തിലാകുകയും, മണ്ടചീഞ്ഞ് തെങ്ങ് നശിക്കുകയും ചെയ്യുന്നു. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതുപോലെ ജലസേചനസൗകര്യവും ഇവിടെ അപര്യാപ്തമാണ്. എട്ടാം വാർഡിലും മിശ്രിതവിളകളാണ് കൂടുതലും. മിശ്രിതവിളയിൽ തെങ്ങാണ് അധികവും. ഇടവിളയായി ചേമ്പ്, കാച്ചിൽ, മരച്ചീനി മുതലായവയും കൃഷിചെയ്തിട്ടുണ്ട്. തെങ്ങിന് മണ്ടചീയൽ രോഗമുണ്ട്. കനാൽ കടന്നുപോകുന്നുവെങ്കിലും, ജലസേചനസൗകര്യം ഇല്ല. ഇവിടത്തെ ചില കിണറുകളിൽ വെള്ളം വറ്റുന്നില്ല. അതിൽ പമ്പുസെറ് ഘടിപ്പിച്ചു ജലസേചനത്തിനുപയോഗിക്കുന്നു.

മിശ്രിതവിളകളുള്ളതിൽ തെങ്ങാണ് ഒൻപതാം വാർഡിൽ കൂടുതലുള്ളത്. എള്ള് ഇടവിളയായി കൃഷിചെയ്യുന്നു, ഇതുകൂടാതെ മരച്ചീനി, വാഴ, ചേമ്പ്, എന്നിവയും കൃഷിചെയ്തിട്ടുണ്ട്. ഈ വാർഡിന്റെ കുറെ ഭാഗത്ത് വിവിധയിനം മരങ്ങളാണ്. മിശ്രിതവിളകൾ വാർഡ് പത്തിലും. പതിനൊന്നിലും കാണുന്നു. പതിനൊന്നാംവാർഡിൽ കൂടുതലും നാണ്യവിളകളാണ് പന്ത്രണ്ടാം വാർഡിലും നെൽപാടങ്ങൾ കുറവാണ്. തെങ്ങുകൃഷിയാണ് ഇവിടെ കൂടുതൽ, കനാൽ കൊണ്ട് യാതൊരു

പട്ടിക (6)
മൈനാഗപ്പള്ളി-പഞ്ചായത്ത്
ഭൂവിനിയോഗം

	വിസ്തീർണ്ണം (ഹെക്ടർ)	%
മിശ്രിതവിളകൃഷി	609	31
മിശ്രിതമരങ്ങൃഷി	360	18.3
തെങ്ങ്	51	2.6
നികത്തിയപാടം	93	4.7
മൂന്നുപൂ കൃഷി	110	5.6
രണ്ടു പൂകൃഷി	247	12.5
മിശ്രിതവിള-മിശ്രിതമരങ്ങൃഷി	96	4.9
രണ്ടുപൂകൃഷിമാത്രം	64	0.2
കൃഷിക്കുപയുക്തമായ തരിശുഭൂമി	8	0.4
റബ്ബർ	15	0.8
മിശ്രിതമരം-തെങ്ങ്	44	2.2
മിശ്രിതവിള-തെങ്ങ്	189	9.6
മിശ്രിതമരങ്ങൃഷി-മിശ്രിതവിളകൃഷി-തെങ്ങ്	100	5
വെള്ളക്കെട്ടു പ്രദേശം	41	2
തരിശുഭൂമി	3	0.2
ആകെ	1970	

പ്രയോജനമില്ല. കുളങ്ങളും പലതും നികത്തി കൃഷിക്കുപയോഗിക്കുന്നു. പതിമ്മൂന്നാം വാർഡിൽ തെങ്ങിൻ തോപ്പുകളും ഉണ്ട്. തോട്ടവിളകളും ഇല്ല. ഈ വാർഡിന്റെ കൂടുതൽ ഭാഗവും കൃഷിഭൂമിയാണ്. മിശ്രിത കൃഷിയാണ് കൂടുതലും.

രണ്ടു പൂകൃഷി ചെയ്യുന്ന നെൽപാടങ്ങളാണ് പഞ്ചായത്തിൽ കൂടുതലായുള്ളത്. ഒന്നാം വാർഡിൽ ഇരു പൂകൃഷിയാണുള്ളത്. ചില പാടങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്നു. വയൽ നികത്തി തെങ്ങ് വയ്ക്കുന്നതാണ് ഇതിനു പ്രധാന കാരണം. ഇടവനശ്ശേരി തെക്കു് വാർഡിന്റെ തെക്കുഭാഗവും, പടിഞ്ഞാറ് വേളകുമ്പിൽ ചിറമുതൽ തെക്കുവടക്കായും, കടപ്പ കിഴക്കു് വാർഡിന്റേറയും. രണ്ടാം വാർഡിന്റേറയും, കിഴക്കുപടിഞ്ഞാറായും, മൂന്നാം വാർഡിന്റേറയും എട്ടാം വാർഡിന്റേറയും വടക്കുഭാഗത്തായും വയലുകളാണ്. ഇതിൽ രണ്ടാം വാർഡിന്റെ തെക്കുവശത്ത് കിഴക്കു പടിഞ്ഞാറായ് ഏകദേശം 7 കി. മീ. നീളത്തിൽ വയലേലകളും വ്യാപിച്ചു കിടക്കുന്നു. വയലുകളിൽ പ്രധാനമായും രണ്ടുതരം വിളകളാണ് കൃഷിചെയ്യുന്നു- നെല്ല്, എള്ള്, അല്ലെങ്കിൽ പയർ. മൂന്നു തവണ വിളവിറക്കുന്നു- ഇതിൽ രണ്ടു തവണ നെല്ലും, ഒരു തവണ എള്ള്, പയർ മുതലായവയുമാണ്.

ജലസേചന സൗകര്യം ഇല്ലാത്ത ഈ മേഖലയിൽ കർഷകർക്കു് സമയാസമയങ്ങളിൽ കൃഷി ചെയ്യാൻ കഴിയുന്നില്ല. മഴയെ ആശ്രയിച്ചാണ് ഇവിടുത്തെ കർഷകർ കൃഷി ചെയ്യുന്നത്.

***

ജലസേചന സൗകര്യമില്ലാത്തതുകൊണ്ടും, കീടനാശിനികളും യഥാസമയം ലഭ്യമല്ലാത്തതുകൊണ്ടും, കൂലി കൂടിയതിനാലും, ജോലിക്ക് ആളെ ലഭിക്കാത്തതിനാലും, ആധുനികരീതിയിൽ കൃഷി ചെയ്യാൻ കർഷകർക്ക് അറിവില്ലാത്തതുകൊണ്ടും മിക്ക കൃഷികളും ഓരോ വിളവെടുപ്പിനും നഷ്ടത്തിലായിക്കൊണ്ടിരിക്കുന്നു. ഈ കാരണങ്ങൾകൊണ്ട് വയലുകൾ നികത്തുന്നു. ഈ പ്രവണത നികത്തലാണ് ഈ പ്രദേശത്തെ വെള്ളക്കെട്ടുകൾക്ക് ഒരു പ്രധാനകാരണം. ഇത്തുമൂലം വിശാലമായ കൃഷിയിടങ്ങൾ കുറേശ്ശെ ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ഈ പ്രദേശത്ത് ജലസേചനസൗകര്യം വർദ്ധിപ്പിക്കേണ്ടതു് അത്യാവശ്യമാണ്. തോടുകൾ സൈഡ് ഭിത്തി കെട്ടി സംരക്ഷിക്കണം. ഇതുവഴി വെള്ളപ്പൊക്കം തടയാം. ജലസേചനത്തിനും ഇതുകൂടുതൽ ഉപകരിക്കും. കൂളങ്ങളും ആഴംകൂട്ടി, സൈഡ് ഭിത്തികെട്ടി സംരക്ഷിക്കേണ്ടതായിട്ടുണ്ട്. ഗവൺമെൻറ് ജനങ്ങളുടെ സഹായത്തോടുകൂടി, ആസൂത്രണ പരിപാടികൾ നടപ്പിലാക്കുകയും, കർഷകരെ വേണ്ടവിധത്തിൽ ബോധവാന്മാരാക്കുകയും, ആധുനികരീതിയിലുള്ള കൃഷി സമ്പ്രദായങ്ങൾ നടപ്പിലാക്കുകയും വേണം.

കശുമാവ് കൃഷിയും ഈ പഞ്ചായത്തിലുണ്ട്. കശുമാവ് പൂക്കുന്ന അവസരത്തിൽ പൂവ് ഉണങ്ങിക്കരിഞ്ഞു പോകുന്നതായി കാണാം. അനവധി കുടുംബങ്ങളിലെ വരുമാന മാർഗ്ഗമായ കശുവണ്ടി വേണ്ടവിധത്തിൽ ലഭിക്കാത്തതു കാരണം ഇപ്പോൾ ഈ കൃഷിയും നഷ്ടത്തിലാണ്. കരുമുളക് കൃഷിയും നശിച്ചുകൊണ്ടിരിക്കുന്നു. ഇതിനുള്ള കാരണം കരുമുളക് വള്ളിയിൽ കരുമുളക് പിടിക്കുന്ന അവസരത്തിൽ ആവശ്യത്തിനു് ജലസേചനം ലഭിക്കാത്തതുമൂലം വാടിപ്പോകുന്നതുമൂലം കൃഷിക്കാർക്ക് വളരെ നഷ്ടം സംഭവിക്കുന്നു. ഇതുകൂടാതെ ഇഞ്ചിയും, മഞ്ഞളും പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ കൃഷിചെയ്യുന്നു.

ജലസേചന സൗകര്യമില്ലായ്മയും, ലാഭക്കുറവും നിമിത്തം പല കൃഷിക്കുപയുക്തമായ ഭൂമിയും കൃഷിചെയ്യാതെ തരിശായിട്ടിരിക്കുന്നു. വയൽ നികത്തിയ പ്രദേശങ്ങൾ വെള്ളപ്പൊക്കത്തിനിരയാകുന്നു. രോഗം ബാധിച്ച തെങ്ങുകൾ തെങ്ങുകൃഷിയെ ബാധിക്കുന്നു. തോടുകൾ എല്ലാംതന്നെ വേണ്ടവിധത്തിൽ ജലസേചനത്തിനായി ഉപയോഗിക്കുന്നില്ല. പലതും ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. അവയെ സൈഡ് ഭിത്തികെട്ടി സംരക്ഷിക്കണം. കിണറുകളിൽ പലതിലും ഓരുജലമാണ്. ബാക്കിയുള്ളവ വറ്റുന്നു. കനാലിൽക്കൂടി ഇതുവരെ വെള്ളംവന്നിട്ടില്ല. സൈഡ്ഭിത്തി കെട്ടാത്ത തോടുകളുടെ വശങ്ങളിൽ മണ്ണിടിച്ചിൽ ഉണ്ടാകുന്നു. നീരൊഴുക്കും വേണ്ടവിധത്തിൽ ഉപയോഗിക്കുന്നില്ല.

ഈ പഞ്ചായത്തിൻെറ പല ഭാഗത്തും കല്ലുവെട്ട് ഒരു വ്യവസായം പോലെ വളർന്നുവരുന്നു. വാർഡ് ഒന്നിലും രണ്ടിലും, വാർഡ് മൂന്നിലും ഏഴിലും, വാർഡ് എട്ടിലും 12, 13 ലാറ്റെറൈറ് ഖനന പ്രദേശങ്ങളുണ്ട്. എട്ടാം വാർഡിൽ കല്ലുവെട്ട് കഴികൾ ഉപയോഗ ശൂന്യമായി കിടക്കുന്നു. ഇവിടെത്തന്നെ കനാലിൻെറ സമീപത്തായി ഒരു ഏക്കറോളം സ്ഥലം കല്ലുവെട്ട കേന്ദ്രമായി മാറിയിരിക്കുന്നു.

ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശമായതിനാൽ തോട്ടം ആളുകൾ കയ്യേറുന്ന അവസ്ഥയാണ് ഉള്ളതു്. അതിനാൽ പുറംപോക്ക തോടുകൾ ഏറ്റെടുത്തു് സംരക്ഷിക്കേണ്ടതാണ്. വയൽ നികത്തുന്നതു് പഞ്ചായത്തിൽ വെള്ളക്കെട്ട പ്രദേശങ്ങൾ ഉണ്ടാക്കുന്നു.

മൈനാഗപ്പള്ളി-പഞ്ചാ: ഭൂവിനിയോഗം

ഭൂവിനിയോഗം	വിസ്തീർണ്ണം (ഹെക്ടർ)
മിശ്രിതവിളകൾ	609
വിവിധഇനംമരങ്ങൾ	360
തെങ്ങ്	51
മൂന്നുപൂകൃഷി	110
രണ്ടു പൂകൃഷി	247
രണ്ടാമത്തെപൂകൃഷിമാത്രം	4
മിശ്രിതവിളകൾ-വിവിധഇനംമരങ്ങൾ	96
റബ്ബർകൃഷി	15
വിവിധഇനംമരങ്ങൾ-തെങ്ങ്	44
മിശ്രിതവിളകൾ-തെങ്ങ്	189
വിവിധമരങ്ങൾ-മിശ്രിതവിളകൾ-തെങ്ങ്	100
നികത്തിയപാടങ്ങൾ	93
വെള്ളക്കെട്ടുപ്രദേശങ്ങൾ	41
കൃഷിക്കുപയുക്തമായ തരിശുഭൂമി	8
തരിശുഭൂമി	3
ആകെ	1970

****

ആസ്തി വിവരങ്ങളും അടങ്ങിയ ഒരു ഭൂപടവും 1:4000 തോതിൽ തയ്യാറാക്കിയിട്ടുണ്ട്. തോത് അറിയാവുന്നതുകൊണ്ട് ഏതുവിവരവും ഏതു ഭാഗത്തുനിന്നും അറിയുവാനും, ഭാവിയിൽ വിവരങ്ങളും ചേർക്കുവാനും കഴിയും.

കിണറുകളെയും, കുളങ്ങളെയും, അതുപോലെയുള്ള മറ്റു ജലസേചന സംവിധാനങ്ങളെയും ഭരണ-സേവന സ്ഥാപനങ്ങളും, വിനോദ-വിശ്രമ കേന്ദ്രങ്ങളും എന്നിവയെക്കുറിച്ചുള്ള ഒരു ഏകദേശ രൂപം ഈ ഭൂപടം നൽകും. ഒരു പഞ്ചായത്തിന്റെ നിലവിലുള്ള അവസ്ഥ ഈ ഭൂപടങ്ങളും വഴി പ്രസിദ്ധീകരിക്കപ്പെടുന്നു.

മൈനാഗപ്പള്ളി പഞ്ചായത്തിൽ റോഡു ഗതാഗതം മെച്ചപ്പെട്ട രീതിയിലാണ്. വടക്കൻ മൈനാഗപ്പള്ളി വാർഡിൽ അധികവും ടാർ ചെയ്ത റോഡുകളല്ല. വാർഡിന്റെ വടക്കു ഭാഗത്തു ഗതാഗത സൗകര്യം കുറവാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു വാർഡാണിത്. വ്യവസായശാലകളും ഒന്നുമില്ല. പൊളിഞ്ഞു കിടക്കുന്ന റോഡുകളുണ്ട്. അഞ്ച് കട്ടക്കമ്പിനിയും, മൂന്നു ഓട്ടു കമ്പിനിയും ഉണ്ട്.

ഈർച്ചമില്ല്–2 പോസ്റ്റാഫീസ്–1
ബാലവാടി–2 ക്ഷേത്രം–2, മുസ്ലീംപള്ളി–1

LPS–1. UPS–1.

ഇടവനശ്ശേരി വടക്ക് വാർഡിലും റോഡു ഗതാഗതം മെച്ചമാണ്. വടക്കും, കിഴക്കും അതിരുകളും ടാർ ചെയ്ത റോഡാണ്. എഴുപത്തിയഞ്ചോളം റോഡുകളും ഉണ്ട്. പന്ത്രണ്ടോളം റോഡുകളും മെറ്റൽ വിരിച്ച് ടാർ ചേയ്യേണ്ടിയിരിക്കുന്നു. മഴ പെയ്താൽ മിക്കവാറും റോഡുകളും ചെളിക്കുഴിയായിമാറുന്നു. ഇതിനു പരിഹാരം ഓടകളും നിർമ്മിക്കുക എന്നുള്ളതാണ്. നികത്തിയ കുളം ഈ വാർഡിലുണ്ട്. ഏറ്റവും വലിയ വാർഡും, ഏറ്റവും കൂടുതൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്നതും, ഏറ്റവും കൂടുതൽ ജനസാന്ദ്രതയുമുള്ളതുമായ വാർഡാണിത്. ഒരു ടെലഫോൺ എക്സ്ചേഞ്ചും, ഒരു തീപ്പെട്ടിക്കമ്പിനിയുമുണ്ട്. ഒരു തയ്യൽസ്ക്കൂളും പ്രവർത്തിക്കുന്നു. ഈ വാർഡിന്റെ ഹൃദയ ഭാഗത്തായി ആമിനാഗാർഡൻസ് എന്ന പേരിൽ ഒരു അഗ്രിക്കൾച്ചറൽ നഴ്സറി പ്രവർത്തിക്കുന്നു. മാനേജുമെന്റ് വക ഒരു ലോവർ പ്രൈമറി സ്ക്കൂളും ഉണ്ട്. ആറു ക്ഷേത്രങ്ങളുണ്ട്. ഒരു ക്രിസ്ത്യൻ പള്ളിയുണ്ട്. മുസ്ലീം പള്ളികളും രണ്ടെണ്ണമുണ്ട്. ഈ വാർഡിൽ നാലു കോളനികളും ഉണ്ട്.

ഇടവനശ്ശേരി തെക്ക് വാർഡിന്റെ പടിഞ്ഞാറ്, വടക്ക്, തെക്ക് അതിരുകളും റോഡാണ്. റോഡുകളും പല സ്ഥലത്തും പൊളിഞ്ഞു കിടക്കുന്നു. കൃഷിഭവനും, വില്ലേജ് ആഫീസും പബ്ലിക്ക്മാർക്കറും ഈ വാർഡിലാണ്. വളരെ പുരോഗതിയില്ലാത്ത ഒരു വാർഡാണിത്. അംഗൻവാടിയില്ല. കാവ്–1. ഇഷ്ടികക്കമ്പിനി–1 കശുവണ്ടി ഫാക്ടറി–1 ഹൈസ്ക്കൂൾ–1 ഈർച്ചമില്ല്–1 മുസ്ലീംപള്ളി–1 ക്രിസ്ത്യൻപള്ളി–1 ധാന്യംപൊടിക്കുന്ന മില്ല്–1 മൃഗാശുപത്രി–1 പോസ്റ്റ് ഓഫീസ്–1 മൈനാഗപ്പള്ളി പഞ്ചായത്തിലെ ഏക പൊതുമാർക്കറ്റ് ഈ വാർഡിൽ സ്ഥിതിചെയ്യുന്നു. വായനശാല–2 ജലസംഭരണി–1. ഈ വാർഡിൽക്കൂടി കനാലും കടന്നു പോകുന്നു.

വേങ്ങ കിഴക്കു വാർഡിന്റെ പടിഞ്ഞാറും, വടക്കും, തെക്കും അതിരുകളും റോഡാണ്. റോഡു ഗതാഗതം മെച്ചപ്പെട്ട രീതിയിലാണ്. പുരോഗതികുറഞ്ഞ ഒരു വാർഡാണ്. അംഗൻവാടിയില്ല.
വേങ്ങ വടക്കുവാർഡിന്റെ കിഴക്കുഭാഗത്തുകൂടി ശൂരനാട്വെസ്റ്റ്– കല്ലട റോഡ് കടന്നു പോകുന്നു. നാലാംവാർഡിന്റെ പടിഞ്ഞാറുഭാഗത്താണ് കടപ്പ വാർഡിന്റെ പടിഞ്ഞാറ്, വടക്ക്, കിഴക്ക് അതിരുകളും റോഡാണ്. പഞ്ചായത്ത് ആഫീസ് ഈ വാർഡിലാണ്. സർവ്വീസ് സഹകരണബാങ്ക്, സിൻഡിക്കേറ്റ്ബാങ്ക് എന്നിവയും ഈ വാർഡിലുണ്ട്.

ക്ഷേത്രം – 1
അമ്പലക്കാവ് – 2
പ്രൈവറ്റ്ലോവർ പ്രൈമറിസ്കൂൾ – 1
തീപ്പെട്ടിക്കമ്പനി – 2
ക്രിസ്ത്യൻപള്ളി – 1
മുസ്ലീംപള്ളി 1
ഈർച്ചമില്ല് – 1

*****

സർവ്വീസ്സഹകരണബാങ്കും, സിൻഡിക്കേറ്റ്ബാങ്കും ഈ വാർഡിൽ സ്ഥിതിചെയ്യുന്ന കടപ്പ പടിഞ്ഞാറ് വാർഡിലും റോഡുകൾ ധാരാളമുണ്ട്. മൈനാഗപ്പള്ളിയുടെ വിദ്യുശക്തി കാര്യാലയം ഈ വാർഡിലാണ്. ഒരു കശുവണ്ടിഫാക്ടറി സ്ഥിതിചെയ്യുന്നു. ധാന്യം പൊടിക്കുന്ന രണ്ടു മില്ലുകളുണ്ട്.

ഒരു അലോപ്പതി ആശുപത്രി ഉണ്ട്. നൂൽനൂൽപ്പുകേന്ദ്രം – 1 പോസ്റ്റ്ഓഫീസ് – 1 , കട്ടക്കമ്പനി – 1 മുസ്ലീംപള്ളി – 1 നഴ്സറിസ്കൂൾ – 1 വായനശാല – 1 ക്ഷേത്രം – 1. സഹകാര്യബാങ്കിന്റെ ഒരു ശാഖയുമുണ്ട്. ഗവ:ഹൈസ്കൂൾ – 1 തെക്കൻമൈനാഗപ്പള്ളി VIII–ാംവാർഡിൽ ഒരു അപ്പർപ്രൈമറിസ്കൂൾ, 2LPS, 1 കശുവണ്ടിഫാക്ടറി, മണ്ണൂർക്കാവ്ദേവീക്ഷേത്രം എന്നിവയുണ്ട്
IX –ാം വാർഡിൽ 1 കട്ടക്കമ്പനി, 3ഓട്ടുകമ്പനി എന്നിവയുമുണ്ട്
X –ാംവാർഡിൽ 2 കശുവണ്ടിഫാക്ടറി, 1 ഓയിൽമിൽ, 1 റൈസ്മിൽ, പ്രാഥമികാരോഗ്യകേന്ദ്രം, 5 പള്ളികൾ എന്നിവ സ്ഥിതിചെയ്യുന്നു.
XI –ാംവാർഡിൽ 1 ഗവ:LPS, 1 ഗവ:UPS, 2 പള്ളികൾ, 1 ക്ഷേത്രം 1 ലൈബ്രറി എന്നിവയുണ്ട്.
IV –ാംവാർഡിൽ 1 ഗവ:LPS, 1 ഹൈസ്കൂൾ, 1 ഹയർസെക്കൻറിസ്കൂൾ 1 ക്ഷേത്രം, 3 മുസ്ലീംപള്ളികൾ, 2 കട്ടക്കമ്പനികൾ എന്നിവയുണ്ട്.
V –ാംവാർഡിൽ ശാസ്താംകോട്ട റയിൽവേസ്റ്റേഷൻ സ്ഥിതിചെയ്യുന്നു. കൂടാതെ 2 കട്ടക്കമ്പനികൾ, 2 മുസ്ലീംപള്ളികൾ, 2 അമ്പലക്കാവ് 1 ലൈബ്രറി എന്നിവയുണ്ട്.

തെക്കും മൈനാഗപ്പള്ളിയുടെ തെക്കും കിഴക്കും അതിരുകൾ റോഡാണ്. നിരവധി റോഡുകളുണ്ട്. റെയിൽപാത മധ്യഭാഗത്തുകൂടി കടന്നു പോകുന്നു. കനാൽ ഈ വാർഡിലൂടെ വെട്ടിയിട്ടുണ്ട് ഒൻപതാം വാർഡിലും റോഡുഗതാഗതം മെച്ചപ്പെട്ട രീതിയിലാണ്. കടപ്പാ തെക്ക് വാർഡിന്റെ തെക്ക് അതിരു ഒഴികെ ബാക്കിയെല്ലാം റോഡുകളാണ്. മിക്കവാറും ടാർ ചെയ്ത റോഡുകളാണ് കൂടുതൽ കിഴക്കേകര വാർഡിലും റോഡുഗതാഗതം മോശമായ രീതിയിലല്ല.

കോവൂർ വാർഡ് റോഡുഗതാഗതത്തിൽ മെച്ചമല്ല. പൈപ്പ്റോഡ് ഈ വാർഡിന്റെ വടക്കുവശത്തുകൂടി കടന്നു പോകുന്നു. അപ്പർപ്രൈമറിസ്കൂൾ ഒന്നും, ഒരു ലോവർപ്രൈമറി സ്കൂളുമുണ്ട്. ഒരു ക്രിസ്ത്യൻപള്ളിയും 6 ക്ഷേത്രങ്ങളുമുണ്ട്. ഒരു അംഗൻവാടിയുമുണ്ട് – രണ്ട് ഹൈസ്കൂളുകളുണ്ട് കോവൂർ കോളനിയിൽ ഏകദേശം 90 കുടുംബങ്ങൾ താമസിക്കുന്നു.

കോവൂർ കിഴക്ക് വാർഡിൽ കൂടി വെസ്റ്റ്കല്ലടയിലേക്ക് ഒരു റോഡ് പോകുന്നു. ഈ വാർഡിൽ ഗതാഗതസൗകര്യം അപര്യാപ്തമാണ്.

പോസ്റ്റ്ഓഫീസ് – 1 വായനശാല – 1 , ക്ഷേത്രങ്ങൾ – 2
കശുവണ്ടിഫാക്ടറി – 2 ധാന്യംപൊടിക്കുന്നമില്ല് –1

കുടിവെള്ളത്തിന്റെ കാര്യത്തിൽ മൈനാഗപ്പള്ളി പഞ്ചായത്ത് വളരെയേറെ പിന്നോക്കം നിൽക്കുന്നു. അടിയന്തിരശ്രദ്ധ പതിയേണ്ടതും ഈ മേഖലയിലാണ്.

മൈനാഗപ്പള്ളി പഞ്ചായത്ത് – റോഡുകൾ.

റോഡ്	നീളം (മീ.)	എണ്ണം
ടാർ ചെയ്തവ	6598	6
മെറ്റൽ റോഡ്	2545	3
മൺ റോഡ്	840	6
ഗ്രാവൽ	116751	182
ആകെ	126734	197

മനുഷ്യവിഭവം: നാടിന്റെ ഏറ്റവും വലിയ വിഭവമായി കണക്കാക്കുന്ന മനുഷ്യസമ്പത്തിന്റെ കുറിച്ചുള്ള വിവരങ്ങൾമനസിലാക്കേണ്ടത് അത്യാവശ്യമാണ്.

******

കൊല്ലം ജില്ലയിലെ മൊത്തം ജനസംഖ്യ 2407566 ആണ്. ജില്ലയുടെ വിസ്തീർണ്ണമെന്നു പറയുന്നത് 2491 ച:കി. മീറ്ററാണ്. സ്ത്രീപുരുഷാനുപാതം 1035 ആണ്. കൊല്ലം ജില്ലയിൽ ആകെ 1182810 പുരുഷന്മാരും, 1224756 സ്ത്രീകളുമാണ് ഉള്ളത്.

കൊല്ലം ജില്ലയിൽപ്പെട്ട മൈനാഗപ്പള്ളി പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 1981 –ലെ സെൻസസ് അനുസരിച്ച് 32637 ആയിരുന്നു. ഇതിൽ 16376 പുരുഷന്മാരും, 16261 സ്ത്രീകളും ആണ്. ജനസാന്ദ്രത 1657 ച:കി.മീ. ആണ്. ഈ സമയത്ത് മൈനാഗപ്പള്ളി പഞ്ചായത്തിൽ പുരുഷന്മാരായിരുന്നു കൂടുതൽ. പട്ടിക.7 ചിത്രം 9.

1991 –ലെ സെൻസസ് അനുസരിച്ച്

പട്ടിക 7.

മൈനാഗപ്പള്ളി പഞ്ചായത്ത്

സ്ത്രീപുരുഷൻമാരുടെ ജനസംഖ്യാനിരക്ക്
താരതമ്യപഠനം 1981, 1991

1991		1981	
പുരുഷൻ	18076	പുരുഷൻ	16376
സ്ത്രീ	18315	സ്ത്രീ	16261
ആകെ	36391	ആകെ	32637

പട്ടിക 8

മൈനാഗപ്പള്ളി പഞ്ചായത്ത്-ജനസംഖ്യ 1991

സ്ത്രീ പുരുഷ ജനസംഖ്യാ നിരക്ക്

വാർഡ്	ആകെ	പുരുഷൻമാർ	സ്ത്രീകൾ
ആകെ	36391	13076	18315
1	3215	1624	1591
2	4257	2188	2069
3	2589	1316	1273
4	2482	1219	1263
5	3289	1616	1673
6	2375	1193	1182
7	3163	1590	1573
8	3072	1523	1549
9	2985	1471	1514
10	2620	1258	1362
11	2026	1000	1026
12	2416	1128	1288
13	1902	950	952

മൈനാഗപ്പള്ളി പഞ്ചായത്ത്

സ്ത്രീപുരുഷ ജനസംഖ്യാ നിരക്ക് 1981, 1991



ചിത്രം (9)

PRD - CESS

മൈനാഗപ്പള്ളി പഞ്ചായത്ത് - ജനസംഖ്യ 1991.

സ്ത്രീപുരുഷ ജനസംഖ്യാ നിരക്ക്



ചിത്രം (10)

PRD - CESS

****

പട്ടിക 9

മൈനാഗപ്പള്ളി-പഞ്ചായത്ത്

സ്ത്രീ പുരുഷൻമാരുടെ സാക്ഷരത നിരക്ക്

പുരുഷൻമാർ	സ്ത്രീകളം	ആകെ
14816	13858	28674

പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 36391 ആണ്. ഇതിൽ 18076 പുരുഷന്മാരും ബാക്കി 8315 സ്ത്രീകളുമാണ്. ഇപ്പോം മൈനാഗപ്പള്ളി പഞ്ചായത്തിൽ സ്ത്രീകളാണ് കൂടുതൽ. ജനസാന്ദ്രത 1847/ ച. കി. മീ. ആണ്. 1981-'91 കാലഘട്ടത്തിൽ ജനസംഖ്യയിലുണ്ടായ വർദ്ധനവ് 3754 ആണ്. ആകെയുള്ള ജനസംഖ്യയിൽ 14816 പുരുഷന്മാരും 13858 സ്ത്രീകളും സാക്ഷരരാണ്.

പട്ടിക. 8 ചിത്രം 10.

പട്ടിക (10)

മൈനാഗപ്പള്ളി പഞ്ചായത്ത്- ജനസംഖ്യ

വർഷം	പുരുഷന്മാർ	സ്ത്രീകളം	ആകെ	ജനസാന്ദ്രത
1981	16376	16261	32637	1657
1991	18076	18315	36391	1847

വാർഡു തിരിച്ചുള്ള ജനസംഖ്യ പരിശോധിച്ചാൽ രണ്ടാം വാർഡാണ് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള വാർഡെന്നു കാണാം. അതുകഴിഞ്ഞ് അഞ്ചാം വാർഡാണ്. അതിനു പുറകിൽ ഏറ്റവും കൂടുതൽ ജനങ്ങളുള്ള വാർഡ് ഒന്നാം വാർഡാണ്. പട്ടിക പരിശോധിച്ചാൽ ജനസംഖ്യ അറിയുവാൻ കഴിയും. ഓരോ വാർഡിലേയും സ്ത്രീകളുടെയും, പുരുഷന്മാരുടെയും നിരക്ക് നോക്കിയാൽ (ചിത്രം) സ്ത്രീകളം കൂടുതലുള്ള വാർഡുകളും അറിയാൻ കഴിയും. ഇതറിഞ്ഞാൽ സ്ത്രീകളം കൂടുതലുള്ള പ്രദേശങ്ങളിൽ അവർക്കായുള്ള സ്വയം തൊഴിൽ പദ്ധതികളും, അവരുടെ ഉന്നമനത്തിനായുള്ള നിരവധി പരിപാടികളും അവിടം കേന്ദ്രീകരിച്ച് നടത്തുവാൻ കഴിയും. പട്ടിക.9 ചിത്രം 11

മായാദേവി. ബി. എസ്.

PRM – CE SS.

ചിത്രം-1 PRM-CESS



ചിത്രം(2) PRM CESS

മൈനാഗപ്പള്ളി പഞ്ചായത്ത്

സ്ത്രീപുരുഷന്മാരുടെ [illegible] നിരക്ക്



ചിത്രം (11)

PRO- CESS

ഗ്രൂപ്പ് നമ്പർ_1

കൃഷിയും ജലസേചനവും

മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ്. താഴ്വരകളും, ഉയർന്ന പ്രദേശങ്ങളും, ചരിവ് പ്രദേശങ്ങളും, തീരസമതലവും, ചതുപ്പ്നിലങ്ങളും ഉൾപ്പെട്ട ഈ പ്രദേശത്ത് മഴയെ മാത്രം ആശ്രയിച്ചാണ് കൃഷി നടക്കുന്നത്. തെങ്ങ്, നെല്ല് ഇവയാണ് മുഖ്യ കാർഷിക വിളകൾ. വാഴ, കപ്പ, ചേന, ചേമ്പ്, കിഴങ്ങ്, കുരുമുളക്, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ, റബ്ബർ, കശുമാവ്, കമുക്, എള്ള്, ഇഞ്ചി, മഞ്ഞൾ, വ്വാവ്, മാവ് തുടങ്ങിയവ പ്രധാനമായും കൃഷിചെയ്തു വരുന്നു.

ഭൂരിഭാഗം കൃഷിക്കാരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. കൃഷിവേൻ രേഖകൾ പ്രകാരം ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള 6295 നാമമാത്ര കർഷകരും, ഒന്നു മുതൽ രണ്ട് ഹെക്ടർ ഭൂമി വരെയുള്ള 2425 ചെറുകിട കർഷകരും, രണ്ട് ഹെക്ടറിനു മുകളിൽ ഭൂമിയുള്ള 55 വൻകിട കർഷകരുമാണുള്ളത്.

ആദ്യകാലങ്ങളിൽ നെൽകൃഷിക്ക് കൂടുതൽ ശ്രദ്ധ നൽകുകയും, തെങ്ങ് കൃഷിയും മറ്റ് ഇടവിള കൃഷികളും കാര്യക്ഷമമായി നടത്തുകയും ചെയ്തിരുന്നു. വ്യാപകമായിട്ടല്ലെങ്കിലും കുളങ്ങളും തോടുകളും മറ്റും നിർമ്മിച്ച് കൃഷിക്ക് ജലസേചനം നടത്തിയിരുന്നു. ജനങ്ങളുടെ മുഖ്യ ജീവനോപാധി കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റ് തൊഴിൽ മേഖലകളുമായിരുന്നു. എന്നാൽ ഇന്ന് 1996 ആകുമ്പോഴേക്കും മുഖ്യവിളകളായ തെങ്ങ് കൃഷിയുടെയും, നെൽകൃഷിയുടെയും ഉല്പാദനവും ഉല്പാദനക്ഷമതയും കുറഞ്ഞുവരുന്നു. ഇടവിള കൃഷിയിലും കുറവുണ്ടായിരിക്കുന്നു.

വർഷങ്ങൾക്കുമുമ്പ് പാട്ടവ്യവസ്ഥയായിരുന്ന നിലനിന്നിരുന്നത്. പഞ്ചായത്തിലെ ഭൂരിഭാഗം കൃഷിഭൂമിയും ദേവസ്വം വകയും, പണ്ടാരവകയും ജന്മിമാരുടെ വകയുമായിരുന്നു. പാട്ടവ്യവസ്ഥയിലായിരുന്ന കൃഷിക്കാർക്ക് ഭൂമി നൽകിയിരുന്നത്. ദേവസ്വംവക ഭൂമിയിൽനിന്നും പാട്ടമായി നെല്ല് അളക്കുമായിരുന്നു. പണ്ടാരവക ഭൂമിയിൽനിന്നും പണമായി ഒടുക്കുകയും ചെയ്തിരുന്നു. വെട്ടിക്കാട്ട് ദേവസ്വം വക 1001 പറ നിലമായിരുന്നു ഉണ്ടായിരുന്നത്.

മരച്ചീനി, ചേന, കാച്ചിൽ, കിഴങ്ങ്, കിഴയ്ക്കാ. വാഴ, മുതിര. ഇഞ്ചി, മഞ്ഞൾ, പച്ചക്കറികൾ തുടങ്ങിയവ കൃഷിചെയ്തിരുന്നു. വീട്ടാവശ്യങ്ങൾക്കുവേണ്ടിയായിരുന്നു പല കൃഷികളും നടത്തിയിരുന്നത്. മരച്ചീനി പ്രധാനമായും വിൽപനയ്ക്കായി ഉപയോഗിച്ചിരുന്നു. കച്ചവടക്കാർ വന്ന് വാങ്ങിക്കൊണ്ടുപോകുമായിരുന്നു. തേവലക്കര മാർക്കറ്റ്, ശാസ്താംകോട്ട മാർക്കറ്റ്, കരുനാഗപ്പള്ളി മാർക്കറ്റ് എന്നിവിടങ്ങളിലാണ് കൃഷിക്കാർ വിവിധ ഉൽപന്നങ്ങൾ വിൽപന നടത്തിയിരുന്നത്. വള്ളത്തിൽ സാധനങ്ങൾ കൊല്ലത്തേക്കും കൊണ്ടുപോയിരുന്നു.

ജൈവവളമായിരുന്ന പൂർണ്ണമായും കൃഷിക്ക് ഉപയോഗിച്ചിരുന്നത്. രാസവളം, കീടനിശിനി ഇവയുടെ ഉപയോഗം ഇല്ലായിരുന്നു.

കീടങ്ങളെ നശിപ്പിക്കാൻ നാടൻ രീതികളാണ് ഉപയോഗിച്ചിരുന്നത്. പറക്കൊട്ടവീശി ചാഴിയെ പിടിക്കുക, മണ്ണെണ്ണ കയറിൽമുക്കി വീശുക, വരമ്പുകാലിലും പാടത്തും കച്ചിക്കുറ്റി തീയിട്ട് കീടങ്ങളെ നശിപ്പിക്കുക, ചിലന്തിവലയുള്ള ചെടിക്കമ്പുകൾ മുറിച്ച് വയലിൽ കുത്തിവച്ച് കീടങ്ങളെ നശിപ്പിക്കുക തുടങ്ങിയ നാടൻ രീതികൾ ഉപയോഗിച്ചിരുന്നു. തവള, കീരി, പാമ്പ് ഇവകൾ കർഷകരെ ഒരർത്ഥത്തിൽ സഹായിച്ചിരുന്നു. തവള കീടങ്ങളെ ഭക്ഷിച്ചും പാമ്പ് എലികളെ ഭക്ഷിച്ചുമായിരുന്നു സഹായിച്ചിരുന്നത്. തവള, കീരി, പാമ്പ് ഇവകൾ പല കാരണങ്ങളാൽ കുറഞ്ഞുകൊണ്ടിരിക്കുന്നു. എലിയെ പിടിക്കാൻ മുളംകുറ്റി കെണി ഉപയോഗിച്ചിരുന്നു.

കാള, കലപ്പ, ഉഴവുകൾ എന്നിവ ഉപയോഗിച്ചായിരുന്ന നിലം ഉഴുന്നുപോന്നിരുന്നത്. ജലസേചനത്തിനായി തോട്, കുളം എന്നിവ ചിറകെട്ടി അതിരുകളിൽ കൈതവച്ച് പിടിപ്പിച്ച് സംരക്ഷിക്കുമായിരുന്നു. ചക്രം, തേക്കൊട്ട തുടങ്ങിയ നാടൻ ജലസേചന ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നു. ചക്രംചവുട്ടി വെള്ളം കേന്ദ്രീകരിപ്പിക്കുമായിരുന്നു. വെള്ളം വറ്റിക്കുന്നതിനും, വെള്ളം കയറ്റുന്നതിനും ചക്രം ഉപയോഗിക്കുമായിരുന്നു.

മൈനാഗപ്പള്ളിയുടെ പല ഭാഗങ്ങളും കല്ല് വെട്ടി കുഴിച്ചതായിരുന്നു. അത്തരം ഭൂമി പിന്നീട് കൃഷിയോഗ്യമാക്കി മാറ്റിയിട്ടുണ്ട്.

നെല്ലുകൃഷിക്കായിരുന്ന പണ്ടുകാലത്ത് പ്രാമുഖ്യം. അതിക്കരൊഴി, മുണ്ടോക്കുറുവ, കൊച്ചുപിള്ള (ഇളവിത്ത്), മുണ്ടകൻ, വയലിത്തുവ, ഞവരവിത്ത് തുടങ്ങിയവയായിരുന്ന അന്നുപയോഗിച്ചിരുന്ന വിത്തുകൾ. മരച്ചീനി കൃഷിക്കും പ്രാധാന്യം നൽകിയിരുന്ന കൃഷിക്കാർ. നെടുമങ്ങാടൻ, അരിയൻ, കൊറവൻവെള്ള, ഏത്തയ്ക്കാപൂവൻ തുടങ്ങിയതരം ചീനികളായിരുന്ന അന്നുണ്ടായിരുന്നത്.

ഔഷധ ഗുണമുള്ള കാർഷിക ഉൽപന്നങ്ങളുടെ കൃഷിയും അവ ഉപയോഗിച്ചുള്ള ഭക്ഷണ രീതിയും പ്രകൃതിയോടുയോജിച്ചുള്ള ജീവിത രീതിയും സ്വയം പണിയെടുക്കുന്നതുമൂലമുള്ള വ്യായാമവും അന്നത്തെ കൃഷിക്കാരുടെ പ്രത്യേകതകളായിരുന്നു.

അമ്പതുകളുടെ അവസാനത്തോടെ നിലവിൽവന്ന കുടിയായ്മ നിയമം പാട്ട കുടിയാന്മാർക്കു് സംരക്ഷണം നൽകിയതോടെ കൃഷിയിൽ വലിയ മാറ്റംവന്നു. ഭൂപരിഷ്ക്കരണനിയമം ഇതിനു് ആക്കംകൂട്ടി. സ്വന്തമായി കൃഷിഭൂമി ലഭിച്ച കൃഷിക്കാർ കൃഷിയിൽ കൂടുതൽ ശ്രദ്ധ നൽകി. കാർഷികോൽപ്പന്നങ്ങൾക്കു് താരതമ്യേന മേച്ചപ്പെട്ട വില ലഭിച്ചതിനാൽ കർഷകർക്കു് അതു് പ്രോത്സാഹനജനകവുമായിരുന്നു.

എന്നാൽ പിന്നീടു് സ്ഥിതി മാറി കർഷകർക്കു് സമൂഹത്തിൽ ലഭിച്ചിരുന്ന മാന്യത കുറഞ്ഞുവന്നതോടെ അവർ മറ്റു് തൊഴിമേഖലയിലേക്കു് ശ്രദ്ധതിരിച്ചു. കാർഷികോൽപന്നങ്ങൾക്കു് വേണ്ടത്ര വില ലഭിക്കാതെവരുകയും, കൃഷിചെലവു് കൂടിവരുകയും ചെയ്തതോടെ കൃഷിഭൂമിയിൽ ചെലുത്തിയിരുന്ന അദ്ധ്വാനത്തിന്റെ അളവും കുറഞ്ഞു. കൃഷിക്കാർ നെൽപ്പാടം നികത്തുന്നതിനു് ആരംഭംകുറിച്ചു. തെങ്ങുവയ്ക്കുന്നതിനും വീടുപണിയുന്നതിനുംവേണ്ടി പാടം നികത്താൻ തുടങ്ങിയതോടെ ഉൽപ്പാദനക്രമത്തിൽ മാറ്റംവന്നു. വയലുകളുടെ വിസ്തൃതി കുറഞ്ഞുവന്നു. പുരയിടകൃഷിയും കുറഞ്ഞുവന്നു. കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണവും കുറഞ്ഞുവന്നു.

ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമായതും കൃഷിയോടുള്ള താൽപ്പര്യം കുറഞ്ഞതും, കൃഷി ലാഭകരമല്ല എന്നുള്ളതും കർഷകതൊഴിലാളികളുടെ പിൻതലമുറക്കാരെ ഇതര തൊഴിൽ മേഖലകളിലേക്കു് ആകർഷിച്ചു. ഇതൊക്കെമൂലം പരമ്പരാഗതമായി കൃഷിചെയ്തുവന്ന പല കൃഷികളുടേയും ഉൽപ്പാദനം കുറഞ്ഞുവന്നു. പുരയിടകൃഷി തെങ്ങുകൃഷിയായി ചുരുങ്ങി. മറ്റു് കാർഷികവിളകളുമായി താരതമ്യം ചെയ്യുമ്പോൾ തെങ്ങിനു് കുറഞ്ഞ പരിചരണമേ ആവശ്യമുള്ളൂ എന്ന വസ്തുത ഇതിനു് കാരണമായി ചൂണ്ടികാണിക്കാവുന്നതാണു്. തെങ്ങിനു് വ്യാപകമായി ഉണ്ടായിട്ടുള്ള രോഗങ്ങൾമൂലം അതിന്റെ ഉൽപ്പാദനം കുറഞ്ഞുവരികയാണു്.

ജനസംഖ്യാ വർദ്ധനവു് ഭൂമിയിൽ ചെലുത്തിയ സമ്മർദ്ദമാണു് കാർഷികമേഖലയെ സ്വാധീനിച്ച മറ്റൊരു പ്രധാന ഘടകം. പാർപ്പിടങ്ങൾ വർദ്ധിച്ചതോടെ റോഡുകളും വർദ്ധിച്ചു. അശാസ്ത്രീയമായ റോഡു നിർമ്മാണം നീർക്കെട്ടിനു് കാരണമാകുന്നു. നീർക്കെട്ടു് പരിസ്ഥിതി പ്രശ്നമെന്നതിലപ്പുറം തെങ്ങിന്റെ ഉൽപ്പാദനക്ഷമത കുറയ്ക്കാനും കാരണമാവുന്നു.

പഞ്ചായത്തിലെ കുളങ്ങൾ, തോടുകൾ, ട്യൂബ്വെൽ തുടങ്ങിയ ജലസ്രോതസ്സുകൾ യഥാവിധി സംരക്ഷിക്കപ്പെടുകയോ കൃഷിക്കു് ഉപയോഗിക്കുകയോ ചെയ്തു് കാണുന്നില്ല. ബണ്ടുകൾ ഇടിഞ്ഞും, കാടുംപടലും പിടിച്ചും ജലസ്രോതസ്സു് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 4869 ഏക്കർ 3 സെന്റ് ആണു്. താഴ്വരകൾ, ഉയർന്ന പ്രദേശങ്ങൾ, ചരിവുപ്രദേശങ്ങൾ, തീരസമതലങ്ങൾ, ചതുപ്പുനിലങ്ങൾ എന്നിങ്ങനെയാണു് കാണപ്പെടുന്നതു്.

പഞ്ചായത്തിന്റെ ഭൂരിഭാഗം സ്ഥലത്തും laterite മണ്ണാണു് (വെട്ടുകല്ലു് മണ്ണു്) കാണപ്പെടുന്നതു്. ഇതു് ഏതാണ്ടു് 70 ശതമാനത്തോളം വരും. ബാക്കി മണൽ മണ്ണും, ചതുപ്പുനിലങ്ങളുമാണു്. വെട്ടുകല്ലുമണ്ണു് എല്ലാത്തരം കൃഷിക്കും ഉപയുക്തമാണു്. മണൽമണ്ണു് പ്രത്യേകിച്ചു് തെങ്ങുകൃഷിക്കു് യോജിച്ചതാണു്.

ആദ്യകാലങ്ങളിൽ രാസവളപ്രയോഗം വളരെ കുറവായിരുന്നു. എന്നാൽ ഇപ്പോൾ രാസവളമാണു് മുഖ്യമായും ഉപയോഗിക്കുന്നതു്. ഇതു് മണ്ണിന്റെ അമ്ലസ്വഭാവം വർദ്ധിപ്പിക്കും. കീടനാശിനി തളിക്കുമ്പോൾ രോഗത്തിനുവേണ്ട മരുന്നു് തളിക്കുന്നതിനുപകരം ഏതെങ്കിലും മരുന്നു് തളിക്കുന്ന രീതിയാണു് കൂടുതലുംപേർ അവലംബിക്കുന്നതു്.

തെങ്ങാണു് ആകെ വിസ്തൃതിയുടെ ഭൂരിഭാഗം സ്ഥലത്തും കൃഷിചെയ്യുന്നതു്. അതുകഴിഞ്ഞാൽ താഴ്ന്ന പ്രദേശങ്ങളിൽ നെല്ലുമാണു് പരമ്പരാഗതമായി കൃഷിചെയ്തുവരുന്നതു്. റബ്ബർകൃഷിവ്യാപിച്ചുവരുണ്ടു്. 30 ഹെക്ടർ സ്ഥലത്തു് റബർ കൃഷിചെയ്യുന്നുണ്ടു്. ഇടവിളയായി വാഴ, മരച്ചീനി, പയർവർഗ്ഗങ്ങൾ, ചേമ്പു്, പച്ചക്കറികൾ, കുരുമുളകു്, കമുകു്, കശുമാവു്, കിഴങ്ങു്, മാവു്, പ്ലാവു്, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ ഭാഗികമായി കൃഷിചെയ്തുവരുന്നു. കുറിമുല്ല, മുംബറി എന്നിവ നാമമാത്രമായി കൃഷിചെയ്യുന്നുണ്ടെങ്കിലും കർഷകരിൽ ഈ കൃഷികളെ സംബന്ധിച്ചുള്ള ആശങ്കകൾ നിലനിൽക്കുന്നു.

പഞ്ചായത്തിൽ 380 ഹെക്ടർ സ്ഥലത്തു് നെൽകൃഷി ചെയ്തുവരുന്നു. ഒന്നും രണ്ടും പൂ കൃഷിചെയ്യുന്ന പാടശേഖരങ്ങളാണുള്ളതു്. നാടൻ വിത്തിനങ്ങളും സങ്കരയിനം വിത്തിനങ്ങളും കൃഷിചെയ്യുന്നു. ശബരി,

ജ്യോതി തുടങ്ങിയ സങ്കരയിനം വിത്തിനങ്ങളോടാണ് കൃഷിക്കാർക്കുപ്രിയം. ഉൽപ്പാദനക്ഷമത കൂടുതലാണ് എന്നതാണ് കാരണം. വയലുകൾ പലപ്പോഴും തരിശിടുന്നതു് മണ്ണിന്റെ ഗുണമേൻമ നഷ്ടപ്പെടുന്നതിന് കാരണമാകുന്നു.

മുഖ്യ വിളകളുടെ വിസ്തീർണ്ണം, മൊത്തം ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ ചുവടെ ചേർക്കുന്നു.

പട്ടിക-1

ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ

	ഇനം	വിസ്തീർണ്ണം
1	നിലം	380 ഹെക്ടർ
2	പുരയിടം	1244 ഹെക്ടർ
3	പുറമ്പോക്കു്	N. A.
4	കൃഷിയോഗ്യ തരിശ്	139 ഹെക്ടർ
5	കൃഷിയോഗ്യമല്ലാത്ത തരിശ്	123 ഹെക്ടർ
	ആകെ	1884 ഹെക്ടർ

പട്ടിക-2

കൈവശഭൂമി വിസ്തീർണ്ണം

നാമമാത്ര കർഷകർ 1 ഹെക്ടറിൽ താഴെ	ചെറുകിട കർഷകർ 1-2 ഹെക്ടറിൽ	ഇടത്തരം കർഷകർ 2 ഹെക്ടറിനും മുകളിൽ
6295	2425	55

പട്ടിക-3

വിള വിസ്തീർണ്ണവും ഉൽപ്പാദനവും

വിള	വിസ്തീർണ്ണം ഹെക്ടറിൽ	മൊത്തം ഉല്പാദനം ഒരു വർഷം	ഉൽപ്പാദനക്ഷമത ഹെക്ടറിൽ
നെല്ല് (ഒന്നാംവിള)	280 ഹെ.	588 മെ. ടൺ	2100 കി.
നെല്ല് (രണ്ടാംവിള)	380 ഹെ.	950 "	2500 "
നെല്ല് (മൂന്നാംവിള)	—	—	—
പയർ	22 ഹെ.	11 "	500 "
എള്ള്	240 ഹെ.	6 "	250 "
പച്ചക്കറികൾ	10 ഹെ.	40 "	4000 "
തെങ്ങ്	1136 ഹെ.	34 ലക്ഷം Nuts	3060 Nuts
വാഴ	85 ഹെ.	552 മെ. ടൺ	6500 കി.
മരച്ചീനി	140 ഹെ.	1680 "	12000 "
കുരുമുളക്	35 ഹെ.	7 "	200 "
പ്ലാവ്	62 ഹെ.	992 "	16000 "
കണ്ണിമാവ്	60 ഹെ.	33 "	550 "
മാവ്	60 ഹെ.	288 "	4800 "
റബ്ബർ	30 ഹെ.	19.5 "	650 "
കവുങ്ങ്	78 ഹെ.	78 ലക്ഷം Nuts	1 ലക്ഷം Nuts
കിഴങ്ങുവിള	200 ഹെ.	4000 മെ. ടൺ	20000 കി.

പട്ടിക-4

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

തെങ്ങ് കൃഷി വിസ്തീർണ്ണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	രോഗം ബാധിച്ച തെങ്ങ്		
				റൂട്ട് വിൽറ്റ്	ലീഫ് റോട്ട്	ബഡ് റൂട്ട്
1136 ഹെ.	57720	134980	192100	42430	128924	59630

മുഖ്യവിളയായ തെങ്ങ് പഞ്ചായത്തിൽ 1136 ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യുന്നു. തെങ്ങിന്റെ വാർഷിക ഉൽപാദനക്ഷമത 20-25 ആണ്. സംസ്ഥാന ശരാശരി 38 ആണ്. കൃഷിഭവൻ രേഖയനുസരിച്ച് ഒരുവർഷം 34 ലക്ഷം തേങ്ങ പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്നു. കായ്ഫലമുള്ള തെങ്ങുകളുടെ എണ്ണം കുറഞ്ഞു വരുന്നു. മണ്ടചീകൽ, മഞ്ഞളിപ്പ്, കീടങ്ങളുടെ ഉപദ്രവം, ജലസേചന സൗകര്യം ഇല്ലാത്തതുമാണിതു്. വയൽ നികത്തി തെങ്ങുവച്ച സ്ഥലങ്ങളിൽ നീർക്കെട്ടും മറ്റ് പല കാരണങ്ങളാലും ഉൽപാദനം കുറഞ്ഞിട്ടുണ്ട്. തെങ്ങിനുണ്ടാകുന്ന രോഗങ്ങൾക്കു് ഫലപ്രദമായി ചികിത്സയും ലഭിക്കുന്നില്ല. തേങ്ങക്കു് നല്ല വിലയും ലഭിക്കുന്നില്ല.

വളം-കീടനാശിനി ഉപയോഗം

സഹകരണമേഖലയിൽ ആറും സ്വകാര്യ മേഖലയിൽ ഒന്നും ഉൾപ്പെടെ ഏഴ് വിപണന കേന്ദ്രങ്ങളായിരുന്നു പഞ്ചായത്തിൽ ഉണ്ടായിരുന്നതു്. ഇതിൽ സഹകരണമേഖലയിലെ മൂന്നെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നില്ല, കൃഷിക്കു് മുഖ്യമായും രാസവളമാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നതു്. മണ്ണിന്റെ അമ്ലഗുണം വർദ്ധിപ്പിക്കാൻ ഇത് കാരണമാകുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം ശാസ്ത്രീയമാക്കാനുള്ള സംവിധാനങ്ങളൊന്നും ഫലപ്രദമാകുന്നില്ല. ജൈവവളപ്രയോഗമാകട്ടെ കാലിസമ്പത്ത് ശോഷിച്ചതോടെ വളരെ കുറഞ്ഞിരിക്കുന്നു. നെല്ല്, തെങ്ങ്, പച്ചക്കറികൾ, വാഴ തുടങ്ങിയ വിളകൾക്കാണ് പ്രധാനമായും കീടനാശിനി ഉപയോഗിക്കുന്നതു്. കീടനാശിനി തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ, ശാസ്ത്രീയ രീതിയോ സ്വീകരിച്ച് കാണുന്നില്ല. കൃഷിഭവൻ രേഖയനുസരിച്ചുള്ള രാസവള കീടനാശിനി വിപണനത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

പട്ടിക-5

രാസവള-കീടനാശിനി വിപണനം

സ്ഥാപനത്തിന്റെ പേരു്	1993-94			1994-95			1995-96		
	രാസവളം	കീടനാശിനി		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി	
	കി. ഗ്രാം	ദ്രവം	ഖരം	കി. ഗ്രാം	ദ്രവം	ഖരം	കി. ഗ്രാം	ദ്രവം	ഖരം
സഹകരണം : മൈനാഗപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക്	6 മെ. ടൺ NPK	—	—	7.5 മെ. ടൺ NPK	—	—	8 ടൺ	—	—
സ്വകാര്യം : FACT ഏജൻറ് കിഴക്കേകര	5.5 മെ. ടൺ NPK	125 ലിറ്റർ	1 മെ. ടൺ	6.5 മെ. ടൺ NPK	140 ലിറ്റർ	1.25 മെ. ടൺ	75 ടൺ NPK	150 ലിറ്റർ	1.5 മെ. ടൺ

പാടശേഖര സമിതികൾ

ഗ്രൂപ്പുഫാമിംഗിന്റെ ഭാഗമായി കൃഷിഭവന്റെ നേതൃത്വത്തിൽ നെൽകൃഷിക്കാരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് രൂപീകരിക്കപ്പെട്ട 9 (ഒൻപത്) പാടശേഖരകമ്മിറ്റികളാണ് നിലവിലുള്ളതു്. ഇതിൽ പലതും വേണ്ടത്ര ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. പാടശേഖരസമിതികളുടെ വാശരാംശങ്ങൾ ചുവടെ ചേർക്കുന്നു. കേരവികസന സമിതി, റബർ വികസന സമിതി എന്നിവ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പട്ടിക-6

പാടശേഖര സമിതിയും വിളകളും

നമ്പർ	പാടശേഖരത്തിന്റെ പേര്	ഒന്നാംവിള	രണ്ടാംവിള	മൂന്നാംവിള
1	NS: മൈനാഗപ്പള്ളി ഏല			
2	വെട്ടിക്കാട്ട് കിഴക്കേ ഏല			
3	വെട്ടിക്കാട്ട് പടിഞ്ഞാറെ ഏല			
4	ആദിക്കാട്ട് വടക്കേ ഏല			
5	ചെമ്പിനാൽ ഏല			
6	ചാലായിൽ മുണ്ടകൻ ഏല			
7	ചിറയ്ക്കൽതാഴെ ഏല			
8	ചിറയ്ക്കുമുകളിൽ ഏല			
9	ക്രാനംചാൽ ഏല			
10	ആനേത്തുംപാടം			

കാർഷികോപകരണങ്ങൾ

കൃഷിഭവൻവഴി ഒരു ട്രാക്ടർ, മൂന്ന് ട്രില്ലർ, ഒൻപതു റോക്ക് സ്പ്രെയർ, നാല് നാപ്സ്റാക്ക് സ്പ്രെയർ എന്നീ കാർഷിക യന്ത്രോപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്. ട്രാക്ടർ കോവൂർ ഹരിജൻ സൊസൈറ്റിക്കും ബാക്കി ഉപകരണങ്ങളും പാടശേഖരസമിതികൾക്കുമാണ് വിതരണം ചെയ്തിട്ടുള്ളത്. ക്രാടാതെ ഉഴവുമാടുകളെയും കാർഷികാവശ്യത്തിനായി ഉപയോഗിക്കുന്നുണ്ട്. പണ്ട്കാലത്ത് ഉപയോഗിച്ചിരുന്ന നാടൻ കാർഷികോപകരണങ്ങളും വിരളമായി മാത്രം ഉപയോഗിക്കുന്നു.

കൂലിനിരക്ക്

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റം, കൃഷിയോടുള്ള താൽപര്യക്കുറവ്, കൃഷി ലാഭകരമല്ല എന്നുള്ള സ്ഥിതിയെല്ലാം ഇതിന്റെ കാരണങ്ങളാണ്. കർഷക കുടുംബങ്ങളിൽ 35 ശതമാനത്തോളം കുടുംബങ്ങളും മാത്രമേ കൃഷിയെ മുഖ്യ ജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളൂ. ഏകദേശം 2600 കർഷക തൊഴിലാളികളാണ് പഞ്ചായത്തിലുള്ളത്. ഇവരുടെ ശരാശരി കൂലി നിരക്ക് പുരുഷന്മാർക്ക് 75 മുതൽ 100 രൂപാവരെയും സ്ത്രീകൾക്ക് 50 രൂപാമുതൽ 60 രൂപാവരെയുമാണ്. നിലവിൽ ഒരു ഏകീകൃത നിരക്കില്ല.

കാർഷിക വായ്പ

കാർഷികാവശ്യങ്ങൾക്ക് വായ്പ നൽകാൻ ഉള്ള സർവ്വീസ് സഹകരണബാങ്കും, സിൻറിക്കേറ്റ് ബാങ്കിന്റെ ഒരു ശാഖയുമാണ് പഞ്ചായത്തിലുള്ളത്. കരുനാഗപ്പള്ളി കാർഷിക വികസന ബാങ്ക് പഞ്ചായത്തിലെ കൃഷിക്കാർക്ക് വായ്പ നൽകുന്നു. കാർഷികാവശ്യങ്ങൾക്കായി അനുവദിക്കുന്ന വായ്പകളിൽ ഭൂരിഭാഗവും സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം കാർഷികേതര ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്ന പ്രവണത കൃഷിക്കാർക്കിടയിലുണ്ട്. വായ്പ സംബന്ധിച്ച വിശദാംശങ്ങൾ പുവടെ ചേർക്കുന്നു.

പട്ടിക–7

ബാങ്ക് വായ്പകളെ സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	ബാങ്ക്	1992–93	1993–94	1994–95	1995–96
1	മൈനാഗപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക്				
2	കരുനാഗപ്പള്ളി കാർഷിക വികസന ഭൂപണയ ബാങ്ക്				
3	സിൻഡിക്കേറ്റ് ബാങ്ക്				

ജലസേചനം

മഴയെ ആശ്രയിച്ചുള്ള ഒരു കാർഷിക വ്യവസ്ഥയാണ് മൈനാഗപ്പള്ളിയിൽ നിലനിൽക്കുന്നത്. ജൂൺ, ജൂലായ് മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ തുലാവർഷവുമാണ് ലഭിക്കുന്നത്. വേനൽക്കാലത്ത് ജലക്ഷാമവും അനുഭവപ്പെടുന്നു. 80 പൊതു ജലസേചന കിണറുകളും 43 കുളങ്ങളും തോടുകളും ഉൾപ്പെടുന്നതാണ് പഞ്ചായത്തിലെ ജലസ്രോതസ്സുകൾ. പമ്പ് ജലസേചനത്തിനായി കൃഷിഭവൻവഴി മൊത്തം 125 പമ്പുസെറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 1996–97 വർഷത്തിൽ 25 എണ്ണംകൂടി വിതരണംചെയ്യും. മൈനാഗപ്പള്ളി ഏലായിലെ ജലസേചന സൗകര്യത്തിനായി സ്ഥാപിച്ച ട്യൂബുവെൽ പ്രവർത്തനയോഗ്യമല്ല. പഞ്ചായത്തിൽ ചെറുതും വലുതുമായ നിരവധി തോടുകളുണ്ട്. ഇവയിൽ ഭൂരിഭാഗവും സംരക്ഷിക്കുകയോ, കൃഷിക്ക് ഉപയോഗിക്കുകയോ ചെയ്യുന്നില്ല. മിക്ക കുളങ്ങളും, തോടുകളും ഇടിഞ്ഞും പൊളിഞ്ഞും കിടക്കുന്നു. ജലസ്രോതസ് കുറയ്ക്കുവാനേ ഇത് ഉപകരിക്കൂ. കുളങ്ങളിൽ ഭൂരിഭാഗവും വേനൽക്കാലങ്ങളിൽ വറ്റുന്നതാണ് ചാലായിൽ മുണ്ടകനിൽ ഉപ്പുവെള്ളം കയറാതിരിക്കാൻ തോട്ടംമുഖത്ത് ഒരു ചീർപ്പ് ഉണ്ടായിരുന്നതു് ഇന്ന് ഉപയുക്തമല്ല. കല്ലട ജലസേചനപദ്ധതിയനുസരിച്ച് നിരവധി കനാലുകൾ പഞ്ചായത്തിലൂടെ കടന്നുപോകുന്നുണ്ട്. ഈ പദ്ധതി കമ്മീഷൻ ചെയ്താൽ പഞ്ചായത്തിലെ കാർഷിക ജലസേചനത്തിനു് വളരെ ഗുണം ലഭിക്കും.

ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ

1 കാഞ്ഞിക്കൽ താഴെ ഏലായുടെ സമഗ്ര വികസനത്തിനു് ഉപയുക്തമായ ജലസേചന പദ്ധതി.

2 മൈനാഗപ്പള്ളി ഏലയിൽ ചെമ്പിനാൽ ഭാഗത്തു് ജലസ്രോതസ്സു് ഉപയോഗപ്പെടുത്തി ഏഴ കിലോമീറ്റർ നീളം വരുന്ന തോടുവെട്ടി ബ്രാഞ്ചു കനാലുകളുണ്ടാക്കി പള്ളിക്കൽ ആറിൽ എത്തിക്കുന്ന ജലസേചന പദ്ധതിക്കു രൂപം നല്കണം. ഇതു സാദ്ധ്യമായാൽ ഒരുപ്പൂ ഇരുപ്പൂ ആക്കാനും ഇരുപ്പൂ മുപ്പൂ ആക്കാനുംകഴിയും

3 I. C. S.–നു് തെക്കു വശത്തുനിന്നും ആറാട്ടുചിറ ഭാഗത്തേക്കും, അവിടെനിന്നു് ചിറയ്ക്കുതാഴെ പാടത്തേക്കും വരുന്ന തോടു് വിപുലപ്പെടുത്തി അതിൽനിന്നും ഉപതോടുകൾ നിർമ്മിച്ചു് വെട്ടിക്കാട്ടു് ഏലായിലേക്കു് പുതിയ തോടുകൾ നിർമ്മിച്ചു് വെട്ടിക്കാട്ടു് ഏലായിലെ ഇരുപ്പൂ കൃഷി മുപ്പൂകൃഷി ആക്കാൻ കഴിയും.

4 ആദിക്കാട്ടുചിറ ആഴംകൂട്ടി തോടുനിർമ്മിച്ചു് നെടുംകുളവുമായി ബന്ധപ്പെടുത്തി അവിടെനിന്നും പഴയ തോടു് പുനഃസ്ഥാപിച്ചു് പടിഞ്ഞാറോട്ടു് ചാലായിൽ മുണ്ടകൻ പാടത്തിന്റെ മദ്ധ്യത്തിലൂടെ പള്ളിക്കൽ ആറിൽ എത്തിച്ചേർന്നാൽ ഉദ്ദേശം 600 ഹെക്ടർ വരുന്ന സ്ഥലം ഒരുപ്പൂ ഇരുപ്പൂ ആക്കാനും ഇരുപ്പൂ മുപ്പൂ ആക്കാനും കഴിയും. അതുവഴി നെല്ലുൽപാദനം വർദ്ധിപ്പിക്കാം.

5 നിലവിലുള്ള പഞ്ചായത്തു് കുളങ്ങളും ആഴം കൂട്ടി ജലസേചന സൗകര്യമുണ്ടാക്കണം. നിലവിലുള്ള സ്വകാര്യ കുളങ്ങളും ജലസേചന സൗകര്യം വർദ്ധിപ്പിക്കത്തക്കതരത്തിൽ സഹായധനം നൽകണം.

തോടുകൾ

1 പാലത്തുണ്ടിൽമുക്കു് മുതൽ മുടീത്തറ കിഴക്കേ പാടംവരെയുള്ള തോടു്.
2 കാഞ്ഞിക്കൽ താഴെ ഏലായിൽനിന്നു് ആരംഭിച്ചു് വേളൂർ ഏലായിൽ എത്തിച്ചേരുന്ന തോടു് സൈഡു് കെട്ടി ജലസേചനസൗകര്യമുണ്ടാക്കണം.
3 പാട്ടപുരയ്ക്കൽ ക്ഷേത്രത്തിൽ നിന്നാരംഭിച്ചു് വേളൂർ ഏലായിൽ എത്തിച്ചേരുന്ന തോടു് സൈഡു് കെട്ടി പൂർത്തിയാക്കണം.
4 കാളകുത്തുംപൊയ്കയിൽനിന്നും തായിൽപാടംവരെയുള്ള തോടു്
5 വരിയ്ക്കോലയ്ത്തു് മുക്കുമുതൽ പാടംവരെയുള്ള തോടു്.
6 പുളിവിളത്തറ പടിഞ്ഞാറുവശം മുതൽ പടിഞ്ഞാറോട്ടുള്ള തോടു്.
7 വാഴോട്ടത്തറ മുക്കുമുതൽ മണ്ണത്തുപാടംവരെയുള്ള തോടു്.
8 കണ്ണിയാന്റെ മുക്കുമുതൽ ചെമ്പിനാൽ പാടംവരെയുള്ള തോടു്.
9 ചിറക്കര ക്ഷേത്രം മുതൽ പാടം വരെയുള്ള തോടു്.
10 പഴഞ്ഞിയിൽ കുളംമുതൽ ആടിക്കാട്ടു് ചിറവരെയുള്ള തോടു്.
11 പള്ളിമുക്കു് പൊക്കത്തറ ഭാഗംമുതൽ വെട്ടിക്കാട്ടു് പാടംവരെയുള്ള തോടു്.
12 വടക്കുചിറ-മേട്ടേത്തറ വരെയുള്ള തോടു്.
13 ആരാമത്തുമുക്കു്-തടത്തിൽ മുക്കുവഴി വട്ടത്തറ വരെയുള്ള തോടു്.
14 ഓലിച്ചിറമുതൽ തെക്കോട്ടു് പാടംവരെയുള്ള തോടു്.
15 വെട്ടിക്കാട്ടുചിറമുതൽ പാടംവരെയുള്ള തോടു്,
16 തെങ്ങുംതടത്തിൽ കുളം--ചാലായിൽ മുണ്ടകൻപാടം തോടു്.
17 കണ്ണിയാന്റെതടം മുതൽ തെങ്ങുംതടംവഴി ചാലായിൽ മുണ്ടകൻ പാടംവരെയുള്ള തോടു്.
18 കൊച്ചുപോക്കാട്ടതോടു് ആഴംകൂട്ടുക.
19 കുറിപ്പുറം തെക്കേക്കര കിഴക്കേ പാടംവരെ.
20 പൊയ്കക്കുറവി മുക്കുമുതൽ ചരിഞ്ഞയ്യംവഴി പാടംവവരെ.
21 തുപ്പായിവിളപ്പുറം വടക്കുവശം പടിഞ്ഞാറോട്ടു് പള്ളിക്കൽ ആറുവരെയുള്ള തോടു്.
22 ഇരുപ്പയിൽ മുക്കുമുതൽ പടിഞ്ഞാറോട്ടു് തോട്ടുംമുഖംവരെ.
23 തെങ്ങുംവിള കുളംമുതൽ ആമച്ചിറവഴി തേവലക്കര പാടംവരെ.
24 തോപ്പിൽ മുക്കിൽനിന്നു് ആരംഭിച്ചു് തേവലക്കരപാടംവരെയുള്ള തോടു്.
25 ഉരുമാളൂർ മുക്കുമുതൽ വെട്ടിക്കാട്ടു് പാടംവരെയുള്ള തോടു്.
26 നെടുംതറ വടക്കുവശം മുതൽ വെട്ടിക്കാട്ടു് പാടംവരെയുള്ള തോടു്.

പട്ടിക-8

പൊതുകുളങ്ങളെ സംബന്ധിച്ച വിവരങ്ങൾ

നമ്പർ	കുളത്തിന്റെ പേരു്	ഉൾപ്പെടുന്ന വാർഡു്
1	വേളക്കൊമ്പിൽ ചിറ	1
2	പൂവമ്പള്ളിക്കുളം	2
3	ആടിക്കാട്ടു് വടക്കേക്കുളം	5
4	നെടുംകുളം	5
5	മുടീത്തറ കുളം	1
6	കുളീറ്റുൽ കുളം	8
7	തെങ്ങുംതടത്തിൽ കുളം	8
8	കല്ലൂർ കുളം	2
9	തെന്നൂർകുളം	12
10	ചക്കിട്ടയിൽ കുളം	8
11	പറയൻറയ്ത്തു് കുളം	4

നമ്പർ	കുളത്തിന്റെ പേരു്	ഉൾപ്പെടുന്ന വാർഡു്
12	തെങ്ങുംവിള കുളം	11
13	കാഞ്ഞിപ്പുള്ളിക്കുളം	13
14	താനത്തുകുളം	6
15	തെങ്ങുംതറ കുളം	3
16	പണിയ്ക്കവീട്ടിൽ കുളം	9
17	കുഴിനിലത്തുകുളം	12
18	ചാന്നാന്റെകുളം	10
19	വൈക്കംകുത്തിക്കുളം	2
20	ഓലിച്ചിറക്കുളം	2
21	ഉള്ളാടിട്ടേഴി കുളം	6
22	കുമ്പുകാട്ടുകുളം	7
23	കടമ്പാട്ടുകുളം	1
24	കപ്പിനാൽ കുളം	11
25	കൊമ്പുപോക്കാട്ടുകുളം	9
26	കൊമ്പുകുളം	4
27	കുറപ്പുള്ളിക്കുളം	6
28	കാരവീട്ടുകുളം	10
29	പുത്തൂർ കുളം	11
30	പഴന്തികുളം	5
31	പൊട്ടംകുളം	7
32	വെട്ടിക്കാട്ടുകുളം	6
33	ചെമ്പോൽ കുളം	13
34	വാലുകുളം	5
35	പുത്തൻകുളം	1
36	പുത്തൂർകുളം	11
37	കുമരക്കാട്ട്കുളം	11

മണ്ണ് ജലസംരക്ഷണം

മൺകയ്യാലകൾ കെട്ടിയും, കല്ലുകയ്യാലകൾ കെട്ടിയും, ആതിർത്തികളിൽ മരങ്ങൾ വച്ചുപിടിപ്പിച്ചും, പാമ്പുകൾ കൊത്തിയിളക്കിയും, പറമ്പിൽ വലിയ കുഴികൾ കുഴിച്ചുമൊക്കെ കൃഷിയിടങ്ങളിൽ ജലം സംഭരിക്കുകയും മണ്ണൊലിപ്പ് തടയുകയും ചെയ്തിരുന്നു. ഭൂമി തുണ്ടുതുണ്ടായി മാറുകയും കാർഷികവൃത്തിയോടുള്ള വിമുഖതയും മണ്ണ് ജലസംരക്ഷണത്തെ ബാധിച്ചിട്ടുണ്ട്. 1994-ൽ ആരംഭിച്ച് 97-ൽ അവസാനിക്കുന്ന വാട്ടർഷെഡ് പദ്ധതിയനുസരിച്ച് 21 ലക്ഷം രൂപയുടെ ആനുകൂല്യം ലഭിക്കും. പഞ്ചായത്തിലെ 1, 3, 7, 8, 9 എന്നീ വാർഡുകളിൽ ഭാഗീകമായും 2-ാം വാർഡിൽ പൂർണ്ണമായുമാണ് ഇതിന്റെ ആനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്നത്. മണ്ണ് സംരക്ഷണ വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്.

നഴ്സറി

രണ്ട് സ്വകാര്യ നഴ്സറികളാണ് പഞ്ചായത്തിലുള്ളത്. കൃഷിക്കാർക്ക് അത്യുൽപാദന ശേഷിയുള്ള നടീൽവസ്തുക്കൾ ആവശ്യത്തിന് ലഭ്യമല്ല. ഉപയോഗിക്കുന്ന നടീൽ വസ്തുക്കൾ നിലവാരം കുറഞ്ഞതത്രേ.

കൃഷിഭവൻ

1987 സെപ്തംബർ ഒന്നിന് പഞ്ചായത്തിൽ നിലവിൽവന്ന കൃഷിഭവന്റെ പ്രവർത്തനം എല്ലാ കാർഷിക മേഖലയിലേക്കും വ്യാപിച്ചിട്ടില്ല. വളരെ പ്രതീക്ഷയോടെ ആരംഭിച്ച് കൃഷിഭവന്റെ പ്രവർത്തനം കാർഷിക മേഖലയിലെ സമഗ്രമായ വികസനത്തിനായി വിപുലപ്പെടുത്തേണ്ടതാണ്. ഒരു കൃഷി ആഫീസറും, അഞ്ച് കൃഷി അസിസ്റ്റന്റുമാരും ഉൾപ്പെടെ ഒൻപതു് ജീവനക്കാരുള്ള കൃഷിഭവന്റെ പ്രവർത്തനം പൂർണ്ണമായി കർഷകർക്ക് ലഭിക്കേണ്ടതുണ്ട്. കൃഷിഭവൻവഴി കാർഷിക മേഖലയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

കാർഷികമേഖലയിലെ പ്രശ്നങ്ങൾ

പഞ്ചായത്തിലെ ഇന്നത്തെ കാർഷിക മേഖലയുടെ പ്രധാന പ്രത്യേകത ചെറുകിട ഭൂവുടമസ്ഥരുടെ മുൻതൂക്കവും, കൃഷിഭൂമിയുടെ തുണ്ടുവൽക്കരണവുമാണ്. ഇതുമൂലം ശാസ്ത്രീയ കാർഷിക മുറകൾ നടപ്പാക്കുക അസാധ്യമായിരിക്കുന്നു. മുഖ്യവിളയായ നെല്ലിന്റെയും തെങ്ങിന്റെയും ഉൽപ്പാദനത്തെയും ഉൽപ്പാദനക്ഷമതയെയും ഇതു് ദോഷകരമായി ബാധിച്ചിട്ടുണ്ട്. കൃഷിച്ചെലവിൽവന്ന വർദ്ധനവു്, തൊഴിലാളികളുടെ ലഭ്യതക്കുറവു്, ഉൽപ്പന്നങ്ങളുടെ വിലക്കുറവു്, കൃഷി ഉപജീവനമായി സ്വീകരിക്കുന്നവരുടെ കുറവു്, കാല–വർഷ വ്യതിയാനം തുടങ്ങിയവയൊക്കെ നെൽകൃഷി ഉല്പാദനം കുറയാൻ കാരണമായി. നെൽപ്പാടം നികത്താൻ കൃഷിക്കാർ തയ്യാറാകുന്നു.

തെങ്ങുകൃഷി കുറഞ്ഞിട്ടില്ലെങ്കിലും ഉൽപ്പാദനവും ഉൽപ്പാദക്ഷമതയും കുറഞ്ഞിട്ടുണ്ട്. സംസ്ഥാന ശരാശരി ഉൽപ്പാദനക്ഷമത 38 ആണെങ്കിൽ പഞ്ചായത്തിലെ ശരാശരി ഉൽപ്പാദന ക്ഷമത 25 ആണ്. കായ്ഫലമുള്ള തെങ്ങുകളുടെ എണ്ണം കുറഞ്ഞുവരുന്നു. മണ്ടചീയൽ, മഞ്ഞളിപ്പ്, കീടങ്ങളുടെ ഉപദ്രവംകൊണ്ടും ജലസേചന സൗകര്യം വേണ്ടത്ര ലഭിക്കാത്തതുകൊണ്ടുമാണിതു്. തെങ്ങിനുണ്ടാകുന്ന രോഗങ്ങൾക്കു് ഫലപ്രദമായ ചികിൽസ ലഭിക്കുന്നില്ല. നാളീകേരത്തിന്റെ വിലക്കുറവു്, വർദ്ധിച്ചുവരുന്ന പാർപ്പിട പ്രശ്നങ്ങൾ, നല്ലയിനം തൈകൾ ലഭിക്കായ്മ തുടങ്ങിയവയൊക്കെ തെങ്ങുകൃഷിയെ ബാധിച്ച ഘടകങ്ങളാണ്.

രാസവളത്തിന്റെ വർദ്ധിച്ച ഉപയോഗംമൂലം മണ്ണിന്റെ അമ്ലസ്വഭാവം വർദ്ധിച്ചുവരുന്നു. ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടക്കാത്തതു് ഉൽപാദന ക്ഷമത കുറയ്ക്കുന്നു. ജൈവവളത്തിന്റെ ലഭ്യത കുറവു് മണ്ണിന്റെ ഘടനയെ ബാധിച്ചിട്ടുണ്ട്. വളം, കീടനാശിനികളുടെ വിലവർദ്ധന ഇവ മറ്റൊരു കാരണമാണ്.

മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടക്കുന്നതു്. ഇതു് കൃഷിയുടെ ഉൽപാദനക്ഷമതയെ ബാധിച്ചിട്ടുണ്ട്. ഉൽപാദന ചിലവിനു് അനുസൃതമായി കൃഷി ലാഭകരമാക്കുംവിധത്തിൽ ഉൽപന്നങ്ങൾക്കു് വില ലഭിക്കുന്നില്ല, കൃഷിക്കാരുടെ കാർഷികവരുമാനം കുറഞ്ഞുവരുന്നു. കൃഷി മുഖ്യ വരുമാന മാർഗ്ഗമല്ലാത്തതുകൊണ്ടുതന്നെ പലർക്കും ഉൽപാദനം വർദ്ധിപ്പിക്കുന്നതിൽ വലിയ താൽപര്യമില്ല.

കർഷകതൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ടാണ് മറ്റൊരു പ്രധാന പ്രശ്നം. ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമായതോടെ കാർഷിക കുടുംബങ്ങളിലെ യുവതലമുറക്കാർ കൃഷിപണിയിൽനിന്നും പിൻവാങ്ങി. യുവതികൾ പാടത്തെ പണിയേക്കാൾ കെട്ടിടനിർമ്മാണം, പരമ്പരാഗത വ്യവസായങ്ങൾ തുടങ്ങിയ തൊഴിലുകളാണ് കൂടുതലായി ഇഷ്ടപ്പെടുന്നതു് കർഷകതൊഴിലാളികളെക്കാൾ കൂലി കുറവാണെങ്കിലും തൊഴിൽ സുരക്ഷിതത്വവും, സാമൂഹ്യ മാന്യതയുമാണ് അവരെ ഈ മേഖലയിലേക്കു് ആകർഷിക്കുന്നതു്. അതിന്റെ ഫലമായി കർഷക തൊഴിലാളികളുടെ കൂലിനിരക്ക് ഗണ്യമായി വർദ്ധിച്ചിരിക്കുന്നു.

ഇടവിളകൃഷിയായി നടത്തിയിരുന്ന കപ്പ, വാഴ, പച്ചക്കറികൾ തുടങ്ങിയവയുടെ ഉൽപാദനം കുറഞ്ഞുവരുന്നു. ജലസേചന സൗകര്യം ഇല്ലാത്തതും, ജൈവവളങ്ങളുടെ ലഭ്യതക്കുറവും, ഉൽപന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തതും, കൃഷിചെലവ് കൂടുന്നതുമാണ് ഇതിനു് കാരണം. നെൽപാടങ്ങളിൽ ഇടവിളയായി കൃഷി ചെയ്തിരുന്ന എള്ള്, വാഴ തുടങ്ങിയ കൃഷിയും കുറഞ്ഞുവരുന്നു. വാഴയ്ക്ക് വ്യാപകമായി വരുന്ന രോഗങ്ങളും ഇതിനു് കാരണമാണ്. പ്രധാനമായും കണ്ടുവരുന്ന രോഗങ്ങൾ നെല്ലിനു് മുഞ്ഞരോഗം, പോളരോഗം തുടങ്ങിയവയാണ്. തെങ്ങിനു് മണ്ടചീയൽ, തെങ്ങോലപ്പുഴു, മഞ്ഞളിപ്പ്, കീടങ്ങൾ മൂലമുണ്ടാകുന്ന രോഗങ്ങൾ, കരുമുളകിനു് ദ്രുതവാട്ടം ചിലയിടങ്ങളിൽകണ്ടുവരുന്നു. ഇവയിൽ പലതിനും ശരിയായ ചികിത്സയില്ല

ആധുനിക കാർഷിക ഉപകരണങ്ങൾ ആവശ്യത്തിനു് ലഭിക്കുന്നില്ല. ഭൂമി തുണ്ടുതുണ്ടായി മാറിയതു് ഇതിനൊരു തടസ്സമാണെങ്കിലും കൃഷിക്കാരുടെ യോജിച്ച പ്രവർത്തനത്തിലൂടെ സാധ്യതകൾ ഉണ്ട്.

പഞ്ചായത്തിലെ കൃഷിഭവന്റെ പ്രവർത്തനത്തിലെ പോരായ്മ നിലനിൽക്കുന്നു. ചില പ്രദേശങ്ങളിലും ചുരുക്കം കൃഷിക്കാരിലുമൊഴികെ പഞ്ചായത്തിന്റെ ഭൂരിഭാഗത്തും കൃഷിഭവന്റെ പ്രവർത്തനം എത്തുന്നില്ല

ആവശ്യമായ സന്ദർഭങ്ങളിൽ സങ്കരയിനം വിത്തുകൾ ലഭിക്കാതിരിക്കുക, വിദഗ്ധ ഉപദേശങ്ങൾ നൽകൽ, സർക്കാരിൽനിന്നുള്ള ആനുകൂല്യങ്ങളെപ്പറ്റിയുള്ള കൃഷിക്കാരുടെ അജ്ഞത തുടങ്ങിയവയെല്ലാം പല പ്പോഴും കൃഷിയുടെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു. അമിതവും, അശാസ്ത്രീയവുമായ കാടനാശിനി പ്രയോഗം നിയന്ത്രിച്ചില്ലെങ്കിൽ മാരകമായ പല രോഗങ്ങൾക്കും കാരണമാകും.

കാർഷിക മേഖലയെ സമ്പുഷ്ടമാക്കാൻ എല്ലാത്തരം കൃഷിക്കും ജലസേചനം ലഭ്യമാക്കേണ്ടതുണ്ട്. മഴയുടെ ഭൗർലഭ്യംമൂലം മഴയെ ആശ്രയിച്ചുള്ള കൃഷികൾ ക്രൂടതൽ വൈതരണികളെ നേരിടേണ്ടിവരുന്നു. പഞ്ചായത്തിലെ ജലസേചന സൗകര്യങ്ങൾ വളരെ പരിമിതമാണ്. ജലസേചനത്തിന് യഥാസമയം വൈദ്യുതി ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ

1 പഞ്ചായത്തിലെ കൃഷിക്ക് സഹായകരമായി ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. നിലവിൽ ജലസേചനത്തിന് ഉപയോഗപ്രദമല്ലാത്ത കുളങ്ങളും തോടുകളും കർഷകരുടെ സഹായത്തോടെ സംരക്ഷിക്കണം. കടപ്പാ 7-ാം വാർഡിൽ സ്ഥാപിച്ചിട്ടുള്ള ട്യൂബുവെൽ ഉപയോഗയോഗ്യമാക്കണം. താരതമ്യേന ജലസമ്പത്ത് ക്രൂടതലുള്ള താഴ്വരകളിൽ കുളങ്ങളും തോടുകളും നിർമ്മിച്ചും, ഉയർന്ന പ്രദേശങ്ങളിൽ വാട്ടർ ടാങ്കുകൾനിർമ്മിച്ചും, കൃഷിക്കാർക്ക് പമ്പുസെറ്റിന്റെ സഹായമില്ലാതെതന്നെ ജലസേചനത്തിന് വെള്ളം ലഭിക്കും. മഴക്കാലത്ത് ലഭിക്കുന്ന വെള്ളം ഉപയോഗപ്രദമാക്കുവാൻ തടയണകൾ നിർമ്മിച്ച് ജലസേചനം വികസിപ്പിക്കാവുന്നതാണ്. കൃഷിക്കാവശ്യമായ പമ്പുസെറ്റുകൾ ധാരാളമായി സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം. കല്ലട കനാലിന്റെ നിർത്തിവച്ച പണി ആരംഭിക്കണം. ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിന്റെ സഹായത്തോടെ പുതിയ ചെറുകിട ജലസേചന പദ്ധതികൾ നടപ്പിലാക്കണം.

2 മുൻഗണനാക്രമം നോക്കാതെതന്നെ കാർഷികാവശ്യങ്ങൾക്ക് സൗജന്യനിരക്കിൽ വൈദ്യുതി ലഭ്യമാക്കണം.

3 പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണിന്റെ സാമ്പിളുകൾ എടുത്ത് പരിശോധന നടത്തി ആവശ്യമായ വളപ്രയോഗത്തെക്കുറിച്ച് കർഷകർക്ക് ധാരണ നൽകുവാൻ കഴിയണം.

4 കേടുവന്ന എല്ലാതെങ്ങുകളും വെട്ടിമാറ്റി പകരം അത്യുദ്പാദന ശേഷിയുള്ള തൈകൾ വിതരണം ചെയ്യുകയും ആവശ്യമായ ധനസഹായം കൃഷിഭവനിലൂടെ ലഭ്യമാക്കുകയും വേണം.

5 മുഖ്യവിളകളായ തെങ്ങിനും, നെല്ലിനും ഗ്രൂപ്പുഫാമിംഗ് സംവിധാനം വ്യാപകമാക്കണം. നിലവിലുള്ള കാർഷിക സമിതികൾ പുനരുജ്ജീവിച്ച് ഇതിന് തയ്യാറാക്കണം. നെൽപാടം നികത്തുന്നത് നിയമം മൂലം തടയുകയും സംരക്ഷിക്കുകയും ചെയ്യണം. ചെളിയെടുപ്പും നിരോധിക്കണം.

6 രോഗപ്രതിരോധശക്തിയുള്ള, ഉൽപാദനശേഷിയുള്ള വിത്തിനങ്ങൾ യഥാസമയം വിതരണംചെയ്യുക. വിത്തും വളവും സൗജന്യനിരക്കിൽ കൃഷിഭവനിലൂടെ വിതരണം നടത്തുക. പ്രാദേശികമായി വിത്ത് ഉൽപാദനകേന്ദ്രം ആരംഭിക്കണം. നടീൽ വസ്തുക്കൾ ലഭ്യമാങ്ങന്നതിന് നഴ്സറികൾ ആരംഭിക്കുക.

7 ഗുണമേൻമയുള്ള പച്ചക്കറി വിത്തിനങ്ങൾ ശേഖരിച്ച് ജൈവവളത്തിന് മുൻതൂക്കംനൽകി സഹകരണാടിസ്ഥാനത്തിൽ പച്ചക്കറികൃഷി വാർഡുകളിൽ വ്യാപിപ്പിക്കുവാൻ കഴിയും. ക്രൂടകൃഷിസമ്പ്രദായം എർപ്പെടുത്താം. അടുക്കളത്തോട്ടകൃഷി ആരംഭിക്കാം. സ്കൂളുകൾ കേന്ദ്രമാക്കി കൃഷിത്തോട്ടങ്ങൾ നടപ്പിൽ വരുത്തണം.

8 ശരിയായ അളവിലോ, ശരിയായ സുരക്ഷാ സംവിധാനങ്ങളോ ഇല്ലാതെയാണ് കീടനാശിനി കൃഷിക്കാർ കീടനാശിനി ഉപയോഗിക്കുന്നത്. ഇതിനു പരിഹാരം കാണാനായി ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കണം.

9 രാസവള വിപണന കേന്ദ്രങ്ങൾ ആവശ്യമായത്ര പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കണം. സഹകരണ വളംഡിപ്പോകൾ നിർത്തലാക്കിയതു പുനരാരംഭിക്കണം. രാസവള സബ്സിഡി വർദ്ധിപ്പിക്കണം. ജൈവവള പ്രയോഗം പ്രോൽസാഹിപ്പിക്കുവാൻ വേണ്ട സഹായം നൽകണം. പച്ചിലവളത്തിന്റെ കുറവ് പരിഹരിക്കുവാൻ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കണം. കാലികൾക്കാവശ്യമായ തീറ്റപ്പുൽ വ്യാപനവും നടത്താവുന്നതാണ്.

10 കൃഷിയെ സംരക്ഷിക്കുന്നതിനും കർഷകർക്ക് ആത്മവിശ്വാസം വർദ്ധിപ്പിക്കുവാനും, വിളകൾക്ക് ഇൻഷ്വറൻസ് പദ്ധതികൾ കുറ്റമറ്റതാക്കണം. വിളകൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് സമ്പ്രദായം നടപ്പിലാക്കണം. കൃഷിക്കാർക്ക് പെൻഷൻ നൽകുകയും ക്ഷേമനിധി രൂപീകരിക്കുകയുംവേണം. കുറഞ്ഞ പലിശനിരക്കിൽ ദീർഘകാല വായ്പകൾ അനുവദിക്കണം.

11 നാളീകേരം, നെല്ല്, പച്ചക്കറികൾ തുടങ്ങിയ പ്രധാന ഉൽപ്പന്നങ്ങൾക്ക് പഞ്ചായത്തിൽ സംഭരണ-വിപണന കേന്ദ്രങ്ങൾ ആരംഭിക്കണം. കേര സംസ്കരണ യൂണിറ്റ് തുടങ്ങണം, പച്ചക്കറികൾക്ക്

പൊതുമാർക്കറ്റ്-ചന്ത സമ്പ്രദായം നടപ്പിലാക്കാം, സഹകരണ യൂണിറ്റുകളും കാർഷിക ഉൽപ്പന്നങ്ങളും ശേഖരിച്ചാൽ ഇടത്തട്ടുകാരുടെ ഇടപെടൽ ഒഴിവാക്കാവുന്നതാണ്. ഉൽപന്നങ്ങളുടെ സംഭരണകേന്ദ്രങ്ങളും പഞ്ചായത്തിൽ ആരംഭിക്കണം.

12 ഔഷധ സസ്യങ്ങളും പഞ്ചായത്തിൽ വ്യാപകമായി വച്ചുപിടിപ്പിക്കുവാൻ പരിപാടി തയ്യാറാക്കണം. നിലവിൽ കണ്ടുവരുന്ന ഔഷധ സസ്യങ്ങളും സംരക്ഷിക്കുവാനുംകഴിയണം. 21-ാം നൂറ്റാണ്ട് സസ്യ ഔഷധങ്ങളുടെ സുവർണ്ണ കാലഘട്ടമായിരിക്കുമെന്നും ലോകമെമ്പാടും അംഗീകരിച്ചിരിക്കുന്ന ഇക്കാലത്ത് ഔഷധ സസ്യ കൃഷിക്കുള്ള പ്രസക്തി വളരെയേറെയാണ്,

13 പുഷ്പകൃഷിയുടെ സാധ്യതകളും ഏറെയാണ്. സാമ്പത്തികലാഭം നേടിത്തരുന്ന ഓർക്കിഡ്, ആന്തൂറിയം, തുടങ്ങായ പുഷ്പ കൃഷികളും പഞ്ചായത്തിൽ ഒറ്റയ്ക്കും, കൂട്ടായും നടത്താൻ കഴിയും. അതിനു വേണ്ടിയുള്ള ഒരു പ്രത്യേക പാക്കേജ് പദ്ധതി തയ്യാറാക്കണം. കുറ്റിമുല്ലകൃഷി പ്രോത്സാഹിപ്പിക്കണം.

14 സമ്പുഷ്ടമായ പോഷകഗുണം പ്രദാനംചെയ്യുന്ന കൂൺകൃഷി പ്രോത്സാഹിപ്പിക്കണം. കൂൺകൃഷിയെ കുറിച്ചുള്ള ബോധവൽക്കരണം, കൂൺ കൃഷി വാണിജ്യാടിസ്ഥാനത്തിൽ എങ്ങനെ സാധ്യമാക്കാം (ഉൽപാദനം, സംഭരണം, സംസ്ക്കരണം, വിപണനം) കൂണിൽനിന്നുൽപാദിപ്പിക്കാൻ കഴിയുന്ന ഉൽപന്നങ്ങളുടെ നിർമ്മാണം വിപണനം എന്നിവ വികസന പരിപാടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

15 മണ്ണ്, ജലം, സസ്യ ലതാദികളും ഇവയുടെ സംരക്ഷണം, വികസനം, പരിപാലനം ഇവ ലക്ഷ്യമാക്കിയുള്ള പരിപാടികളും പഞ്ചായത്തിൽ ആവിഷ്ക്കരിക്കണം. വാട്ടർഷെഡ് പദ്ധതിയിൽ പഞ്ചായത്തിലെ എല്ലാ വാർഡുകളെയും ഉൾപ്പെടുത്തണം.

16 ജൈവവളങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കാൻ പരിപാടി തയ്യാറാക്കണം. ഹെക്ടറിന് 8-10 ടൺ ജൈവവളം പ്രതിവർഷം മണ്ണിൽ ചേർക്കാൻ കഴിഞ്ഞില്ലെങ്കിൽ ഉൽപാദനക്ഷമത ഉയർത്താനും, നിലനിർത്താനും കഴിയില്ല. പച്ചിലമരങ്ങളും പച്ചില ചെടികളും വച്ചുപിടിപ്പിക്കുവാനും എല്ലാവീടുകളിലും കമ്പോസ്റ്റ് കുഴികളും ഉണ്ടാക്കുവാനുമുള്ള പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കണം. തൈകളും സൗജന്യമായി വിതരണം ചെയ്യണം.

17 എല്ലാത്തരം കാർഷിക യന്ത്രോപകരണങ്ങളും, വിത്തും, വളവും സബ്സിഡി നിരക്കിൽ കൃഷിഭവനിലൂടെ വ്യാപകമായി വിതരണം ചെയ്യണം. കൃഷിക്കാർക്ക് കാർഷിക വിജ്ഞാനം പകർന്നുകൊടുക്കാൻ കൃഷിഭവനുകളുടെ സേവനം വ്യാപകമാക്കുവാനും പഞ്ചായത്ത് അടിസ്ഥാനത്തിൽ കാർഷിക സെമിനാറുകളും സംഘടിപ്പിക്കണം.

18 ഉൽപാദനചിലവ് അനുസരിച്ച് ഉൽപന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുക.

19 വിളസാന്ദ്രത വർദ്ധിപ്പിക്കുവാനുള്ള പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കുക. ഒരുപ്പൂ നിലങ്ങളും ഇരുപ്പൂനിലങ്ങളാക്കുവാനും ഇരുപ്പൂനിലങ്ങളിൽ പച്ചക്കറി, കിഴങ്ങ്, എള്ള്. പയറുവർഗ്ഗങ്ങളും, വാഴ തുടങ്ങിയവ മൂന്നാം വിളയായി കൃഷിചെയ്യുവാനും കഴിയണം. ക്രമാതെ തെങ്ങ്, കുരുമുളക്, കമുക് തുടങ്ങിയ ദീർഘകാല വിളകളുടെ കാര്യത്തിൽ ക്രമാതൽതൈകളും വച്ചുപിടിപ്പിക്കുവാനും അനുയോജ്യമായ ഇടവിള കൃഷി പ്രോൽസാഹിപ്പിക്കുവാനും കഴിയണം.

20 പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കാൻ ഏറെ സാദ്ധ്യതയുള്ള വാഴപ്പഴം, കൈതച്ചക്ക, മാങ്ങ, ചക്ക തുടങ്ങിയ പഴവർഗ്ഗങ്ങളും ഉൽപ്പാദിപ്പിക്കുവാനും (പഴവർഗ്ഗ കൃഷി) പഴവർഗ്ഗസംസ്ക്കരണ യൂണിറ്റ് ആരംഭിക്കുവാനുമുള്ള സാധ്യതകളും ആരായണം.

21 പഞ്ചായത്തിലെ തരിശുഭൂമികളും കൃഷിയുക്തമാക്കാൻ കഴിയണം. പ്രാദേശിക സാദ്ധ്യതയ്ക്കും, ആവശ്യത്തിനും അനുയോജ്യമായ വിളകളുടെ കൃഷിയാണ് നടത്തേണ്ടതു്. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ നെല്ല്, തെങ്ങ് തുടങ്ങിയ വിളകളുമായി ഇണങ്ങിപ്പോകുന്ന മൽസ്യകൃഷി ആരംഭിക്കാം. വിറക് ക്ഷാമമുള്ളിടത്തു് ഹ്രസ്വകാലംകൊണ്ട് വളരുന്ന വിറകിനുള്ള വൃക്ഷങ്ങളും, കന്നുകാലികൾക്ക് തീറ്റയായി ഉപയോഗിക്കാവുന്ന വൃക്ഷങ്ങളും, തടി വേണ്ടിടത്തു് അതിനുള്ള വൃക്ഷങ്ങളും വച്ചുപിടിപ്പിക്കുവാനുള്ള പരിപാടി ആവിഷ്കരിക്കണം. തരിശുഭൂമിയിൽ കന്നുമാവ് കൃഷിനടത്താം.

22 കന്നുമാവ് കൃഷി പ്രോൽസാഹിപ്പിക്കുവാനുള്ള പദ്ധതി ആവിഷ്കരിക്കണം.

23 വെറ്റിലകൃഷി, കുരുമുളക് കൃഷി എന്നിവ പ്രോൽസാഹിപ്പിക്കണം. തെങ്ങിൽ കുരുമുളക് വച്ചുപിടിപ്പിക്കുന്നതു് ശീലമാക്കി മാറ്റിയെടുക്കണം.

24 എലിയെ പൂർണ്ണമായി നശിപ്പിക്കുവാനുള്ള പരിപാടി പഞ്ചായത്തിൽ നടപ്പിലാക്കണം.

25 നെൽപ്പാടങ്ങളിലേക്കുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കണം.

26 ഏകീകൃതമായ ക്രൂലി സമ്പ്രദായം കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടവർക്കു് അത്യാവശ്യമാണു്. ഇതിനായി പ്രത്യേകസമിതി രൂപീകരിക്കണം.

27 കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. പഞ്ചായത്തിൽ അഗ്രോ ക്ലിനിക്, കാർഷിക പരിശീലന കേന്ദ്രം ഇവ സ്ഥാപിക്കണം.

മൈനാഗപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന്റെ അടിസ്ഥാന ശിലയായ കാർഷിക മേഖലയുടെ പുരോഗതിയിൽ ഗണ്യമായ സ്വാധീനം ചെലുത്താൻ കഴിയുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ഇതിലടങ്ങിയിട്ടുണ്ടു്.

മൃഗസംരക്ഷണം

നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം സാമ്പത്തിക വരുമാനത്തിന്റെ പതിനൊന്നു് ശതമാനത്തിലേറെ സംഭാവനചെയ്യുന്ന മൃഗസംരക്ഷണ മേഖലയുടെ പുരോഗതി ഉറപ്പുവരുത്തേണ്ടതു് ഓരോ ഗ്രാമ പഞ്ചായത്തിന്റെയും വികസനത്തിനു് അത്യന്താപേക്ഷിതമാണു്.

കാർഷിക ഗ്രാമമായ മൈനാഗപ്പള്ളിയിൽ കൃഷിയുടെ അഭിവാജ്യ ഘടകമായിരുന്ന കന്നുകാലി വളർത്തൽ. ഉഴവുമാടുകളെന്ന നിലയിലും, വണ്ടിവലിക്കുന്നതിനും, പാലുൽപ്പാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ മുഖ്യ സ്രോതസ്സും കന്നുകാലികളായിരുന്നു. കാലിവളർത്തൽ മുഖ്യ തൊഴിലാക്കിയ നിരവധി കുടുംബങ്ങൾ അന്നു് മൈനാഗപ്പള്ളി പഞ്ചായത്തിലുണ്ടായിരുന്നു. ഒന്നാംവിള കഴിഞ്ഞാൽ നെല്പാടങ്ങൾ കാലിമേയ്ക്കാനും താറാവിനെ മേയ്ക്കാനുമായി ഉപയോഗിച്ചിരുന്നു.

വിശാലമായ വയലിൽ നൂറുകണക്കിനു് കാലികളെ മെയ്ക്കുന്നതിനു് ബുദ്ധിമുട്ടുണ്ടായിരുന്നില്ല. പാടത്തെ ജൈവവളാവശ്യം നിറവേറ്റാൻ കർഷകർക്കു് ഇങ്ങനെ കഴിയുമായിരുന്നു.

പാടങ്ങൾ നികത്തി അതിൽ കെട്ടിടവും, തെങ്ങുകൃഷിയും വ്യാപകമായതോടെയും ഭൂമി തുണ്ടു തുണ്ടായി മാറുകയും ചെയ്തതോടെ കാലികളെ മേയ്ക്കുവാൻ ബുദ്ധിമുട്ടായി.

കാളവണ്ടി, കലപ്പ എന്നിവയുടെ ഉപയോഗം പ്രായേണ ഇല്ലാതായിക്കഴിഞ്ഞിട്ടുണ്ടു്. നാടൻതീറകളാണു് അന്നു് മുഖ്യമായും ഉപയോഗിച്ചിരുന്നതു്. കാലികൾക്കു് അടപ്പൻ, കുരലടപ്പൻ, കുളമ്പുരോഗം തുടങ്ങിയ പകർച്ചവ്യാധികളും ഉണ്ടാകുമായിരുന്നു. പ്രതിരോധ കുത്തിവെയ്പു് ഉൾപ്പെടെ മറ്റു് മരുന്നുകളും അന്നു് വ്യാപകമായിരുന്നില്ല. അതിനാൽ കാലികളുടെ മരണം അന്നു് സർവ്വസാധാരണമായിരുന്നു.

കോഴിവളർത്തൽ എല്ലാ കുടുംബങ്ങളിലും വ്യാപകമായിരുന്നു. മുട്ടയുല്പാദനേരംഗത്തു് അന്നു് സ്വയം പര്യാപ്തതയുണ്ടായിരുന്നു. പശു, കാള, എരുമ, ആടു് എന്നിവയാണു് മൈനാഗപ്പള്ളിയിൽ പ്രധാനമായി വളർത്തിവരുന്ന മൃഗങ്ങൾ. കോഴി, താറാവു് ഇവയാണു് വളർത്തുപക്ഷികളിൽ പ്രധാനം.

വളർത്തു പക്ഷികളും മൃഗങ്ങളും

മൃഗങ്ങളുടെ ഇനം	
പശു (നാടൻ)	1225
പശു (സങ്കരം)	2800
എരുമ	53
പോത്തു്	8
ആടു്	2700
കോഴി	25000
താറാവു്	500

സെൻട്രൽ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസിന്റെ 1990-ലെ സോഷ്യോ എ ണാമിക് പഠനമനുസരിച്ച് 1966-നു ശേഷം കാള, പോത്തു് തുടങ്ങിയ ഉഴവുമാടുകളുടെ എണ്ണം കുറഞ്ഞുവരുന്നു. 1990 വരെ പശുവിന്റെ എണ്ണം കൂടിക്കൊണ്ടിരുന്നു. 90-നു ശേഷം പശുക്കളുടെ എണ്ണവുംകുറഞ്ഞു. എന്നാൽ പാൽ ഉൽപ്പാദനത്തിൽ കുറവു് വന്നിട്ടില്ല. സങ്കരവർഗ്ഗ പ്രജനനരീതി സ്വീകരിച്ചതിന്റെ പേരിൽ പാലിന്റെ ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും വർദ്ധനവു് ഉണ്ടായി. നാടൻ പശുക്കൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിലെ പശുക്കളിൽ 10 ശതമാനത്തിൽ താഴെ മാത്രമേ നാടൻ പശുക്കൾ ഉള്ളൂ. ബാക്കിയെല്ലാം സങ്കരയിനം പശുക്കളാണു്. കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, ഉദരരോഗം, പനി, കുളമ്പുരോഗം തുടങ്ങിയവയാണു്. കാലികർഷകരിൽ നിലനിൽക്കുന്ന അറിവില്ലായ്മ രോഗങ്ങൾ തുടക്കത്തിലേ ചികിൽസിച്ചു് മാറുന്നതിനു് തടസ്സമാകുന്നുണ്ടു്,

വീടുകളിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടിവരുന്ന ഇന്ധനത്തിന്റെ വലിയൊരു ഭാഗം ഗോബർ ഗ്യാസു് പ്ലാന്റു് മുഖേന കണ്ടെത്താൻ കഴിയും. മൃഗസംരക്ഷണവകുപ്പുമുഖേന ഗോബർ ഗ്യാസു് പ്ലാന്റു് സ്ഥാപിക്കുന്നതിനു് സബ്സിഡി ഉണ്ടെങ്കിലും ഇവയൊന്നുംതന്നെ ജനങ്ങളിൽ എത്തിയിട്ടില്ല.

മുൻ കാലങ്ങളിൽ മിക്കവാറും എല്ലാ വീടുകളിലും കോഴി വളർത്തൽ ഉണ്ടായിരുന്നു. കോഴിമുട്ട ആവശ്യത്തിനു് ലഭിക്കുമായിരുന്നു. എന്നാൽ ഇന്നു് കോഴിമുട്ടയും കോഴികളേയും മറ്റു് പ്രദേശങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുകയാണു്. കോഴി വളർത്തലിനു് വൻ സാധ്യതയുണ്ടെന്നാണു് ഇതിൽനിന്നു് വ്യക്തമാകുന്നതു് മുട്ടക്കോഴിയും ഇറച്ചിക്കോഴിയും വളർത്തുവാനുള്ള സാധ്യതകളും പ്രയോജനപ്പെടുത്തണം. ഉൽപ്പാദനശേഷി കൂടിയ സങ്കരയിനം കോഴികുഞ്ഞുങ്ങളെ വളർത്താൻ കഴിയണം. ഉംനാടൻ ജലാശയങ്ങളും ഉള്ളതിനാൽ താറാവു് വളർത്തലിനും സാധ്യതയുണ്ടു്, ആടു്, മുയൽ, പന്നി ഇവയെ വളർത്തുന്നതും ലാഭകരമാണു്.

നെൽകൃഷി കുറഞ്ഞതു കാരണം കാർഷികവൃത്തിയിൽ മൃഗങ്ങളുടെ ഉപയോഗം കുറഞ്ഞതാണു് പൊതുവെ കാണാവുന്ന കാരണം. കാലിവളർത്തലിലൂടെ കൃഷിക്കാവശ്യമായ ജൈവവളത്തിന്റെ ഒരു പങ്കു് ലഭിച്ചിരുന്നെങ്കിൽ കാലികൃഷിക്കു് മാന്ദ്യം സംഭവിച്ചതിലൂടെ അതു് നഷ്ടമായി. കൃഷിയും കൃഷിഭൂമിയും കുറഞ്ഞതുമൂലം കാലികളുടെ പരുഷാഹാരം (പുല്ലു്, വൈക്കോൽ തുടങ്ങിയവ) കുറയുകയും. കൂടുതലായി ഗുരുത്വാഹാരങ്ങളും (പിണ്ണാക്കു്, കാലിത്തീറ്റകളും) ആശ്രയിക്കേണ്ടിവന്നു. കാലിത്തീറ്റകളുടെ വിലവർദ്ധനവുമൂലം കാലിവളർത്തൽ നഷ്ടത്തിലായി.

ഉൽപാദിപ്പിക്കുന്ന പാൽ മുഴുവൻ വിൽക്കുന്നതിനു് വേണ്ടത്ര സംവിധാനം ഇല്ല. പഞ്ചായത്തിൽ നിലവിൽ ആറു് (6) പാൽ സൊസൈറ്റികളും ഉണ്ടു്. ചില സൊസൈറ്റികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും രണ്ടു് സബ്സെന്ററുകളുമാണുള്ളതു്. ഇതിന്റെ സൗകര്യങ്ങളും എല്ലാ പ്രദേശങ്ങളിലും ലഭിക്കുന്നില്ല. കാലികൾക്കു് സമയത്തു് ചികിത്സ ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നു.

മൃഗസംരക്ഷണവകുപ്പു് മൃഗപരിപാലനരംഗത്തു് കൂടുതൽ ശ്രദ്ധ ചെലുത്തുന്നുണ്ടു്. മൃഗചികിൽസാരംഗത്തും രോഗപ്രതിരോധരംഗത്തും ശ്രദ്ധചെലുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ടു്. പ്രതിരോധകുത്തിവയ്പു് മൃഗാശുപത്രികളും വഴി നടത്തുന്നുണ്ടു്. കൃത്രിമ ബീജസങ്കലനംവഴി അത്യുദ്പാദനശേഷിയുള്ള കാലികളുടെ വർദ്ധോദ്ധാരണം പാടെ നടത്തുവാനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. പുൽകൃഷി വ്യാപിപ്പിക്കാനുള്ള പദ്ധതികളുടെ ഭാഗമായി കൃഷിക്കാർക്കു് പുൽവിത്തു് സൗജന്യമായി വിതരണം ചെയ്യുന്നുണ്ടു്.

കോഴി, ആടു് വളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിനായി കൃഷിക്കാർക്കു് ഉൽപാദനശേഷി കൂടിയവയെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ടു്.

കന്നുകുട്ടി പരിപാലന പരിപാടി അനുസരിച്ചു് കന്നുകുട്ടികളെ അതിന്റെ പ്രസവം വരെ സംരക്ഷിക്കുന്ന പദ്ധതി നിലവിലുണ്ടു്. ഇതനുസരിച്ചു് കാലിത്തീറ്റ, ആരോഗ്യരക്ഷ, പ്രതിരോധരക്ഷ, വിരയെ ഇളക്കൽ തുടങ്ങിയവ സൗജന്യനിരക്കിൽ ചെയ്യുന്നുണ്ടു്.

പ്രശ്നങ്ങൾ

1 കാലിത്തീറ്റയുടെ വില അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.
2 വൈക്കോൽ, പുല്ലു് ഇവയുടെ ലഭ്യതക്കുറവു്.
3 മൃഗസംരക്ഷണത്തിനും, മൃഗ ചികൽസയ്ക്കുമുള്ള അപര്യാപ്തത.
4 ഉൽപാദനക്ഷമത കൂടിയ പക്ഷി-മൃഗാദികളുടെ ലഭ്യതക്കുറവു്.
5 ഈ മേഖലയിൽ ലഭ്യമാകുന്ന വായ്പകളുടെയും, സബ്സിഡികളുടെയും കുറവു്.
6 മാംസോൽപാദന രംഗത്തു് ശുദ്ധമായ മാസം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടു്.
7 അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിച്ചിട്ടു്. പേവിഷബാധ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനം അപര്യാപ്തമാണു്.

8 ക്ഷീരവികസനത്തിനുള്ള സൗകര്യക്കുറവ്.
9 മൃഗാശുപത്രിയിൽ വേണ്ടത്ര സൗകര്യമില്ല.
10 കോഴികൾക്കുണ്ടാകുന്ന രോഗം ഫലപ്രദമായി തടയുവാൻ സംവിധാനമില്ലാത്തതിനാൽ കോഴിവളർത്തൽ നിരുൽസാഹപ്പെടുന്നു.

സാദ്ധ്യതകൾ

1 മൃഗസംരക്ഷണ സൗകര്യങ്ങൾ ഫലപ്രദമാക്കുന്നതിനു് മൃഗാശുപത്രിയുടെ പ്രവർത്തനം വിപുലപ്പെടുത്തുക, പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പമ്പുസെറ്റുകൾ സ്ഥാപിക്കുക, കൃത്രിമ ബീജസങ്കലന പരിപാടി വ്യാപിപ്പിക്കുക.
2 പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ക്ഷീരോൽപാദക സഹകരണസംഘം രൂപീകരിക്കുക, ഉൽപാദിപിക്കപ്പെടുന്ന മുഴുവൻ പാലും സംഭരിക്കുക.
3 ക്ഷീരോൽപാദക സഹകരണസംഘം വഴി കുറഞ്ഞവിലയ്ക്കു് കാലിത്തീറ്റ ലഭ്യമാക്കുക, തീറ്റപ്പുൽകൃഷിക്കു് വിത്തും, വളവും സബ്സിഡിനിരക്കിൽ വിതരണം ചെയ്യുക. തരിശുഭൂമി, പുറമ്പോക്കു് ഭൂമി, സർക്കാർഭൂമി എന്നിവിടങ്ങളിൽ പുല്ലു് കൃഷിചെയ്യുക.
4 ഇറച്ചിക്കോഴി, മുട്ടക്കോഴി കൃഷി വ്യാപിപ്പിക്കുക. സഹകരണാടിസ്ഥാനത്തിൽ ഒരു കോഴിക്കുഞ്ഞുൽപാദനകേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കുക. എല്ലാവീടുകളിലും കോഴിവളർത്തൽ ആരംഭിക്കുവാനുള്ള പദ്ധതി നടപ്പിലാക്കുക. കോഴിവസന്ത രോഗത്തിനെതിരെ പ്രതിരോധ കുത്തിവയ്പു് നടത്തുക.
5 കോഴിമുട്ട സംഭരിക്കുവാനും വിപണനം നടത്തുവാനും പൊതു സംവിധാനം ഉണ്ടാക്കുക.
ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കണം.
6 താറാവ് വളർത്തൽ പ്രോൽസാഹിപ്പിക്കണം.
7 ആടു്, മുയൽ പന്നി വളർത്തൽ ലാഭകരമായതിനാൽ ഇവ പ്രോൽസാഹിപ്പിക്കുന്നതിനായി വ്യാപകമായി പരിപാടി തയ്യാറാക്കണം.
8 അത്യുൽപാദനശേഷിയുള്ള പശുക്കളെ വളർത്തുന്നവർക്കു് സാമ്പത്തികസഹായവും ബോധവൽക്കരണവും നൽകുക.
9 പേപ്പട്ടിശല്യം തടയുക, ലൈസൻസു് ഇല്ലാത്തതും, അലഞ്ഞുതിരിയുന്നതുമായ മുഴുവൻ നായ്ക്കളെയും പിടിച്ചു് കൊല്ലുക. നിയമവിധേയമായിമാത്രം അറവുശാലകൾ നടത്തുക. മാംസപരിശോധന ഉറപ്പാക്കുക
10 കിട്ടാവുന്ന അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ചു് കാലിത്തീറ്റയും, കോഴിത്തീറ്റയും ഉൽപാദിപ്പിക്കുവാനുള്ള ഒരു കേന്ദ്രം സഹകരണമേഖലയിൽ പഞ്ചായത്തിൽ ആരംഭിക്കുക.

മൽസ്യബന്ധനം

മത്സ്യവികസന രംഗത്തു് വളരെയേറെ സാധ്യതകൾ ഉള്ള പഞ്ചായത്താണു് നമ്മുടേതു്. ശുദ്ധജല മത്സ്യകൃഷി, ഓരുജലചെമ്മീൻ എന്നിവയിൽ കാര്യമായ ചലനങ്ങൾ ഉണ്ടാക്കാൻ കഴിയും. പഞ്ചായത്തിൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ടവർ നാമമാത്രമാണു്. മൈനാഗപ്പള്ളിപുത്തൻചന്തയിലും മറ്റു് ചില പ്രദേശങ്ങളിലും മത്സ്യം വില്ക്കുന്ന കേന്ദ്രങ്ങൾ ഉണ്ടു്. സൈക്കിളിൽ മൽസ്യം കൊണ്ടുനടന്നു് വില്ക്കുന്ന മത്സ്യതൊഴിലാളികൾ ഉണ്ടു്. മത്സ്യത്തിനു് അമിതവില ഈടാക്കുന്ന പ്രവണത നിലനില്ക്കുന്നു. ഫിഷറീസു് വകുപ്പിന്റെ നേതൃത്വത്തിൽ മത്സ്യവികസനവുമായി ബന്ധപ്പെട്ടു് 59 ക്ഷേമപദ്ധതികൾ നടപ്പിലാക്കി വരുന്നു. ഏറ്റവും കൂടുതൽ വികസന പദ്ധതികൾ ഈ രംഗത്താണു് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതു്.

ഈ പദ്ധതികൾ ഉപയോഗിച്ചു് നമ്മുടെ പഞ്ചായത്തിൽ മത്സ്യകൃഷി വ്യാപിപ്പിക്കുവാൻ കഴിയണം. പഞ്ചായത്തിലെ ഉപരിതല ജല സ്രോതസ്സുകൾ ഇതിനായി ഉപയോഗിക്കണം. വിവിധ കുളങ്ങൾ, തോടുകൾ എന്നിവ ഇതിനായി ഉപയോഗിക്കാം. നമ്മുടെ പഞ്ചായത്തിലെ കായലോരങ്ങൾ മുണ്ടകൻ ഏലാകൾ, വയൽ പ്രദേശങ്ങൾ തുടങ്ങിയവയും മത്സ്യ കൃഷിക്കായി ഉപയോഗിക്കാവുന്നതാണു്.

കാഞ്ഞിയ്കൽതാഴെ ഏലാ നെൽകൃഷിക്കു് ഉപയുക്തമല്ലാത്തതിനാൽ മത്സ്യ കൃഷിക്കു് ഉപകരിക്കും. കുട്ടിത്തറ ഏലാ, ചാലയിൽ ഏലാ, പോച്ചപ്പുള്ളിബണ്ടുഏലായും, കുഴവേലിത്തെരിയിലും മത്സ്യകൃഷി ആരംഭിക്കണം. അതിനായി കൃഷിക്കാരുടെ സംഘം രജിസ്റ്റർ ചെയ്യണം.

പഞ്ചായത്തു് തലത്തിൽ മത്സ്യോൽപാദന സഹകരണ സംഘം രജിസ്റ്റർ ചെയ്തു് പഞ്ചായത്തിൽ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ ശുദ്ധജല മൽസ്യകൃഷിയും, ചതുപ്പുനില ചെമ്മീൻ കൃഷിയും ആരംഭിക്കണം. ഇതിനായി മൽസ്യക്കുഞ്ഞുങ്ങളെയും ചെമ്മീൻ കുഞ്ഞുങ്ങളെയും മൽസ്യതീറ്റയും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുവാൻ കഴിയണം. ഞണ്ടു് കൃഷി, കക്കാകൃഷി, തവളകൃഷി എന്നിവയ്ക്കും പ്രോൽസാഹനം നൽകികൊണ്ടുള്ള പരിപാടികൾ ആവിഷ്കരിക്കണം. മൽസ്യവിത്തു് ഉൽപാദന കേന്ദ്രം, ചെമ്മീൻവിത്തു് ഉൽപാദന കേന്ദ്രം, മൽസ്യത്തീറ്റ നിർമ്മാണകേന്ദ്രം എന്നിവ ആരംഭിക്കുന്നതിനാവേണ്ടിയുള്ള സാധ്യതകൾ ആരംഭിക്കണം.

ഗ്രൂപ്പ് നമ്പർ III

വിദ്യാഭ്യാസം

ഒരു നാടിന്റെ സാമൂഹിക വികസനത്തിന്റെ സാക്ഷ്യക്കുറിപ്പാണ് ആ പ്രദേശത്തെ വിദ്യാഭ്യാസ രംഗം. വികസനത്തിന്റെ നവീനതലങ്ങളിലേക്ക് പ്രയാണം ചെയ്യുന്ന ഏതു ദേശത്തിനും ദീപ്തിമത്തായ ഒരു വിദ്യാഭ്യാസ സംസ്കാരം കൈമുതലായിട്ടുണ്ടാകും.

വിദ്യാഭ്യാസരംഗത്ത് സ്വാതന്ത്ര്യലബ്ധിക്കുമുമ്പേ നല്ല തുടക്കംകുറിച്ച പ്രദേശമാണ് മൈനാഗപ്പള്ളി. 50 സംവൽസരം പിന്നിട്ട നിരവധി വ്യദ്യാലയങ്ങളം ഇന്നും വികസനത്തിന്റെ ചാലക ശക്തികളായി നമ്മുടെ നാട്ടിൽ നിലകൊള്ളുന്നു. പ്രൈമറി വിദ്യാഭ്യാസത്തിനുപോലും അന്യദേശങ്ങളിലേക്ക് പോകേണ്ട സാഹചര്യം ഒരുകാലത്ത് നമുക്കുണ്ടായിരുന്നു. ഉയർന്ന ക്ലാസുകളിലേക്കുള്ള വിദ്യാഭ്യാസത്തിന് നാം പ്രധാനമായും ആശ്രയിച്ചിരുന്നത് ചവറ ഗവൺമെൻറ് ഹൈസ്ക്കൂളിനെയാണ്. വർദ്ധിച്ചഫീസും, ദൂരദേശങ്ങളിൽ പോയുള്ള പഠനവുംകൊണ്ട് അക്കാലത്ത് വിദ്യാഭ്യാസം സമ്പന്നവർഗത്തിന്റെ മാത്രം കുത്തകയായിരുന്നു. ഇൻറർമീഡിയറ്റ് പാസാകുന്നവർ പോലും വിരലിലെണ്ണാവുന്നവർ മാത്രമാണ്.

പൊതുജനാരോഗ്യത്തിൽ വളരെ കൂടുതൽ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് ശുചിത്വം. ഗ്രാമസഭാ ചർച്ചകളിൽ ഏറ്റവും പ്രധാനമായിട്ട് വന്നത് പരിസരശുചിത്വം നിലനിർത്തുന്നതിന് വേണ്ട നിർദേശങ്ങളാണ്. മൈനാഗപ്പള്ളി പഞ്ചായത്തിൽ ധാരാളം കുടുംബങ്ങൾക്ക് കക്കൂസില്ലാത്തതായുണ്ട്. IRDPയും JRYയും മുഖേനയും കുറച്ച് കക്കൂസുകൾ കൊടുത്തൊഴിച്ചാൽ സാമ്പത്തിക പരാധീനതയുള്ള ധാരാളം കുടുംബങ്ങൾ ബാക്കി നില്ക്കുന്നു. ആവശ്യകത ബോധ്യപ്പെടാത്തതിനാൽ കക്കൂസ് നിർമ്മിക്കാത്ത കുടുംബങ്ങളും ഉണ്ട്. ഇത് ആരോഗ്യബോധവൽക്കരണത്തിലൂടെ മാത്രമേ പരിഹരിക്കപ്പെടുകയുള്ളൂ.

പൊതുജനാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ പരിസര മലിനീകരണവും അന്തരീക്ഷമലിനീകരണവും ഏറിവരുന്നതിന് സഹായകമായ ധാരാളം ഘടകങ്ങൾ ഈ പഞ്ചായത്തിൽ നിലനിൽക്കുന്നു. വളരെ കൂടുതൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകൾ ആയതിനാൽ സൂക്ഷ്മമായ പ്രശ്നമായി ഇതിനെ കാണേണ്ടതാണ്.

എല്ലാ വാർഡുകളിൽനിന്നും വന്ന പൊതുവായ നിർദ്ദേശങ്ങളും പരിഹാര മാർഗങ്ങളും

1 മൈനാഗപ്പള്ളി പഞ്ചായത്തിൽ ധാരാളം നാടൻ കട്ടച്ചൂളകൾ, വയർകട്ട് ബ്രിക്സ്, ഓട് ഫാക്ടറി, കാഷ്യൂഫാക്ടറി VII-ാംവാർഡും, VIII-ാംവാർഡും കേന്ദ്രീകരിച്ച് പുതുതായി 7-ാം വാർഡിന്റെ വടക്കുപടിഞ്ഞാറുഭാഗത്തായി പ്രവർത്തിക്കാൻപോകുന്ന വയർകട്ട് ബ്രിക്സ് തുടങ്ങിയ വ്യവസായ ശാലകൾ ഉണ്ട്. ഇവയിൽനിന്നും ബഹിർഗമിക്കുന്നപുകയും VII-ാംവാർഡിൽ സ്ഥാപിച്ച മെറ്റൽ ക്രഷർ ഫാക്ടറിയിൽനിന്നും ഉണ്ടാകുന്ന പൊടിയും മനുഷ്യർക്ക് ശ്വാസകോശസംബന്ധമായ പല രോഗങ്ങൾക്കും കാരണമായി ഭവിക്കുന്നു. മിക്കവാർഡുകളിലും (വിശിഷ്യാ I, III, IV, VII, X, XIII) ഇതിന്റെ പ്രത്യക്ഷഫലങ്ങൾ അറിയുവാൻ കഴിഞ്ഞിട്ടുമുണ്ട്. പഞ്ചായ

ത്തിലെ മുഴുവൻ ജനങ്ങളുടേയും ആവശ്യം എന്ന നിലയിൽ ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഇത്തരം ഫാക്ടറികളിൽ ഉയരത്തിൽ പുകക്കുഴലോ ചിമ്മിനിയോ കെട്ടി മാരകമായ ഈ മലിനീകരണം ഒഴിവാക്കുന്നതിന് വേണ്ട നടപടികളും നിയമപരമായി സ്വീകരിക്കണം.

2 പുത്തൻചന്ത കേന്ദ്രീകരിച്ച് സ്ഥിതിചെയ്യുന്ന പൊതുമൂത്രപ്പുരയിൽനിന്നും വമിക്കുന്ന ദുർഗന്ധം കാരണം ബസ് യാത്രക്കാർക്കും സമീപവാസികൾക്കും കച്ചവടക്കാർക്കും വളരെക്കൂടുതൽ പ്രയാസങ്ങൾ ഉള്ളതിനാൽ അവ വൃത്തിയാക്കി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിന് വേണ്ട നടപടികളും സ്വീകരിക്കണം.

3 അഴുക്കുചാലുകളിൽ കെട്ടികിടക്കുന്ന മലിനജലവും മൽസ്യചന്തകളിൽനിന്നും കളയുന്ന അവശിഷ്ട പദാർത്ഥങ്ങളും കെട്ടികിടന്ന് കൊതുകുകളും ഈച്ചകളും പെരുകുകയും വളരെക്കൂടുതൽ ദുർഗന്ധം വമിക്കുകയും ചെയ്യുന്നതുകൊണ്ട് പകർച്ചവ്യാധികൾ ഉണ്ടാകുവാൻ സാദ്ധ്യതകളുണ്ട്. മൈനാഗപ്പള്ളി പഞ്ചായത്തിലെ മുഴുവൻവാർഡുകളിലും ഉള്ള പ്രശ്നമായതിനാൽ എല്ലാ വാർഡുകളിലും ചന്ത കേന്ദ്രീകരിച്ച് അവശിഷ്ട പദാർത്ഥങ്ങൾ തള്ളുന്നതിനുള്ള ടാങ്ക് നിർമ്മിക്കുകയും വെള്ളം ഒഴുകി പോകത്തക്കവിധത്തിൽ ഓടകളും വൃത്തിയാക്കുകയും ചെയ്യണം.

4 മൈനാഗപ്പള്ളി P H സെൻററിന്റെ വികസനം

(i) P H സെൻററിന്റെ സേവനം എല്ലാ വാർഡുകളിലും ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ വാർഡ് സന്ദർശനം നടത്തുന്നില്ല. അതിനാൽ എല്ലാ വാർഡുകളോടൊപ്പം PH സെൻററിന്റെ സബ്സെൻറർ സ്ഥാപിച്ചാൽ പ്രശ്നം പരിഹരിക്കുവാൻ കഴിയും.

(ii) PH സെൻററിൽ ഒരു നൈറ്റ് ഡോക്ടറുടെ സേവനം ആവശ്യമാണ്.

(iii) ഇൻപേഷ്യൻറുകൾക്ക് കിടക്കുന്നതിനുള്ള സൗകര്യം ഇല്ലാത്തതിനാൽ PH സെൻററിനു പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് കിടക്കസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുമാണ്. കൂടുതൽ കക്കൂസ് സൗകര്യം ഏർപ്പെടുത്തണം.

5 മൈനാഗപ്പള്ളി പഞ്ചായത്തിൽ ഒരു ഗവൺമെൻറ് ഹോമിയോ ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടികളും ഉണ്ടാകണം. പഞ്ചായത്തിന്റെ വടക്കൻ മേഖലയിൽ ചികിൽസാസൗകര്യങ്ങൾ ഇല്ലായെന്നുള്ളത് ശ്രദ്ധേയമാണ്.

6 E S I ആശുപത്രിക്കായി എടുത്തിട്ടുള്ള സ്ഥലത്ത് എത്രയും പെട്ടെന്ന് കെട്ടിടം പണിഞ്ഞ് പ്രവർത്തനക്ഷമമാക്കുവാൻ വേണ്ട നടപടികളും സ്വീകരിക്കണം.

7 മാരകമായ ക്യാൻസർരോഗം ദ്രുതഗതിയിൽ മൈനാഗപ്പള്ളി പഞ്ചായത്തിൽ പടർന്നുപിടിക്കുന്നു. ധാരാളം പേർ മരിക്കുകയും ഒട്ടനേകം പേർ ചികിൽസയ്ക്ക് വിധേയമായി കഴിയുന്നുമുണ്ട് അതിനാൽ വവ്വാക്കാവിൽ പ്രവർത്തിക്കുന്ന റീജിയണൽ ക്യാൻസർ റിസർച്ച് സെൻററിന്റെ പരിധിയിൽ മൈനാഗപ്പള്ളി പഞ്ചായത്തിനെകൂടി ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

8 എയിഡ്സ്, ക്യാൻസർ തുടങ്ങിയ മാരക രോഗങ്ങളെപ്പറ്റിയും ശിശുരോഗങ്ങളെപ്പറ്റിയും പഞ്ചായത്തുതലത്തിലും വാർഡുകളും തലത്തിലും ശക്തമായ ബോധവൽക്കരണവും സെമിനാറും നടത്തുകയും മാരകരോഗം ബാധിച്ചവർക്ക് ധനസഹായം നൽകുകയും പകർച്ചവ്യാധികളും തടയുന്നതിനുള്ള പ്രതിരോധകുത്തിവയ്പും നടത്തണം.

9 മൈനാഗപ്പള്ളി പഞ്ചായത്തിനെ സമ്പൂർണ്ണ സാനിട്ടേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തികൊണ്ട് പഞ്ചായത്തിലെ കക്കൂസില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

10 ശവസംസ്ക്കാര ചടങ്ങുനടത്താൻ ഭൂമിയില്ലാത്ത നിർദ്ധനരായ ഒട്ടേറെകുടുംബങ്ങൾ ഈ പഞ്ചായത്തിൽ അധിവസിക്കുന്നുണ്ട്. ഇത് മുന്നിൽ കണ്ടുകൊണ്ട് മൈനാഗപ്പള്ളി പഞ്ചായത്തിൽ ഒരു പൊതുശ്മശാനം പണിയുന്നതിനുള്ള ശക്തമായ നീക്കമുണ്ടാകണം.

11 ഹോട്ടൽ, ചായക്കട വഴി വില്ക്കുന്ന പഴകിയ ഭക്ഷണപദാർത്ഥങ്ങൾ പൊതുജനാരോഗ്യത്തെ സാരമായി ബാധിക്കുന്ന ഒരു പ്രധാന വിഷയമാണ്. പല രോഗങ്ങൾക്കും കാരണമാകുന്നുമുണ്ട്.

ഇത് തടയുകയും, മൽസ്യചന്തകളും വഴി വിൽക്കുന്ന ചീഞ്ഞതും പഴകിയതുമായ മൽസ്യങ്ങളും വാങ്ങി കഴിക്കുന്നതുമൂലം പലരോഗങ്ങൾക്കും കാരണമാകുന്നുമുണ്ട്. ഇത് തടയുന്നതിന് ശക്തമായ നിയമ നടപടികളും ഉണ്ടാകേണ്ടതാണ്.

12 പേവിഷബാധ ഒഴിവാക്കുന്നതിന് അലഞ്ഞുതിരിഞ്ഞുനടക്കുന്ന പട്ടികളെ കൊല്ലുന്നതിനു വേണ്ട മാർഗം സ്വീകരിക്കുകയും, പട്ടികളെ വളർത്തുന്നതിന് ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യുക. പേവിഷബാധയ്ക്കെതിരെ സൗജന്യ കുത്തിവയ്പ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.

13 ഒരു ജിംഖാന ആരംഭിക്കണം.

14 അറവുശാലകൾക്ക് ലൈസൻസ് എർപ്പെടുത്തുകയും അവശിഷ്ട പദാർത്ഥങ്ങൾ കുഴിച്ചുമൂടുകയോ കമ്പോസ്റ്റായി ഉപയോഗിക്കുന്നതിനോ ആവശ്യമായ രീതിയിൽ ഇടപെടലുകളും നടത്തുക. അറവുശാലകൊണ്ട് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്ന മേഖലയാണ് വേങ്ങ. വൃത്തിയില്ലായ്മയാണ് പ്രധാന കാരണം.

15 ആയുർവേദാശുപത്രിക്ക് സ്വന്തമായി കെട്ടിടം പണിയുക.

16 കൊതുകുനിവാരണ പരിപാടി നടപ്പാക്കണം.

ഗ്രൂപ്പ് നമ്പർ IV **കുടിവെള്ളം**

മൈനാഗപ്പള്ളി പഞ്ചായത്ത് താരതമ്യേന ഉയർന്നതും ചരിഞ്ഞതുമായ പ്രദേശമായതിനാൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന മേഖലയാണ് പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളും കുടിവെള്ളത്തിനായി കിണറുകളെ ആശ്രയിക്കുന്നു. മിക്കപ്രദേശങ്ങളിലെ പുരയിടങ്ങളും മണ്ണെടുത്ത് കുഴിച്ചിരിക്കുന്നതിനാൽ കിണറുകളിലെ ജലം വളരെപ്പെട്ടെന്ന് വറ്റുന്ന സ്ഥിതിയിലാണ്. ചെളി, പാറകളും തുടങ്ങിയ ഭൂമിശാസ്ത്രപരമായ ഘടകങ്ങളും ചില പ്രദേശങ്ങളിൽ ആഴത്തിൽ കിണർ കുഴിക്കുന്നതിന് കഴിയാതെവരുന്നു. ചില കിണറുകളിലെ ജലം പശപ്പുനിറഞ്ഞതിനാൽ കുടിക്കുവാനും മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും കഴിയാതെ വരുന്നു. വയലോരങ്ങളിലെ ചുരുക്കം കിണറുകളിൽ മാത്രം വേനൽക്കാലത്തും വലിയ ബുദ്ധിമുട്ടില്ലാത്ത രീതിയിൽ ജലം കിട്ടുന്നു. ഇത്രയേറെ രൂക്ഷമായ മേഖലയായിട്ടും വാട്ടർ സപ്ലൈ കടന്നുചെന്നിട്ടില്ലാത്ത വാർഡുകളും മൈനാഗപ്പള്ളി പഞ്ചായത്തിൽ ഇപ്പോഴും അവശേഷിക്കുന്നു. ICSജംഗ്ഷനിലെ വാട്ടർടാങ്കിന്റെ പണി പൂർത്തീകരിക്കാത്തതുകൊണ്ടും ലൈനിൽകിടക്കുന്ന പൈപ്പിന്റെ കേടുപാടുകളും തീർക്കാത്തതുകൊണ്ടും വാട്ടർസപ്ലൈയുടെ കാര്യത്തിൽ മൈനാഗപ്പള്ളി പഞ്ചായത്തിൽ ഇപ്പോഴും അനിശ്ചിതത്വം നിലനിൽക്കുന്നു. പൊട്ടക്കണ്ണൻമുക്കിൽനിന്നുള്ള നേരിട്ട് പമ്പ് ചെയ്യുന്ന രീതിയായതിനാൽ വാട്ടർസപ്ലൈ ഉള്ള വാർഡുകളിൽതന്നെ ദിവസം ചിലപ്രത്യേക സമയത്ത് മാത്രമേ വെള്ളം കിട്ടാറുള്ളു.

ജലജന്യരോഗങ്ങളും വർഷംതോറും കൂടി വരുന്നതായാണ് സ്ഥിതിവിവരകണക്കുകളും തെളിയിക്കുന്നത്. 1993-94 കാലയളവിൽ 165 ജലജന്യരോഗങ്ങളും 94-95ൽ 151ഉം 95-96ൽ 460ഉം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വർഷം ധാരാളം ജലജന്യരോഗങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വ്യവസായ ശാലകളുടെ പരിസര മലിനീകരണവും ഇതിന് കാരണമായിട്ടുണ്ട്. കട്ടക്കമ്പനികളുടേയും മറ്റു ഫാക്ടറികളുടേയും സമീപ പ്രദേശത്തെ കിണറുകളിൽ നിന്നും ജലം കോരിക്കുടിക്കുവാൻ പാടില്ലാത്തതായിമാറുന്നു.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പൊതുവായ നിർദേശങ്ങളും വാർഡുകളിലെ കുടിവെള്ളക്ഷാമ മേഖലയും

ഒന്നാംവാർഡ്

അഞ്ചുവിളകോളനി, നാറാണച്ചം വീട്ടിൽ കോളനി വരിക്കോലിൽമുക്ക് കാരൂർകടവ് എന്നീ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. KIP കനാലിൽകൂടി വെള്ളം തുറന്നുവിട്ടാൽ ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും.

രണ്ടാംവാർഡ്

താന്നിക്കമുക്ക് കാളകുത്തുംപൊയ്ക ഈഴത്തയ്യത്തുമുക്ക് കോളനിപരിസരങ്ങളും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന മേഖലയാണ്.

മൂന്നാംവാർഡ്

ചെമ്പോത്തിമുക്ക് മുതൽ ചെമ്പിനാൽ ജംഗ്ഷൻ തെങ്ങുംതറമുക്ക് മുതൽ കൊച്ചൂകളീക്കൽ മുക്കിനു വടക്കോട്ട്. കുറ്റീമുക്കിനു വടക്കുമുതൽ കനാലിനു തെക്കുവശം വാഴോട്ട്തറഭാഗം എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം നേരിടുന്നു.

നാലാംവാർഡ്

മുഴച്ചിമാംവിള ജംഗ്ഷൻമുതൽ കിഴക്കോട്ട് പൈപ്പ്ലൈൻ കടന്നുപോകുന്ന ഇറിഗേഷൻ കനാൽവരെയുള്ള അതിർത്തിയിൽ കുടിവെള്ളക്ഷാമം നേരിടുന്നു.

അഞ്ചാംവാർഡ്

പൊട്ടക്കണ്ണൻമുക്കിനു വടക്കുവശം തറമേൽമുക്ക് റയിൽവേസ്റ്റേഷനു വടക്കുവശം തുടങ്ങിയ പ്രദേശങ്ങംകൂടി വെള്ളക്ഷാമംനേരിടുന്നു.

ആറാംവാർഡ്

കുമ്പളയിൽകോളനി, വെട്ടിക്കാട്ട് അമ്പലത്തിനു കിഴക്കുവശം വാർഡിന്റെ കിഴക്കുഭാഗം എന്നീ മേഖലകളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

ഏഴാംവാർഡ്

കുറ്റിപ്പുറം, അഞ്ചുതുണ്ടിൽമുക്കിനു തെക്കുവശം. പ്രീയദർശിനി കോളനി. വട്ടത്തറ മെയിൻറോഡിനു വടക്കുവശം എന്നീ മേഖലകളിൽ കുടിവെള്ളക്ഷാമം ഉണ്ട്.

എട്ടാംവാർഡ്

വാർഡിൽ എല്ലാഭാഗത്തും കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു.

ഒൻപതാംവാർഡ്

ഒൻപതാം വാർഡിലെ വടക്കൻമേഖലകളം, ഹരിജൻകോളനികളം, ലക്ഷംവീട് കോളനി എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം ഉണ്ട്.

പത്താംവാർഡ്

കശുവണ്ടി ഫാക്ടറിജംഗ്ഷൻ, ആശുപത്രിജംഗ്ഷൻ, തുടങ്ങിയ മിക്കമേഖലകളിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്.

പതിനൊന്നാംവാർഡ്

മിക്കമേഖലകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

പന്ത്രണ്ടാംവാർഡ്

കോവൂർകോളനി, മുണ്ടോട്ടികോളനി, കാട്ടുവിളജംഗ്ഷൻ, തുടങ്ങിയ മേഖലകളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

പതിമൂന്നാംവാർഡ്

തോപ്പിൽജംഗ്ഷൻമുതൽ വടക്കോട്ട് മീനത്തേൽമുക്ക് നെടുംകുളങ്ങരതറ, കണ്ണാന്തറമുക്ക് ഉരുമാളൂർകോളനി തുടങ്ങിയ മേഖലകളിൽ കുടിനീർക്ഷാമം അനുഭവപ്പെടുന്നു.

പരിഹാരമാർഗങ്ങൾ

1 ICS ജംഗ്ഷനിലെ വാട്ടർടാങ്കിന്റെപണി പൂർത്തീകരിച്ച് പ്രവർത്തനയോഗ്യമാക്കുകയും മൈനാഗപ്പള്ളി പഞ്ചായത്തിൽ വിവിധ വാർഡുകളിൽ ഇട്ടിരിക്കുന്ന പൈപ്പ്ലൈനിലെ അറ കുറപണികളം തീർത്തുകൊണ്ടും നീക്കംചെയ്യേണ്ട പൈപ്പുകളം നീക്കംചെയ്തും ഉപയോഗയോഗ്യമാക്കിയാൽ ഒരു പരിധിവരെ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടാൻ കഴിയും

2 എല്ലാവാർഡുകളിലും ഉപയോഗയോഗ്യമല്ലാതെ കിടക്കുന്ന പഞ്ചായത്തു കിണറുകളം വൃത്തിയാക്കി പൊതുജനങ്ങൾക്ക് ഉപയോഗ യോഗ്യമാക്കുവാൻ കഴിയണം.

3 VII-ാംവാർഡിലെ കുഴൽക്കിണർ വൃത്തിയാക്കി പ്രവർത്തനയോഗ്യമാക്കിയാൽ ആ പ്രദേശത്തെ കുടിവെള്ള പ്രശ്നത്തിനു ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും. എല്ലാ വാർഡിലും ഓരോ കുഴൽകിണർ സ്ഥാപിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണം.

4 ആളുകളം തിങ്ങിപ്പാർക്കുന്ന മേഖലകളിലും കോളനി പ്രദേശങ്ങളിലും വാട്ടർസപ്ലൈയുടെ പൈൻ നീട്ടി ടാപ്പ് ഇടുകയും, പൊതുകിണർ കുഴിക്കുന്നതിനുള്ള ആവശ്യമായ ഇടപെടൽ നടത്തുകയും ചെയ്യുക.

5 പകുതിയോളം എത്തിനിൽക്കുന്ന KIP കനാലിന്റെ പണി പൂർത്തീകരിച്ച് ഉപയോഗ്യമാക്കിയാൽ ഒരു പരിധിവരെ ജലത്തിന്റെ ദൗർലഭ്യം ഒഴിവാക്കാൻ സാധിക്കുകയും പ്രദേശത്തെ കിണറുകളിൽ ജലത്തിന്റെം ഉറവ നിലനിർത്തുന്നതിനു സഹായകരമാവുകയും ചെയ്യുന്നു.

ഗ്രൂപ്പ് നമ്പർ ,V

പഞ്ചായത്തിന്റെ വ്യവസായ വികസനം പ്രശ്നങ്ങളും സാധ്യതകളും

വ്യവസായ വികസനത്തെപ്പറ്റിയും വ്യവസായ വികസന തന്ത്രത്തെക്കുറിച്ചും അപഗ്രഥിക്കുമ്പോൾ കേരളത്തിന്റെമൊത്തം സാമൂഹ്യ സാമ്പത്തിക വികാസത്തിന്റെ രീതിയും ഘടനയും മനസിലാക്കേണ്ടത് അനിവാര്യമാണ്. കേരളജനത ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിലെയും മറ്റ് കിഴക്കൻ ഏഷ്യയിലെയും ജനങ്ങളെക്കാളും ഉയർന്ന നിലവാരം പുലർത്തുന്നവരാണ്. വിപുലമായ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾവഴി ഉപഭോഗനിലവാരം ഉയർന്നുനിൽക്കുന്നു. എന്നാൽ ഏറ്റവും താഴ്ന്ന ആളോഹരി വരുമാനവും വളരെ താഴെ നിലവാരത്തിലുള്ള വളർച്ചാനിരക്കും വ്യാവസായിക പിന്നോക്കാവസ്ഥയും അതുവഴി രൂക്ഷമായ തൊഴിലില്ലായ്മയും നമ്മുടെ മുഖമുദ്രയായി മാറിയിരിക്കുന്നു. ഉൽപ്പാദനശക്തികൾ വളർന്ന് വികാസം പ്രാപിക്കാതിരുന്നാൽ നമുക്ക് ജീവിതത്തിന്റെ ഉന്നത ഗുണനിലവാരം നിലനിർത്തുവാൻ സാധ്യമല്ല. കാർഷിക മേഖലയുടെ സ്തംഭനാവസ്ഥയുടെ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ വ്യവസായ വികസനം വഴി മാത്രമേ നമുക്ക് സമ്പദ്ഘടനയെ നിലനിർത്തുവാൻ കഴിയുകയുള്ളു.

കേരളത്തിൽ നിലവിലുള്ള വ്യാവസായിക ഘടന പരിശോധിക്കുമ്പോൾ വികസനസാധ്യത പരിമിതമാണ്. ഇതിന് വൈവിധ്യമാർന്ന നിരവധി കാരണങ്ങൾ ഉണ്ട്. ഇതിൽ പ്രധാനമായവ തൊഴിലാളികളുടെ സമരാവേശം.

ഉയർന്ന കൂലിനിലവാരം താഴ്ന്ന ഉൽപ്പാദനക്ഷമത ഈ സാഹചര്യത്തെക്കുറിച്ച് നിരവധി പഠനങ്ങൾ വിവിധ ഏജൻസികൾ നടത്തിയിട്ടുണ്ട്. രജിസ്റ്റർചെയ്യപ്പെടാത്ത ഫാക്ടറികൾ കേരളത്തിൽ വളരെ കൂടുതൽ ആണ്. ഉൽപ്പാദനമേഖലയിൽ പകുതി വരുമാനം പ്രവഹിക്കുന്നത് ഈ മേഖലയിൽ നിന്നാണ്. ഇതര ഇന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യംചെയ്യുമ്പോൾ കേരളം വ്യാവസായിക വികസനത്തിന്റെ കാര്യത്തിൽ പത്താംസ്ഥാനത്താണ്. സ്ഥിരമായ മൂലധന നിക്ഷേപത്തിന്റെ മേഖലയിലും നമ്മുടെ ജനസംഖ്യയുമായും തട്ടിച്ചുനോക്കുമ്പോൾ നാം പിന്നിലാണ്. അതായത് മൂലധന രൂപീകരണത്തിന്റെ കാര്യത്തിൽ (Capital formation) തൊഴിലവസരങ്ങളിലും നാം അഖിലേന്ത്യാനിലവാരത്തിനു താഴെയാണ്. വിവിധ പഠനങ്ങൾ മേൽപറഞ്ഞ സ്ഥിതി സംജാതമാകാനുള്ള കാരണം ചൂണ്ടിക്കാണിക്കുന്നത് ശ്രദ്ധിച്ചാൽ മനസിലാകുന്ന കാരണങ്ങൾ പ്രധാനമായും രണ്ടാണ്. (1) വ്യവസായങ്ങൾതമ്മിലുള്ള ബന്ധത്തിന്റെ അഭാവം. (2) അസന്തുലിതമായ വ്യവസായ ഘടന.

വ്യാവസായിക തൊഴിലവസരങ്ങളിൽ 39 ശതമാനം ഭക്ഷ്യസംസ്ക്കരണവുമായി ബന്ധപ്പെട്ട മേഖലകളിൽ നിന്നാണ് ഉണ്ടാകുന്നത്. കൂടാതെ മറ്റ് വ്യാവസായിക മേഖലകൾ താഴെപ്പറയുന്നവയാണ്.

1 തുണിത്തരങ്ങളുടെ ഉല്പാദനം.
2 തടിയും അതുമായി ബന്ധപ്പെട്ട വ്യവസായം
3 കെമിക്കൽവ്യവസായം
4 നോൺ മെറ്റാലിക് മിനറൽ ഉൽപ്പന്നങ്ങൾ

എഞ്ചിനീയറിംഗ് വ്യവസായം വികാസം പ്രാപിച്ചിട്ടേ ഇല്ല. കേരളത്തിന്റെ വ്യാവസായിക മേഖലയിൽ ഘടനാപരമായ മാറ്റം അനിവാര്യമാണ്.

ഈ പശ്ചാത്തലത്തിൽ വേണം കൊല്ലംജില്ലയിലേയും മൈനാഗപ്പള്ളി പഞ്ചായത്തിന്റേയും വ്യവസായ വികസനത്തെ കാണേണ്ടത്. കൊല്ലംജില്ലയെ നാം വിശകലനം ചെയ്യുമ്പോൾ ചില പ്രത്യേകതകൾ കാണാം. കൊല്ലംജില്ലയിലാണ് കശുവണ്ടി വ്യവസായം വളർന്ന് വികാസം പ്രാപിച്ചത്. ജോസഫ് പെരേര എന്ന ബ്രിട്ടീഷ് വ്യവസായപ്രമുഖനാണ് ഫാക്ടറി അടിസ്ഥാനത്തിൽ കശുവണ്ടിവ്യവസായം സംഘടിപ്പിച്ചത്. 1925-ൽ ആണ് വാണിജ്യഅടിസ്ഥാനത്തിൽ ഈ വ്യവസായം വളരാൻ തുടങ്ങിയതും, വിപണി കണ്ടെത്തിയതും, പ്രാദേശികമായി ലഭ്യമായ അസംസ്കൃത കശുവണ്ടിയും റെയിൽവേയുടേയും പെറിയതൂരമുഖത്തിന്റേയും സാമീപ്യവും പെരേരയുടെ

സംരഭകത്വവും ഈ വ്യവസായം കൊല്ലത്ത് കേന്ദ്രീകരിക്കുന്നതിന് സഹായിച്ചു. 1941-ൽ ഒരു ഫാക്ടറിയിൽനിന്ന് 1953 ആയപ്പോഴേക്കും 190 ഫാക്ടറിയിലേക്കുള്ള ദ്രുതഗതിയിലുള്ള പ്രയാണമായിരുന്നു നാം ഇവിടെ കണ്ടത്. പെരേരായിൽ നിന്ന് വേണ്ട സംരഭകത്വപരിശീലനം നേടി കൊല്ലത്തുള്ള സമർത്ഥരായ ചിലവ്യക്തികളും ഈ രംഗത്തേക്ക് ആകർഷിതരാകുകയും അതു വളർന്ന് പന്തലിച്ച് ഒരു വടവൃക്ഷമായി തീരുകയും ചെയ്ത ഒരു പ്രക്രിയക്കാണ് കൊല്ലം ജില്ലയിൽ ഉള്ളവർ സാക്ഷ്യംവഹിച്ചത്. കൊല്ലത്തെ സ്ത്രീ തൊഴിലാളികളുടെ കരവിരുതും കൂടി ചേർന്നപ്പോഴേക്കും ഈ വ്യവസായം വളർന്നുപന്തലിച്ച് 1952ലെ ആദ്യത്തെ കശുവണ്ടിമിനിമം വേജ്കമ്മിറ്റിയുടെ റിപ്പോർട്ടുപ്രകാരം ആകെ 156 ഫാക്ടറികളും തിരുകൊച്ചിയിൽ പ്രവർത്തിച്ചപ്പോഴേക്കും 106 ഫാക്ടറികളും കൊല്ലത്തുമാത്രം ഒതുങ്ങിനിന്നു. 156 ഫാക്ടറികളിൽ 85 എണ്ണം 6 മുതലാളിമാരുടെ കൈയ്യിൽ ഒതുങ്ങി. ഇപ്പോഴുള്ള വ്യവസായസംരംഭകരിൽ ഭൂരിഭാഗവും മുകളിൽ പറഞ്ഞവരുടെ അനന്തരാവകാശികളാണ്.

മൈനാഗപ്പള്ളി പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ കശുവണ്ടിഫാക്ടറികളും ഏതാണ്ട് 1940 കളിൽ പ്രവർത്തനം ആരംഭിച്ചു. പട്ടകടവ്, തോട്ടുംമുഖം പ്രദേശങ്ങളിൽ ആണ് ഈ വ്യവസായം ആദ്യമായി പ്രവർത്തനക്ഷമം ആയത്. കൊല്ലത്തുകാരായ വ്യവസായ സംരംഭകർ ആയിരുന്നു നമ്മുടെ പ്രദേശത്ത് ഈ വ്യവസായവുമായി ബന്ധപ്പെട്ട് കടന്നുവന്നത്. ഈ സംരംഭകവർഗത്തിന് ഒരു പ്രത്യേകത ഉണ്ടായിരുന്നു. ഫ്യൂഡൽ വർഗത്തിൽ നിന്ന് വന്നവർ ആയിരുന്നില്ല ഇവർ സാധാരണക്കാരുടെ കുടുംബത്തിൽ ജനിച്ച ഒരു മധ്യവർഗമാണ് ഈ രംഗത്തേക്ക് കടന്നുവന്നത്. ഈ വർഗമാണ് യൂറോപ്പ്യൻ രാജ്യങ്ങളിൽ ഉടനീളം വ്യവസായവൽക്കരണം ത്വരിതപ്പെടുത്തിയത്. ഈ കാലയളവിൽ മൈനാഗപ്പള്ളി പ്രദേശത്ത് നിലനിന്നകൂലി നിലവാരം ശോചനീയം ആയിരുന്നു. 1952 ലെ മിനിമം വേജ്കമ്മിറ്റി റിപ്പോർട്ടുപ്രകാരം താഴെക്കാണുന്ന കൂലിനിരക്കാണ് 1940 കളിൽ നിലനിന്നത്.

Section	Wage rate	Quantity
വറുപ്പ്	3.5 ചക്രം	1 ചാക്ക്
ഷെല്ലിംഗ്	6 കാശ്	1 പൌണ്ട്
പീലിംഗ്	6 കാശ്	1 പൌണ്ടിന്
ഗ്രേഡിംഗ്	5 ചക്രം	ഒരു ദിവസത്തേക്ക്

16 കാശ് = 1 ചക്രം 28.5 ചക്രം = 1 രൂപ

കാലഘട്ടങ്ങളും പിന്നിട്ടു. നിരവധി പ്രക്ഷോഭസമരങ്ങളും പുരോഗമന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടന്നു. ഇതിന്റെ പരിണതഫലം താഴെകാണുന്ന കൂലിനിരക്കിൽനിന്ന് മനസിലാകും. 1991-ൽനിലവിൽവന്ന കൂലിനിരക്ക് താഴെ ചേർക്കുന്നു. ഈ നിരക്കാണ് ഇപ്പോഴും നിലനിലയ്ക്കുന്നത്.

സെക്ഷൻ	മിനിമം കൂലിനിരക്ക്
ഷെല്ലിംഗ്	Rs. 2.55 Per Kg.
പീലിംഗ്	Rs. 3.22 Per Kg.
ഗ്രേഡിംഗ്	Rs. 18.27 Per work had Per day
ഹെഡ്ലോഡ്	Rs. 24.67 Per day

അവലംബം: കശുവണ്ടി വികസനകോർപ്പറേഷന്റെ ഓഫീസ്, കൊല്ലം

ഏഴു കശുവണ്ടിഫാക്ടറികളും ആണ് മൈനാഗപ്പള്ളി പഞ്ചായത്തിൽ നിലവിലുള്ളത്. ഇതിൽ ഒരു ഫാക്ടറി കശുവണ്ടി വികസനകോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്നതാണ്. ഒരു ഫാക്ടറി കൊല്ലത്തെ ഒരു വൻകിട വ്യവസായിയുടെ നിയന്ത്രണത്തിലാണ്. അഞ്ചു ഫാക്ടറികളും കമ്മീഷൻ അടിസ്ഥാനത്തിൽ നടക്കുന്നതാണ്. ഈ ഫാക്ടറികൾക്ക് അസംസ്കൃത കശുവണ്ടി നൽകുന്നത് കൊല്ലത്തെ വൻകിടമുതലാളിമാരാണ്. ഈ വികാസപരിണാമം എങ്ങനെ സംഭവിച്ചു എന്നത് പഠനം അർഹിക്കുന്ന ഒരു വിഷയമാണ്. വികസിതമുതലാളിത്ത രാജ്യങ്ങളിൽ സംഘടിത (Organised)വ്യവസായ മേഖല (deorganise) ചെയ്യുന്ന ഒരു പ്രവണത നിലവിൽ വന്നുകൊണ്ടിരിക്കുന്നു. ഇതിന്റെ കാരണം കൂലി നിരക്കിൽ സമ്പന്ന രാഷ്ട്രങ്ങളിൽ വന്ന ഗണ്യമായ വർദ്ധനവാണ്. ഗണ്യമായ കൂലി വർദ്ധനവ് ഉയർന്ന ഉല്പാദനചിലവിനും തദ്വാരാ താഴ്ന്ന ലാഭനിരക്കിനും കാരണമാകുന്നു. 1963നു ശേഷം ലോകമുതലാളിത്തം നേരിടുന്ന ഗുരുതരമായ ഭീഷണിയാ

ണിത്. അതായത് മാർക്സിന്റെ (Falling rate of Profit) മുതലാളിത്ത സംവിധാനത്തിൽ ലാഭം കുറയും എന്ന സിദ്ധാന്തം പ്രാവർത്തികം ആയി എന്ന് അർത്ഥം.(സ്റ്റാൻഫോർഡ് ഗവേഷണ കേന്ദ്രത്തിന്റെ പഠനത്തിൽനിന്നു് എടുത്തത്.)

ഇതിന്റെ പശ്ചാത്തലത്തിലാണ് നമ്മുടെ പ്രദേശത്തും ചെറിയ ചെറിയ ഫാക്ടറികളും നിലവിൽ വന്നുകൊണ്ടിരിക്കുന്നതും കമ്മീഷൻഅടിസ്ഥാനത്തിൽ ഫാക്ടറികളും പ്രവർത്തിപ്പിക്കുന്നതും. ഈ ഫാക്ടറികളിൽ എല്ലാ ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്നു എന്നു മാത്രമല്ല ചെയ്യുന്ന ജോലിക്ക് പൂർണ്ണമായ വേതനവും ലഭിക്കുന്നില്ല. ഈ പ്രദേശത്തെ സ്ത്രീ തൊഴിലാളികളാണ് ഈ ഫാക്ടറികളിൽ പ്രവർത്തിക്കുന്നത്. 250 തൊഴിലാളികളും പ്രവർത്തിക്കുവാൻ ലൈസൻസുള്ള ഫാക്ടറികളിൽ അതിൽ കൂടുതൽ തൊഴിലാളികളും പ്രവർത്തിക്കുന്നു. മൈനാഗപ്പള്ളി പഞ്ചായത്തിന്റെ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ഫാക്ടറിയുടെ യാന്ത്രികശേഷി 100 ചാക്ക് ആണ്. കഴിഞ്ഞ അഞ്ചു വർഷമായി കമ്മീഷൻ അടിസ്ഥാനത്തിലാണ് ഈ ഫാക്ടറി പ്രവർത്തിക്കുന്നത്. സാധാരണയായി അസംസ്കൃത കശുവണ്ടി സപ്ലൈചെയ്യുന്ന വൻകിട മുതലാളിമാർ മാറിക്കൊണ്ടിരിക്കും. ഒരുചാക്ക് കശുവണ്ടി പ്രോസസ്സുചെയ്താ വിപണനം നടത്തിയാൽ 220 ഉറുപ്പിക ലാഭം കിട്ടും എന്നാണ് ചില മാനേജ്മെന്റ് നൽകിയ സ്ഥിതിവിവര കണക്ക്.

1993നു് ശേഷം തുടങ്ങിയതാണ് മറ്റ് നാല് ഫാക്ടറികളും ഈ പഞ്ചായത്തിലുള്ളത്. വേതനത്തിന്റെയും ജോലി സ്ഥിരതയുടേയും സമയദൈർഘ്യത്തിന്റേയും ഒക്കെ പരിമിതികളും ഈ ഫാക്ടറികളിൽ ഉണ്ട്. ഈ സാഹചര്യത്തിൽ മിക്ക വാർഡുകളിൽ നിന്ന് ഉയർന്നുവന്ന ഡിമാൻറ് കൂടുതൽ ഫാക്ടറികളും കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലോ കാപ്പക്സിന്റെ നിയന്ത്രണത്തിലോ നടത്തണം എന്നാണ്. പൊതുമേഖലാ സംരംഭത്തോടുള്ള ഉൽക്കടമായ അഭിനിവേശം എല്ലാ വാർഡുകളിൽനിന്നും ഒരേസ്വരത്തിൽ ഉയർന്നു. നിലവിലുള്ളകശുവണ്ടിഫാക്ടറികളിൽ 3500 തൊഴിലാളികളും ജോലിചെയ്യുന്നു എന്നാണ് കിട്ടിയ കണക്ക്.

മറ്റൊരു പരമ്പരാഗത വ്യവസായം ഈ പഞ്ചായത്തിൽ നിലനിൽക്കുന്നത്. ടൈൽഫാക്ടറികളും ആണ്. അഞ്ച് ടൈൽ ഫാക്ടറികളും ആണ് ഇവിടെ പ്രവർത്തിക്കുന്നത്. ഈ വ്യവസായവും കൊല്ലത്തുനിന്നുള്ള സംരംഭകർ ആണ് ഈ പഞ്ചായത്തിൽ സംഘടിപ്പിച്ചത്. 1950കളിലാണ് വിവിധ വാർഡുകളിലായി ഓട് വ്യവസായം ഇവിടെ അരങ്ങേറിയത്. ഈ വ്യവസായത്തിന് ആവശ്യമായ അസംസ്കൃത സാധനങ്ങളുടെ സുലഭതയും കുറഞ്ഞ കൂലിനിരക്കിൽ തൊഴിലാളികളെ ലഭിക്കുന്നതിനുള്ള ഭൌതികസാഹചര്യവുംചേർന്നപ്പോൾ ടൈൽഫാക്ടറി രൂപംകൊണ്ടു. കൊല്ലത്തുള്ള വ്യവസായ സംരംഭകരുമായുള്ള സമ്പർക്കംമൂലം ഒരു ഭൂപ്രഭു ടൈൽരംഗത്തേക്കു കടന്നുവന്നു. കാർഷികമേഖലയിൽനിന്ന് വ്യവസായ മേഖലയിലേക്കുള്ള ഭൂപ്രഭുവിന്റെ വികാസപരിണാമം വ്യവസായ സംരംഭത്തിന്റെ കിരണങ്ങളും ഈ വ്യക്തിയിൽ രൂഢമൂലം ആയതിന്റെ പശ്ചാത്തലത്തിലാകാം ഈ വ്യക്തി തന്റെ സംരംഭകപാടവം ടൈലിന്റെ രംഗത്തേക്ക് തിരിച്ചുവിട്ടത്. വിദ്യാഭ്യാസനിലവാരത്തിലും സമ്പന്നതയിലും മുൻപന്തിയിൽനിന്ന ആളും ഈ പഞ്ചായത്തിന്റെ ആദ്യ പ്രസിഡൻറും കൂടിയായ ഒരു വ്യക്തി യാദൃശ്ചികമായാണ് വ്യവസായ സംരംഭകൻ ആയത്. പിന്നീടുവന്ന ഫാക്ടറികളും സംരക്ഷിത സംരംഭകത്വം മാതിരി വികസിച്ചതാണ്.

ഈ പഞ്ചായത്തിൽ നിലനിൽക്കുന്നതും വളർന്നുവരുന്നതുമായ ഒരുമേഖലയാണ്. ഇഷ്ടികനിർമ്മാണം. ഏതാണ്ട് 13 ഇഷ്ടിക ഫാക്ടറികളും (Wire Cut Bricks) ഇവിടെ പ്രവർത്തിക്കുന്നു. താരതമ്യേന മെച്ചപ്പെട്ട സംരംഭകവർഗമാണ് ഈ മേഖലയിലേക്ക് കടന്നു വന്നുകൊണ്ടിരിക്കുന്നത്. കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളുടെ പ്രവർത്തനഫലമായും ഗൾഫ് പണത്തിന്റെ സ്വാധീനം വഴിയും കെട്ടിട നിർമ്മാണരംഗത്ത് ഈ പഞ്ചായത്ത് ഒരു സുവർണ്ണകാലഘട്ടത്തിൽ കൂടി നീങ്ങുകയാണ്. ഇതിന്റെ ഫലമായി ഇഷ്ടികയുടെ ഡിമാൻറ് ഗണ്യമായി കുതിച്ചുകയറുന്നു. ഈ സാഹചര്യത്തിലാണ് പുതിയ യൂണിറ്റുകളും വിവിധ ധനസഹായ സമിതികളുടെ സഹായത്തോടുകൂടി ആരംഭിച്ചത്. ഓടുനിർമ്മാണത്തിൽ ഏർപ്പെട്ടിരുന്നവരും ഇപ്പോൾ ഇഷ്ടികരംഗത്തേക്ക് താൽപര്യം കാണിക്കുന്നു. ഇത് പൂർണ്ണമായും ഒരു സംഘടിത മേഖല എന്ന് കരുതുവാൻ കഴിയില്ല. കാരണം സ്ഥിരമായ തൊഴിലാളികളും ഈ മേഖലയിൽ പണിയെടുക്കുന്നില്ല എന്നതുതന്നെ. ഒരു സീസണിൽ പണികഴിഞ്ഞാൽ അടുത്തസീസണിൽ മറ്റൊരാളുടെ കീഴിലായിരിക്കും തൊഴിലാളി ജോലി ചെയ്യുക. ഈ പശ്ചാത്തലത്തിൽ വ്യക്തമായ ഒരു വേതന സേവനനയം ഈ മേഖലയിൽ അസാധ്യമാണ്.

ഇതരമേഖലകളിൽ ചെറുകിട വ്യവസായ യൂണിറ്റുകളും പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്നു. അവ താഴെ ചേർക്കുന്നു.

1. കല്ലുവെട്ട് വ്യവസായം

2. കയർ വ്യവസായ സംഘങ്ങൾ
3. നാളീകേര സംഭരണ സംസ്കരണ സംഘങ്ങൾ
4. കറി പൌഡർ നിർമ്മാണ യൂണിറ്റുകൾ
5. പ്രിൻറിംഗ് പ്രസ്
6. തീപ്പെട്ടി
7. സോപ്പുനിർമ്മാണം
8. ഡയറി ഉൽപ്പന്നങ്ങൾ
9. ഗാർമൻറ് നിർമ്മാണം.

കശുഅണ്ടി വ്യവസായത്തിൻെറ സംഘടിത സ്വഭാവം തകർക്കപ്പെട്ടിരിക്കുന്നു. സംഘടിതമേഖല അസംഘടിതമേഖലയായി പരിണമിച്ചിരിക്കുന്നു. കമ്മീഷൻ അടിസ്ഥാനത്തിലുള്ള കുടിവെപ്പ് അരങ്ങുതകർക്കുന്നു.

ഓടുവ്യവസായവും പ്രതിസന്ധിനേരിടുന്നു. ആദ്യകാലത്ത് സുലഭമായി ലഭിച്ചിരുന്ന ചെളി ഒരു അപൂർവസാധനമായി മാറിയിരിക്കുന്നു, വിറകിൻെറവില അധികരിക്കുന്നു. ഓടിൻെറ കമ്പോളം ചുരുങ്ങുന്നു. തമിഴ്നാടായിരുന്നു ഓടിൻെറ പ്രധാന വിപണി. ഇപ്പോൾ ഈ വ്യവസായം തമിഴ് നാട്ടിൽ ധാരാളമായി ഉയർന്നു. അങ്ങനെ കമ്പോളവും അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവും ഓടുവ്യവസായികളെ കടുത്ത പ്രതിസന്ധിയിൽ എത്തിച്ചിരിക്കുന്നു.

ഇഷ്ടികയും അസംസ്കൃത സാധനങ്ങളുടെ ദൌർലഭ്യം നേരിടുന്നു. ഈ രംഗത്ത് ട്രെയിഡ് യൂണിയൻ പ്രവർത്തനം കാര്യക്ഷമം അല്ല. ഇതിൻെറ ഘടന ട്രെയിഡ്യൂണിയൻ പ്രവർത്തനത്തിന് സഹായകം അല്ല.

പഞ്ചായത്തിലെ കല്ലുവെട്ട് വ്യവസായവും തകർന്നുകൊണ്ടിരിക്കുന്നു, കല്ലുവെട്ടുന്നതിനുള്ള സ്ഥല പരിമിതി ഒരു പ്രശ്നമായി മാറിയിരിക്കുന്നു.

ഏതാണ്ട് 1960 വരെ കയർപിരിച്ച് ഉപജീവനം നടത്തിയിരുന്ന ഒരു നല്ല വിഭാഗം ജനങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. ഇപ്പോൾ കയർരംഗത്ത്വന്ന ആധുനികവൽക്കരണവും ആധുനിക വനിതകൾക്ക് പിരിയുമായി ബന്ധപ്പെടുന്നതിനുള്ള വൈമുഖ്യവും ഈ രംഗത്തെ തകർത്തു.

ഈ പഞ്ചായത്തിൻെറ ചിലവാർഡുകളിൽ 1950കളിൽ നെയ്ത്ത് കുടിൽവ്യവസായം ആയി നടത്തി അതിൽനിന്നുള്ള വരുമാനംകൊണ്ട് ഉപജീവനം നടത്തി ജീവിച്ചിരുന്ന ഒരു വിഭാഗം ഉണ്ടായിരുന്നു. ഇപ്പോൾ ആ മേഖലയിൽ വന്ന അത്യന്താധുനികത ഈ രംഗത്തെ തകർത്തു.

കൊപ്രാവ്യവസായം സാമാന്യം നടന്നിരുന്ന ഒരുപഞ്ചായത്ത് ആയിരുന്നു മൈനാഗപ്പള്ളി നിരവധി ആളുകൾ ഈ രംഗത്ത് പ്രവർത്തിച്ചിരുന്നു. നാളീകേരത്തിൻേറയും കൊപ്രയുടേയും വിലയിലുള്ള നിരന്തരമായ വ്യതിയാനം സ്ഥിരമായ ഒരു വിലനിലവാരത്തിൻെറ അഭാവം ഇവ ഈ രംഗത്തെ തകർത്തു.

തകർന്ന മറെറാരു മേഖലയാണ് തീപ്പെട്ടിവ്യവസായം. Soft woodൻെറ നിയന്ത്രണങ്ങളും മറെറ് അസംസ്കൃത വസ്തുക്കളുടെ ദൌർലഭ്യവുമാണ് ഈ രംഗത്തെ വെല്ലുവിളികൾ.

സോപ്പുവ്യവസായത്തിൻെറ ഒരു യൂണിറെറ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കോഴിക്കോട്ടുള്ള കേരള സർക്കാരിൻെറ സോപ്പുഫാക്ടറി കോടികളുടെ ബാധ്യതയിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ മൈനാഗപ്പള്ളിയിലെ ഒരു കൊച്ചു സോപ്പുനിർമ്മാണ ഫാക്ടറി ഹിന്ദുസ്ഥാൻ ലിവറിൻെറയും ടാററായുടേയും വെല്ലുവിളികൾ സ്വീകരിച്ചുകൊണ്ട് നിലനിലക്കുമോ?

ഡയറി ഉൽപ്പന്നങ്ങളുടേയും സ്ഥിതി ഇതുതന്നെ ഈ സ്ഥിതിയിൽനിന്നും നമ്മുടെപഞ്ചായത്തിനെ എങ്ങിനെ വ്യാവസായികമായി കൈപിടിച്ചുയർത്താം. എന്തായിരിക്കണം നമ്മുടെ വ്യവസായ വികസനതന്ത്രം? പ്രശ്നങ്ങൾക്ക് പരിഹാരം എന്താണ്? ഈ വക കാര്യങ്ങൾ വിവിധ വാർഡുകളിൽ നിന്ന് വന്ന നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ നമുക്ക് പരിശോധിക്കാം.

ഈ പഞ്ചായത്തിൻെറ മൂലധന സമാഹരണം നടത്താൻ ശേഷി ഉള്ളവർക്ക് വേണ്ട മാനേജ്മെൻറ് പരിശീലനം, സാങ്കേതികരംഗത്ത് ആവശ്യമായ നിർദേശങ്ങൾ തുടങ്ങിയവ നൽകി ഇവരെ വ്യവസായ രംഗത്തേക്ക് ആകർഷിക്കണം ഈ കാര്യത്തിൽ വാണിജ്യബാങ്ക് അടക്കമുള്ള ധനസഹായ സമിതികൾ അവരുടെ വൈവിധ്യമാർന്ന പദ്ധതികൾ വ്യവസായ സംരഭകരെ ബോധ്യപ്പെടുത്തുന്നതി

നുള്ള ഒരു സംവിധാനം പഞ്ചായത്തുതലത്തിൽ സംജാതമാക്കണം. വ്യവസായ വകുപ്പ് അവരുടെ പുതിയ പദ്ധതികളെക്കുറിച്ച് ബോധ്യപ്പെടുത്തണം. വ്യാവസായിക പ്രോജക്ട് നിർമ്മാണം മുതൽ വിപണനം അടക്കമുള്ള കാര്യങ്ങളും വ്യവസായ വകുപ്പിന്റെ കീഴിൽ നടത്തുവാനുള്ള സംവിധാനം പഞ്ചായത്തുതലത്തിൽ ഉണ്ടാകണം. നിലവിലുള്ള ധനസഹായസമിതികളുടെ ധനസാഹായം നൽകുന്നതിലുള്ള ഭരണപരവും നിയമപരവുമായ സങ്കീർണ്ണതകളും ഒഴിവാക്കി ധനസഹായം ആവശ്യാധിഷ്ഠിതമാക്കണം, കടുത്ത ജാമ്യവ്യവസ്ഥ ഒഴിവാക്കി വ്യവസായ പ്രോജക്ടിന്റെ സാധ്യതയുടെ അടിസ്ഥാനത്തിൽ മൂലധനം നൽകാനുള്ള സംവിധാനം ഉണ്ടാക്കണം. കശുവണ്ടി വികസന കോർപ്പറേഷന്റെ പൂർണ്ണ അധീനതയിൽ പുതിയ കശുവണ്ടിഫാക്ടറികളും ഏറെറടുത്ത് തൊഴിലില്ലായ്മ പരിഹരിക്കുവാൻ സഹായിക്കുന്ന ഒരു നിലപാട് അധികാരസ്ഥാനത്തുനിന്ന് സൃഷ്ടിക്കണം. ഇങ്ങനെ പുതിയ ഫാക്ടറികൾ സ്ഥാപിതമായാൽ അധികപ്പറ്റ് പരിപ്പ് എങ്ങനെ വിപണനം നടത്തും എന്ന പ്രശ്നം ചിലർ ഉന്നയിച്ചേക്കാം. അതിന് വ്യക്തമായ മറുപടി ഉണ്ട്. ഇന്ത്യയിലെ സമ്പന്നവർഗം വികസിത രാഷ്ട്രങ്ങളിലെ സമ്പന്നരെപ്പോലെതന്നെ ഉയർന്ന ജീവിതനിലവാരം പുലർത്തുന്നവരാണ്. കൊല്ലത്തെ കശുവണ്ടി മുതലാളിമാരുടെ കേരളത്തിലുള്ള വിവിധ ഷോറൂമുകളിൽനിന്ന് ഉത്തരേന്ത്യക്കാർ കൃുനിന്നാണ് പരിപ്പ് വാങ്ങുന്നത്. അവരുടെ ഇടയിൽ വിൽപ്പനപ്രചാരണം നടത്തി വിപണി വിപുലപ്പെടുത്താൻ പ്രയാസം കണ്ടെത്തണം.

പിന്നീട് ഇഷ്ടിക ഓട് ഇവ നേരിടുന്ന പ്രതിസന്ധികളും ഉണ്ട്. അസംസ്കൃത വസ്തുക്കളുടെ കമ്മി, ഈ കമ്മി ഒഴിവാക്കുവാനും അനാവശ്യമായ നികുതി ഒഴിവാക്കുവാനും അധികാരികൾ ശ്രദ്ധിക്കണം. മാത്രമല്ല ചില മേഖലകളിലെ അനിയന്ത്രിതമായ വളർച്ച ഒഴിവാക്കണം. ഈ പഞ്ചായത്തിലെ ഒരു പ്രത്യേകത ഒരു വ്യാവസായിക മേഖലയിൽ ലാഭം ദൃശ്യമായാൽ കൂട്ടത്തോടെ ആ മേഖലയിലേക്ക് കടക്കുന്നതിനുള്ള പ്രവണത പ്രകടമാകുന്നു. ഈ പ്രവണത ഒഴിവാക്കി സാമ്പത്തികമായി നിലവിലുള്ള സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കണം.

മൈനാഗപ്പള്ളി പഞ്ചായത്തിന്റെ വടക്കൻമേഖലകളിൽ മരച്ചീനി കൃഷി ധാരാളമായി നടത്തുന്നു. മരച്ചീനിയിൽ നിന്ന് സ്റ്റാർച്ച് ഉല്പാദിപ്പിക്കുവാനും സ്റ്റാർച്ചിൽനിന്ന് ഗ്ളൂക്കോസ് ഉണ്ടാക്കുന്നതിനും അതിൽനിന്ന് വൈറ്റമിൻ 'സി' ഉൽപ്പാദിപ്പിക്കുവാനും കഴിയും. ഇതിന്റെ ഒരു ഫാക്ടറിക്കുവേണ്ട സാങ്കേതിക സഹായവും ഫോർമുലയും ലഭിച്ചാൽ ഈ രംഗത്ത് സാധ്യതകളും ഏറെയാണ്.

ഭക്ഷ്യസംസ്കരണ യൂണിറ്റുകളും ആരംഭിക്കുന്നതിനെ കുറിച്ച് നിർദ്ദേശങ്ങളും വിവിധ ഗ്രാമസഭകളിൽ ഉന്നയിച്ചു. പക്ഷേ വിപണി ഈ രംഗത്ത് സങ്കീർണ്ണതകളും സൃഷ്ടിക്കുന്നു. അതുകൊണ്ട് പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് കാര്യക്ഷമമായി ഈ വ്യവസായം നടത്തി പഞ്ചായത്തിൽ ഏകിലും ഈ ഉൽപ്പന്നങ്ങൾക്ക് വിപണന സാധ്യത സൃഷ്ടിച്ചാൽ നല്ലതാണ്. ജപ്പാന്റെ മാതൃകയിൽ Subcontracting സമ്പ്രദായം നമുക്ക് സ്വീകരിക്കാം. അതായത് ചില സാധനങ്ങൾ ഉൽപ്പാദിപ്പിക്കുമ്പോൾ അതിന്റെ Spare Part ചില വീടുകളിൽ നിർമ്മിച്ചാൽ ഉൽപ്പാദനചിലവ് കുറയ്ക്കാം. അങ്ങനെ വിലകുറച്ച് ഉൽപ്പന്നം കമ്പോളത്തിൽ ഇറക്കുവാൻ കഴിയും. ഡയറി ഉൽപ്പന്നങ്ങൾ ഇങ്ങനെ നിർമ്മിക്കാവുന്നതാണ്.

കാലിത്തീറ്റ നിർമ്മാണഫാക്ടറി ഈ പഞ്ചായത്തിൽ ഏറെ സാധ്യതയുള്ള ഒരു മേഖലയാണ്. പഞ്ചായത്തിന്റെ വടക്കൻ മേഖലകളിൽ ഏത്തവാഴ, മരച്ചീനിതുടങ്ങിയ കാർഷിക വിഭവങ്ങൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. വാഴമാണം മരച്ചീനി മറ്റ് ഭക്ഷ്യവസ്തുക്കളുടെ വെയിസ്റ്റ് ഇവചേർത്ത് കാലിത്തീറ്റയ്ക്ക് ഒരു ഫോർമുല ഉണ്ടാക്കി വേണ്ട സാങ്കേതിക സഹായവും ചെയ്താൽ കുറഞ്ഞ വിലക്ക് ഈ സാധനം നമുക്ക് ഉൽപ്പാദിപ്പിക്കുവാൻ കഴിയും. മാത്രമല്ല, കാലിത്തീറ്റയുടെ ഇപ്പോൾ നിലനിൽക്കുന്ന ഉയർന്നവില ഒഴിവാക്കുവാനും കഴിയും.

കശുമാങ്ങ സീസണിൽ ശേഖരിച്ച് കാഷ്യു ആപ്പിൾജെനി ഈ പഞ്ചായത്തിൽ ആരംഭിക്കാവുന്ന ഒരു പ്രോജക്ട് ആണ്. ഇതിലേക്ക് ആവശ്യമായ സാങ്കേതിക ഉപദേശം അധികാരികൾ നൽകണം.

കുരുമുളക്, ഇഞ്ചി തുടങ്ങിയ കൃഷി ഈ പഞ്ചായത്തിൽ ധാരാളം ഉണ്ട്. ഇവയുടെ ഔഷധമൂല്യം കണക്കിലെടുത്ത് ടിഞ്ചർപോലുള്ള ഔഷധങ്ങൾ ഉൽപ്പാദിപ്പിക്കുവാനുള്ള വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കണം. മാത്രമല്ല ഔഷധചെടികൾ ഈ പഞ്ചായത്തിൽ സുലഭം ആണ്. മാത്രമല്ല ചിലവാർഡുകളിൽ അവ കൃഷിചെയ്യുന്നതിനുള്ളസ്ഥലസൗകര്യവുംഉണ്ട്. ഈ ഔഷധചെടികളിൽനിന്ന് ചെറിയതോതിൽ ഔഷധം നിർമ്മിക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിക്കണം. 1944-ൽ ഷൺമുഖംചെട്ടി കൊച്ചിയിൽ ടിവാൻ ആയിരുന്നപ്പോൾ വന്ന കൊച്ചിൻ വികസനറിപ്പോർട്ടിൽ ഈ സാധ്യത ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനത്തിലാണല്ലോ കേരളത്തിന്റെ വടക്കൻപ്രദേ

ശങ്ങളിൽ അക്കാലത്തുതന്നെ ഔഷധനിർമ്മാണം ചെറിയ തോതിലെങ്കിലും ആരംഭിച്ചത് നമ്മുടെ പഞ്ചായത്തിൽ ഇതിന്റെ സാധ്യത ഏറെയാണ്. ഇതിനുവേണ്ട സാങ്കേതിക ഉപദേശവും സാങ്കേതിക വിദഗ്ധരിൽനിന്നും ഉണ്ടാകുന്നതിനുള്ള സംവിധാനം സംജാതമാക്കണം. Dr. S. B. Rao വിനെപ്പോലെയുള്ള അന്തർദേശിയപ്രസിദ്ധിയുള്ള വിദഗ്ധർ കേരളത്തിൽ തന്നെ ഉണ്ട്. ഇങ്ങനെ ഉള്ളവരുടെ സാങ്കേതിക പരിജ്ഞാനം ക്രിയാത്മകമായി പ്രായോഗികരംഗത്ത് കൊട്ടുന്നതിനുള്ള സംവിധാനം അധികാരിവർഗത്തിൽ നിന്നും ഉണ്ടാകണം.

ഡിസ്റ്റിൽഡ് വാട്ടർ (കുത്തിവയ്പിനുള്ളത്) മിനറൽവാട്ടർ നാം ഇപ്പോഴും അയൽസംസ്ഥാനത്തുനിന്നും ഇറക്കുമതി ചെയ്യുകയാണ്. മൈനാഗപ്പള്ളി പഞ്ചായത്തിലെ ഏഴാം വാർഡിൽ കേന്ദ്രസർക്കാരിന്റെ ഭൂഗർഭ വകുപ്പിന്റെ നേതൃത്വത്തിൽ നിർമ്മിച്ച കുഴൽകിണറുകളിൽ നിന്ന് ലഭിക്കുന്ന ശുദ്ധജലം ഈ മേഖലയിൽ ഉപയോഗിച്ച് ഡിസ്റ്റിൽഡ് വാട്ടർ മിനറൽവാട്ടർ നിർമ്മിക്കാവുന്നതാണ്.

വസ്ത്രനിർമ്മാണ യൂണിറ്റുകൾ സഹകരണ അടിസ്ഥാനത്തിൽ ഉൽപ്പാദനം വടത്തുന്ന യൂണിറ്റുകൾക്ക് സാധ്യതയുണ്ട്. ഇങ്ങനെയുള്ള യൂണിറ്റുകൾ ആരംഭിച്ചാൽ ഒരു പരിധിവരെ വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ കഴിയും. ഈ പഞ്ചായത്തിൽ വിപണനസാധ്യത ഉള്ള മേഖലകൂടി ആണിത് കരകൗശലവസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റും സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കാവുന്നതാണ്.

ആട്ടോമൊബൈൽ വർക്ക്ഷോപ്പിന്റെ സാധ്യത ഏറെയാണ്. അത്യാവശ്യം വേണ്ട പശ്ചാത്തലസൗകര്യം ലഭിച്ചാൽ ആട്ടോമൊബൈൽ സ്പെയർപാർട്ട്സ് നിർമ്മിക്കുവാൻ നമുക്ക്കഴിയും. ഇതിനുവേണ്ട സാങ്കേതിക പരിജ്ഞാനം ഉള്ള ചെറുപ്പക്കാർ ഈ പ്രദേശത്ത് സുലഭമാണ്. ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിനടക്കം ഈ സ്പെയർസപ്ലൈ ചെയ്യുവാൻ സാധിക്കും. ഫാക്ടറികൾ ആരംഭിക്കുവാനുള്ള ഭൂമിയും ഈ പഞ്ചായത്തിൽ സുലഭമാണ്.

കട്ട നിർമ്മിക്കുന്നതിനുള്ള ചെളിയുടെ അഭാവത്തിൽ ഹോളോബ്രിക്സിന്റെ നിർമ്മാണരംഗത്തേക്ക് സംരംഭകർ കടന്നുവരുന്നുണ്ട്. അവരെ പ്രോൽസാഹിപ്പിക്കുകയും അവർക്കുവേണ്ട വിപണനസാധ്യത ഒരുക്കുകയും വേണം.

ഈ പഞ്ചായത്തിലെ അഞ്ചാംവാർഡ് റെയിൽവേസ്റ്റേഷന്റെ സാമീപ്യംമൂലം അനുഗ്രഹീതമാണ്. നിരവധി വ്യവസായയൂണിറ്റുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നിട്ടും ഉണ്ട്. BPLന്റെ ഇലക്ട്രോണിക്സ് യൂണിറ്റിന്റെ പ്രോജക്ട് ദ്രുതഗതിയിലാക്കി അതിന്റെ പ്രവർത്തനം ആരംഭിക്കണം. ഇന്ത്യൻ ഓയിൽകോർപ്പറേഷന്റെ സ്റ്റോറേജ് പെൻറിനേക്കുറിച്ച് ആലോചിച്ചിരുന്നു. ആതും ആരംഭിക്കുന്നതിനുള്ള നടപടികൾ അധികാരികളെക്കൊണ്ട് ഉറപ്പുവരുത്തിച്ചാൽ ഈ പ്രദേശത്തിന്റെ വ്യാവസായിക മുഖച്ഛായ തന്നെ വിപ്ലവകരമായ മാറ്റത്തിന് വിധേയമാകും.

പ്ലൈവുഡ് ഫാക്ടറിക്കുള്ള സാധ്യത ഈ പഞ്ചായത്തിൽ ഏറെയാണ്. പാഴ്മരങ്ങൾ (ഉതി, പെരുമരം) നിരവധി ഉള്ളതിനാലും അവ വളർത്തുന്നതിനുള്ള സൗകര്യം നിലനില്ക്കുന്നതുകൊണ്ടും ഇക്കാര്യം ആലോചിച്ച് പ്ലൈവുഡ് ഫാക്ടറിക്ക് രൂപം നൽകാവുന്നതാണ്.

എഴുതുവാൻ ഉപയോഗിക്കുന്ന മഷിനിർമ്മാണം, കോസ്മറിക്സ് നിർമ്മാണം ഇവ തുടങ്ങുന്നതിനും സാധ്യതകൾ ഉണ്ട്. കൊപ്രാവ്യവസായത്തിന് സഹായംനൽകി അതുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ ഒരു ശൃംഖല തന്നെ സ്ഥാപിക്കുവാൻ ഈ പ്രദേശത്ത് നിരവധി സാധ്യതകൾ ഉണ്ട്.

പ്രിൻറിംഗ് പ്രസിനെക്കുറിച്ച് ആലോചിക്കുമ്പോൾ ഒരു കാര്യം വ്യക്തമാണ്. ആധുനിക സൗകര്യങ്ങളൊളുള്ള ഒരു പ്രസും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ഇപ്പോൾ മൂന്ന് ചെറിയപ്രസുകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളു. ഓർഡർ കൂടുതൽ നിലനിൽക്കുന്ന ഒരു പഞ്ചായത്താണ് ഇതു കണക്കിലെടുത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു പ്രസ് പഞ്ചായത്തിന്റെ കേന്ദ്രസ്ഥാനത്ത് സ്ഥാപിക്കേണ്ടതാണ്. പ്രിൻറിംഗ്, കമ്പോസിംഗ്, ബയൻറിംഗ് എന്നിവയുടെപഠനവും ഇതോടൊപ്പം സംഘടിപ്പിക്കാം.

മുകളിൽ നിർദ്ദേശിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഒരു വ്യവസായതന്ത്രം ആവിഷ്ക്കരിക്കുമ്പോൾ ഒരുകാര്യം മനസിലാക്കണം. ഒരു മധ്യവർഗം വളർന്ന് വികാസം പ്രാപിച്ചുവരുന്ന ഒരു പഞ്ചായത്തിൽ ഈ വർഗത്തിന് വ്യവസായ സാധ്യതകളെക്കുറിച്ച് വ്യാപകമായ ധാരണ നൽ

കുകയും ധനസഹായ സമിതികളെക്കുറിച്ച് ബോധവാൻമാരാക്കുകയും ചെയ്യുന്നതോടൊപ്പം മാനേജ്മെൻറ് വികസനകേന്ദ്രത്തിൽനിന്ന് സംരംഭകപരിശീലനം ഉറപ്പാക്കുകയും ചെയ്താൽ ഇവർ വ്യവസായരംഗത്തേക്ക് ആകൃഷ്ടരാകും. ഈ സാഹചര്യത്തിൽ ചെറുകിട കുടിൽ വ്യവസായത്തിൽ അധിഷ്ഠിതമായ ഒരു വികസനതന്ത്രം ആവിഷ്ക്കരിക്കണം. വിപണനം നമ്മേസംബന്ധിച്ച് ശ്രമകരമായ, സങ്കീർണ്ണമായ പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. വൻകിട വ്യവസായികളും അവരുടെ ആധുനിക സെയിൽസ്തന്ത്രങ്ങളുമായി പ്രത്യക്ഷപ്പെടുമ്പോൾ നമുക്ക് വിപണി നഷ്ടപ്പെടുന്നു. ഇത് പരിഹരിക്കണമെങ്കിൽ സർക്കാർ തലത്തിൽ തന്നെ ഗ്രാമീണ വ്യാവസായിക ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുകയും ഗവൺമെൻറിൻെറ ടെണ്ടർസമ്പ്രദായം അവസാനിപ്പിച്ച് പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് Preference നൽകുന്നസമീപനം ഉണ്ടാകുകയും വേണം. ഫർണീച്ചർപോലെയുള്ള സാധനങ്ങൾക്ക് ഗവൺമെൻറ് ഓർഡർതന്നെ നിരവധി ആണ്. പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സർക്കാർ വകുപ്പുകൾ സ്വീകരിക്കുവാനുള്ള നയം രൂപീകരിക്കണം.

ഈ കാര്യങ്ങൾ നടപ്പിലാക്കുന്നതിനോടൊപ്പം ധനസഹായ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിൽ ബാങ്കുകളും മറ്റ് ധനസഹായ സമിതികളും പ്രോജക്ടുകൾക്ക് രൂപം നൽകുന്നതോടൊപ്പം സാധ്യതാപഠനവും നടത്തുന്നു. കേരളത്തിൽ ഈ സമ്പ്രദായം ഇല്ല എന്നുതന്നെ പറയാം. കേരളത്തിലെ വ്യവസായവകുപ്പ് തീരെ നിർജ്ജീവമാണ്. പ്രോജക്ട് റിപ്പോർട്ടിനെക്കുറിച്ച് ആധികാരികമായി കൈകാര്യം ചെയ്യുവാൻ കെൽപ്പുള്ളവർ വിരളമാണ്. ഇവരെയാണ് ആദ്യം ആധുനീവൽക്കരിക്കേണ്ടത്. ഇപ്പോൾ ഗവൺമെൻറും ധനസഹായസമിതികളും തമ്മിൽ നിലനില്ക്കുന്നബന്ധം മൽസരത്തിൽ അധിഷ്ഠിതമാണ്. ബാങ്കുകളുടെ വായ്പാപദ്ധതികളുടെ പ്രഖ്യാപനംകൊണ്ട് വ്യവസായവികസനം സാധ്യമല്ല. വൈവിധ്യമാർന്ന മേഖലകളിൽ അതായത് സാങ്കേതികസഹായം യന്ത്രസാമഗ്രികൾ ലഭിക്കുന്നതിനുള്ള ഏർപ്പാടുകൾ അസംസ്കൃത സാധനത്തിൻെറ ലഭ്യത ഉറപ്പാക്കൽ, തൊഴിൽബന്ധങ്ങൾ മെച്ചപ്പെടുത്തൽ, വിപണനം ഇങ്ങനെയുള്ള മുഴുവൻ കാര്യങ്ങളിലും വ്യവസായത്തിന് വേണ്ട നിർദ്ദേശങ്ങൾ സർക്കാരിൽനിന്നും ലഭ്യമാക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കണം. ധനസഹായ സമിതികൾ തന്ത്രം ആവിഷ്ക്കരിക്കുമ്പോൾ പ്രാദേശികമായ സ്ഥിതിയും ആവശ്യങ്ങളും കണക്കിലെടുക്കണം. ധനസഹായ സമിതികളിൽ സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി സ്റ്റാഫ് പാറേൺ പുനർനിർണ്ണയിക്കണം.

ഈ പഞ്ചായത്തിൻെറ പ്രധാനവിഷയം സംരംഭകരുടെ കമ്മി ആയിരുന്നു. ഇവിടെ നിലനിന്നിരുന്ന സാമൂഹ്യ സാമ്പത്തിക സംവിധാനം വ്യാവസായിക സംരംഭകരെ സൃഷ്ടിക്കുന്നതിന് തടസം ആയിരുന്നു ഇവിടെ ആദ്യംതുടങ്ങിയ മിക്ക യൂണിറ്റുകളും മൂലധനം സ്വരൂപിച്ചത് അവരുടെ സ്വന്തം കൈയ്യിൽ നിന്നായിരുന്നു. ഇപ്പോൾ ആ സ്ഥിതിക്ക് മാറ്റം വന്നുതുടങ്ങി. ഈ കൊച്ചു വ്യവസായ യൂണിറ്റുകൾ നേരിടുന്ന പ്രശ്നങ്ങളിൽ പ്രധാനം വിവിധ മാനേജ്മെൻറ്തലത്തിൽ ഉള്ളവരുടെ ദൌർഭിക്ഷതയാണ്. അവ ചുരുക്കത്തിൽ താഴെ കൊടുക്കുന്നു.

1 പ്രൊഡക്ഷൻ മാനേജ്മെൻറ്
2 സെയിൽസ്മാനേജ്മെൻറ്
3 ഫൈനാൻഷ്യൽമാനേജ്മെൻറ്
4 പ്രവർത്തന മൂലധനത്തിൻെറ കമ്മി
5 അസംസ്കൃത സാധനങ്ങളുടെ ലഭ്യതഇല്ലായ്മ
6 വലിയ യൂണിറ്റുകളും ആയുള്ള മൽസരം
7 തൊഴിൽപ്രശ്നങ്ങൾ
8 ധനസഹായനിധികളുടെ യാഥാസ്ഥിത മനോഭാവം
9 വൈദ്യുതിയുടെ അപര്യാപ്തത

ഇവയാണ് ആധുനിക വ്യവസായ സംരംഭകർ ഈ പഞ്ചായത്തിൽ നേരിടുന്ന മുഖ്യവെല്ലുവിളികൾ.

ഈ പഞ്ചായത്തിൻെറ ആദ്യകാലത്തെ അർത്ഥഫ്യൂഡൽ വ്യവസ്ഥിതിയാണ് വ്യവസായ സംരംഭങ്ങൾക്ക് തടസം സൃഷ്ടിച്ചത്. നേരത്തെ സൂചിപ്പിച്ചതുപോലെ കോൺക്രീറ്റ് സൗധങ്ങൾ പടുത്തുയർത്തുന്നതിലും ചിട്ടിനടത്തുന്നതിലും. സ്ക്കൂളുകളും മറ്റും നിർമ്മിക്കുന്നതിലും ഭൂമി വാങ്ങുന്നതിലും സ്വർണ്ണാഭരണങ്ങൾ വാങ്ങുന്നതിലും ആണ് സമ്പന്നവർഗങ്ങൾ താൽപര്യം പ്രദർശിപ്പിക്കുന്നത്. ഇതു കാരണം ഒരു വ്യാവസായിക വർഗം വളരുന്നില്ല.

മറെറാരുതടസം വിവിധവകുപ്പുകൾതമ്മിലുള്ള ഏകോപനത്തിൻെറ അഭാവം ആണ്. ഇലക്ട്രിസിറ്റി, റവന്യൂ, ജലഅതോറിറ്റി തുടങ്ങിയ വകുപ്പുകളുടെ ഏകോപനത്തിൻെറ അഭാവം പുതിയ ആസൂത്രണം ഈ തടസം ഒഴിവാക്കുംഎന്ന് പ്രത്യാശിക്കാം. ബ്യൂറോക്രസിയുടെ പ്രവർ

ത്തനം കൂടുതൽ സങ്കീർണ്ണതകളും സൃഷ്ടിക്കുന്നു. ഈ സാഹചര്യത്തിൽ പഞ്ചായത്തുതലം മുതൽ ഒരു ഏകോപനസമിതി വികസനകാര്യത്തിൽ രൂപംകൊള്ളണം. മുൻകാലങ്ങളിൽ സംസ്ഥാനനിലവാരത്തിൽ നിലവിൽവന്ന ഏകോപനസമിതി വികസനത്തിന്റെ കാര്യത്തിൽ പരാജയമായിരുന്നു. അതുണ്ടാകാതെ പുതിയസംവിധാനം ശ്രദ്ധിക്കണം. സ്റ്റാറ്റ്യൂട്ടറി അധികാരം ഉള്ള ബോഡിതന്നെ പഞ്ചായത്തിൽ നിലവിൽവന്നാലേ വിവിധവകുപ്പുകളെ ഏകോപിപ്പിക്കുവാൻ കഴിയുകയുള്ളു. പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിദഗ്ധൻമാർ അടങ്ങുന്ന ഒരു സമിതി വിവിധ ഏജൻസികളെ സംയോജിപ്പിക്കുന്നതിനായി രൂപംകൊള്ളുകയും വ്യവസായ സംരംഭകർക്ക് വേണ്ട സാങ്കേതികസഹായം, മാനേജ്മെന്റ് പരിശീലനം തുടങ്ങിയ പഞ്ചായത്തുതലത്തിൽ നടത്തുന്നതിനുള്ള ക്രമീകരണങ്ങളും ഉണ്ടാകുകയും വേണം. ഇവയെല്ലാം ഗവൺമെൻറിന്റെ വ്യാവസായിക ആസൂത്രണത്തിന്റെ അടിസ്ഥാനത്തിലും ആധുനീവൽക്കരണത്തിന്റെയും വൈവിധ്യവൽക്കരണത്തിന്റേയും അടിസ്ഥാനത്തിലും ആണ് നിലകൊള്ളുന്നത്. ഈ പഞ്ചായത്തിലെ പരമ്പരാഗത വ്യാവസായികമേഖലയിൽ ഏർപ്പെട്ടിരിക്കുന്ന വ്യാവസായിക സംരംഭകരെ ആധുനിക വ്യാവസായിക മേഖല പുത്തൻ സരണികളിലേക്ക് ആകർഷിച്ച് അവർക്ക് വേണ്ട ഉപദേശവും സാങ്കേതികപരിശീലനവും നൽകി സജ്ജരാക്കിയാൽ ഈ ഗ്രാമത്തിന്റെ വികസനം പ്രത്യേകിച്ച് വ്യാവസായിക നവോത്ഥാനം സുസാധ്യമാക്കാം.

★

വികസനമേഖലകൾ

ഗ്രൂപ്പ് നമ്പർ-6

ഗതാഗതം

നമ്മുടെ ഗ്രാമങ്ങളിലെ ഗതാഗത സൗകര്യത്തിന്റെ ചരിത്രം പരിശോധിച്ചാൽ വിസ്മയകരമായ മാറ്റം ഈ രംഗത്തു് ഉണ്ടായിട്ടുള്ളതായി മനസ്സിലാക്കാം. മൈനാഗപ്പള്ളി പഞ്ചായത്തിൽ വിവാഹബന്ധം സ്ഥാപിക്കാനിടയായതിനാൽ മാവേലിക്കര നിന്നു് കരുനാഗപ്പള്ളി വഴി കാൽനടയായി ഇവിടെ വന്നു കൊണ്ടിരുന്ന അനുഭവം ഒരു വന്ദ്യവയോധികൻ അടിമുഖമധ്യേ പരാമർശിച്ചു. അക്കാലത്തെ നമ്മുടെ റോഡു സൗകര്യങ്ങളുടേയും വാഹന സൗകര്യങ്ങളുടേയും അവസ്ഥാചിത്രം ഇതിൽ നിന്നും വ്യക്തമാവുന്നു. ഉൾനാടൻ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കാൻ റോഡുകളും അവയിലൂടെ വാഹനസൗകര്യം ഇവ യഥാർത്ഥ്യമാകാൻ തുടങ്ങിയിട്ട് അരനൂറ്റാണ്ടു മാത്രമേ ആയുള്ളു. ഇന്നു് പതിനഞ്ചു് മിനിട്ടു് ഇടവിട്ടു് ബസ്സു് യാത്രാ സൗകര്യം ലഭ്യമാകുന്ന ചവറ അട്ടർവ്വട്ടിൽ ആദ്യമായി ഓടിയ ''ഗണപതി'' എന്ന പേരുള്ള ബസ്സു് കല്ലുരി കൊണ്ടു് പ്രവർത്തിക്കുന്നതായിരുന്നു. സുലഭമായ കാളവണ്ടികളും സുഖയാത്ര ലക്ഷ്യമിട്ടു് ആഡംബര ജീവിതം നയിക്കുന്നവർക്കു് വില്ലുവണ്ടികളും ഇവയായിരുന്നു. അന്നത്തെ പരിമിതമായ യാത്രാ സൗകര്യം ഇന്നത്തെ വിശാലമായ റോഡുകളും കാളവണ്ടി യാത്രയ്ക്കു് മാത്രമായി സൗകര്യപ്പെടുത്തിയിട്ടുള്ള വീതികുറഞ്ഞതും കുണ്ടും കുഴിയും നിറഞ്ഞതും ആയിരുന്നു.

സൗകര്യങ്ങളിലെ വർദ്ധനവിനെപ്പറ്റി ആലോചിക്കുമ്പോൾ നമുക്കു് നഷ്ടമായതും മൻകാലത്തു് നിലവിലുണ്ടായിരുന്നതുമായ ചില സൗകര്യങ്ങളെപ്പറ്റിയും ചിന്തിക്കേണ്ടിയിരിക്കുന്നു. ആഴ്ചയിൽ 3 ദിവസം നമ്മുടെ കാർഷികവിഭവങ്ങളും കയറ്റിക്കൊണ്ടുപോകുന്നതിനും നമുക്കാവശ്യമായ വിഭവങ്ങളും എത്തിയ്ക്കുന്നതിനും പട്ടകടവിൽനിന്നും കെട്ടുവള്ളങ്ങളും കെല്ലുത്തേക്കു് പൊയ്ക്കൊണ്ടിരുന്നു. പകരം റോഡുഗതാഗതം കൂടുതൽ മെച്ചമായപ്പോഴും നാം അവയ്ക്കു് പ്രാധാന്യം നൽകിയില്ല ഇത്രമാത്രം സൗകര്യപ്രദമല്ലെങ്കിലും അവയ്ക്കാവശ്യമായ പ്രാധാന്യം നാം നൽകിയിരുന്നെങ്കിൽ ഇന്ധന ക്ഷാമം നേരുടുന്നതിൽ ഒരു അത്താണിയാകുമായിരുന്നു അവ. നിലവിലുള്ള റോഡുകളുടെ വാഹക ശേഷിയിലധികം വാഹന വർദ്ധനവ് ഒരു ഭീഷണിയായിരിക്കേ ജലഗതാഗതമാർഗ്ഗം നമുക്കു് സഹായകമാകുമായിരുന്നു.

റോഡുകൾ

റോഡുകളും വികസനത്തിന്റെ ലക്ഷണമായി കണക്കാക്കിയാൽ ഇന്നു് നാം വളരെ മുമ്പോട്ടുപോയികഴിഞ്ഞിരിക്കുന്നു. ഇനിയും ആവശ്യങ്ങളും ധാരാളം ഉയർന്നുവരുമെങ്കിലും കഴിഞ്ഞ ദശകങ്ങളിൽ നമ്മുടെ കാർഷിക അഭിവൃദ്ധിയെപ്പറ്റിയോ ഭൂജല പാരിസ്ഥിതിക പ്രശ്നങ്ങളേപ്പറ്റിയോ ചിന്തിക്കാതെ നാം റോഡുകൾക്കു് പ്രാധാന്യം നൽകി പാടങ്ങൾക്കു് കുറുകേയും തോടുകളും അടച്ചും കുളങ്ങളും നികത്തിയും നാം റോഡുകളും നിർമ്മിച്ചു പഞ്ചായത്തു വികസനത്തിനു് അനുവദിയ്ക്കുന്ന തുകയുടെ ഏതാണ്ടു് മുഴുവൻ ഭാഗവും റോഡുകളും കലുങ്കുകളും പണിയാനായിനീക്കി വച്ചു. ഈ അവസ്ഥയിലും ഗ്രാമസഭകളിൽ സജീവമായി ചർച്ച ചെയ്യപ്പെട്ട വിഷയം റോഡുകളുടെ അപര്യാപ്തതയായിരുന്നു.

A. പൊതുരാമത്തു് വകുപ്പിന്റെ കീഴിൽ ഉള്ള റോഡുകളും താഴെപ്പറയുന്നവയാണു്.

1 ആഞ്ഞിലിമൂട്-തോപ്പിൽമുക്കു് 3 ½ KM
2 തേപ്പിൽമുക്കു്-പെരുമ്പള്ളിൽമുക്കു് 2 KM
3 പെരുമ്പള്ളിൽമുക്കു്-പുത്തൻചന്ത 3 KM
4 കുറിശടി-കല്ലുകടവു് 3 ½ KM
5 കല്ലുകടവു്-ആഞ്ഞിലിമൂട് 5 KM
6 കുറിയിൽമുക്കു്-കാഞ്ഞിരംവിളയിൽ മുക്കു് 4 KM
7 പള്ളിമുക്കു്-കാളകുത്തുംപൊയ്കമുക്കു് 2 KM
8 കാരുർകടവു്-പ്ലാമൂട്ടിൽചന്ത 5 KM

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളും സംബന്ധിച്ച് ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെട്ട അഭിപ്രായങ്ങൾ താഴെ പറയുന്നു.

1. യഥാസമയം അറ്റകുറ്റപ്പണികളും നടത്താത്തതിനാൽ കുണ്ടും കുഴിയും നിറഞ്ഞിരിക്കുന്നു.
2. റോഡരികിലെ മണ്ണ് ഒലിച്ചുപോകുന്നതിനാൽ താഴ്ന്ന ഭാഗം ഉയർന്ന നിലയ്ക്കുകയും അരികിലുള്ള ഭാഗം സഞ്ചാരയോഗ്യമല്ലാതാകുന്നു. ഓടകളുടെ അപര്യാപ്തതയാണ് ഈ പ്രശ്നത്തിനു കാരണം. ഇരുചക്രവാഹനങ്ങളും കാൽനടക്കാരുമാണ് ഇതുമൂലം വിഷമിയ്ക്കുന്നത്. വഴിവിളക്കുകളും കാണാത്ത ഇടങ്ങളിൽ പ്രത്യേകിച്ചും.
3. റോഡുമുറിച്ചു കുപ്പെപ്പ് കണക്ഷൻ എടുക്കുന്നവർ റോഡ് റിപ്പയർ ചെയ്യുന്നതിനു പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടുന്ന തുക നൽകിയെങ്കിൽ മാത്രമേ അനുമതി ലഭിക്കുകയുള്ളൂ. എന്നാൽ അവർ സമയത്തിനു റോഡ് റിപ്പയർ ചെയ്യുന്നില്ല. പൊതുവായി വരുന്ന മറ്റു പണികളുടെ കൂടെ മാത്രമേ ചെയ്യാറുള്ളൂ ഇതും ചെറുചക്ര വാഹനങ്ങളേയും സൈക്കിൾ-കാൽനട യാത്രക്കാരേയും വിഷമിപ്പിക്കുന്നു.

B. പഞ്ചായത്ത് ഭരണസമിതിയുടെ റോഡുകളും സംബന്ധിച്ചുള്ള വിവരങ്ങളും

പഞ്ചായത്തുറോഡുകൾ എണ്ണം

വാർഡ്	ടാർ ഇട്ടത്	ടാർ ഇടാത്തത്
1	1	21
2	1	22
3		15
4	1	8
5		10
6	1	21
7		12
8		17
9	1	8
10		19
11	2	15
12		14
13		8

ടാർറോഡ്-	6598	മീ. നീളം	6	എണ്ണം
മെറ്റൽ റോഡ്-	2545	,,	3	,,
മൺറോഡ്-	840	,,	6	,,
ഗ്രാവൽ-	116751	,,	187	,,
ആകെ	126734		197	

ഗ്രാമസഭകളിൽ ഉയർന്നുവന്ന ആവശ്യങ്ങൾ

റോഡുകളുടെ അറ്റകുറ്റപണികളും ചെയ്യുക, ടാർചെയ്യുക, പുതിയ റോഡുകളും നിർമ്മിക്കുക എന്നിങ്ങനെയാണ്.

വാർഡ്	ടാർചെയ്യുന്നതിനു		അറ്റകുറ്റപണി ചെയ്യുവാൻ		പുതിയവ	
	എണ്ണം	നീളം K. M	എണ്ണം	നീളം K. M	എണ്ണം	നീളം K. M
1	5	7	6	4.5	6	3.5
2						
3			5	4	3	2.5
4	1	2	3	2		
5	2	1.5	10	6	1	1
6	6		13		4	
7	3	2.5	5	5	3	2
8	6		4		3	
9	2		7		1	
10	1		4			
11						
12	3		15		1	
13	2		8			

ഓടയില്ലാത്തതുമൂലം റോഡ് വെള്ളത്തൊഴുകി ഗതാഗതയോഗ്യ മല്ലാതെയായതാണ് മുഖ്യ പ്രശ്നം സൈഡ്വാൾ ഇല്ലാത്തതുമൂലമുള്ള പ്രശ്നവും ധാരാളം കയ്യേറ്റം മൂലം നാമവിശേഷം ആയിക്കൊണ്ടിരിക്കുന്നവ, മണ്ണെടുത്ത് മാറുന്നത് മൂലം റോഡ് ഇല്ലാതെ ആകുന്നവ, ഇങ്ങനെ ഉദാഹരണങ്ങളും ധാരാളം റോഡ് തന്നെ ഇടിച്ച് മാറ്റി മണ്ണെടുത്തുകൊണ്ട് പോയവരെ നിയമപരമായി ശിക്ഷിക്കണം എന്ന് ആവശ്യം ഉയർന്നിട്ടുണ്ട്. 7-ാം വാർഡിൽ മേമനതെക്ക് വശത്ത് നിന്നും ഞാറക്കാട് മഹത്തേക്ക് വരുന്ന റോഡും 9-ാം വാർഡിൽ ഇലവിനാൽ തെക്കതിൽ പടിഞ്ഞാറുവശം വാലുത്തറ ലക്ഷംവീട് കോളനിയ്ക്ക് തെക്കുവശം ഉള്ളറോഡും ഇതിന് ഉദാഹരണം. റോഡ് നിയമങ്ങളും പാലിക്കാതെ റോഡരുകിൽ കെട്ടിടങ്ങളും നിർമ്മിക്കുന്നതും ഗ്രാമസഭകളിൽ ചർച്ചചെയ്യപ്പെട്ട പ്രശ്നം ആണ്.

ഗ്രാമസഭകളിൽ ചർച്ചചെയ്യപ്പെട്ട റോഡുകളുടെ ആവശ്യം സംബന്ധിച്ച് വിശദമായ പട്ടിക താഴെ കൊടുക്കുന്നു.

ഗ്രാമസഭകളിൽ റോഡുകൾ സംബന്ധിച്ച് ഉയർന്ന ആവശ്യങ്ങൾ

വാർഡ് നമ്പർ - 1

ടാർ ചെയ്യേണ്ടവ, റിടാർ ചെയ്യേണ്ടവ	അറകുറ പണി ചെയ്യേണ്ടവ	പുതിയ റോഡുകൾ	പ്രധാന പ്രശ്നം
1 പാലക്കോട്ട് മുക്ക്–കിഴക്കോട്ട് 2-ാം വാർഡിലേക്ക്.	1 വേളക്കൊമ്പിൽചിറ–വയൽ വഴി–കളീയ്ക്കൽ ക്ഷേത്രം	3 കാഞ്ഞിക്കൽ താഴെ ഏലാത്രിവേണികിഴക്ക്–തെക്കോട്ട് വേളക്കൊമ്പിൽ ജം. വരെ	ഓട കൊടുക്കണം
2 മുസ്ലീംപള്ളിക്കു പടിഞ്ഞാറു–വടക്കോട്ടുള്ള റോഡ്	2 വല്യത്തയ്യത്തു ജംഗ്ഷൻ–വടക്കോട്ട് ഏലായിലേക്ക്		കയ്യേറ്റംഒഴിവാക്കണം
3 കളീയ്ക്കൽ വടക്ക്–നാറാണച്ചം വീട്–കണ്ണംകര വടക്ക്	1 പാലത്തുണ്ടിൽ മുക്ക് തെക്കോട്ട്–മുടിയിൽ തറ കിഴക്ക് കൂടി വയലിലേക്ക്	4 തറയിൽപീടികമുക്ക്–പടിഞ്ഞാറോട്ട്പെരുമ്പള്ളി–വേളക്കൊമ്പിൽ തെക്കേമൂല	കയറ്റം കുറക്കണം
4 കാരുർകടവ് പാലത്തിനു ഇരുവശം സൈഡ്റോഡ്	2 കോറിച്ചിനേഴത്തു മുക്ക്–മുടിത്തറകളം		
	3 കണ്ണംകര വടക്ക് ജംഗ്ഷൻ–മൂക്കന്നെവിള കിഴക്ക് കൂടി	5 നാറാണച്ചംവീട്ടിൽ ക്ഷേത്രത്തിനു പടിഞ്ഞാറു താമസിക്കുന്നവർക്കു റോഡിൽ വരുവാൻ	കയ്യേറ്റം ഒഴിവാക്കണം
	4 ട്രാൻസ്ഫോർമർജംഗ്ഷനിൽ നിന്നു വടക്കോട്ട്–പള്ളിക്കൽ ആറ്റിൽ		
	5 പോസ്റ്റാഫീസ് ജംഗ്ഷൻ–പാട്ടപുരക്കൽ ക്ഷേത്രം		സ്ഥലം ന്യായവിലയ്ക്ക് ലഭ്യമാണ്
	6 കളീയ്ക്കൽ വടക്ക് ജംഗ്ഷനിൽനിന്നു–തെക്കടത്തുപടീറ്റതിൽ കിഴക്കുവശം വരെ	6 കുഴിവേലി-ജംഗ്ഷനിൽ നിന്നു കായൽ വരെ	
	7 കടമ്പാട്ടുകിഴക്ക് കടമ്പാട്ടുകളം റോഡ്		

വാർഡ് നമ്പർ - 2

1 തറമേൽമുക്കു മുതൽ പടിഞ്ഞാറോട്ട് ആനക്കാരൻറയ്യത്തുമുക്കു വഴി വടക്കോട്ട് മരങ്ങാട്ടയ്യത്തുമുക്കു വരെ. (5 കി. മീ.)

2 താന്നിക്കൽമുക്ക് മുതൽ വടക്കോട്ട് മങ്ങാനത്തു വടക്കേമുക്കു ($1\frac{1}{2}$ കി. മീ.)

3 താന്നിക്കൽമുക്കിൽ നിന്നും തെക്കോട്ട് തോക്കത്തുമുക്ക് വഴി പാടം വരെ. ($1\frac{1}{2}$ കി. മീ.)

4 വരിക്കോലയ്യത്തുമുക്ക് മുതൽ പടിഞ്ഞാറോട്ട് വാഴത്തറമുക്കു വരെ. ($1\frac{1}{2}$ കി. മീ.)

5 നൂറാട്ടയ്യത്തുമുക്കു മുതൽ തെക്കോട്ട് വയൽ വരെ. (1 കി. മീ.)

6 നൂറാട്ടയ്യത്തുമുക്ക് മുതൽ വടക്കോട്ട് മാവോലിൽമുക്ക് വരെ.

വാർഡ് നമ്പർ 2 ടാർ ചെയ്യേണ്ടവ റിടാർചെയ്യേണ്ടവ	അറകുറപണി ചെയ്യേണ്ടവ	പുതിയ റോഡുകൾ	പ്രധാന പ്രശ്നം
7 പൊയ്കയിൽമുക്ക് മുതൽ പടിഞ്ഞാറോട്ട് ആശാരിപറമ്പിൽ മുക്ക് വരെ. (1 കി. മീ.) 8 മുട്ടത്തു് ഹരിജൻ കോളനിമുതൽ കിഴക്കോട്ട് കോട്ടരേത്തു് മുക്ക് വരെ. (1 കി. മീ.) 9 പ്ലാമൂട്ടിൽചന്തയിൽ നിന്നും തെക്കോട്ട് പാടംവരെ. (1 കി. മീ.) 10 തൈയ്ക്കാവു് മുക്കിൽ നിന്നും തെക്കോട്ട് കോട്ടപ്പുറം മുക്ക് വഴി പാടത്തേക്ക് ($1\frac{1}{2}$ കി. മീ.) 11 ലക്കി ജംഗ്ഷൻ മുതൽകോട്ടപ്പുറം മുക്ക് വരെ (1 കി. മീ.) 12 വിഷ്ണു തിയേറ്റർ ജംഗ്ഷൻമുതൽ തെക്കോട്ട് കോട്ടൂരയ്ത്തു് മുക്ക് വരെ. (1 കി. മീ.) 13 കോട്ടൂരയ്ത്തു് മുക്ക് മുതൽ പുത്തൻവീട്ടിൽ പാടം വരെ. (1 കി. മീ.)			
വാർഡ് നമ്പർ-3			
	1 I.C.S. ജം. നിന്നു് വടക്കോട്ട് മൂന്നാം വാർഡിലെ കാരൂർ മുക്ക് വഴി പള്ളിശ്ശേരിക്കലേക്കുള്ള റോഡ് വീതി കൂട്ടണം. 2 I C S ജം.–കണിയാൻതടം വഴി-ഉദയാ ജംഗ്ഷൻ-റോഡ്-മരങ്ങാം തടസ്സം–നിരപ്പല്ല 3 മുകളംപുറത്തുനിന്നു് കനാലിനു് കരയ്ക്കുള്ള റോഡ്-മൈനാഗപ്പള്ളിയിലേക്ക് 4 M S H S നു് പടിഞ്ഞാറു്-കനാൽറോഡിലേക്ക് ബന്ധിപ്പിക്കണം 5 പബ്ലിക്മാർക്കറിനു് വടക്കുവേശം തെങ്ങുംതറമുക്ക് വഴിയുള്ള റോഡ്	1 പബ്ലിക് മാർക്കറിനു് പടിഞ്ഞാറ്നിന്നു് വടക്കോട്ട് ഉള്ള റോഡ്പ്ലാമൂട്ടിൽ ചന്തവരെ നീട്ടണം 2 പള്ളിമുക്കിനു് വടക്കുവശം–കുമ്പളത്തു് വടക്കുകൂടി–കാരിക്കാട് പാടം–പൂരൽക്കാടിനു് അടുത്തുവരെ 3 E S I പുരയിടത്തിനു് വടക്കുവശമുള്ളവർക്ക് വഴിവേണം	വയൽ നികത്തേണ്ടിവരും കെ. ഐ. പി. വക സൈഡ്വാൾ കെട്ടണം

വാർഡ് നമ്പർ - 4

ടാർ ചെയ്യേണ്ടവ, റിടാർ ചെയ്യേണ്ടവ	അറ്റകുറ്റ പണി ചെയ്യേണ്ടവ	പുതിയ റോഡുകൾ	പ്രധാന പ്രശ്നം
1 നെല്ലിക്കന്നേത്ത് മുക്ക്- റെയിൽ വെസ്റ്റേഷൻ റോഡ് റീടാർചെയ്യണം	1 VVM LPS പൈപ്പ് റോഡ് വഴി 2 കുറ്റിയിൽമുക്ക് മൂത്തോട്ടിൽ മുക്ക് വരെയുള്ള റോഡ് 3 തൈക്കാവ് വടക്കത്തിൽ ജംഗ്ഷൻ ചിറയ്ക്കമേൽ പാടം വരെ		കലിങ്ക് പൂത്തിയായി അപ്രോച്ച് റോഡ് ഇല്ല ഓടകെട്ടി ഗതാഗത യോഗ്യമാക്കണം

വാർഡ് നമ്പർ - 5

1 ആനയടി മുക്ക് കണ്ണാത്ത് മുക്ക് റോഡ് 2 പൊട്ടക്കണ്ണൻ മുക്ക് കരയോഗം റോഡ്	1 കരാൽ ജംഗ്ഷൻ കേശവനാശാരി മുക്ക് റോഡ് നീട്ടി പുല്ലംപറമ്പിൽ എത്തിക്കണം 2 പുല്ലൻപറമ്പ് നിന്നും തെക്കോട്ട് വിലുകളങ്ങര വരെയുള്ള റോഡ് 3 മാവിനേഴത്ത്മുക്ക് തോപ്പിൽ മുക്ക് റോഡ് ഗതാഗതയോഗ്യമാക്കണം 4 നെടുംകുളങ്ങര കാരാളിമുക്ക് റോഡ് ഒലിച്ചുപോയത് ശരിയാക്കണം 5 തറമേൽമുക്കിൽ നിന്നും കിഴക്കോട്ട് അര കി. മീ. റോഡ് 6 നെടുംകുളം-മയിലാടുംകുന്ന റോഡ് 7 റെയിൽവെസ്റ്റേഷൻ-തെക്കോട്ടവിളവീട്ടിൽ മുക്ക റോഡ് 8 പി. എച്ച്. സെൻററിലേക്കുള്ളവഴി (പൈപ്പ് റോഡ്) 9 റെയിൽവെസ്റ്റേഷൻ-കാരാളിമുക്ക് റോഡ് (ടാർചെയ്യണം)	1 മാമ്പഴമുക്ക് റെയിൽവെ സ്റ്റേഷൻറോഡ്	ഓവർബ്രിഡ്ജ് വേണം ഓട നിർമ്മിക്കണം റെയിൽവെയുടെ അനുമതി ആവശ്യം

വാർഡ് നമ്പർ - 6

1 പഞ്ചായത്ത് മുക്ക് ജഗജീവൻറാം കോളനി റോഡ്, ഉദയാജംഗ്ഷൻറോഡ് 2 പാലമുക്ക് പഞ്ചായത്ത്മുക്ക് റോഡ് (കുമ്പളയിൽ കോളനിയിലേക്ക്) 3 കുമ്പളയിൽ കോളനിയിലേക്കുള്ള വഴി 4 കുറ്റിയിൽമുക്ക് കരാൽറോഡ് (റീടാർ)	1 പാണ്ടിച്ചേരിമുക്ക്-ബാങ്ക്മുക്ക് റോഡ് (പള്ളിയുടെപടിഞ്ഞാറ്) 2 പള്ളിക്കുകിഴക്ക്-കുഴിവിളമുക്കുവരെവീതികൂട്ടണം 3 പബ്ലിക്മാർക്കറ്റ്-വേങ്ങ എൽ പി എസ് റോഡ് സൈഡ്വാഴകെട്ടിമണ്ണിടണം 4 കുമ്പളയിൽമുക്ക്-താനത്തുംകുളം റോഡ് 5 കരാൽമുക്കിനു തെക്കോട്ടും-പടിഞ്ഞാറോട്ടും പാങ്ങയിൽ ചരുവിളവടക്കുവശത്തേക്കുള്ളവഴി 6 വേങ്ങ മാസൻറെവീടിനുകിഴക്കുമുതൽ പഴവണ്ണൂർവീടുവരെ	1 വേങ്ങ കണ്ടനോട്ട്ഭാഗത്തു നിന്നും വയലിൽകൂടി കുമ്പളയിൽ കോളനിലേക്ക് വഴി 2 താനത്തുമുക്കിൽനിന്നും 10-ാം വാർഡിലേക്ക് വയലിൽകൂടി	സൈഡ് വാഴം കെട്ടണം വയൽ നികത്തണം

വാർഡ് നമ്പർ 6

ടാർ ചെയ്യേണ്ടവ റിടാർചെയ്യേണ്ടവ	അറകുറപണി ചെയ്യേണ്ടവ	പുതിയ റോഡുകൾ	പ്രധാന പ്രശ്നം
5 പാണ്ടിച്ചേരിമുക്ക് ബാങ്കുമുക്ക് റോഡ്	7 കരുമ്പോലിൽവടക്കവേശംനിന്ന്-കല്ലിംഗൽ വരെ യുള്ള	3 മാവേലിഭാഗത്ത് ടി.പി. കുട്ടന്റെ വീടിനു തെക്ക് കൂടി റെയിൽവേ ലൈനിന് വടക്കുകൂടി കുഴിവിള മുക്കുവരെ	വാട്ടർ അതോറിറ്റി യുടെ അനുമതി ആവശ്യം
6 പൈപ്പ്റോഡിന്റെ മധ്യഭാഗം ടാർ ചെയ്തു ഗതാഗതയോഗ്യമാക്കണം	8 കോടമ്പള്ളിൽ കിഴക്കുനിന്നു കിഴക്കോട്ട് ഊറ്റുപ്പള്ളി കുളംവരെ		
	9 ഖായി ജംഗ്ഷനു കിഴക്കോട്ടുള്ളവഴി		
	10 പള്ളിയാടി കിഴക്കുവശം മുതൽ ഏലായിലേക്കു്		
	11 വെട്ടിക്കോട്ട് അമ്പലഗ്രൗണ്ടിൽനിന്നും റെയിൽവെ ലൈനിലേക്കുള്ളവഴി	4 കമ്പളയിൽമുക്ക് കരാൽമുക്കുവരെ	
	12 കുഴിവിളമുക്ക്-തയ്യിൽ-മുല്ലശ്ശേരിമുക്കുവരെ		
	13 വിളയിലയ്ത്തുമുക്കിൽ നിന്നും-കരിപ്പോട്ട കിഴക്കുഭാഗം കൂടി ഏലായിലേക്കുള്ളവഴി		

വാർഡ് നമ്പർ-7

1 അഞ്ചുതുണ്ടിൽമുക്ക് ചിത്തിരവിലാസം റോഡ്	1 സഹകരണബാങ്കിനുതെക്ക് റെയിൽഗേറ്റിൽ നിന്നും ജയശ്രീ ഇൻഡസ്ട്രീസ്വരെയും കുറ്റിപ്പുറം ഭാഗത്തേക്കുള്ള റോഡ്	1 കമ്പക്കാട്ടുകുളത്തിനു പടിഞ്ഞാറ്വശം വരെയുള്ളറോഡ് 2-ാംവാർഡുമായി ബന്ധിപ്പിക്കണം	കയ്യേറ്റമുള്ള പ്രശ്നം
2 പുത്തൻചന്തയിൽ നിന്നു് വടക്കോട്ട്-കരുമ്പേലിൽ വീടിനടുത്തുകൂടികിഴക്കോട്ട് കമ്പുക്കാട്ട് തെക്കവേശം വഴി KGM !TCക്ക് കിഴക്കുകൂടി തുഷാരപ്രിന്റേഴ്സിനു പടിഞ്ഞാറ് മെയിൻറോഡിൽ ചേരുന്നവഴി	2 പുത്തൻചന്ത- അക്ഷരപ്രിൻറേഴ്സ് - കനാൽ ചുറ്റി കമ്പുക്കാട്ടതെക്കേറോഡിൽചേരുന്നവഴി വീതി കൂട്ടണം.	2 മൈനാഗപ്പള്ളി സോമ വിലാസംചന്ത റോഡ്	വയൽ നികത്തണം
3 പുത്തൻചന്ത, PH സെന്ററർറോഡ് റിടാർ ചെയ്യണം (PWD റോഡ്)	3 പുത്തൻചന്ത കെ. ജി. എം. ITC റോഡിനു വടക്ക് ചായക്കാരന്റെയ്ത്തു് കിഴക്ക്വശത്തിനു് കിഴക്കോട്ട് പള്ളിമുക്ക് നാലഴി റോഡിൽ പുത്തൂർ വീടിനു വടക്കുവശം വീതി കൂട്ടണം. ചേരുന്ന റോഡ്	3 വെട്ടിക്കോട്ട് അമ്പലത്തിനു തെക്കുകൂടി ജയശ്രീ ഇൻഡസ്ട്രീസിനു് വടക്കുവശത്തുകൂടിയുള്ള വഴി മണ്ണൂർ കാവ് വരെഎത്തിക്കണം	മണ്ണു മാറിയവർക്കെതിരെ നിയമ നടപടി വേണം
	4 മേവന തെക്കുവശം-ഞാറക്കാട്ടിൽ ഭാഗം റോഡ്-ഇടിച്ച് മണ്ണ് മാറിയ നടപടി തിരുത്തി റോഡ് ഗതാഗതയോഗ്യമാക്കണം		
	5 തൈക്കാവ് ജംഗ്ഷൻ കിഴക്കോട്ട് 7-ാം വാർഡിന്റെ പടിഞ്ഞാറുഭാഗത്തുകൂടി 2-ാം വാർഡുമായി ബന്ധിപ്പിക്കുന്ന വഴി		
	6 മിനിസ്റ്റേഡിയം-കുറ്റിപ്പുറം വരെയുള്ള റോഡ്		
	7 കുറ്റിപ്പുറത്ത് പഞ്ചാ: കിണർ നിന്നും പടിഞ്ഞാറോട്ടുള്ള വഴി		

വാർഡ് നമ്പർ - 8

ടാർ ചെയ്യേണ്ടവ, റിടാർ ചെയ്യേണ്ടവ	അറകുററ പണി ചെയ്യേണ്ടവ	പുതിയ റോഡുകൾ	പ്രധാന പ്രശ്നം
1 ആശാരിമുക്ക്– ചക്കിട്ട സ്കൂൾറോഡ്			
2 അഞ്ചുതുണ്ടിൽമുക്ക്–ചിത്തിര വിലാസം റോഡ്		1 ചക്കിട്ടക്കുളം അംബേദ്കർ കോളനി	കയ്യേറ്റം
3 ആശാരിമുക്ക്– ചക്കിട്ടകുളം റോഡ്	1 ആശാരിമുക്ക്–തൈക്കാവ്റോഡ്	2 ചക്കിട്ടക്കുളം വേളക്കൊമ്പിചിറവരെ	
4 വലിയവിള മുക്ക്– മണ്ണൂർകാവ് റോഡ്	2 തെക്കട്ടുത്തു മുക്ക്– മൈനാഗപ്പള്ളിപാടം		
5 ഒടക്കാട്ടയ്ത്ത്മുക്ക് ചിറാട്ടവടക്ക് വശം കളീക്കക്ഷേത്രം –ചക്കിട്ടസ്കൂൾ	3 കാട്ടുവിള മുക്ക്– മൂർത്തിവിള റോഡ്		
6 തറയിൽമുക്ക് കീവിപ്ലേജ് മുക്ക് റോഡ്	4 ഒടക്കാട്ടയ്ത്ത്മുക്ക്–കളീയ്ക്കൽക്ഷേത്രം	3 കളീയ്ക്കകുളം വേളക്കൊമ്പിൽചിറവരെ	വയൽ നികത്തണം

വാർഡ് നമ്പർ - 9

	1 കല്ലുകടവ് ജ:-കടവിലേക്കുള്ള വഴി		ഓട കെട്ടി പൂത്തിയാക്കണം
1 **SEV UPS** കല്ലുകാരുകുററിറോഡ്	2 ആശാരി മുക്കിൽനിന്നും വടക്കോട്ട്– റെയിൻ കറുകെ	1 പൈക്കരകുററി പെരുമൺ കടവ് റോഡ് നിർമ്മിക്കണം	
2 **AVS** ജംഗ്ഷനിൽ നിന്നും പടിഞ്ഞാറോട്ടുള്ള റോഡ്	3 കല്ലുകാരുകുററി– മണ്ണൂർക്കാവ് ക്ഷേത്രത്തിനു പടിഞ്ഞാറു		റെയിൽവേയുടെ പരിധിയിൽപ്പെടുന്നു.
	4 ഉപരികുന്നത്തു–കിഴക്കേപ്പുറം റോഡ്		
3 കല്ലുകടവിൽ നിന്നും വടക്കോട്ട് തുപ്പായിവിളപ്പുറം വരെ	5 ലക്ഷം വീട്–പണിക്കർവീട്ടിൽ കളം റോഡ് ഓട കൊടുക്കണം		കലുങ്ക് സ്ലാബ് ഇടണം
	6 പൊയ്കകുററി–സൊസൈററി മുക്ക് റോഡ്		റെയിൽവേയുടെ പരിധിയിൽ
	7 കല്ലുകടവ്– തുപ്പായിക്കളം റോഡിൽ പ്രൈ ഓവർ നിർമ്മിച്ച് ഗതാഗത സൗകര്യം ഉണ്ടാക്കണം		

വാർഡ് നമ്പർ -10

	1 ആശുപത്രിമുക്കിനു പടിഞ്ഞാറു ചാത്തന്റെയുത്തു് വീടിനു മുമ്പിലുള്ള റോഡ്		
	2 ആശുപത്രിമുക്കിനു കിഴക്കുവശത്തുള്ള റോഡ് സൈഡ് വാം കെട്ടുക		
1 കരിശ്ശടി മുതൽ തുരുപ്പേൽ ജംഗ്ഷൻ വരെ റോഡ്	3 പാലവിളമുക്ക് വടക്ക് വശത്തുനിന്നും പടിഞ്ഞാറ് മുണ്ടകപ്പാടം വരെ തുടർന്ന് മീനത്തേരി വിള വരെ		
	4 തൈവിള മുക്കിൽ നിന്നും കിഴക്ക് ആറുപുറം ജംഗ്ഷൻ വരെ സി. എസ്. ഐ ചർച്ചിനു വടക്കു കൂടി		
	5 തോട്ടമുഖം പാലത്തിന്റെ വശങ്ങളിൽ റോഡു വീതികൂട്ടി സൈഡ് വാം കെട്ടി സൂക്ഷിക്കുക		

വാർഡ് നമ്പർ-12 ടാർ ചെയ്യേണ്ടവ റീടാർചെയ്യേണ്ടവ	അറ്റകുറ്റപണി ചെയ്യേണ്ടവ	പുതിയ റോഡുകൾ	പ്രധാന പ്രശ്നം
1 തേവലക്കര പാറപ്പുറംമുക്ക് ആശാരിമുക്ക്- ഇമ്മാനുവൽ പള്ളി കാട്ടുവിള മുക്ക് റോഡ് ടാർ ചെയ്യണം 2 ചെറുകടമുക്ക് കോവൂർ കോളനിറോഡ് 3 തോപ്പിൽമുക്കിൽ നിന്നും പെരുമ്പള്ളിമുക്ക് വരെയുള്ള റോഡ് റീടാർ ചെയ്യണം	1 തോപ്പിൽമുക്ക്- പെരുമ്പള്ളിമുക്ക് വരെയുള്ള റോഡിൽ ഡ്രൈയ്നേജ് സൗകര്യം ഉണ്ടാകണം 2 ഗേറ്റംസ് ഹൈസ്കൂളിൽ നിന്നുള്ള റോഡ് കോളനി വരെ നീട്ടണം 3 മുണ്ടോട്ടിൽ കോളനി പി. എച്ച്. സെൻറർ റോഡ് വാഹനം ഓടുന്ന അവസ്ഥയിൽ ആക്കണം 4 ആലുവിള മുക്കിൽനിന്നും പടിഞ്ഞാറോട്ട് താന്നിക്കതെക്കതിൽ മുക്കുവഴി പാടം വരെ റോഡ് 5 ഊപ്പൻചിറയിൽ ഒരു ടെയ്നേജ് സൗകര്യം 6 തോപ്പിൽ ജംഗ്ഷൻ കോളനി വഴിയുള്ള റോഡ് 7 കോളനി- കാവൽ പുര മുക്ക് 8 വലിയവീട്ടിൽ മുക്കിൽനിന്നും തെക്കോട്ടുള്ള 9 വലിയവീട്ടിൽ കിഴക്കോട്ടുള്ള റോഡ് ചെറ്റക്കട മുക്കുവരെ 10 പാറപ്പുറം മുക്കിൽനിന്നും ആശാരിമുക്കുലേക്കും കൊച്ചുതറ മുക്കിലേക്കും കാട്ടുവിള മുക്കിലേക്കും ഉള്ള റോഡ് 11 ഗേറ്റംസ് എച്ച്. എസ് തെങ്ങുംവിള ജംഗ്ഷൻ റോഡ് 12 കുറിയിൽ മുക്ക് പൈപ്പ് മുക്ക് റോഡ്	1 കോളനിയിൽനിന്ന് മെയിൻറോഡിലെത്താൻ റോഡ്	മണ്ണെടുപ്പ് നിരോധിക്കണം
വാർഡ് നമ്പർ-13 1 കുറിയിൽ മുക്ക് മുതൽ പൈപ്പ്ലൈൻ വരെയുള്ള റോഡ് 2 ചെറുകടമുക്ക് കോവൂർ കോളനി റെയിൽവേസ്റ്റേഷൻ റോഡ്	1 പേരൂർമുക്ക് താന്നിക്കൽ മുക്ക്വരെയുള്ള കോളനി റോഡ് 2 വിളവീട്ടിൽ മുക്ക് റെയിൽവേ സ്റ്റേഷൻ റോഡിലേക്ക് ഉരുവാളൂർ കോളനിയിൽ നിന്നും വീട്ടുണ്ടാക്കണം 3 തോപ്പിൽമുക്ക് റെയിൽവേസ്റ്റേഷൻ. റോഡ് 4 കാരാളിമുക്ക് റെയിൽവേ സ്റ്റേഷൻ റോഡ് 5 കൊച്ചുവാഴയിൽ മുക്കുമുതൽ പാടം വരെയുള്ള റോഡ് 6 കഞ്ഞുപ്പള്ളി കിഴക്കുവശം മുതൽ മുക്കോടി വടക്കതിൽ വെരെ	1 തെന്നൂർമുക്ക് മുതൽ മഞ്ഞപ്പള്ളിമുക്കുവരെ 2 തെന്നൂർമുക്ക് മുതൽ ഏലായിലേക്ക്	മണ്ണെടുപ്പ് നിരോധിക്കണം സൈഡ് വാം കെട്ടണം

വാർഡ് നമ്പർ 13 ടാർ ചെയ്യേണ്ടവ, റീടാർ ചെയ്യേണ്ടവ	അറ്റകുറ്റ പണി ചെയ്യേണ്ടവ	പുതിയ റോഡുകൾ	പ്രധാന പ്രശ്നം
	7 തോപ്പിൽ മുക്ക് കുറ്റിയിൽ മുക്ക് ഇമ്മാനുവൽ പള്ളി പൈപ്പ് റോഡ് 8 പടനിലത്തുമുക്ക് മുതൽ ഏലായിലേക്കുള്ള റോഡ് റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുക		
വാർഡ് നമ്പർ 2 തുടർച്ച			
1 വരിക്കോലയ്ത്ത് ജംഗ്ഷൻ മുതൽ കിഴക്കേട്ട് മുട്ടത്ത് ഹരിജൻ കോളനി വരെയുള്ള റോഡ്	1 പെരുമാട്ടുമുക്ക് മുതൽ വെട്ടിക്കാട്ട് ഏലായിൽ വഴി റെയിൽവേ സ്റ്റേഷൻ വരെ റോഡ് 1 പ്ലാമൂട്ടിൽ ചന്ത തൈക്കാവ് ജം: മുതൽ തൈക്കോട്ട കോട്ടിലേത്തു ജംഗ്ഷൻ വരെയുള്ള റോഡ് 2 പ്ലാമൂട്ടിൽ ചന്ത മുതൽ തെക്കോട്ട് ഏലാ വരെ		
വാർഡ് നമ്പർ - 11			
2 പാലവിള മുക്ക് മുതൽ തെക്കോട്ട് മലക്കരപ്പടം വരെയുള്ള റോഡ്	1 കൊല്ലന്റെ മുക്കുമുതൽ (തടി മില്ലിനു വടക്ക് വശം) വടക്കോട്ട് കരാൽ മേൽ മുക്കുവരെ		

കോളനികളിലേക്കുള്ള വഴികളുടെ അഭാവവും പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ നിന്നും പൊതുജനാരോഗ്യ കേന്ദ്രത്തിലേക്കുള്ള വാഹനങ്ങളുടെ അഭാവവും ചർച്ചാവിഷയമായി. റെയിൽ പാതയ്ക്ക് കുറുകെ ഓവർ ബ്രിഡ്ജ് പണിയുക 5, 13 വാർഡുകളിലായി ഉള്ള റെയിൽറോഡുകളും കാരാളിമുക്കിലേക്ക് ഗതാഗത യോഗ്യമാക്കുക തുടങ്ങിയ ആവശ്യങ്ങളും ഉയർന്നു. 5-ാം വാർഡിൽ മൂത്തോട്ടിൽ ക്ഷേത്രത്തിനു സമീപം മുതൽ കുറ്റിയിൽ മുക്കിലേക്കുള്ള വഴിയിൽ സ്ലാബിടാതെ ഓട നിർമ്മിക്കുന്ന അശാസ്ത്രീയമായ റോഡു നിർമ്മാണവും ശ്രദ്ധയിൽപ്പെട്ടു. വഴിയാത്രക്കാരെ അപകടപ്പെടുത്തുന്ന ഈ സംവിധാനം തിരുത്തേണ്ടതു് അത്യാവശ്യമാണു്.

വയലിന്റെ മദ്ധ്യത്തിൽ കൂടി നിർമ്മിക്കേണ്ട 6 പുതിയ റോഡുകളുടെ ആവശ്യം ഉയർന്നിട്ടുണ്ടു്. ഇവ ഓരോന്നും അതാതിടത്തെ കാർഷികവൃത്തിയെ എങ്ങനെ ബാധിക്കുന്നു എന്നു് വിലയിരുത്തണം. കൃഷിയ്ക്കും പ്രാധാന്യം നൽകുന്ന ഈ ആസൂത്രണ പ്രക്രിയയിൽ കാർഷിക വൃത്തിയ്ക്കു് കോട്ടം വരാതെയാണോ എന്നും ഈ വഴി എത്രമാത്രം അത്യന്താപേക്ഷിതമാണെന്നു് വിലയിരുത്തിയ ശേഷം മാത്രം തീരുമാനമെടുക്കേണ്ടതാണു്.

വാഹന ഗതാഗതം

ഏതാണ്ടു് മുഴുവൻ ആളുകളും ബസ്സ് യാത്രാസൗകര്യത്തെ ആശ്രയിക്കുന്നു. ഇരു ചക്രവാഹനങ്ങളും-കാറുകളും ഇവ സ്വന്തമായി ഉള്ളവരും ബസ് യാത്രയെ ആശ്രയിക്കേണ്ടിവരുന്ന സന്ദർഭങ്ങളും ധാരാളം. ഇതു കൊണ്ടുതന്നെ ജനകീയ വാഹനം ബസ് തന്നെയാകുന്നു.

അതുകൊണ്ടു തന്നെ യാത്ര ചെയ്യുന്നവർക്കും. മറ്റും ട്രെയിൻയാത്രയെ ആശ്രയിക്കേണ്ടി വരുന്നു. 1957-ലാണു് ഇതു് വഴി റെയിൽവേ ലൈൻ വരുന്നതു്. ഈ പഞ്ചായത്തിന്റെ 5-ാം വാർഡിൽ നിലനിൽക്കുന്ന റെയിൽവേ സ്റ്റേഷൻ കുന്നത്തൂർ താലൂക്കിന്റെ ഏകസ്റ്റേഷനാണു്. നമ്മുടെ പഞ്ചായത്തിലാണെങ്കിലും ഇതു് അറിയപ്പെടുന്നതു് ശാസ്താംകോട്ട റെയിൽവേ സ്റ്റേഷൻ എന്നാണു്. ഓർഡിനറി-പാസഞ്ചർ ട്രെയിനുകളും മലബാർ എക്സ്പ്രസ്സും അനന്തപുരി എക്സ്പ്രസ്സും മാത്രമാണു് ഇവിടെ നിർത്തുന്നതു്. റെയിൽവേ സ്റ്റേഷനിലേക്കു് റോഡ് ഗതാഗതം സുഗമം ആകുന്നതിനുവേണ്ടി കാരാളിമുക്കിൽ നിന്നും കുറ്റിയിൽ മുക്കിൽനിന്നും (പുത്തൻചന്ത ആഞ്ഞിലിമൂട് റൂട്ടിൽ) നല്ല റോഡുകളും നിർമ്മിക്കുകയും ബസ് റൂട്ട് ഏർപ്പാടാക്കുകയും ചെയ്താൽ ധാരാളം യാത്രക്കാർക്കു് വന്നു് പോകാനാകും. കൊട്ടാരക്കര അടൂർ ഭാഗത്തു നിന്നുള്ള യാത്രക്കാർക്കും വളരെ സൗകര്യപ്രദമായ ഒരു സ്റ്റേഷനായി ഇതു് വികസിക്കും. ദീർഘദൂരം എക്സ്പ്രസ്സ് ട്രെയിനുകൾക്കു് സ്റ്റോപ്പ് അനുവദിക്കുകയും വേണം ഈ പ്രദേശത്തിന്റെ വികസനം ഇതു് വഴി യാഥാർത്ഥ്യമാക്കാൻ കഴിയും.

പഞ്ചായത്തിലൂടെയുള്ള പ്രധാന ബസ് റൂട്ടുകൾ

1 ചവറ- പത്തനംതിട്ട (കാരാളിമുക്ക് ആഞ്ഞിലിമൂട് വഴി)
2 കൊല്ലം ശങ്കരമംഗലം (മൈനാഗപ്പള്ളി ഭരണിക്കാവ് കടമ്പനാട് **K S R T C**)
3 ചവറ കൊട്ടാരക്കര A) പടപ്പനാൽ കാരാളിമുക്ക് ആഞ്ഞിലിമൂട് വഴി B) പെരുമ്പള്ളി മുക്ക്-തോപ്പിമുക്ക്- കാരാളിമുക്ക് വഴി
4 കരുനാഗപ്പള്ളി-കൊട്ടാരക്കര A) കല്ലുകടവ് മൈനാഗപ്പള്ളി-ആഞ്ഞിലിമൂട് വഴി B) കാഞ്ഞിർകടവ് സോമവിലാസം ചന്ത ഭരണിക്കാവ് വഴി
5 കുന്നത്തൂർ-കരുനാഗപ്പള്ളി വഴി തിരുവനന്തപുരം ഫാസ്റ്റ് പാസഞ്ചർ (**K S R T C**)
6 ഭരണിക്കാവ് മൈനാഗപ്പള്ളി ശങ്കരമംഗലം വഴി നെയ്യാറ്റിൻകര ഫാസ്റ്റ് പാസഞ്ചർ (**K S R T C**)
7 കരുനാഗപ്പള്ളി മൈനാഗപ്പള്ളി വഴി നെൽപ്പുരകുന്നു
8 കരുനാഗപ്പള്ളി മൈനാഗപ്പള്ളി വഴി കുണ്ടറ
9 കായംകുളം കരുനാഗപ്പള്ളി മൈനാഗപ്പള്ളി ചിറ്റുമല (**K S R T C**)
10 കരുനാഗപ്പള്ളി മൈനാഗപ്പള്ളി റെയിൽവേ സ്റ്റേഷൻ വഴി ചിറ്റുമല (**K S R T C**)
11 കൊല്ലം മൈനാഗപ്പള്ളി ശാസ്താംകോട്ട വഴി ശൂരനാടു്
12 കൊല്ലം മൈനാഗപ്പള്ളി പതാരം മലനട വഴി അടൂർ (**K S R T C**)
13 കൊല്ലം കാഞ്ഞിർകടവു് ചക്കുവള്ളി വഴി അടൂർ (**K S R T C**)
14 കരുനാഗപ്പള്ളി കല്ലുകടവു് തോപ്പിൽമുക്ക് വഴി ആഞ്ഞിലിമൂട് കൊട്ടിയം
15 കൊട്ടാരക്കര മൈനാഗപ്പള്ളി കരുനാഗപ്പള്ളി ഗുരുവായൂർ ഫാസ്റ്റ് (**K S R T C**)

കാരാളിമുക്ക് ആഞ്ഞിലിമൂട് വഴി കോട്ടയം ഗ്രാമവായനശാലക്കടുത്തുള്ള മൂലമറ്റം ഇവിടങ്ങളിലേക്ക് തേവലക്കര മൈനാഗപ്പള്ളി വഴി ചന്ദനാശേരിക്കും മറ്റും ഉണ്ടായിരുന്ന (K S R T C) ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളും നിർത്തിവച്ചിരിക്കുകയാണ് അവ പുനരാരംഭിക്കണം എന്ന ആവശ്യം ഉയർന്നിട്ടുണ്ട്. നിർത്തി വച്ചിരിക്കുന്ന മറ്റു പല സർവ്വീസുകളും പുനരാരംഭിക്കണം എന്നും കൂടാതെ താഴെപ്പറയുന്ന പുതിയ സർവ്വീസുകളും ആരംഭിക്കണം എന്നും ആവശ്യം ഉയർന്നിട്ടുണ്ട്.

1 കരുനാഗപ്പള്ളി തെക്കുംഭാഗം ശാസ്താംകോട്ട കുണ്ടറ മൈനാഗപ്പള്ളി എന്നീ സ്ഥലങ്ങളും ബന്ധിപ്പിച്ച്
2 രാത്രി 9 മണിക്ക് ശേഷവും രാവിലെ 6 മണിക്ക് മുൻപും ഈ സ്ഥലങ്ങളിലേക്കും തിരിച്ചു ബസ് യാത്ര സൗകര്യം ലഭ്യമാകണം
3 പള്ളിമുക്കിൽ നിന്നും വടക്കോട്ടും കുറിയിൽമുക്കിൽ നിന്നും വടക്കോട്ടും അഞ്ചു സർവ്വീസുകൾ ഉണ്ടായിരിക്കുന്നതിൽ ഒന്ന് മാത്രമാണ് ഇപ്പോൾ ഉള്ളതു് നിർത്തിവച്ചിരിക്കുന്ന സർവ്വീസുകളും പുനരാരംഭിക്കണം
4 കരുനാഗപ്പള്ളിയിൽ നിന്നും തെക്കുംഭാഗത്തേക്ക് P H സെന്റർ വഴി ഉണ്ടായിരുന്ന സർവ്വീസ് പുനരാരംഭിക്കണം
5 12-ാം വാർഡിലെ കുറിയിൽമുക്ക്വഴി മൈനാഗപ്പള്ളിയിലേക്ക് സർവ്വീസ് വേണം
6 പെരുമ്പള്ളിമുക്ക് തോപ്പിൽമുക്ക് കല്ലുകടവ് വഴി ഉണ്ടായിരുന്ന കടപുഴ കായംകുളം സർവ്വീസ് പുനരാരംഭിക്കണം.
7 കൊല്ലം കരുനാഗപ്പള്ളി ഡിപ്പോകളിൽ നിന്നും പന്മന ആശ്രമംവഴി റെയിൽവേസ്റ്റേഷൻ ബന്ധപ്പെടുത്തി ബസ് സർവ്വീസ് വേണം

സ്വകാര്യബസ് ഗതാഗതത്തെയാണ് ഈപഞ്ചായത്തിലെ യാത്രക്കാർമുഖ്യമായും ആശ്രയിക്കുന്നതു് ഇക്കാരണത്താൽ തിരക്ക്കുറഞ്ഞ റൂട്ടിലും തിരക്ക്കുറഞ്ഞ സമയത്തും പ്രത്യേകിച്ച് രാത്രി 7 മണിക്കു ശേഷവും രാവിലെ 8 മണിക്ക്മുൻപും വിശ്വസനീയമായ സർവ്വീസ് പല റൂട്ടിലും ലഭിക്കുന്നില്ല. ഇതിനാൽ K S R T C സേവനം ലഭ്യമാക്കണം.

മൈനാഗപ്പള്ളിയിൽ സർവ്വീസ് ആരംഭിക്കുന്നഒറ്റ റൂട്ട് മാത്രമാണുള്ളതു്. അതുകൊണ്ട് ഒരു ബസ് സ്റ്റാൻറ് അത്യന്താപേക്ഷിതമല്ലെന്ന് വിലയിരുത്തിയേക്കാം. എന്നാൽ പ്രധാന ജംഗ്ഷനായ പുത്തൻചന്തയിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുവാൻ ആവശ്യമായ ക്രമീകരണം കൂടിയേ കഴിയൂ.മെയിൻറോഡിൽ നിന്നും ഇരുവശത്തേക്കും സ്ഥലം അക്വയർ ചെയ്ത് ഉചിതമായ സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് പണിയുകയും. ബസ് നിർത്തിയിടുന്നതിനും. ആളെ കയറ്റി ഇറക്കി പോകുന്നതിനും സൗകര്യം ഉണ്ടാക്കുകയും ചെയ്യാം. വെയിറ്റിംഗ് ഷെഡ് കംഫർട്ട്സ്റ്റേഷൻ തുടങ്ങിയ സൗകര്യങ്ങളും ഏർപ്പാടാക്കണം.വാടകയിനത്തിൽ പഞ്ചായത്തിന് ഒരുമുഖ്യ വരുമാന മാർഗ്ഗം ആകും ഈ പദ്ധതി.

മൈനാഗപ്പള്ളി പുത്തൻചന്തയ്ക്ക് തെക്കുവശംഉള്ള റെയിൽവേക്രോസ് കഴിഞ്ഞു. ആ റോഡിൽ നിന്നും ആശാരിമുക്കിലെ ലെവൽക്രോസിനു് പടിഞ്ഞാറ് മെയിൻറോഡിൽ മുട്ടിക്കത്തക്കവിധം ഒരു റോഡ് നിർമ്മിക്കുകയും മൈനാഗപ്പള്ളിയിൽനിന്നും പടിഞ്ഞാറോട്ട് മണ്ണൂർക്കാവിലേക്ക് പോകുന്നറൂട്ടിലെ ലെവൽക്രോസിൻറെ സ്ഥാനത്ത് ഓവർബ്രിഡ്ജ് പണിയുകയും ചെയ്താൽ മൂന്ന് ലെവൽക്രോസുകളും ഒഴിവാക്കുകയും പുത്തൻചന്തയിലെ ഗതാഗതകുരുക്ക് കുറയ്ക്കുവാൻ കഴിയും. വിധം പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുകയും ചെയ്യാം.

ഗ്രൂപ്പ് നമ്പർ 6

ഊർജ്ജം

പഞ്ചായത്തിലെ ഊജ്ജാവശ്യങ്ങളെ കാർഷികം-ഗാർഹികം-വാണിജ്യപരം-വ്യാവസായികം എന്നിങ്ങനെ തരംതിരിക്കാം. കാർഷിക മേഖലയിൽ യന്ത്രവൽക്കരണം നാമമാത്രമായെ ഉണ്ടായിട്ടുള്ള ഇക്കാരണത്താൽ കാർഷിക മേഖലയിലെ മുഖ്യഊർജ്ജ സ്രോതസ് മനുഷ്യാധ്വാനവും. കന്നുകാലികളുടെ അധ്വാനവും തന്നെയാണ്. ആറ്-ഏഴ് കാളകളെ സ്വന്തമായി ഉള്ള തറവാട് ഗ്രാമത്തിലെ ഏറ്റവും കുബേര കുടുംബമായി കണക്കാക്കപ്പെട്ടിരുന്നു. കാർഷിക രംഗത്തെ ഊർജ്ജസ്രോതസിൽ നൽകിയിരുന്നപ്രാധാന്യം ഇതിൽ നിന്നു വ്യക്തമാകുന്നു. ഇന്ന് കാർഷികോല്പന്നങ്ങൾ കയറ്റി കൊണ്ടുപോകുന്നതിനു ഡീസൽ, പെട്രോൾ മുതലായ ഇന്ധനങ്ങളാണ് ഉപയോഗിക്കുന്നത്. ജലസേചനത്തിനാണ് കാർഷികമേഖലവിൽ വൈദ്യുതിയും മണ്ണെണ്ണയും ഉപയോഗിക്കുന്നു. ഈ പഞ്ചായത്തു് അതിർത്തിയിൽ **C S S** സ്കീം പ്രകാരം 114 പമ്പ് സെറ്റുകൾക്കു് ബ്ലോക്കു് പഞ്ചായത്തു് ധനസഹായം നൽകിയിട്ടുണ്ട്. ഗാർഹികാവശ്യം വെളിച്ചത്തിനു് വേണ്ടി എന്നും പാചകത്തിനുവേണ്ടി എന്നും രണ്ടു പ്രധാന വിഭാഗങ്ങളിൽപ്പെടുന്നു. വെള്ളം പമ്പ് ചെയ്യുന്നതിനു് T. V, റേഡിയോ, ഫാൻ മുതലായവ പ്രവർത്തിപ്പിക്കുന്നതിനു് തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കു് ഊജ്ജം ഉപയോഗിക്കുന്നു എങ്കിലും മുഖ്യമായ ആവശ്യം മേൽപ്പറഞ്ഞവയാണു് പാചകാവശ്യത്തിനു് വിറകു് തന്നെയാണ് 95% വീടുകളിലും ഉപയോഗിക്കുന്നതു് 5% വീടുകളിൽ **LPG** ലഭ്യമാണെങ്കിൽ പോലും അവിടെയും വിറകും മണ്ണെണ്ണയും ഭാഗികമായി ഉപയോഗിക്കുന്നു.

റേഷൻകാർഡ് ഉടമകളിൽ വൈദ്യുതീകരണത്തിനു് വീടു് ഉള്ളതു് 64% ആണു്. അവിടെ പ്രകാശത്തിനു് വേണ്ടി മണ്ണെണ്ണയാണു് ഉപയോഗിക്കുന്നതു്. പട്ടിക ചുവടെ ചേർക്കുന്നു.

റേഷൻ കാർഡുടമകളുടെ N. E	E.	ആകെ	95-96 ൽ വിതരണം ചെയ്ത മണ്ണെണ്ണ പെർമിറ്റ് വഴി ലി.	കാർഡ് വഴി ലി.	റേഷൻ കട
139	74	213	1610	16314	ARD 56
299	85	384	35	13200	109
206	100	306	1025	10050	108
302	108	310	136	14712	106
184	142	326	2256	14036	107
251	91	342	2400	17822	119
220	141	361	3400	15197	126
155	144	299	3360	12000	110
163	95	258	245	803	111
150	140	290	3960	12780	122
124	94	218	128	815	117
78	87	135	245	2561	130

5% വരുന്ന ഉപഭോക്താക്കൾക്കു് LFS ലഭിക്കുന്നതു് കരുനാഗപ്പള്ളിയിൽനിന്നാണു്. ശൂരനാടു് വടക്കു് പഞ്ചായത്തിലെ ആനയടി വിതരണകേന്ദ്രത്തിൽനിന്നും ഇവിടെ എൽ. പി.എസ്സു് എത്തുന്നുണ്ടു്.

കാത്തൂർകടവ് ദേവിടയിൽവർക്സ് ഉടമ കോച്ചപ്പള്ളിൽ കേശവൻമുതലാളിയാണു്. ഫാക്ടറിക്കു വേണ്ടി കരുനാഗപ്പള്ളിയിൽ നിന്നും മൈനാഗപ്പള്ളിയിൽ വൈദ്യുതി ആദ്യം കൊണ്ടുവന്നതു്.

1950 കളുടെ മദ്ധ്യത്തോടെയാണു് നമ്മുടെ ഗ്രാമത്തിൽ ആദ്യമായി വൈദ്യുതി കടന്നുവരുന്നതു്. അതുവരെ പുന്നക്ക എണ്ണ, മരോട്ടിഎണ്ണ, എള്ളെണ്ണ, കടുകെണ്ണ, വെളിച്ചെണ്ണ ഇവയും വാണിജ്യഇന്ധനമായ മണ്ണെണ്ണയുമാണു് പ്രകാശത്തിന്റെ ആവശ്യത്തിനു ഉപയോഗിച്ചിരുന്നതു് ഇന്നു് വെളിച്ചെണ്ണ പാചകാവശ്യത്തിനു് മാത്രമായി ഉപയോഗിക്കുന്നു. മറ്റു് സസ്യഎണ്ണകളും തൊണ്ടു് പരിപൂർണ്ണമായി അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. മണ്ണെണ്ണ പാചകാവശ്യത്തിനുവൈദ്യുതി എത്താത്ത വീടുകളിലും കോളനികളും വെളിച്ചം കാണുന്നതിനും ഉപയോഗിക്കുന്നു.

വൈദ്യുതി ലഭ്യമാകുന്നിടത്തു് വോൾട്ടേജ് ക്ഷാമം പ്രധാനപ്രശ്നമാണു്. അതിനാൽ അവരും വെളിച്ചം കാണുന്നതിനു് മണ്ണെണ്ണ ഉപയോഗിക്കുന്നു.

ഗ്രാമസഭയിലെ ആവശ്യങ്ങൾ

1 വോൾട്ടേജിലുള്ള ക്ഷാമം പരിഹരിക്കുക
2 കോളനികളും എല്ലാം വൈദ്യുതീകരിക്കുക
3 വടക്കൻമൈനാഗപ്പള്ളിയിൽ ഒരു ക്യാഷ് കൗണ്ടർ KSEB ആരംഭിക്കണം
4 വൈദ്യുതിപ്രശ്നം സംബന്ധിച്ച് പൊതുവായി ഉയർന്നുവന്നആവശ്യങ്ങളാണ് ട്രാൻസ്ഫോർമറുകളും പലതുംമാറി ശേഷി കൂടിയവ സ്ഥാപിക്കുക. ട്രാൻസ്ഫോർമർ കണക്ഷൻ മാറിക്കൊടുക്കുക ത്രീഫെയ്സ്ലൈൻ എക്സ്റ്റൻസ് ചെയ്യുക. മരച്ചില്ലകളും വെട്ടിമാറ്റുക തുടങ്ങിയവയാണ്

ഗ്രാമസഭകളിൽ ആവശ്യം ഉയർന്ന തെരുവ് വിളക്കുകൾ

ആവശ്യം ക്രമനമ്പർ	തെരുവിന്റെ പേര്	ആവശ്യമായ ലൈറ്റിന്റെ എണ്ണം	മറ്റ് പ്രശ്നങ്ങളും ഉള്ളവ കൂട്ടുന്നില്ല
വാർഡ് നമ്പർ 1			
1	കാർത്തികടവ്-കാളകുത്തുംമുപായ്ക		
2	പോസ്റ്റാഫീസ് ജംഗ്ഷൻ പാട്ടപുരയ്ക്കൽ ക്ഷേത്രം		
3	Do തുടർന്ന് മണ്ടോനുത്തുമുക്ക് വരെ		
4	പള്ളി ജംഗ്ഷൻ-പാലത്താറ		
5	മണ്ടോനുത്തുമുക്ക് ചിറക്കര കോളനി		
6	ട്രാൻസ്ഫോർമർ ജം. കടിത്താറ വരെ		
7	പാലക്കോട്ടുമുക്ക് പാട്ടപുരയ്ക്കൽ ക്ഷേത്രം		
വാർഡ് നമ്പർ 3			
8	പബ്ലിക് മാർക്കറ്റിനുവടക്ക് കോയിപ്പുറത്തുനിന്ന് പടിഞ്ഞാറോട്ട് ഉദയാ ജം.വരെ		
9	കണിയാന്റെതടം പള്ളിശ്ശേരിക്കൽപടിഞ്ഞാറുവരെ		
10	ICS ന് കിഴക്ക് വടക്കോട്ട് പള്ളിശ്ശേരിക്കൽ വരെയുള്ള കാർത്തുമുക്ക് റോഡിൽ		
11	കണിയാന്റെതടം ചമ്പിലാൽ ഏലാവരെ		
12	പള്ളിമുക്കിൽവടക്ക് കമ്പളത്തുവടക്കേകുടി കരിക്കാട്ടവരെയും, അവിടെനിന്ന് ചൂരക്കാട്ടവരെയും		
വാർഡ്നമ്പർ 4			
13	തൈക്കാവ് വടക്കതിൽമുക്കുമുതൽ ചിറക്കമേൽപാടം വരെ		
14	നെല്ലികന്നുത്തുമുക്കുമുതൽ മുഴച്ചിമാംവിള വഴി ICS വരെ		
15	ആലുവിള തെക്കേ പള്ളിക്കും, കുമ്പോലി തെക്കേ പള്ളിക്കും സമീപം		
വാർഡ് നമ്പർ 5			
16	മാമ്പഴമുക്ക്-റെയിൽവേസ്റ്റേഷൻ		
വാർഡ് നമ്പർ 6			
17	പെരുപിലാക്കൽപള്ളി പടിഞ്ഞാറുനിന്ന് വെട്ടിക്കാട്ട ക്ഷേത്രം വരെ		1½ കി.മീ
18	കമ്പളയിൽ മുക്ക്മുതൽ കുഴിവിള ജംഗ്ഷൻ വരെ		1 കി.മീ

19 പബ്ലിക്ക് മാർക്കറ്റിൽ നിന്ന് CMSLPS വരെ
20 റെയിൽവേ ഇംഗ്ലീഷ് മെഷ്ദേഗുണ്ണ്
21 റെയിൽവേ ക്രോസുകറക്ക് ഇടവഴിയും
22 സഹകരണ ബാങ്കിൽ നിന്നും കിഴക്കോട്ട്
23 ആറാട്ടുചിറയിൽ നിന്ന് തെക്കോട്ട്
24 വെട്ടിക്കോട്ടപാടത്തുനിന്ന് കമ്പളയിൽ കോളനി വരെ
25 ഉദ്യോഗ്ഗ്ഗ്ഗ്ഗ്ഗ് മുതൽ ജഗജീവൻറാം കോളനി വരെ 1½ കി. മീ.

വാർഡ് നമ്പർ 6

26 കാഞ്ഞിരംവിള ലക്ഷം വീട് കോളനി മുതൽ
തെക്കോട്ട് ഏലായവരെ

വാർഡ് നമ്പർ 7

27 സർവ്വീസ് ബാങ്കിനു തെക്ക് ഗോഡൗൺ പടിഞ്ഞാറോട്ട്
ജയശ്രീ ഇൻഡസ്ട്രീസ് വരെയും അവിടെ നിന്ന്
കന്നിപ്പുറം ഇംഗ്ലീഷ് വരെയും.
28 പുത്തൻ ചന്തയിൽ നിന്ന് വടക്കോട്ട് കരുമോലിൽ
വീടിനടുത്തു നിന്ന് കിഴക്കോട്ട് കമ്പുകാട് തെക്കുവശം.
വഴി KGMITC ക്ക് കിഴക്കു വഴി ഇഷാ പ്രീൽ
ഴ്സിനു പടിഞ്ഞാറുവശം കോട്ടൺ വഴിയിൽ
29 തെക്കേവ് ഇംഗ്ലീഷിൽ നിന്ന് കിഴക്കോട്ട്
7-ാം വാർഡിനെ പടിഞ്ഞാറുകൂടി 2-ാം വാർഡുമായി
ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട വഴിയിൽ
30 വടക്കേകാവിപ്പുറത്തുള്ള ഇംബ്രോക്കർ കോളനിയിലേക്ക്
31 പഞ്ചായത്തു കളിസ്ഥലത്തിനപ്പുറം.
32 വടശ്ശേരി വടക്കുവശം മുതൽ പടിഞ്ഞാറെ മുക്കോളയും.
തെക്കോട്ട് ഒലിച്ചിറ വരെയും.

വാർഡ് നമ്പർ 8

33 ആശാരിമുക്ക്-തെക്കേവ് മുക്ക്
34 ആശാരിമുക്ക്-ചക്കിട്ടാഡിൽ
35 ആശാരിമുക്ക് വേട്ടർകുന്നുകോളനി
36 ചക്കിട്ട ഗ്ലൂം മുതൽ-കിഴക്കോട്ട്
37 തെക്കടത്തുമുക്ക്-തൈനാഗപ്പള്ളിപാടം റോഡിൽ
38 തെക്കുമുറിമുക്ക്-മേനോൻ താഴെ വരെ
39 കാട്ടുവിളമുക്ക് മുൻവിള റോഡിൽ
40 ഒഴുക്കുത്തുമുക്ക്-മുക്കോട്ടുമുക്ക്, ചിറയ്ക്കാട്ടുവടക്ക് വശം,
കളിയ്ക്കൽമുക്കും, ചക്കിട്ടയിൽ റോഡിൽ
41 വലിയവിളമുക്ക്-മണ്ണൂർകാവ് റോഡിൽ
42 ചിന്തിരവിലാസം-അഞ്ചുമുറിമുക്ക്

വാർഡ് നമ്പർ 9

43 പൊയ്കകുറ്റി-സൗത്തൊഴിക്കൽ
44 ആശാരിമുക്കിൽനിന്ന് കുതിരകടവുവരെ പോസ്റ്റ് ഉണ്ട്
ലൈറ്റിടാൻ വേണ്ടി

45 കല്ലുകടവിൽ നിന്ന് വടക്കോട്ട് കടവ്വഴി
ഇപ്പായിവിളപ്പുറം ഭാഗം

വാർഡ് നമ്പർ 11

46 തൈവിളമുക്കിൽ നിന്നും കിഴക്കോട്ട് ആറുപുറം
സി. എസ്. ഐ. ചർച്ച് വഴി ഇമ്മാനുവൽ ചർച്ച്
ഭാഗത്തേക്കുള്ള വഴിയിൽ ഹോസ് പിറവിൽ ജംഗ്ഷൻ വരെ
47 തോട്ടുമുഖത്തുനിന്നും കിഴക്കോട്ട് കാരവിള വരെ
48 തോട്ടുമുഖം-ചെളിത്തോട് റോഡിൽ
49 കുരിശടിമുക്കു മുതൽ വടക്കോട്ട് ടി. പി. എം ചർച്ച് വരെ

വാർഡ് നമ്പർ 12

50 പാറപ്പുറം മുക്ക് മുതൽ പൈപ്പ് റോഡ്വരെ
51 കുറിയിൽ മുക്ക് മുതൽ താഴയിൽ മുക്ക് കൊച്ചുതറ മുക്ക് വരെ
52 ഊപ്പൻചിറ മുക്ക് വലിയവീട്ടിൽമുക്ക് വഴിയിൽ

വാർഡ് നമ്പർ 13

53 കുറിയിൽമുക്ക് മുതൽ പൈപ്പ്ലൈൻ വരെ
54 പേത്തുർ മുക്ക് മുതൽ റെയിൽവേസ്റ്റേഷൻ വരെ
55 പേത്തുർമുക്ക് മുതൽ ചെമ്പോൽകിഴക്ക് വരെ

വാർഡ് നമ്പർ 2

56 മുട്ടത്തുകോളനി ജംഗ്ഷൻ മുതൽ
കൊട്ടിലേത്തു ജംഗ്ഷൻ വരെ
57 വരിക്കോലയ്ത്തു ജംഗ്ഷൻ മുതൽ തറയിൽജംഗ്ഷൻ വരെ

വാർഡ് നമ്പർ 11

58 പള്ളിമുക്ക് മുതൽ കിഴക്കോട്ട് കാട്ടുവിളമുക്കു വരെ

പൊതുവായ പ്രതിവിധി നിർദ്ദേശങ്ങൾ

ഒരു സമഗ്ര ഊർജ്ജ സർവ്വേ അത്യന്താപേക്ഷിതമാണ്. അതിനായി സന്നദ്ധ പ്രവർത്തനം സജ്ജമാക്കാൻ ഗ്രാമസഭകൾ സന്നദ്ധമാണ്.

ഒരു LPG ഗ്യാസ് ഏജൻസി ബയോഗ്യാസ് പ്ലാന്റ് എന്നിവയും ഗ്രാമസഭകൾ ആവശ്യപ്പെട്ടിട്ടുള്ളതാണ്.

ഭക്ഷ്യ കൂടിയ അടുപ്പിന്റെ പ്രചാരണം വഴി വിറകിന്റെ ഉപയോഗം കുറയ്ക്കുന്നതിനും പുകശല്യം ഒഴിവാക്കുന്നതിനും പരിപാടി ഉണ്ടാകണം. ഊർജ്ജ ഉപയോഗം പരമാവധി കുറയ്ക്കാവുന്ന തരത്തിലുള്ള പാചകരീതി സ്വീകരിക്കണം. ഊർജ്ജം നഷ്ടപ്പെടാതെ സൂക്ഷിക്കാൻ കഴിയുന്ന കച്ചിപ്പെട്ടി (ഇപ്പോൾ തെർമോകോൾ കൊണ്ട് മനോഹരമായ ഹോട്ട്പോട്ട് ലഭ്യമാണ്.)

പാരമ്പര്യേതര ഊർജ്ജ സ്രോതസുകൾ (Compact) കോമ്പാക്ട് ലാബുകൾ മുതലായവയുടെ പ്രചാരം വർദ്ധിപ്പിക്കണം

സാമ്പത്തികശേഷി ഉണ്ട് എന്ന കാരണത്താൽ വൈദ്യുതി അത്യാവശ്യത്തിനല്ലാതെ ഉപയോഗിക്കുന്ന രീതി നിരുത്സാഹപ്പെടുത്തണം.

വിറക് ഉൽപ്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോട് സാമൂഹ്യവനവൽക്കരണം വ്യാപിപ്പിക്കുക.

LPG പോലുള്ള വാണിജ്യ ഇന്ധനങ്ങൾ ഉപയോഗിക്കുന്നത് സൗകര്യപ്രദമാണെന്നു വരുകയും അതിലേക്ക് കൂടുതൽ ആകർഷിക്കപ്പെടുകയും ചെയ്യുന്നത് മൂലം നമ്മുടെ വിഭവങ്ങൾ പാഴായിപ്പോകുന്നത് ഗൗരവത്തോടുകൂടി കാണേണ്ട പ്രശ്നമാണ്.

ഊർജ്ജം

പഞ്ചായത്തിൽ ആകെത്തിയിൽ 426 തെരുവുവിളക്കുള്ളതിൽ 200 ഫ്ളൂറസന്റ് റ്റ്യൂബുകളും 226 ബൾബുകളും ആണ്. ആകെ 8820/- രൂപാ വരുമാനത്തിന്റെ 4.5% കറണ്ട് ചാർജിനത്തിൽഅടയ്ക്കുന്നു.

മാർക്കറ്റ്

മൈനാഗപ്പള്ളി പഞ്ചായത്തിലെ ജനങ്ങൾ ആശ്രയിക്കുന്നത് പ്രധാനമായും കരുനാഗപ്പള്ളിയിലേയും, ശാസ്താംകോട്ടയിലേയും, തേവലക്കരയിലേയും ചന്തകളെയാണ്. മൈനാഗപ്പള്ളി പഞ്ചായത്തിൽ 3 സഹകാര്യ ചന്തകൾ, ഒരു പഞ്ചായത്ത് വക ചന്ത ഇവപരിമിതമായ സൗകര്യത്തോടുകൂടി പ്രവർത്തിക്കുന്നു.

പുറം ലോകത്തേക്ക് ഇവിടുത്തെ ഉൽപ്പന്നങ്ങൾ പോകുന്നതിനും, ഇവിടേക്ക് ആവശ്യമായവ ലഭിക്കുന്നതിനും വിപുലമായ ഒരു വാണിജ്യ കേന്ദ്രം ആവശ്യമാണ്.

അന്തിച്ചന്തകൾ പലതും ആഴ്ചചന്തകളാക്കി മാറ്റണമെന്ന ആവശ്യം ഗ്രാമസഭകളിൽ ഉയർന്നിട്ടുണ്ട് സ്വകാര്യ ഉടമസ്ഥതയിലുള്ള ചന്തകൾ വിപുലപ്പെടുത്തുന്നതിനും, പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ആക്കുന്നതിനും നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. നാലാം വാർഡിൽ ഒരു കാളചന്ത ആരംഭിക്കണമെന്ന ആവശ്യവും ഉയർന്നിട്ടുണ്ട്. സന്നദ്ധ പ്രവർത്തനം വഴിയും, നിസ്സാര വിലയ്ക്ക് സ്ഥലം ലഭ്യമാക്കിയും ഈ സൗകര്യം വിപുലപ്പെടുത്തേണ്ടതാണ്.

ഗ്രൂപ്പ് നമ്പർ 7

പാർപ്പിടം

പതിമൂന്ന് വാർഡുകളും അടങ്ങുന്ന മൈനാഗപ്പള്ളി പഞ്ചായത്ത് തൊഴിലാളി സമൃദ്ധമായ ഒരു പ്രദേശമാണ്. സാംസ്കാരിക സാമൂഹിക മേഖലകളിൽ ഉന്നതി നേടിയിട്ടുള്ള ഈ പ്രദേശത്ത് പഴമയെ വിളിച്ചറിയിക്കുന്ന നാലുകെട്ടും പടിപ്പുരയും അലങ്കാരമായിരുന്നു. കാലഘട്ടത്തിന്റെ ഗതിക്കനുസൃതമായി കോൺക്രീറ്റ് കെട്ടിടങ്ങളോടുള്ള അമിതാവേശം കാരണം പലപടിപ്പുരയുടേയും നാലുകെട്ടിന്റെയും സ്ഥാനത്ത് ബഹുനിലസാധനങ്ങളും ഉയർന്നു നിൽക്കുന്നു. ഒരു പരിധി വരെ ഗൾഫ് പണവും കോൺക്രീറ്റ് കെട്ടിടങ്ങളും ധാരാളം ഉണ്ടാക്കുന്നതിന് കാരണമാകുന്നു. ജനങ്ങളും ആധുനിക സജ്ജീകരണങ്ങളോട് കൂടിയ പാർപ്പിടങ്ങളും ആഗ്രഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നുണ്ടെങ്കിലും ഈ പഞ്ചായത്തിൽ ധാരാളം കുടിലുകളും, സ്വന്തമായി വീടില്ലാത്തതും സ്വന്തമായി ഭൂമിയില്ലാത്തവരുമായ ഒട്ടേറെ കുടുംബങ്ങളും ഉണ്ടെന്നുള്ള വസ്തുതയാണ്. കെട്ടിട നിർമ്മാണരീതിയിൽ കാലത്തിനനുസരിച്ച് പെട്ടെന്നുള്ള മാറ്റം ശ്രദ്ധേയമാണ്. പണ്ട് കാലങ്ങളിൽ കുടിൽ നിർമ്മിച്ചിരുന്ന രീതി ഇപ്പോളും പൂർണ്ണമായി ഇല്ലായെന്ന് തന്നെ പറയാം. മൺക്കട്ടയും കുമ്മായവും മണലും ചേർത്ത് ഭിത്തി കെട്ടുകയും പുല്ല് കിട്ടാൻ വേണ്ടി കളമിനം പിടിച്ച് വെള്ളത്തിലിട്ട് രണ്ട് മൂന്ന് ദിവസം കഴിഞ്ഞ് ആ വെള്ളം ഊറ്റിയെടുത്ത് കുമ്മായത്തിൽ ചേർത്ത് കഴമ്പ് ഭിത്തി കെട്ടുമായിരുന്നു. സിമന്റിനു പകരമായി ഉപയോഗിച്ചിരുന്ന ഒരു രീതിയായിരുന്നു. തറയിടുന്നതിനു കരിചേർത്തു ചാണകം മെഴുകിയിരുന്നു.

ആധുനിക ഗൃഹങ്ങളിൽ മാർബിളും ഒടെയിൽസും ഉപയോഗിച്ചുകൊണ്ടുള്ള കെട്ടിടങ്ങളും സർവ്വ സാധാരണമാകുന്നു. കെട്ടിടനിർമ്മാണ സാമഗ്രഹികളുടെ അനിയന്ത്രിതമായ വിലയും അമിതമായ കൂലി ചെലവും സ്വയത്ത് തൊഴിലാളികളെ കിട്ടാത്തതുകൊണ്ടും സാധാരണക്കാരനു ഭേദപ്പെട്ട സൗകര്യങ്ങളോടുകൂടിയ കെട്ടിടം നിർമ്മിക്കുവാൻ കഴിയാതെ വരുന്നു. 85-86 വർഷങ്ങളിൽ ഈ പ്രദേശത്തെ കൂലി നിരക്ക് 50 രൂപ ആയിരുന്നുവെങ്കിൽ 95-96 ആയപ്പോഴേക്കും 125-150 രൂപവരെയായി. 85-86 ഒരു ഇഷ്ടികയ്ക്ക് ഒരു രൂപയായിരുന്നുവെങ്കിൽ 95-96 ആയപ്പോഴേക്കും 2.25 2 50 വരെയായി. അതുപോലെ മറ്റു സാമഗ്രികളുടെ വില തട്ടിച്ചു നോക്കുമ്പോൾ മനസ്സിലാകും. പ്രധാനമായും ഈ കാരണങ്ങൾ കൊണ്ടുതന്നെ പാർപ്പിടം വയ്ക്കുന്നതിനു വിവിധ രീതിയിൽ സർക്കാർ നൽകുന്ന ധനസഹായം പണി പൂർത്തീകരിക്കാൻ തികയാതെ വരുന്നു. വിവിധ തരത്തിൽ ഇത്തരം സഹായം കിട്ടിയവർ വീടിന്റെപണി പൂർത്തീകരിക്കാൻ കഴിയാതെ ധാരാളം പേർ മൈനാഗപ്പള്ളി പഞ്ചായത്തിൽ ഉണ്ട്.

മൈനാഗപ്പള്ളി പഞ്ചായത്തിൽ ആകെ 9665 കെട്ടിടങ്ങളും സ്ഥിതിചെയ്യുന്നു. ഇതിൽ ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളും 82 ഉം ഒരു നിലയുള്ള കോൺക്രീറ്റ് കെട്ടിടങ്ങളും 1427 ഉം ഓടു മേഞ്ഞ കെട്ടിടങ്ങളും 5071 ഉം, ഓലമേഞ്ഞവ 3008 ഉം മറ്റുള്ളവ 179 ഉം ആണ്. താഴെ കൊടുത്തിരിക്കുന്ന ചാർട്ട് പരിശോധിച്ചു കഴിഞ്ഞാൽ $\frac{1}{3}$ ഭാഗത്തിനോടടുത്തു കുടിലുകളും ഉള്ളതായി കാണുവാൻ സാധിക്കും. ഇങ്ങനെയുള്ള പ്രദേശത്ത് വിവിധ നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളും JRY ഇനത്തിൽ 190 വീടുകളും മാത്രമാണ്.

കെട്ടിടങ്ങളുടെ പൊതു വിവരണം

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലവിലുള്ള കെട്ടിടങ്ങളുടെ എണ്ണം	മേൽപുരയുടെ സ്വഭാവം ഒരുനിലയുള്ള കെട്ടിടങ്ങളും കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ	വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം
1	852	2	99	559	190	4	21
2	1064	7	101	472	489	2	31
3	729	6	149	344	217	19	13
4	609	4	84	320	201	4	17
5	814	7	83	403	322	6	11
6	724	6	133	402	180	9	16
7	918	6	158	466	290	4	23
8	722	4	67	340	290	25	21
9	751	5	86	352	304	9	5
10	751	13	178	410	153	10	6
11	542	13	129	283	114	16	6
12	637	3	63	401	123	50	9
13	552	6	97	299	135	21	11
ആകെ	9665		1427	5071	3008	179	190

പഞ്ചായത്തിൽ മൊത്തം 25 കോളനികളാണ് ഉള്ളത് (ലക്ഷം വീട് കോളനി, ജയന്തികോളനി, IHDP കോളനി) ഇതിൽ ഏറ്റവും പഴക്കം ചെന്ന കോളനി കോവൂർ ഹരിജൻ കോളനിയാണ്. പല കോളനികളിലും പ്രാഥമിക ആവശ്യങ്ങൾ നടത്തുന്നതിനുള്ള സൗകര്യക്കുറവ് കൊണ്ടും കൂട്ടത്തിൽ ജനങ്ങളുടെ താൽപര്യക്കുറവുകൊണ്ടും കോളനി നിവാസികളുടെ വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നു.

നിർദ്ദേശങ്ങൾ

1 പഞ്ചായത്തിൽ ഭൂമിയില്ലാത്തതും, പാർപ്പിടം ഇല്ലാത്തതുമായ ധാരാളം കുടുംബങ്ങൾ ഉണ്ട് ഈ കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിനും വീട് വച്ചു കൊടുക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കണം.

2 ധാരാളം ഓലമേഞ്ഞ വീടുകൾ നിലവിലുണ്ട്. മഴവന്ന് കുടുംബങ്ങളും കെട്ടി മേയുന്നതിനോ ഓടിട്ടു കൊടുക്കുന്നതിനോ വേണ്ടിയുള്ള നടപടി സ്വീകരിക്കണം.

3 കോളനികളുടെ അറ്റകുറ്റപ്പണിതീർത്ത് മഴവന്ന് വീടുകളും ഇലക്ട്രിഫിക്കേഷൻ നടത്തി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും, പ്രാഥമികാവശ്യങ്ങൾ നടത്തുവാൻ സൗകര്യമില്ലാത്ത കോളനി പ്രദേശങ്ങളിൽ അടിയന്തിരമായി സാനിട്ടേഷൻ സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക

4 ഭൂമി സൗജന്യമായി കിട്ടിയിട്ടുള്ളവർ ഇപ്പോഴും ഈ ഭൂമിയിൽ താമസിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതും ഭൂമി കൈമാറ്റുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുക.

5 ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുവാൻ പ്രചരണം നടത്തുക.

6 സർക്കാർ ലക്ഷ്യമാക്കുന്ന ഭവനനിർമ്മാണ വായ്പയുടെ സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കി. വായ്പ തുക വർദ്ധിപ്പിക്കുക.

ഗ്രൂപ്പ് നമ്പർ 7

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമം രംഗങ്ങളിൽ ഇപ്പോഴും നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത പ്രകടമാണ്. അർഹതപ്പെട്ടവർക്ക് കിട്ടായ്ക പദ്ധതിയെ കുറിച്ചുള്ള അറിവില്ലായ്മ. കൃത്യസമയത്ത് കിട്ടാഞ്ഞത് ഇതൊക്കെ കൊണ്ട്തന്നെ ഉദ്ദേശിക്കുന്ന പദ്ധതി നടപ്പാക്കാൻ സാധിക്കുന്നില്ല. സർക്കാർ നൽകുന്ന സാമ്പത്തിക സഹായം ഗുണഭോക്താക്കളിൽ അധികം പേരും ഉദ്ദേശിക്കുന്ന പദ്ധതി നടത്തുന്നതിനോ പൂർത്തീകരിക്കുന്നതിനോ ശ്രമിച്ച്ട്ടില്ല. പെൻഷനുകൾ കൃത്യസമയത്ത് കിട്ടുന്നില്ല എന്നുള്ള വിവരം ശ്രദ്ധേയമാണ്.

തൊഴിലില്ലായ്മ വേതനവും കർഷക തൊഴിലാളി പെൻഷനും അർഹരായ ധാരാളം പേർക്ക് കിട്ടിക്കൊണ്ടിരിക്കുന്നു. ഈ പഞ്ചായത്തിൽ അംഗനവാടികൾ ഇല്ലാത്തതുകൊണ്ടും ബാലവാടികളുടെ പ്രവർത്തനത്തിൽ വേണ്ടത്ര ശ്രദ്ധ പ്രകടിപ്പിക്കാത്തതുകൊണ്ടും കുട്ടികളുടെ പോഷകാഹാരത്തെക്കുറിച്ചും പോഷണ നിലവാരത്തെക്കുറിച്ചും ഗർഭിണികൾക്കും വീട്ടമ്മമാർക്കും വേണ്ടത്ര ബോധവൽക്കരണം കൊടുക്കുവാൻ കഴിയുന്നില്ല.

IRDP സർവ്വെ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ 3281 ഉം, ഇതിൽ SCS.T കുടുംബങ്ങൾ 440-ഉം., നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾആകെ 709 ഉം ഇതിൽ S.C S.T 335 കുടുംബങ്ങളും ഉണ്ട്. സ്ഥിതിവിവര കണക്കുകൾ പരിശോധിച്ചാൽ ദാരിദ്രരേഖയ്ക്ക് താഴെയുള്ള അനേകം കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ലഭിക്കേണ്ടതുണ്ട് എന്നുള്ളതു് വസ്തുതാപരമാണ്. IRDP സർവ്വെ പ്രകാരം വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ 231, ഇതിൽ പൂർത്തീകരിച്ച 197 വീടുകളും ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്ത 34 വീടുകളും ഉണ്ട്.

IRDP സർവ്വെപ്രകാരം പക്കാവീടുകൾ ഇല്ലാത്തവർ ഏതാണ്ട് 40% വരും. എന്നുള്ളതു് ശ്രദ്ധേയമാണ്. IRDP പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള വീടുകളോടൊപ്പം കക്കൂസ്, കൊടുത്തിട്ടുള്ളതാണ്. അതിൽപ്പെടാതെകക്കൂസ് മാത്രമായി അനുവദിച്ചിട്ടുള്ളതു് പഞ്ചായത്തിൽ മൊത്തത്തിൽ 107 എണ്ണമാണ്. ഇതെല്ലാം പൂർത്തീകരിച്ചവയുമാണ്.

IRDP സർവ്വെപ്രകാരമുള്ള വീടുകൾ

വാർഡ്	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം	വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ളത്	ഇനിയും അനുവദിക്കേണ്ടവീടുകളുടെഎണ്ണം
1	ലഭ്യമല്ല	26	23	3	ലഭ്യമല്ല
2		19	19		
3		21	19	2	
4		8	7	1	
5		17	17		
6		14	10	4	
7		13	9	4	
8		19	16	3	
9		37	33	4	
10		5	3	2	
11		4	3	1	
12		40	33	7	
13		8	5	3	

DWCRA

പത്തോ അധിലധികമോ സ്ത്രീകളെ കൂട്ടായി സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനം ലക്ഷ്യമാക്കി പ്രവത്തിക്കുന്ന ഈ പദ്ധതി പ്രകാരം മൈനാഗപ്പള്ളി പഞ്ചായത്തിൽ 4 യൂണിറ്റുകളെ പ്രവർത്തിക്കുന്നു. പത്ത് അംഗങ്ങളെവീതം ചേർന്ന് പ്രവർത്തിക്കുന്ന രണ്ട് ഡയറി യൂണിറ്റുകളും (പശു വളർത്തൽ) ഏഴാം വാർഡിലും പത്താം വാർഡിലും പതിനഞ്ച് അംഗങ്ങളെ കൂട്ടായി ചേർന്ന് പ്രവർത്തിക്കുന്ന ഒരു ബുക്ക് ബയൻറിംഗ് യൂണിറ്റും ആറാം വാർഡിലും 15 അംഗങ്ങളുള്ള തുകൽപണി യൂണിറ്റ് രണ്ടാം വാർഡിലും ആണ് ഉള്ളത്. ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമായി നടക്കാത്തതുകൊണ്ട് രണ്ടുഡയറി യൂണിറ്റുകളുടേയും പ്രവർത്തനം തൃപ്തികരമല്ല. മറ്റ് രണ്ട് യൂണിറ്റുകളും 96-97 വഷ്ത്തിൽ ആരംഭിക്കുന്നതേയുള്ള.

ട്രൈസം

പതിനെട്ട് മുതൽ 35 വയസുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന ഈ പരിപാടിയിൽ മൈനാഗപ്പള്ളി പഞ്ചായത്തിൽനിന്നും 51 പേർക്ക് പരിശീലനംലഭിച്ചിട്ടുണ്ട് പരിശീലനം ലഭിച്ചവർ സ്വയംതൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി ഇതു വിനിയോഗിച്ചിട്ടില്ല. ആവശ്യമായ സാമ്പത്തികസഹായം ലഭിക്കാത്തതും ഒരു കാരണമായി കാണുന്നു. എല്ലാവരും കൂലി അടിസ്ഥാനത്തിൽ ജോലി ഏടുക്കുന്നതിന് താല്പര്യം കാണിച്ചിട്ടുള്ളതു. ഇതിൽ തന്നെ വിദേശ തൊഴിൽ നേടിപോയവർ ധാരാളം ഉണ്ട്. ഓരോ പ്രദേശത്തിനും അനുയോജ്യമായി തൊഴിൽപരിശീലനം നൽകാത്തതും കാരണമായിട്ടുണ്ട്

ട്രൈസം തൊഴിൽ പരിശീലനം നേടിയവർ

വിഷയത്തിന്റെപേര്	ലഭിച്ചവരുടെഎണ്ണം
റേഡിയോ, റ്റി, വി. മെക്കാനിസം	4
ഇരുചക്രവാഹനം റിപ്പയറിംഗ്	1
ഫോട്ടോഗ്രാഫി	2
വയറിംഗ്	1
ഇലക്ട്രീഷ്യൻ	7
ബുക്കുബയൻറിംഗ്	5
തുപ്പാ നെയ്ത്ത്	2
കൈത്തറിനെയ്ത്ത്	18
പ്ലംബിംഗ്	1
തുകൽപണി	2
മേസ്തിരിപണി	1
ചെരുപ്പ്. ബാഗ് നിർമ്മാണം	2
വാച്ച് റിപ്പയറിംഗ്	1
ഫാഷൻ പായ്നെയ്ത്ത്	1
വെൽഡിംഗ്	1
സ്റ്റെനോഗ്രാഫി	2

നിർദ്ദേശങ്ങൾ

1 പെൻഷൻ അർഹരായവർക്ക് കിട്ടുന്നതിനുള്ള നടപടികളും സ്വീകരിക്കണം. വികലാംഗത്വം തെളിയിക്കുന്നതിനുള്ളസർട്ടിഫിക്കറ്റുകിട്ടുന്നതിനുള്ളബുദ്ധിമുട്ട് ഒഴിവാക്കുകയും പ്രായപൂർത്തിയായആൺമക്കളുള്ള വിധവകൾക്കും വിധവാപെൻഷൻ കിട്ടുന്നതിനുള്ള നടപടികളും ഉണ്ടാക്കുകയും തൊഴിലില്ലായ്മ വേതനവും കർഷകത്തൊഴിലാളി പെൻഷനും അനർഹമായി കൈപ്പറ്റുന്നവരെ ഒഴിവാക്കുകയും വേണം.

2 ഈ പഞ്ചായത്തിൽ ധാരാളം പേർ കെട്ടിടനിർമ്മാണരംഗത്തു് തൊഴിലെടുക്കുന്നുണ്ട്. കഠിനദ്ധ്വാനം ചെയ്യുന്നതുകൊണ്ടുതന്നെ 55 വയസ്സാകുമ്പോഴേക്കും തൊഴിൽമേഖലയിൽനിന്നു് വിട്ടുനിൽക്കാൻ നിർബ്ബന്ധിതരാകുന്നു. ആയതിനാൽ ഇവരുടെപെൻഷൻ പ്രായം 55 വയസ്സായിരിക്കണം.

3 മൈനാഗപ്പള്ളി പഞ്ചായത്തിൽ അംഗൻവാടികളും ഒന്നുപോലുമില്ല. ഒരുവാർഡിൽ ഒരുഅംഗനവാടി ഉണ്ടാകുന്നതിനുവേണ്ടനടപടികളും സ്വീകരിക്കണം. ഇതിലൂടെ ശിശുപരിപാലനവും പോഷകാഹാരവും ഗർഭിണികളായ വീട്ടമ്മമാരുടെ പരിചരണം എന്നിവയെ കുറിച്ച് സ്ത്രീകൾക്ക് ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കാൻ കഴിയുകയും വേണം. നിലവിലുള്ള ബാലപാഠികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് വേണ്ടനടപടികളും സ്വീകരിക്കണം;

4 വികലാംഗർക്ക് തൊഴിൽചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ പഞ്ചായത്ത് തലത്തിൽ രൂപം കൊടുക്കുകയും അവർക്ക് സഞ്ചരിക്കാൻ സൗജന്യമായി വീൽ ചെയറുകൾ നൽകുകയും വേണം.

5 സ്കൂളുകളിൽ ആരോഗ്യബോധവൽക്കരണ ക്ലാസ്സുകളും മാതൃസംഗമവും നടത്തണം.

ഗ്രൂപ്പ് 8

സംസ്കാരം

ഐതീഹ്യപരമായി പലകഥകളും മൈനാഗപ്പള്ളിയെക്കുറിച്ച് പറയാറുണ്ട്. എന്നാൽ ഈ നാടിന്റെ പൈതൃകം തേടുന്ന ചരിത്രാന്വേഷണകർക്ക് ബുദ്ധമതത്തിന്റെ അവിശിഷ്ടങ്ങളാണ് ഇവിടെ കണ്ടെത്താൻ കഴിയുന്നതു്. ബുദ്ധമതവിശ്വാസികളുടെ ആരാധനാകേന്ദ്രങ്ങളെ പള്ളികളെന്നാണ് അറിയപ്പെട്ടിരുന്നതു്. അവർ ആരാധന നടത്തിയിരുന്നതായും കാണുന്നുണ്ട്. ഈ സാഹചര്യങ്ങളിൽനിന്നും മൈനാഗപ്പള്ളിയുടെ സ്ഥലനാമം ബുദ്ധമതവുമായി ബന്ധപ്പെട്ടുകിടക്കുന്നതായി കാണാം.

മൈനാഗപ്പള്ളിയുടെ പൂർവ്വചരിത്രത്തെക്കുറിച്ച് അവ്യക്തമായഅറിവുകളുമാത്രമാണ് നമുക്ക് ലഭിക്കുന്നതു് ചരിത്രരേഖകളിൽ ഈ നാടിനെക്കുറിച്ച് ഏറെയൊന്നും പ്രതിപാദിക്കപ്പെട്ടുകാണുന്നില്ല. പരിസര ദേശങ്ങളുടെ ചരിത്രവുമായി പരിശോധിക്കുമ്പോൾ മൈനാഗപ്പള്ളി കല്പട കേന്ദ്രമാക്കി ഭരിച്ചിരുന്ന ഇളയടത്തുസ്വരൂപത്തിന്റെയും, ദേശിങ്ങനാടിന്റെയും അധീനതയിൽ ആകാൻ സാധ്യതയുണ്ട്. പിൽക്കാലത്ത് മാർത്താണ്ഡവർമ്മ തിരുവിതാംകൂർ സ്ഥാപിച്ചപ്പോൾ നമ്മുടെ ഗ്രാമവും അതിന്റെ ഭാഗമായി.

നാടുവാഴി പ്രഭുക്കൻമാർക്കെതിരെയുള്ള ചെറുത്തുനിൽപ്പിന്റെ നിരവധി കഥകളും നമ്മുടെ പൂർവ്വ ചരിത്രത്തിലുണ്ട്. ബ്രിട്ടീഷാധിപത്യത്തിനു് എതിരെ തീഷ്ണമായ പോരാട്ടത്തിൽ പങ്കെടുത്ത നിരവധി വീരനായകന്മാർക്ക് ജന്മം നൽകാൻ നമ്മുടെ നാടിനു് കഴിഞ്ഞിട്ടുണ്ട്. വക കൊട്ടത്ത പുരോഗമപ്രസ്ഥാനത്തിന്റെ സാമൂഹ്യമാറ്റത്തിനുവേണ്ടി നിലകൊള്ളുന്ന പുരോഗമനപ്രസ്ഥാനത്തിന്റെ നായകന്മാർക്കായി പ്രവർത്തിച്ചിരുന്നവരും നമ്മുടെ പൂർവ്വചരിത്രത്തെ സജീവമാക്കുന്നു.

ഹിന്ദുമതം, ക്രിസ്തുമതം, ഇസ്ലാംമതം തുടങ്ങിയവയാണ്. ഇവിടെ പ്രചരിച്ചിരുന്ന മതങ്ങളും. വിവിധ ജാതിയിൽപ്പെട്ട ആളുകളും ഇവിടെ ഇടകലർന്നു് താമസിച്ചിരുന്നു. വ്യത്യസ്തമതത്തിൽപ്പെട്ടവരായിരുന്നെങ്കിലും ജനങ്ങളും ഒത്തൊരുമിച്ച് സഹോദരതുല്യരായി കഴിയുന്ന പ്രദേശമാണ് മൈനാഗപ്പള്ളി. വിവിധ മതസ്തരുടെ ആരാധനാലയങ്ങളും അന്യോന്യം തൊട്ടുരുമ്മി നിലകൊള്ളുന്നു. ഇതര പ്രദേശങ്ങളിൽ വർഗ്ഗീയ സംഘർഷം മുറുറി നിൽക്കുമ്പോഴും ശാന്തമായി നിലകൊള്ളാനാണ് ഈ നാട്ടുകാർ ശ്രമിച്ചതു്. വർഗ്ഗീയതയുടെ നാമ്പുകളും മുളയിലെ നുള്ളിക്കളയുവാൻ നാം ശ്രമിച്ചിട്ടുണ്ട്.

വെട്ടിക്കാട്ട് മഹാദേവർ ക്ഷേത്രമാണ് ഹിന്ദുക്കളുടെ ഏറ്റവും പഴക്കം ചെന്ന ആരാധനാലയം. ചെറുപിലാങ്ങിൽ പള്ളിയാണ് മുസ്ലീങ്ങളുടെ ആദ്യത്തെ ആരാധനാകേന്ദ്രം. ക്രിസ്ത്യാനികളുടെ തേവലക്കര പള്ളിയാണ് ആദ്യത്തെ ദേവാലയം. ഇതുകൂടാതെ നിരവധി ദേവാലയങ്ങളും ഇന്നു് നമ്മുടെ ഗ്രാമത്തിന്റെ എല്ലാമേഖലയിലും കാണാൻ കഴിയും.

ഉത്സവങ്ങൾ

ഹൈന്ദവ ക്ഷേത്രങ്ങളോടനുബന്ധിച്ചാണ് ഉത്സവങ്ങളും നടക്കുന്നത്. മുസ്ലീം ക്രിസ്ത്യൻ വിഭാഗങ്ങളും ഇത്തരം ആഘോഷങ്ങളിൽ തയ്യാറല്ല. മതപ്രഭാഷണങ്ങളിൽ ഇറങ്ങുന്ന പരിപാടികളും മാത്രമാണ് ഇവർക്ക് ഉള്ളത്. നമ്മുടെ പ്രദേശത്തെ മിക്കവാറും എല്ലാ ക്ഷേത്രങ്ങളിലും ഇന്നും ഉത്സവങ്ങളും നടക്കുന്നു. പണ്ട് കാലത്തും നാടൻ കലാരൂപങ്ങളും പരിപാടികളും, കുതിരകെട്ടും, കാളകെട്ടും മറ്റുമായിരുന്ന ഉത്സവങ്ങളിൽ ഉണ്ടായിരുന്നതും കഥകളി മുഖ്യകലാ പ്രകടനമായിരുന്നു. എന്നാൽ ഇന്ന് ആസ്ഥാനം നാടകങ്ങളും മറ്റു കലാപരിപാടികളും കൈക്കലാക്കിയിരിക്കുന്നു. കലാസാംസ്ക്കാരിക പ്രകടനവേദിയായി ഇന്ന് ഉത്സവപ്പറമ്പുകളും മാറിയിരിക്കുന്നു.

കലാരൂപങ്ങൾ

പ്രാചീനമായ നിരവധി കലാരൂപങ്ങളും നമ്മുടെ നാട്ടിൽ പ്രചാരത്തിലുണ്ടായിരുന്നു. കാക്കാരശിനാടകം, കോൽക്കളി, ഉടുക്ക്പാട്ട്, വിൽപ്പാട്ട്, തിരുവാതിരകളി, ചെണ്ടമേളം, കോലംതുള്ളൽ തുടങ്ങിയവ അവയിൽ പ്രമുഖങ്ങളാണ്. പഴയ കലാരൂപങ്ങളും ഇന്ന് നമ്മുടെ നാട്ടിൽ നിന്ന് അപ്രത്യക്ഷമായികഴിഞ്ഞിരിക്കുന്നു. കാക്കാരശി നാടകവും, കോലം തുള്ളലും ഒന്നും നമ്മുടെ നാട്ടിൽ കാണാനെയില്ല. ഓണക്കാലത്തുണ്ടായിരുന്ന തിരുവാതിരകളിയും, തുമ്പിതുള്ളലും കുമ്മിയടിയും ഇന്ന് നമ്മുടെ മനസ്സിൽ നിന്നും മാഞ്ഞുപൊയ്ക്കൊണ്ടേയിരിക്കുന്നു. അന്യം നിന്നുപോകുന്ന ഈ തനതുകലകളെ പ്രോത്സാഹിപ്പിക്കുവാനുള്ള നടപടികളും ഉണ്ടാക്കേണ്ടതാണ്. കഥകളി ഉത്സവപ്പറമ്പുകളിൽ സജീവമായിരുന്ന ഒരു കാലമുണ്ടായിരുന്നു. കഥകളി പരിശീലിപ്പിക്കുന്ന ഒരു കേന്ദ്രം ഗുരു ചെങ്ങന്നൂർ രാമൻപിള്ളയുടെ നേതൃത്വത്തിൽ വെട്ടിക്കോട്ട് ക്ഷേത്രത്തോടനുബന്ധിച്ച് പ്രവർത്തിച്ചിരുന്നു.

നാടൻപാട്ടുകൾ

നമ്മുടെ നാടിന്റെ സാംസ്കാരികചൈതന്യമായ നാടൻ പാട്ടുകളും വായ്ത്താരികളായി ഇന്നും നിലനിൽക്കുന്നുണ്ട്. നിരവധി കൊയ്ത്തുപാട്ടുകളും, ഞാറുപാട്ടുകളും, ഊഞ്ഞാൽപാട്ടുകളും നമ്മുടെ പ്രാകൃത പാരമ്പര്യത്തിന്റെ ഈടുവെപ്പുകളായി മുഴങ്ങിനിൽപ്പുണ്ട്. പ്രാചീനകാലവിശേഷങ്ങളുടെ തിരുശേഷിപ്പുകളായ ഇവയെ സംരക്ഷിക്കേണ്ടതും നമ്മുടെ നാടിന്റെ ആവശ്യമാണ് ഈ പാട്ടുകളെ ക്രോഡീകരിക്കുവാനും, പ്രസിദ്ധീകരിക്കുവാനുമുള്ള കർമ്മപദ്ധതികളും ഉണ്ടാകേണ്ടിയിരിക്കുന്നു.

മലയാള കലാ-സാഹിത്യരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച പല മഹത്വ്യക്തികളെയും സംഭാവന ചെയ്യാൻ നമ്മുടെ നാടിനു കഴിഞ്ഞിട്ടുണ്ട്. ശാസ്ത്രീയ സംഗീതത്തിന്റെ അതുല്ല്യമേഖലകളും അടങ്ങിയ ശ്രീ. കോടമ്പള്ളിൽ ഗോപാലപിള്ളയെ മലയാളത്തിലെ പ്രശസ്തരായ പല ഗായകരുടേയും ഗുരുതുല്യനായി കണക്കാക്കുന്നു. കഥകളി സാഹിത്യ മഹത്തായ സംഭാവന നൽകിയ പണ്ഡിതനായ ശ്രീ മൈനാഗപ്പള്ളി വാസുദേവൻ ഇപ്പോൾ കേന്ദ്രസാഹിത്യ അക്കാഡമി അവാർഡുനേടിയ ശ്രീ വി. മാധവൻപിള്ള മൈനാഗപ്പള്ളി പഞ്ചായത്തു് സാഹിത്യരംഗത്തു നൽകിയ മഹത്തായ സംഭാവനകളാണ്.

തേവലക്കര വൈദ്യന്മാരും തരകന്മാരും

മൈനാഗപ്പള്ളിയിലെ ക്രിസ്തുമത വിശ്വാസികളായ ആളുകൾക്ക് കിട്ടിയ സ്ഥാനപ്പേരുകളെക്കുറിച്ച് പറയുന്നുണ്ട് തേവലക്കര അരയുച്ചിറക്കര തരകൻ കുടുംബ ചരിത്രം എന്ന പേരിൽ ഒരു പുസ്തകം 1984 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് ൽ 4-ാം നൂറ്റാണ്ടിൽ മഹാരാജാവിൽനിന്നും ലഭിച്ച സ്ഥാനപ്പേരാണ് തരകൻ എന്നും സ്ഥാപിച്ചിട്ടുണ്ട്.

തേവലക്കര വൈദ്യന്മാർക്കും ശ്രീമൂലം തിരുനാൾ മഹാരാജാവ് കല്പിച്ചുകൊടുത്തതാണ് ഈ സ്ഥാനം രാജകുടുംബത്തിലെ കണ്ണു ചികിത്സയ്ക്ക് എറ്റെടുത്ത് വിജയകരമായി നടത്തിയതിനാണ് ഈ സ്ഥാനം നൽകിയതു്.

കലാ സാംസ്കാരിക രംഗം

ഈ രംഗത്തു് സജീവ സാന്നിദ്ധ്യമായി നിരവധി സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. 10 ഗ്രന്ഥശാലകളും 40 ൽ അധികം മറ്റു സാംസ്കാരിക സംഘടനകളാണ് നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്നതു്. നമ്മുടെ സാംസ്ക്കാരിക ചൈതന്യമാകേണ്ടവയാണ് ഗ്രന്ഥശാലകളും. നാടിന്റെ സർവ്വകലാശാലകളാണിവയുടെ പ്രവർത്തനം അർഹിക്കുന്ന നിലയിൽ എത്തുന്നില്ല. ചില ഗ്രന്ഥശാലകളും കൃത്യമായി തുറന്നു പ്രവർത്തിക്കുന്നതിൽ അലംഭാവം കാട്ടുന്നുണ്ട്. പുസ്തകവിതരണത്തിലും അലസത കാട്ടുന്നുണ്ട്. ഈ സമീപനത്തിൽ മാറ്റം ഉണ്ടായേ മതിയാകൂ. ഗ്രന്ഥശാലകളും സ്ഥിരമായി തുറക്കുകയും ഓരോ പ്രദേശത്തിന്റെ സാംസ്കാരിക വേദിയായി അവ മാറുകയും വേണം. ഇലക്ട്രോണിക് മാധ്യമങ്ങളും സൃഷ്ടിക്കുന്ന പുതുതൻ വിപത്തിനെക്കുറിച്ച് ബോധവാൻമാരാകുകയും അതിനെ മറികടക്കാനുള്ള രംഗവേദിയായി ഗ്രന്ഥശാലകളെ മാറ്റുകയും വേണം. മറ്റുസാംസ്കാരിക സംഘടനകളിൽ പലതിന്റെയും പ്രവർത്തനം ഭാഗികമാണ്. സ്ഥിരമായ പ്രവർത്തനമുള്ള സംഘടനകളും കുറവാണ്; ഈ സംഘടനകൾക്ക് ഒരു കൂട്ടായ്മയും കേന്ദ്രീകൃതമായ ഒരുരൂപവും ഉണ്ടാകേണ്ടതാണ്. ചിതറികിടക്കുന്ന ഇത്തരം സംഘടനകളെ പഞ്ചായത്തിൽ യോജിപ്പിക്കുകയും ഒരു കേന്ദ്രസംഘടന ഉണ്ടാക്കുകയും വേണം.

പഞ്ചായത്ത് തലത്തിൽ മുഴുവൻ പ്രദേശത്തിനും പ്രാതിനിധ്യമുള്ള കലോത്സവങ്ങളും സംഘടിപ്പിക്കാൻ കഴിയണം. ഇപ്പോഴും നടക്കുന്ന കേരളോത്സവം ഒരു ഔദ്യോഗിക ഉത്സവം മാത്രമാണ്. അതിനു മാറ്റമുണ്ടാകണം. കലാകാരന്മാർക്ക് പ്രോൽസാഹനം നൽകുന്ന നിലയിൽ കലാവേദികളെ കൂട്ടിയോജിപ്പിച്ച് കേരളോൽസവം നടത്തണം.

കായികരംഗം

കായികരംഗത്ത് സമ്പൂർത്തമായ പുരോഗതി നേടിക്കൊണ്ട് പല പ്രദേശങ്ങളും മുന്നോട്ട് കുതിക്കുമ്പോഴും നമ്മുടെ പഞ്ചായത്തും ഇപ്പോഴും പിന്നിൽ തന്നെയാണ്. ഈ രംഗത്ത് ഏതാനും സംഘടനകളുടെ പരിമിതമായ പ്രവർത്തനത്തിൽ മാത്രം ഇന്നും നമ്മുടെ പഞ്ചായത്തിലെ കായികരംഗം ഒതുക്കിപ്പോയിരിക്കുന്നു. കായികരംഗത്തിന്റെ വികസനത്തിനു വ്യക്തമായ പരിപാടികളോ നയങ്ങളോ നമുക്കില്ല. നാൽപ്പതിലധികം കായികസംഘടനകളും നമ്മുടെ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ മിക്കതും ഏതെങ്കിലും ഒരു കലാപ്രകടനത്തോടെ വീണടിയുകയാണ് പതിവ് സ്ഥിരമായ പ്രവർത്തനം ഇല്ല.

കായികരംഗത്ത് എടുത്തുപറയാൻ കഴിയുന്ന ഏകനേട്ടം ഏഷ്യാഡ് താരം സാറാമ്മയുടേതുമാത്രമാണ്. തേവലക്കരയിലെ സ്കൂളിൽപഠിച്ച് പരിമിതമായ സാഹചര്യങ്ങളിലും, ജീവിതപ്രാരാബ്ധങ്ങളിൽ നിന്നും അന്താരാഷ്ട്ര നിലവാരത്തിൽ ഉയർന്ന കല്ലുവെട്ടാംകുഴിയിൽ കെ. സാറാമ്മ ഈ നാടിന്റെ അഭിമാനമാകാൻ കഴിഞ്ഞു. ഈ പെൺകുട്ടിയുടെ അതുല്യനേട്ടം നമുക്ക് പ്രചോദനമാകേണ്ടതാണ്.

കായികപ്രതിഭകൾക്ക് വളർന്നുവരാനുള്ള സാഹചര്യം നമ്മുടെ നാട്ടിൽ ഇന്നില്ല. വിദ്യാലയങ്ങളിൽ പോലും സ്പോർട്സ് ഉപകരണങ്ങളും കായ്ക്കവസ്തുക്കളാണ്. നമ്മുടെ പഞ്ചായത്ത് ഈ രംഗത്ത് വ്യക്തമായ ഒരു നയം രൂപീകരിക്കേണ്ടതാണ്. വിവിധ കായിക രംഗങ്ങൾക്ക് ഓരോ ഘട്ടങ്ങളിലായി കോച്ചിംഗ് ക്യാമ്പുകളും സംഘടിപ്പിക്കണം. പഞ്ചായത്തുതല കായികമേളയിൽ അർഹിക്കുന്ന ഗൗരവത്തിൽ സംഘടിപ്പിക്കണം.

കായിക വിനോദങ്ങൾക്ക് ഉപയോഗിക്കുവാൻ ചുരുക്കം ചില മൈതാനങ്ങളും മാത്രമാണ് നമുക്കുള്ളത്. മണ്ണൂർകാവ് മൈതാനം, പാട്ടപുരയ്ക്കൽ ക്ഷേത്രമൈതാനം, തേവലക്കര സ്കൂൾ ഗ്രൗണ്ട്, മൈനാഗപ്പള്ളി പഞ്ചായത്ത് ഗ്രൗണ്ട് ഇവയാണ് പൊതു കളിസ്ഥലങ്ങളും, പഞ്ചായത്ത് മൈതാനം കളിക്കാർക്ക് ഉപയോഗിക്കാൻ ഇന്നും പാകം ആയിട്ടില്ല. ചില സ്ഥലങ്ങളിൽ കൂട്ടികൾക്ക് കളിക്കുന്നതിൽ വിലക്ക് ഏർപ്പെടുത്തുന്നതുമുണ്ട്.

അത്ലറ്റിക്സ്, ഫുട്ബാൾ, വോളിബാൾ, ബാറ്റ്മിന്റൻ തുടങ്ങിയവയാണ് നമ്മുടെ പ്രധാന കായികവിനോദങ്ങൾ. എന്നാൽ അടുത്തകാലത്ത് ചെറുപ്പക്കാരിൽ ക്രിക്കറ്റിനോട് അമിതമായ ആവേശം പ്രകടമായിരിക്കുന്നു. ഫുട്ബാൾ രംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച നിരവധി സംഘടനകൾ നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു. ജില്ലാ നിലവാരത്തിലുള്ള ടൂർണ്ണമെന്റുകൾ ട്രോഫി നേടാൻ അവയ്ക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഈ രംഗത്ത് വളരെ കുറച്ച് സംഘടനകളെ ഉള്ളൂ.

മികച്ച നിലയിലുള്ള നിരവധി ടൂർണ്ണമെന്റുകൾ നമ്മുടെ നാട്ടിൽ നടന്നിട്ടുണ്ട്. **B.M.G.** എവർറോളിംഗ് ട്രോഫി ഫുട്ബാൾ ടൂർണ്ണമെന്റ്, **V R C** റോളിംഗ് ട്രോഫി ടൂർണ്ണമെന്റ് തുടങ്ങിയവ ഇന്ന് നടക്കുന്നില്ല. **K R C**, നവോദയ, അപ്പുസ് പോർട്ട്സ് എന്നിവ നടത്തുന്ന ഫുട്ബാൾ ടൂർണ്ണമെന്റുകളും കവിത ലൈബ്രറിയും തുലികയും നടത്തുന്ന വോളിബാൾ ടൂർണ്ണമെന്റും, കടപ്പാ ബാലജനസഖ്യവും നടത്തുന്ന ക്രിക്കറ്റ് ടൂർണ്ണമെന്റുകളും ആണ് ഇന്ന് നടക്കുന്ന പ്രധാന കായികവിനോദങ്ങൾ

കലാ കായിക രംഗത്തെക്കുറിച്ച് ഗ്രാമസഭകളിൽ ഉയർന്നുവന്ന പൊതുവായ പ്രശ്നങ്ങളും, ഓരോ വാർഡിലെ പ്രശ്നങ്ങളും അവയുടെ പരിഹാര നിർദ്ദേശങ്ങളും പ്രത്യേകം ചേർത്തിട്ടുണ്ട്.

പൊതുവായ പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

1 മൈനാഗപ്പള്ളി പഞ്ചായത്തിനു മറ്റു പ്രദേശങ്ങളെപ്പോലെ കലാപ്രകടനങ്ങളും മറ്റും നടത്തുവാനുള്ള ഒരു ആഡിറ്റോറിയമില്ല.

മൈനാഗപ്പള്ളി പുത്തൻചന്തയ്ക്ക് സമീപം പഞ്ചായത്തിന് ചുമതലയിൽ എല്ലാ സജ്ജീകരണങ്ങളോടും കൂടിയ ഒരു ആഡിറ്റോറിയം പണിതീർക്കുക.

2 പഞ്ചായത്തിനു സാംസ്കാരിക നിലയം ഒരു സാംസ്കാരിക കേന്ദ്രം ആയി പ്രവർത്തിക്കുന്നില്ല. പ്രതിമാസം ഒരു സാംസ്കാരിക പരിപാടിയെങ്കിലും നടത്തി ഈ രംഗത്തുള്ളവർക്ക് പ്രോത്സാഹനം നൽകുവാനുള്ള വേദിയാകണം.

3 40 ൽ അധികം കലാകായിക സംഘങ്ങളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇവയ്ക്ക് പരസ്പര ബന്ധമോ ഒരു കേന്ദ്രീകരണമോഇല്ല.

ഈ സംഘടനകളെ രജിസ്റ്റർ ചെയ്യുകയും ഒരു കേന്ദ്രീകൃത രൂപം ഉണ്ടാക്കുകയും ചെയ്യുക. ആവശ്യമായ നിർദ്ദേശങ്ങളും നൽകി ഈ സംഘടനകളെ കലാസാംസ്കാരികരംഗത്തെ മികച്ച പ്രോതസ്സുകളാക്കുക.

4 മികച്ച നിലയിൽ പ്രവർത്തിക്കുന്ന സംഘടനകൾക്ക് ആവശ്യമായസഹായധനം നൽകി പ്രോത്സാഹിപ്പിക്കുക. സ്പോർട്സ് ഉപകരണങ്ങളും സംഘടിപ്പിച്ചു നൽകുക.

5 കേരളോത്സവം ഫലപ്രദമായല്ല നടക്കുന്നത്.

മുഴുവൻ സംഘടനകളേയും യോജിപ്പിച്ചുകൊണ്ട് പഞ്ചായത്തിന്റെ ഉത്സവമായി കേരളോത്സവം മാറണം.

6 കായിക രംഗത്ത് യാതൊരു പ്രോത്സാഹനവും ലഭിക്കുന്നില്ല.

ഓരോ കായിക രംഗത്തിനും ആവശ്യമായ കോച്ചിംഗ് ക്യാമ്പുകളും ഓരോ വർഷവും നിർബ്ബന്ധമായും സംഘടിപ്പിക്കുക.

7 നിരവധി നാടൻ പാട്ടുകളും നമ്മുടെ പ്രദേശത്ത് പാരമ്പര്യമായി നിലനിൽക്കുന്നുണ്ട്. നശിച്ചു പോകുന്ന ഈ പാട്ടുകളും ശേഖരിച്ച് പ്രസിദ്ധീകരിക്കുവാനുള്ള കർമ്മപരിപാടി ആവിഷ്ക്കരിക്കുക.

8 പ്രാചീനമായ പല കലാരൂപങ്ങളും ഇന്നും നമുക്ക് അന്യമായിട്ടുണ്ട്. അവയെ സംരക്ഷിക്കുവാനും, ഈ രംഗത്തെ കലാകാരന്മാർക്ക് പ്രോത്സാഹനവും, സഹായ ധനവും നൽകുവാനും ഉള്ള പദ്ധതികളും ആവിഷ്ക്കരിക്കുക.

9 ബാലമാരുടെ കലാപരമായ ഉയർച്ചയ്ക്ക് ബാലകലോത്സവങ്ങളും നടത്തുക.

10 സാംസ്കാരിക സ്ഥാപനങ്ങൾക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ആനുകാലിക പ്രസിദ്ധീകരണങ്ങളും, ദിനപത്രവും എത്തിക്കുക. എല്ലാ ഗ്രന്ഥശാലകളിലും T V സ്ഥാപിക്കുകയും, ഇൻഫർമേഷൻ സെൻററുകളും ആരംഭിക്കുകയും ചെയ്യുക.

11 6-ാം വാർഡിലെ ആരോസ് M G M സംഗമം, കേളി എന്നീ സന്നദ്ധ സംഘടനകൾക്ക് കെട്ടിട നിർമ്മാണ ധനസഹായവും, ലൈബ്രറി, ടി.വി. സെൻറർ, എന്നിവ സ്ഥാപിക്കുക

ഗ്രാമസഭകളിൽ ചർച്ചചെയ്യപ്പെട്ടിട്ടുള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1 1-ാം വാർഡിലെ നവോദയ ഗ്രന്ഥശാലയ്ക്ക് കെട്ടിട പുനർ നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുക. കാത്തൂർക്കടവിൽ റേഡിയോ, ടി. വി നിലയങ്ങളും സ്ഥാപിക്കുക.

2 2-ാം വാർഡിലെ കവിതാ ഗ്രന്ഥശാലയ്ക്ക് ടി വി നൽകുക മൂന്നാം വാർഡിലെ ഉദയാ ഗ്രന്ഥശാലയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം നൽകുക. ടി വി നൽകുക.

3 4-ാം വാർഡിൽ ഒരു സാംസ്കാരിക കേന്ദ്രം ആരംഭിക്കണം

4 4, 5 വാർഡുകളിൽ പ്രവർത്തിക്കുന്ന യുവചേതന ഗ്രന്ഥശാലയ്ക്ക് കെട്ടിടം നിർമ്മിക്കാനുള്ള സഹായം നൽകുക. സാംസ്കാരിക സംഘടനയ്ക്ക്, പത്രമാസികകളും, ഫർണീച്ചറുകളും നൽകുക

5 6-ാം വാർഡിൽ ഒരു ഗ്രന്ഥ ശാല സ്ഥാപിക്കുക.

6 7-ാം വാർഡിലെ ഗ്രന്ഥശാലയുടെ പ്രവർത്തനം ശക്തമാക്കുക. ടി. വി സെറ് സ്ഥാപിക്കണം ആനുകാലിക പ്രസിദ്ധീകരണങ്ങളും നൽകണം

7 8-ാം വാർഡിലെ ബാപ്പുജി ലൈബ്രറിക്ക് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. പ്രവർത്തിക്കുന്നതിനു സൗകര്യങ്ങളില്ല. കെട്ടിടം പണിയുന്നതിനു സഹായം നൽകണം, ടി. വി. നൽകണം വാർഡിന്റെ വടക്ക് ഭാഗത്ത് ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കുക.

8 9-ാം വാർഡിൽ ഒരു ലൈബ്രറി സ്ഥാപിക്കുക. സോഷ്യൽ റിക്രിയേഷൻ ക്ലബ്ബിനു ഭൂമി പതിച്ചു നൽകണം

9 10-ാം വാർഡിലെ വിജ്ഞാനപ്രദായനി ഗ്രന്ഥശാലയുടെ പ്രവർത്തനം ശക്തമാക്കണം. ഫർണീച്ചറും ആനുകാലിക പ്രസിദ്ധീകരണങ്ങളും നൽകണം

10 11-ാം വാർഡിൽ ഒരു റിക്രിയേഷൻ സെൻറർ സ്ഥാപിക്കണം. കോളനിയിൽ ടി വി സ്ഥാപിക്കുക. വാർഡിന്റെ കിഴക്കു ഭാഗത്ത് ഒരു വായനശാല സ്ഥാപിക്കുക

1 12-ാം വാർഡിന്റെ പടിഞ്ഞാറുഭാഗത്ത് ഒരു വായനശാല സ്ഥാപിക്കണം. കോളനിയിൽ ടി വി സ്ഥാപിക്കണം കേരള ലൈബ്രറിയിൽ ഒരു PSC ഇൻഫർമേഷൻ സെൻറർ ആരംഭിക്കണം സാംസ്കാരിക നിലയം സ്ഥാപിക്കണം

12 13-ാം വാർഡിന്റെ മദ്ധ്യഭാഗത്തു ഒരു ഗ്രന്ഥശാല സ്ഥാപിക്കുക. കേരളലൈബ്രറി പ്രവർത്തനം മെച്ചപ്പെടുത്തുക സഞ്ചരിക്കുന്ന ഗ്രന്ഥശാല സ്ഥാപിക്കുക. തുഞ്ചൻ സ്മാരകത്തിന്റെ സ്ഥലം ഏറ്റെടുത്തു ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കുക. ടി വി വേണം

ലൈബ്രറികൾ, വായനശാലകൾ സംബന്ധിച്ച വിവരങ്ങൾ

	പേര്	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ കെട്ടിടം	പുസ്തക എണ്ണം	ങ്ങളുടെ എണ്ണം	ശരാശരി പ്രതിമാസ വിതരണം	മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ
1	വിജ്ഞാനപ്രദ: കിഴക്കേക്കര	1951	സ്വന്തം	701	5277	700	സർക്കാർ ഗ്രാൻറ്
2	പബ്ലിക് ലൈബ്രറി മൈനാഗപ്പള്ളി	1956	സ്വന്തം	780	4812	600	,,
3	നവോദയ ഗ്രന്ഥശാല	1966	സ്വന്തം	1386	3355	700	,,
4	ബാപ്പുജി മെമ്മോറിയൽ ഗ്രന്ഥശാല തെക്കൻമൈനാ:	1974	വാടക	128	4058	500	,,
5	കവി ഗ്രന്ഥശാല ഇടവനശ്ശേരി	1969	സ്വന്തം	314	3912	525	,,
6	ദി കേരള ലൈബ്രറി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് കോവൂർ	1973	സ്വന്തം	418	2477	450	,,
7	യുവരശ്മി ഗ്രന്ഥശാല ഇടവനശ്ശേരിപടിഞ്ഞാറ്	1979	വാടക	328	1812	...	,,
8	ഉദയാ ലൈബ്രറി, ഉദയാ ജം: ഇടവനശ്ശേരി	1986	സ്വന്തം	117	2037	500	,,
9	യുവചേതന ഗ്രന്ഥശാല വേങ്ങ	1985	വാടക	360	1158	250	,,
10	പഞ്ചായത്ത് ലൈബ്രറി						പഞ്ചായത്ത് ഫണ്ട്

ഗ്രൂപ്പ് 9

വനിത

1991 ലെ കാനേഷ്മാരി കണക്കനുസരിച്ച് ഈ പഞ്ചായത്തിൽ 18315 വനിതകളും ഉണ്ട് ഇതിൽ 2938 പേർ പട്ടികജാതിക്കാരാണ് ഇതിൽ കർഷക തൊഴിലാളികളായി ഉള്ളവർ 259 പേർ മാത്രമാണ്

ദശകങ്ങൾക്കു പിന്നിലേക്കു നോക്കുമ്പോൾ മേൽത്തട്ടുകളിലുള്ള സ്ത്രീകൾ മാത്രമേ വിദ്യാഭ്യാസവും സമൂഹത്തിൽ സ്ഥാനവും നൽകിയിരുന്നുള്ളൂ. പിന്നോക്കക്കാർ അക്കാലത്തു സമ്പന്നരുടെ ആശ്രിതരായിരുന്നതിനാൽ സ്ത്രീകളും അവരോടൊത്തു വീടിനോടു ബന്ധപ്പെട്ട് അടുക്കള പണികളും ശുചീകരണ പണികളും നടത്തി ഉപജീവനം കഴിച്ചു പോന്നു. ഇതിൽ നല്ലൊരു ഭാഗം കർഷകതൊഴിലാളികളും ആയിരുന്നു. ഈ നൂറ്റാണ്ടിന്റെ ആദ്യകാലത്തുതന്നെ ഈ പഞ്ചായത്തിന്റെ 12-ാം വാർഡിലും 9-ാം വാർഡിലും ആവിർഭവിച്ച മലയാളം സ്കൂളുകൾ അന്നത്തെ പെൺകുട്ടികൾക്കു വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാക്കികൊടുത്തു ഉന്നതവിദ്യാഭ്യാസ രംഗത്തു അടുത്ത കാലത്താണ് സ്ത്രീകൾ എത്തിപ്പെട്ടിട്ടുള്ളതു നേതൃത്വനിരയിൽ എത്തിയിട്ടുള്ളവർ ഇവിടെ നന്നേ വിരളം എങ്കിലും സാമൂഹ്യസേവന രംഗത്തു പ്രവർത്തിക്കാൻ മനസ്സുള്ളവരാണ് സ്ത്രീകളിലെ യുവതലമുറ, അതിനു പ്രത്യക്ഷ ഉദാഹരണമാണ് സാക്ഷരതാ പ്രവർത്തനം. സാക്ഷരതാ പ്രവർത്തനത്തിനു ഈ പഞ്ചായത്തിൽ വനിതകളാണ് ഗണ്യമായ പങ്കു വഹിച്ചതു.

ഗ്രാമസഭാ റിപ്പോർട്ടുകൾ ക്രോഡീകരിക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾക്കു മുൻഗണന നൽകേണ്ടിയിരിക്കുന്നു.

1 വിധവകളായ ഭവനരഹിതർക്കു പാർപ്പിടനിർമ്മാണത്തിൽ മുൻഗണന നൽകണം

2 തൊഴിലാളി സ്ത്രീകളുടെശിശു സംരക്ഷണത്തിനു പഞ്ചായത്തുതലത്തിൽ ക്രഷ് ഉണ്ടാകണം

3 സ്ത്രീകളുടെ ആരോഗ്യസംരക്ഷണത്തിനു P H സെൻറർ കൂടുതൽ ശ്രദ്ധപതിപ്പിക്കണം

4 ഈ പഞ്ചായത്തിന്റെ പിന്നോക്കമേഖലയിലുള്ള കോളനികളിൽ മിഡ് വൈഫറി സെൻറർ തുറക്കണം

5 സ്വയം തൊഴിൽ മേഖലയിൽ സഹകരണാടിസ്ഥാനത്തിൽ വനിതാ യൂണിറ്റുകൾ നിലവിൽ വരണം

6 വീട്ടമ്മമാർക്കു ഒരു സഹായ മെന്ന നിലയ്ക്കു ചെലവു കുറഞ്ഞ ഇന്ധനക്ഷമതയുള്ള അടുപ്പുകൾ, സബ്സിഡിനിരക്കിൽ വിതരണം ചെയ്യണം

7 പച്ചക്കറികൃഷി അടുക്കള തോട്ടരീതിയിൽ വ്യാപകമാക്കണം

8 ചാരായനിരോധനം കർശനമായി പാലിക്കാൻ ജനകീയകമ്മറ്റികൾ രൂപീകരിക്കണം

യുവതലമുറയിൽ ഭൂരിഭാഗവും അഭ്യസ്തവിദ്യരാണ് ദുർബലവിഭാഗത്തിലെ മുതിർന്ന സ്ത്രീകൾ സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ച് അജ്ഞരാണ്. ഇവരിൽ നിരക്ഷരരും ഉണ്ട്. തുടർന്നു സാക്ഷരതാ പരിപാടി ഊർജ്ജിതമാക്കുകയും സാമൂഹ്യക്ഷേമത്തിൽ ബോധവൽക്കരണം നടത്തുകയും വേണം. ദുർബല വിഭാഗത്തിൽ തൊഴിലെടുക്കുന്ന സ്ത്രീകൾ താരതമ്യേന കൂടുതലാണ്.

അഭ്യസ്തവിദ്യരുടെ ഇടയിൽ അദ്ധ്യാപക വൃത്തിയാണ് കൂടുതൽ. വ്യവസായം അഭിവൃദ്ധിപ്പെടാത്ത നമ്മുടെ പഞ്ചായത്തിൽ കശുവണ്ടി മേഖലയിലാണ് കൂടുതൽ സ്ത്രീ തൊഴിലാളികൾ ഉള്ളതു. ജീവിതനിലവാരം ഇവരുടെ ഇടയിൽ മെച്ചപ്പെട്ടിട്ടുണ്ട്. കർഷക തൊഴിലാളികൾ നന്നേകുറവു വേതനഘടനയിലും സ്ത്രീ പുരുഷ അന്തരം ഈ മേഖലയിൽ കൂടുതലാണ്. സ്ത്രീ പീഡനം റിപ്പോർട്ടു ചെയ്യപ്പെട്ടി

ട്ടില്ല എങ്കിലും സ്ത്രീകളെക്കൊണ്ട് അദ്ധ്വാനിപ്പിച്ച് അതിന്റെ ഫലം അനുഭവിക്കുന്ന മടിയന്മാരു മുണ്ട്. പൊതുരംഗത്ത് സ്ത്രീ പങ്കാളിത്തം പൊതുവെ അദൃശ്യമാണ്. സംസ്ഥാനത്തിലോ, ദേശീയതല ത്തിലോ അറിയപ്പെടുന്ന സ്ത്രീകളും ഇവിടെ ഇല്ലെന്നു വേണം പറയാൻ. സ്ത്രീകൾക്ക് നേതൃത്വഗുണം നൽകുന്ന പരിപാടികളും ഇല്ല. വീട്ടമ്മയായ സ്ത്രീയുടെ അദ്ധ്വാനം തിട്ടപ്പെടുത്താൻ ആരും മിനക്കെടാറില്ല സമ്പൂർണ്ണ മദ്യനിരോധനം ആഗ്രഹിക്കുന്നവരാണ് 99% വനിതകളും. സ്ത്രീകളോട് പൊതുവെ മാന്യമാ യി പെരുമാറാറമാണ് അനുഭവപ്പെടുന്നതു്. തൊഴിൽ രഹിതരിൽ കൂടുതൽ അഭ്യസ്തവിദ്യരാണ്. സ്ത്രീ കൾക്ക് മേലുള്ള പുരുഷാധിപത്യം ഇവർക്ക് സേവനരംഗത്തും തൊഴിൽ മേഖലയിലും തടസ്സം സൃഷ്ടി ക്കുന്നു. നമ്മുടെ പഞ്ചായത്തിൽ 4 **DWCRA** യൂണിറ്റ് പ്രവത്തിക്കുന്നുണ്ട്. 2 എണ്ണം പുതുതായി രൂപം കൊണ്ടതാണ്. പ്രവത്തനമില്ലാത്തവയാണ് നേരത്തെയുള്ളവ രണ്ടും അംഗനവാടികളും ഒന്നും തന്നെ ഇല്ല 14 ഫീഡിംഗ് സെൻറുകളും അതിൽ 3 എണ്ണം ബാലവാടികളുമാണ്. മഹിളാസമാജങ്ങളാണ് ഈ ഫീഡിംഗ് സെൻറുകളും പ്രവർത്തിക്കുന്നതു്.

പ്രശ്നങ്ങൾ

തൊഴിൽ മേഖലയിൽ സ്ഥായിഭാവമില്ല.
പരമ്പരാഗത തൊഴിലുകൾക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല.
കാർഷിക മേഖലയിൽ തൊഴിൽരാഹിത്യം
കോളനികളിലെ അരക്ഷിതാവസ്ഥ
തൊഴിൽരംഗത്തു് പരിശീലനക്കുറവു്
സർക്കാർ സഹായ പദ്ധതികളെക്കുറിച്ചുള്ള അജ്ഞത
ഫീഡിംഗ് സെൻററിലെ പ്രവത്തകർക്ക് മാന്യമായ വേതനം ലഭിക്കുന്നില്ല.
വേതന ഘടനയിലുള്ള സ്ത്രീപുരുഷന്മാരുടെ അന്തരം

നിർദ്ദേശങ്ങൾ

പരമ്പരാഗത തൊഴിലുകളും നിലനിർത്തുന്നതിനു് ആവശ്യമായ പ്രോത്സാഹനം നൽകുക. ഇന്നാട്ടിലെ പ്രധാന തൊഴിലായ കശുവണ്ടി മേഖലയിൽ ജോലിസ്ഥിരത ഉറപ്പുവരുത്താനാവശ്യമായ നടപടികളും സ്വീകരിക്കുക. കോളനികളും കേന്ദ്രീകരിച്ചു ചെറുകിട വനിതാവ്യവസായ യൂണിറുകളും സ്ഥാപിക്കുക. 5-ാം വാർഡിലെ കണ്ണാത്ത് ജയന്തികോളനിയിൽ **DWCRA** യുടെ ആഭിമുഖ്യത്തിൽ ഒരു ബീഡി തെറുപ്പ് യൂണിറ് ആരംഭിക്കണം. പഞ്ചായത്തിലെ പ്രധാനകോളനികളും കേന്ദ്രീകരിച്ചു് ഹെൽത്ത് സബ് സെൻറുകളും സ്ഥാപിക്കുക.

അഭ്യസ്തവിദ്യരായ വനിതകൾക്കുവേണ്ടി ട്യൂഷൻസെൻറുകളും ആരംഭിക്കുക; നിരാലംബകളായ പെൺകുട്ടികളുടെ വിവാഹത്തിനു് പഞ്ചായത്തുതലത്തിൽ ഒരു മംഗല്യനിധി രൂപീകരിക്കുക.

നിലവിലുള്ള 14 ഫീഡിംഗ് സെൻറുകളും എല്ലാ വാർഡുകൾക്കും ലഭ്യമാകുന്ന വിധത്തിൽ പുനർക്രമീകരിക്കണം.

ഗ്രൂപ്പ് 10

സഹകരണമേഖല

സഹകരണം എന്ന ആശയം മാനവരാശിയുടെ ഉത്പ്പേം മുതൽ മനുഷ്യ മനസുകളിൽ കുടികൊണ്ടിരുന്ന ഒരു പ്രതിഭാസമായിരുന്നു. ഭൂമുഖത്തുള്ള എല്ലാചരാചരങ്ങളിലും സഹകരണമനോഭാവം ദൃശ്യമാണെങ്കിലും ബുദ്ധിപരമായി ചിന്തിയ്ക്കാൻ കഴിവുള്ള മനുഷ്യർക്കുമാത്രമേ അതു ഫലപ്രദമായി പ്രയോഗിക്കുവാൻ സാധിച്ചിട്ടുള്ളു. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർത്ഥത്തിലുണ്ടായ വ്യവസായ വിപ്ലവമെന്ന അൽഭുതപ്രതിഭാസമാണ് ''സഹകരണം'' ഒരു പ്രസ്ഥാനമായി വളരുന്നതിനു സഹായിച്ചതു്. ഇൻഡ്യയിൽ ഒൻപതു് പതിറ്റാണ്ടിലധികംകാലത്തെ പ്രവർത്തന ചരിത്രം ഈ പ്രസ്ഥാനത്തിനുണ്ട്. കേരളത്തിലും മറിച്ചാകാൻ സാദ്ധ്യതയില്ല.

സ്വാതന്ത്ര്യാനന്തര ഇൻഡ്യയിൽ പഞ്ചവത്സര പദ്ധതികളം വഴി സർവ്വതോന്മുഖമായ വികസനത്തിനു് രൂപം കൊടുത്തു. 1956-ൽ ആരംഭിച്ച രണ്ടാം പഞ്ചവത്സര പദ്ധതിയിലാണ് കൃഷിയ്ക്കും അനുബന്ധ വ്യവസായങ്ങൾക്കും വളരെ ഏറെ പ്രധാന്യം നൽകിയിരുന്നതു്. ഈ അവസരത്തിലാണ് ഗ്രാമങ്ങളോടും സർവ്വീസ് സഹകരണ സംഘങ്ങളം രജിസ്റ്റർ ചെയ്യൽ പ്രവർത്തനം ആരംഭിച്ചതു്. മൈനാഗപ്പള്ളി പഞ്ചായത്തിലും 1959-ൽ തന്നെ Q 69-ാം നമ്പർ മൈനാഗപ്പള്ളി വില്ലേജ് സർവ്വീസ് സഹകരണ സംഘം രജിസ്റ്റർ ചെയ്തു് പ്രവർത്തനം ആരംഭിച്ചു. 512 അംഗങ്ങളും 5100/രൂപാ മൂലധനവും കൊണ്ട് ആരംഭിച്ച ഈ പ്രസ്ഥാനത്തിൽ ഇപ്പോഴം 12164 അംഗങ്ങളും പിരിഞ്ഞ് അടങ്ങേണ്ട ഓഹരിയായി 13 ലക്ഷവും, നിക്ഷേപം 1.4 കോടിയും, വായ്പ 1.5 കോടിയുമാണ്.

വായ്പാ സംഘങ്ങളുടെ മേഖലയിൽ ഈ സംഘം കൂടാതെ മറ്റു രണ്ടു സ്ഥാപനങ്ങളം കൂടി പ്രവത്തിക്കുന്നുണ്ട്.

1 കരുനാഗപ്പള്ളി പ്രൈമറി കാർഷിക, ഗ്രാമവികസന സഹകരണബാങ്ക് ക്ലിപ്തം നമ്പർ. Q. 467
2 കരുനാഗപ്പള്ളി ബ്ലോക്ക് ഹൗസിംഗ് സഹകരണസംഘം ക്ലിപ്തം. നമ്പർ. Q. 438

ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതും പ്രവർത്തനപരിധിയുള്ളതുമായ സഹകരണസംഘങ്ങളുടെ വിവരങ്ങളം താഴെപ്പട്ടിക ഒന്നിൽ ചേർക്കുന്നു.

പട്ടിക I

വായ്പാ സംഘങ്ങൾ

ക്രമനമ്പർ	പേരു്	രജിസ്റ്റർ നമ്പർ
1	മൈനാഗപ്പള്ളി വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം	Q 69
2	കരുനാഗപ്പള്ളി പ്രൈമറി കാഷ്ിക ഗ്രാമവികസന സഹകരണബാങ്ക് ക്ലിപ്തം	കൃ 467
3	കരുനാഗപ്പള്ളി ബ്ലോക്ക് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം	കൃ 438

വായ്പേതരസംഘങ്ങൾ

1	വേങ്ങ കോ-ഓപ്പറേറീവ് കൺസ്യൂമർ സ്റ്റോർ	കൃ 1092
2	മൈനാഗപ്പള്ളി കോ-ഓപ്പറേറീവ് കൺസ്യൂമർ സ്റ്റോർ	കൃ 1071
3	ഇടവനശ്ശേരി കോ-ഓപ്പറേറീവ് കൺസ്യൂമർ ,,	കൃ 1091
4	മൈനാഗപ്പള്ളി നോർത്ത് ,, ,,	കൃ 1192
5	മൈനാഗപ്പള്ളി കോ-ഓപ്പറേറീവ് കൺസ്യൂമർ ,,	കൃ 1117
6	കുന്നത്തൂർ താലൂക്ക് എക്സ്സർവ്വീസ് മെൻസ് വെൽഫയർ CS	കൃ 989
7	മൈനാഗപ്പള്ളി വനിതാ സഹകരണസംഘം	കൃ 1208
8	മൈനാഗപ്പള്ളി വനിതാ സഹകരണ സംഘം	കൃ 1043
9	മൈനാഗപ്പള്ളി വനിതാ ക്ഷേമ സഹകരണ സംഘം	കൃ 1163
10	കരുനാഗപ്പള്ളി ബ്ലോക്ക് മഹിളാസഹകരണ സംഘം	കൃ 891
11	മൈനാഗപ്പള്ളി ജനറൽ മാർക്കറ്റിംഗ് & പ്രോസസ്സിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	കൃ 1249
12	മൈനാഗപ്പള്ളി ഹോട്ടൽ കോ-ഓപ്പറേറീവ് സൊസൈറ്റി	കൃ 1248

ലേബർ കോൺട്രാക്ററ് സൊസൈറ്റികൾ B

ക്രമനമ്പർ	പേരു്	രജിസ്റ്റർ നമ്പർ
1	കുന്നത്തൂർ താലൂക്ക് ലേബർ കോൺടാക്ട് സൊസൈറ്റി	കൃ 1165
2	കൊല്ലം പ്രോഗ്രസീവു് ലേബർ	കൃ 1231

പട്ടികജാതി/പട്ടികവർഗ സംഘങ്ങൾ C

1	മൈനാഗപ്പള്ളി പട്ടികജാതി സഹകരണസംഘം ക്ലിപ്തം	കൃ 95
2	മരേണ്ടോത്തുരത്ത് മൈനാഗപ്പള്ളി ഹരിജൻ മത്സ്യ വ്യവസായ സഹകരണസംഘം ക്ലിപ്തം	F(Q) 750

വ്യവസായ സംഘങ്ങൾ-D

1	മൈനാഗപ്പള്ളി ഓട്ടു് വ്യവസായ സഹകരണസംഘം	S (IND) Q. 114
2	മൈനാഗപ്പള്ളി ഈറ, മുള വ്യവസായ ,, ,,	K V (IND)Q 41
3	മൈനാഗപ്പള്ളി മഹിളാ വ്യവസായ ,, ,,	S (IND) Q 164
4	മൈനാഗപ്പള്ളി ഹരിജൻ വ്യവസായ ,, ,,	S (IND)Q 408
5	മൈനാഗപ്പള്ളി തഴപ്പായ് വ്യവസായ ,, ,,	K V (IND) Q 23
6	മൈനാഗപ്പള്ളി സെറികൾച്ചറൽ ,, ,, ,,	K V (IND) Q 222
7	കരുനാഗപ്പള്ളി തേനീച്ച വളർത്തൽ ,, ,, ,,	C (IND) Q 218
8	മൈനാഗപ്പള്ളി ഹരിജൻ വനിതാ സ്ക്രൂപയിൻ ,, ,,	C (IND) കൃ 368
9	മൈനാഗപ്പള്ളി ബീഡി വർക്കേഴ്സ് ,, ,, ,,	S (IND) കൃ 305
10	മൈനാഗപ്പള്ളി ബ്രിക്സ് വ്യവസായ ,, ,,	C (IND)കൃ 93
11	വേങ്ങ മാച്ചു് ഇൻഡസ്ട്രിയൽ ,, ,, ,,	S (IND) കൃ 184
12	മൈനാഗപ്പള്ളി മഹിളാ വ്യവസായ ,, ,,	S (IND) കൃ 164
18	മൈനാഗപ്പള്ളി റബ്ബർ & ട്രീവീലേഴ്സ് ,, ,,	കൃ 1102

സ്കൂൾ സഹകരണ സംഘങ്ങൾ-E

1	മൈനാഗപ്പള്ളി മിലാദേഷെരീഫ് എച്ച്.എസ്.സി.എസ്	കൃ 375
2	കടപ്പാ ലക്ഷ്മിവിലാസം എച്ച്.എസ്.സി.എസ്.	കൃ 1031
3	തേവലക്കര ബോയിസ് എച്ച്.എസ്. സി. എസ്.	കൃ 716
4	തേവലക്കര ഗേൾസ് എച്ച്. എസ്. സി. എസ്.	കൃ 262
5	മൈനാഗപ്പള്ളി പ്രൈമറിസ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	കൃ 766
6	തേവലക്കര ഈസ്റ്റ് ഗവൺമെൻറ് യു. പി. എസ്. സി. എസ്.	കൃ 745
7	കോവൂർ യു. പി. എസ്. കോ-ഓപ്പറേറ്റീവ് സംഘം	കൃ 654

ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ- F

1	മൈനാഗപ്പള്ളി ക്ഷീരവ്യവസായ സഹ; സംഘം	കൃ (ഡി) 22
2	വടക്കൻ മൈനാഗപ്പള്ളി ,, ,,	കൃ (ഡി)259
3	ഇടവനശ്ശേരി ,, ,,	കൃ (ഡി) 260
4	തെക്കൻ മൈനാഗപ്പള്ളി ,, ,,	കൃ (ഡി) 270
5	കോവൂർ കിഴക്കേക്കര ,, ,,	കൃ (ഡി) 261
6	വേങ്ങ ,, ,,	കൃ. (ഡി) 271

പട്ടിക 1 പ്രകാരം ഈ പഞ്ചായത്ത് പ്രവർത്തനപരിധിയിൽ പ്രവർത്തിക്കുന്നേ വായ്പാ, വായ്പേതര സംഘങ്ങളുടെ എണ്ണം 45 ആണെന്നു് കാണുന്നു. വായ്പാസംഘങ്ങൾ 3 എണ്ണമാണുള്ളതു്.

മൈനാഗപ്പള്ളി സർവ്വീസ് ബാങ്കിന്റെ പ്രവർത്തന വിവരങ്ങൾ പട്ടിക 2 ൽ ചേർത്തിരിക്കുന്നു.

പട്ടിക-2

സ്ഥാപിച്ച വർഷം	ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെഎണ്ണം	പിരിഞ്ഞെടുത്ത ഓഹരി മൂലധനം	നിക്ഷേപ ബാക്കി	വായ്പ	വാർഷിക ടേൺ ഓവർ	ലാഭമോ നഷ്ടമോ
1959	12164	15	13 ലക്ഷം	1.4 കോടി	1.5 കോടി	2.5 കോടി	നഷ്ടം

പട്ടിക- 3

വായ്പാസംഘങ്ങൾ മൈനാഗപ്പള്ളി

പഞ്ചായത്ത് മേഖലയിൽ നൽകിയ വായ്പകൾ

സ്ഥാപനം	എണ്ണം	തുക
മൈനാഗപ്പള്ളി സർവ്വീസ് ബാങ്ക് ക്യു 69	4500	150 ലക്ഷം
കുമനാഗപ്പള്ളി കാർഷിക വികസനബാങ്ക് ക്യു 467	2551	190. ലക്ഷം
കുമനാഗപ്പള്ളി ബ്ലോക്ക് ഹൗസിംഗ് സംഘം ക്യു 438	14	4.23 ലക്ഷം
ആകെ	7065	344. 23 ലക്ഷം

ഈ പഞ്ചായത്തിലെ ലഭ്യമായ സ്ഥിതിവിവരകണക്കുകൾവച്ച് പരിശോധിച്ചാൽ 36391 ജനസംഖ്യയും 9665 വീടുകളുമാണുള്ളത്. ഏതാണ്ട് പകുതിയിലധികം ആൾക്കാരും ഈ സ്ഥാപനങ്ങളിൽനിന്നും സാമ്പത്തിക സഹായങ്ങൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നു. മറ്റുപ്രദേശങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ ഇതു് ഒരു ശ്രദ്ധേയമായ വസ്തുതയാണ്. എന്നാൽ പ്രദേശത്തിന്റെയും വാസികളുടെയും ആവശ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ പിന്നിലാണുതാനും. ഒരു പുതിയ വികസന സംസ്കാരത്തിനു് രൂപംനൽകുന്നജനകീയ ആസൂത്രണ പ്രക്രിയയിൽ സഹകരണപ്രസ്ഥാനത്തിനു് ഒരു വലിയപങ്കു് വഹിക്കുവാനുണ്ട്. ഗ്രാമീണമേഖലയുടെ വികസനത്തിനെ സഹായിക്കുവാൻ ജനകീയ അടിത്തറയുള്ള സഹകരണപ്രസ്ഥാനത്തിനു് മാത്രമേ കഴിയൂ. ഈ പഞ്ചായത്തിലെ ഒന്നുമുതൽ പതിമൂന്നുവരെയുള്ള വാർഡുകളിലെ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നനിർദ്ദേശങ്ങളിൽ മിക്കതും സഹകരണ പ്രസ്ഥാനങ്ങൾ വഴി നടപ്പാക്കണമെന്നതാണ്.

പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ

1. കാർഷികാഭിവൃദ്ധിക്ക് ആവശ്യമായ സാമ്പത്തികസഹായം സമയാസമയങ്ങളിൽ ലഭ്യമാക്കുക
2. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുക
3. ചെറുകിട കച്ചവടക്കാർക്കും, കൈത്തൊഴിലുകാർക്കും വായ്പാ സൗകര്യം ലഭ്യമാക്കുക
4. സഹകരണ ആശുപത്രി സ്ഥാപിക്കുക
5. പരമ്പരാഗത വ്യവസായങ്ങൾ പുനരുദ്ധരിക്കുക
6. നിത്യോപയോഗ സാധനങ്ങളുടെ സംഭരണവും വിതരണവും ഏറ്റെടുത്തു് നടത്തുക
7. കർഷകരുടെ ഉൽപ്പന്നങ്ങൾക്കു് ന്യായമായ വില ലഭിക്കുന്നതിനു് മാർക്കറ്റിംഗ് സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക
8. ആധുനിക കൃഷി ഉപകരണങ്ങൾ ലഭ്യമാക്കുക Etc. ഇങ്ങനെ ആവശ്യങ്ങളുടെ പട്ടികനീണ്ടുപോകുന്നു.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾക്കെല്ലാം പരിഹാരം കാണണമെങ്കിൽ സാമ്പത്തിക അടിത്തറയും മുഴുവൻ പ്രദേശവും പ്രവർത്തന പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ സർവ്വീസ് സഹകരണ ബാങ്കിനെ കൊണ്ടു മാത്രമേ സാധിക്കുകയുള്ളൂ. എന്നാൽ ഇപ്പോഴുള്ള സമ്പത്തുകൊണ്ടു് ഈ പറയപ്പെട്ടന്ന പദ്ധതികളൊന്നും നടപ്പാക്കാനുള്ള കഴിവുമില്ല. പഞ്ചായത്തും ബഹുജനങ്ങളും സഹായകമായ നിലപാടു് സ്വീകരിച്ചെങ്കിൽ മാത്രമേ പ്രശ്നങ്ങൾക്കു് പരിഹാരമാകൂ.

നിർദ്ദേശങ്ങൾ

1 സഹകരണബാങ്കിനെ പഞ്ചായത്തിന്റെ ബാങ്കായി അംഗീകരിക്കുകയും, പഞ്ചായത്ത് ഫണ്ടുകളും വികസന ആവശ്യത്തിനുവേണ്ടി ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളും etc സഹകരണ ബാങ്കിൽ തന്നെ നിക്ഷേപിച്ച് പഞ്ചായത്തിന്റെ ചെലവുകളും ബാങ്കു വഴി തന്നെ നടപ്പാക്കുക

2 പഞ്ചായത്തിലുള്ള മുഴുവൻ ജനങ്ങളുടേയും നിക്ഷേപങ്ങളും വിദേശ മലയാളികളുടെ നിക്ഷേപങ്ങളും സർവ്വീസ് ബാങ്കിൽ തന്നെ നിക്ഷേപിച്ച് സാമ്പത്തിക അടിത്തറ ശക്തമാക്കി പ്രദേശത്തുള്ള എല്ലാ വിഭാഗത്തിലുള്ള ജനങ്ങളുടെ നാനാവിധമായ സാമ്പത്തിക ആവശ്യങ്ങളും നിർവ്വഹിക്കുന്നതിനു ബാങ്കിനെ ശക്തമാക്കുക. ഇതിനു വൻപ്രചരണം പഞ്ചായത്തും ഗവൺമെന്റും വാർത്താ മാധ്യമങ്ങളും ചെയ്യേണ്ടതാണ്

3 പഞ്ചായത്തിന്റെ പൊതുവായ വികസന പ്രവർത്തനം നടത്തുന്നതിനുള്ള സാമ്പത്തികം സഹകരണ ബാങ്കിൽ നിന്നും വായ്പാ ഇനത്തിൽ ലഭ്യമാക്കാവുന്നതാണ്

4 പഞ്ചായത്തിന്റെയും സർവ്വീസ് സഹകരണബാങ്കിന്റെയും പൊതുലക്ഷ്യം ആഗ്രാമത്തിന്റെ വികസനവും ജനങ്ങളുടെ ക്ഷേമവുമാണ്. രണ്ടുവിഭാഗങ്ങളുടേയും ഭരണകർത്താക്കളും ജനങ്ങളും തെരഞ്ഞെടുക്കപ്പെടുന്നവരുമാണ്. ഇവരണ്ടും പരസ്പരപൂരകമായ പ്രവർത്തനങ്ങളും കാഴ്ചവയ്ക്കുന്നതിലേക്ക് പഞ്ചായത്തു പ്രസിഡൻറിനേയും സെക്രട്ടറിയേയും ബാങ്കിലെ എക്സ്-ഓഫിഷ്യോ ഡയറക്ടറന്മാരാക്കേണ്ടതും അതുപോലെതന്നെ ബാങ്ക് പ്രസിഡൻറിനേയും സെക്രട്ടറിയേയും പഞ്ചായത്തിലെ എക്സ്-ഓഫഷ്യോ മെമ്പറന്മാരാക്കേണ്ടതുമാണ്.

പഞ്ചായത്തിൽ നിലവിലുള്ള സംഘങ്ങളെ സംബന്ധിച്ചുള്ള പട്ടിക 1 പരിശോധിച്ചാൽ എല്ലാം രംഗത്തു ആവശ്യത്തിലധികം ഉള്ളതായിട്ടുകാണാം. എന്നാൽ ബഹുഭൂരിപക്ഷവും പ്രവർത്തനക്ഷമമല്ല. വളരെ താൽപര്യമെടുത്തു രജിസ്ട്രർ ചെയ്യപ്പെടുന്ന സംഘങ്ങളും ഗവൺമെന്റും മറ്റു സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന സഹായങ്ങളും കൈപ്പററിയിട്ട് പ്രവർത്തനം അവസാനിപ്പിക്കുന്ന ഒരു പ്രവണത ഈ രംഗത്തു ദർശിക്കുവാൻ സാധിക്കുന്നു. സാമൂഹ്യ പ്രതിബന്ധതയുള്ളവർ രംഗത്തുവന്നു ഈ പ്രക്രിയ അവസാനിപ്പിക്കേണ്ടകാലം വൈകിയിരിക്കുന്നു. ജനനംമുതൽ മരണംവരെയുള്ള മനുഷ്യന്റെ ഏതു ആവശ്യത്തിനും സാമ്പത്തിക സഹായം സഹകരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാണ്.

പരിഹാര നിർദ്ദേശങ്ങൾ

1 വായ്പ എടുക്കുന്ന ആവശ്യത്തിനുമാത്രം ഉപയോഗിക്കുക
2 നിബന്ധനപ്രകാരംതന്നെ തിരിച്ചടയ്ക്കുക
3 സഹകരണസ്ഥാപനങ്ങളുടെ സേവനങ്ങളും സ്വീകരിക്കുകയും, മറിച്ചും ചെയ്യാവുന്ന സേവനങ്ങളും ചെയ്യുക
4 വിലനിയന്ത്രണത്തിനുവേണ്ടി സ്ഥാപിക്കപ്പെടുന്ന ഉപഭോക്തൃ സ്റ്റോറുകളിൽനിന്നുതന്നെ നിത്യോപയോഗസാധനങ്ങളും, മറ്റു ഗാർഹികാവശ്യത്തിനുള്ള സാധനങ്ങളും വാങ്ങുക. ഇപ്രകാരമൊരു സഹകരണമനസ്ഥിതി സ്വന്തം മനസ്സിലും മറ്റുള്ളവരിലും ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കേണ്ടതാണ്. ചുരുക്കത്തിൽ ഒരു സഹകരണ സംസ്കാരം ഉണ്ടാക്കിയെടുക്കണം.

വായ്പാസംഘങ്ങളും സംബന്ധിച്ച് പരിശോധിച്ചാൽ പലകാരണങ്ങൾകൊണ്ട് ലക്ഷ്യത്തിലെത്തിയിട്ടില്ല. മറ്റു മേഖലയിലെ സംഘങ്ങളിൽ പ്രവർത്തനക്ഷമമല്ലാത്തവയെ സമാപ്തീകരിക്കുകയും, സഹായങ്ങളും നൽകി മറ്റുള്ളവയെ പ്രവർത്തിപ്പിച്ച് ലക്ഷ്യങ്ങളും സാക്ഷാല്ക്കരിക്കുവാൻ ശ്രമിക്കേണ്ടതുമാണ്

നിർദ്ദേശങ്ങൾ

1 പഞ്ചായത്തുമുഴുവൻ പ്രവർത്തനമേഖലയായിട്ടുള്ള സർവ്വീസ് ബാങ്കിന്റെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവുമാക്കുകയും, നിത്യോപയോഗ സാധനങ്ങളുടേയും, വളം, കീടനാശിനി, വിത്തു, മറ്റു കാർഷിക ഉപകരണങ്ങളും എന്നിവയുടെ വിതരണവും, മറ്റു ആവശ്യങ്ങൾക്കുള്ള സാമ്പത്തിക സഹായവും, കാർഷികവിഭവങ്ങളും കർഷികരിൽനിന്നും ശേഖരിക്കുന്നതിനും പഞ്ചായത്തിലുള്ള 13 വാർഡുകളിലേയും ജനങ്ങൾക്ക് നിത്യോപയോഗസാധനങ്ങളും വിതരണംചെയ്യുന്നിതിനു ആവശ്യമായ ഔട്ടലറ്റുകളും യുക്തമായ സ്ഥലങ്ങളിൽ തുറന്നു പ്രവർത്തിക്കേണ്ടതാണ്.

2 നിത്യോപയോഗ സാധനങ്ങൾ ഉല്പാദനമേഖലകളിൽനിന്നും മൊത്തമായി വാങ്ങി ഓരോ ഔട്ട് ലറ്റിന്റെയും ആവശ്യങ്ങൾ മുൻകൂട്ടി കണ്ട് (ബന്ധപ്പെട്ടവരിൽ നിന്നും ഇൻഡന്റ് വാങ്ങി) ബന്ധപ്പെട്ട ഔട്ട് ലറ്റുകളിൽതന്നെ എത്തിക്കേണ്ടതാണ്. ഇതിനു ലീഡ് ലിങ്ക് സിസ്റ്റം നടപ്പാക്കുന്നതു അഭികാമ്യം ആയിരിക്കും.

3 ഓരോ ഔട്ട് ലറ്റിന്റെയും പ്രവർത്തനം നിരീക്ഷിക്കുന്നതിനും ഉപദേശം നൽകുന്നതിനുമായി പഞ്ചായത്തിന്റെയും, ബാങ്കിന്റെയും, സന്നദ്ധസംഘങ്ങളുടേയും പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു സമിതിയെ നിയമിക്കുന്നതു കാര്യക്ഷമമായ പ്രവർത്തനത്തിന് സഹായകമായിരിക്കും.

പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനുവേണ്ടി മാത്രം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന 7 സംഘങ്ങളുണ്ട്. എന്നാൽ ഒന്നോ രണ്ടോ സംഘം ഒഴിച്ച് മറ്റൊന്നിനും കാര്യമായ പ്രവർത്തനം ഇല്ല. സമീപപ്രദേശത്തുള്ള ഏതെങ്കിലും സ്വകാര്യ വ്യക്തികളിൽനിന്നും സാധനങ്ങൾ വാങ്ങി വിൽപ്പന നടത്തിയാൽ സംഘം രജിസ്ട്രേഷൻ വഴി ലക്ഷ്യമിട്ടിരിക്കുന്നതു സാക്ഷാൽക്കരിക്കുവാൻ സാധിക്കുകയില്ല. ഇന്നത്തെ സ്ഥിതിയിൽ ഒരു യൂണിറ്റ് എന്ന നിലയിൽ പിടിച്ചുനിൽക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല. സർവ്വീസ് ബാങ്കിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള ഖണ്ഡികയിൽ ഉപഭോക്തൃ സാധനങ്ങളുടെ വിതരണത്തെ സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ട്. നിലനിൽക്കുന്ന ഉപഭോക്തൃ സംഘങ്ങളെ സർവ്വീസ് ബാങ്കുമായി ബന്ധപ്പെടുത്തി പ്രവർത്തനം മുമ്പോട്ട് കൊണ്ടുപോകണം. മറ്റുള്ളവ സാദ്ധ്യീകരിക്കേണ്ടതുമാണ്

വനിതാ ക്ഷേമത്തിനായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള 4 സംഘങ്ങളും പട്ടികയിൽ കാണുന്നു. എന്നാൽ കാര്യമാത്രമായ യാതൊരു പ്രവർത്തനങ്ങളും ഈ സംഘങ്ങളും കാഴ്ചവച്ചിട്ടില്ല. ജനകീയ ആസൂത്രണത്തിൽ വനിതാക്ഷേമം ഒരു മേഖലയാണ്. അതുമായി ബന്ധപ്പെടുത്തി നിലവിലുള്ള വനിതാസംഘങ്ങളെ പുനരുദ്ധരിക്കേണ്ടതാണ്.

പഞ്ചായത്തിൽ രണ്ടു ലേബർ കോൺട്രാക്ട് സൊസൈറ്റികളും പ്രവർത്തിക്കുന്നു. നിലവിലുള്ള നിയമത്തിനു വിധേയമായി പഞ്ചായത്തുകളുടേയും സംസ്ഥാന ഗവൺമെന്റിന്റെയും 50,000/- രൂപാവരെയുള്ള ജോലികളും ഏറ്റെടുത്തു നടത്തുന്നതായിട്ടു കാണുന്നു. ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന നിലയിൽ അധികാരം ജനങ്ങളിലേക്കു കൈമാറിയിരിക്കുന്ന സ്ഥിതിക്കു പഞ്ചായത്തിലെ എല്ലാം വികസന ജോലികളും ഗ്രാമസഭയുടെ മേൽനോട്ടത്തിൽ ബന്ധപ്പെട്ട വകുപ്പ് തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ലേബർ കോൺട്രാക്ട് സൊസൈറ്റികളും നിർവ്വഹിക്കേണ്ടതാണ്. ഇതുവഴി മദ്ധ്യവർത്തികളെ ഒഴിവാക്കാനും ഭീമമായ സംഖ്യകളും മിച്ചമുണ്ടായി വീണ്ടും വികസന ജോലികൾ ഏറ്റെടുത്തു നടത്തുവാനും സഹായിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനുവേണ്ടി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന 2 സംഘങ്ങളും ഈ പഞ്ചായത്തിലുണ്ട്. അതിൽ കൃ 95-ാം നമ്പർ മൈനാഗപ്പള്ളി പട്ടികജാതി വികസന സഹകരണസംഘം 1960 ൽ രജിസ്റ്റർ ചെയ്തു പ്രവർത്തനം തുടങ്ങിയിട്ടുള്ളതാണ്. ഏതാണ്ടു നാല്പതിറ്റാണ്ടു കാലമായിട്ടുപോലും ഇപ്പോഴും ശൈശവാവസ്ഥയിലാണ്. ഈ അടുത്ത കാലത്തു സ്വന്തമായി കുറച്ചു സ്ഥലവും ഒരു കെട്ടിടവും ഉണ്ടായിട്ടുള്ളതൊഴിച്ചാൽ മറ്റുകാര്യമാത്രമായ പ്രവർത്തനങ്ങളൊന്നുമില്ല. നിലവിലുള്ള നിയമമനുസരിച്ചു മറ്റു സർവ്വീസ് ബാങ്കുകളെപോലെതന്നെ വായ്പാ, വായ്പേതര പ്രവർത്തനങ്ങളും നിർബ്ബാധം നടത്താവുന്നതാണ്. പ്രചാരണങ്ങൾ വഴി അംഗങ്ങളുടെ ഇടയിൽ സഹകരണ വികസനബോധവൽക്കരണം നടത്തിയാൽ വളരെ മുന്നേറാൻ സാധിക്കും. മറ്റൊരു സംഘം മൺട്രോതുരുത്ത് മൈനാഗപ്പള്ളി പഞ്ചായത്തുകളെ പ്രവർത്തനമേഖലയാക്കി ഫിഷറീസ് വകുപ്പ് രജിസ്റ്റർ ചെയ്യപ്പെട്ട F. (O) 750-ാം നമ്പർ ഹരിജൻ മത്സ്യവ്യവസായ സംഘമാണ്. അതിന്റെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. H. M. T. എന്നപേരിൽ സർവ്വീസ് നടത്തിക്കൊണ്ടിരുന്ന ബസ്സും കേസിൽ കുരുങ്ങി കോടതിയിലാണ്. വികസനത്തിൽ പട്ടിക ജാതി/ പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്തുസ്കീമിൽ ഈ സംഘങ്ങളുടെ പുനരുദ്ധാരണം ഉൾപ്പെടുത്തിയാൽ എത്രയും വേഗം പരിഹരിക്കാവുന്നതാണ്.

പരമ്പരാഗത വ്യവസായങ്ങളും, ചെറുകിട വ്യവസായങ്ങളും മറ്റു കുടിൽ വ്യവസായങ്ങൾക്കുമായി രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ച 13 സംഘങ്ങൾ ഈ പഞ്ചായത്തിലുള്ളതായിട്ടു കാണുന്നു. ആ വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ ജീവിത മാർഗ്ഗങ്ങളും സൗകര്യങ്ങളും മെ

ച്ചപ്പെടുത്തുന്നതിനുവേണ്ടി ലക്ഷ്യമിട്ടിട്ടുള്ള ഈ സംഘങ്ങളിൽ മൈനാഗപ്പള്ളി ഓട്ട് വ്യവസായ സഹകരണസംഘം ക്ലിപ്തം S (IND) Q. 114 ഒഴിച്ച് മറ്റൊന്നും തന്നെ ലക്ഷ്യത്തിനൊത്ത് പ്രവർത്തിക്കുന്നില്ല. വെറും രജിസ്ട്രേഷനിലും, നാമമാത്ര പ്രവർത്തനം തുടങ്ങി കിട്ടാവുന്ന ഗവൺമെന്റും ആനുകൂല്യങ്ങളും വാങ്ങി എടുത്തു അതോടെ പ്രവർത്തനം സ്തംഭിപ്പിച്ചിരിക്കുന്ന കാഴ്ചയാണ് കാണുന്നത്. ഈ വ്യവസായങ്ങൾക്കാവശ്യമായ അംസ്കൃതസാധനങ്ങളുടെ ലഭ്യത പരിചയസമ്പന്നരായ തൊഴിലാളികളുടെ ലഭ്യത വൈദ്യുതി, ഗതാഗതം, സാമ്പത്തികം, മാർക്കറ്റിംഗ് തുടങ്ങിയ മറ്റു ഘടകങ്ങളും പരിശോധിച്ച് നിലനിറുത്തത്തക്ക സാദ്ധ്യതയുള്ള സ്ഥാപനങ്ങളും നിലനിറുത്തി മറ്റുള്ളവ സമഗ്രപ്പീകരിച്ച് ഈ രംഗത്തുള്ള മറ്റു സ്ഥാപിത താല്പര്യക്കാരെ ഒഴിവാക്കേണ്ടതാണ്. വ്യവസായത്തിന്റെ വളർച്ചക്കും സൽപ്പേരിനും ഇതു് അനിവാര്യമാണ് ഈ വക കാര്യങ്ങളും വിശദമായി പരിശോധിക്കുന്നതിനും സമയാസമയങ്ങളിൽ വേണ്ട ഉപദേശം പഞ്ചായത്ത് സമിതിക്ക് നൽകുന്നതിനും ബന്ധപ്പെട്ട വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥന്മാരും, സാമൂഹ്യപ്രവർത്തകരും, സഹകാരികളെ ഉൾപ്പെട്ട ഒരു ഉപദേശക സമിതി ഉണ്ടാകുന്നതു് അഭികാമ്യമായിരിക്കും. സ്കീമുകളും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളും തയ്യാറാക്കുകയും, ആവശ്യമായ ഫണ്ട് സഹകരണബാങ്ക് വഴിയും മറ്റു സഹായഘടകങ്ങളും സർക്കാർ സംവിധാനം വഴിയും ലഭ്യമാക്കാവുന്നതാണ്.

മൈനാഗപ്പള്ളി പഞ്ചായത്തിൽ ഹൈസ്കൂളുകളിൽ പ്രവർത്തിക്കുന്ന നാലും, മറ്റു ഹൈസ്കൂളുകളിൽ പ്രവർത്തിക്കുന്ന മൂന്നും ഉൾപ്പെടെ ഏഴ് സ്കൂൾ സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നു. ഗവൺമെന്റിന്റെ നയപരമായ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് കുട്ടികളുടേയും അദ്ധ്യാപകരുടേയും പഠന, പഠനേതര ആവശ്യങ്ങൾക്കുള്ള എല്ലാ സാധനങ്ങളും സ്കൂൾ സംഘങ്ങളും വഴി വിതരണം ചെയ്യണമെന്ന് തീരുമാനിച്ചതു്. ഇതിന്റെ ഉദ്ദേശം തന്നെ മദ്ധ്യവർത്തികളെ ഒഴിവാക്കി കൊള്ളലാഭമെടുക്കുന്നതിൽ നിന്നും അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും രക്ഷിക്കും എന്നതാണ്. എന്നാൽ ഇപ്പോഴും മിക്കസ്കൂൾ സംഘങ്ങളും പുസ്തക വിതരണത്തിലും നാമ മാത്രമായി സ്റ്റേഷനറി വിതരണത്തിലുംമാത്രംഒതുക്കി നിർത്തിയിരിക്കുകയാണ്. ഇതിനു് മാറ്റം വരുത്തണം ഒരു വർഷത്തേക്ക് ആവശ്യമായ ടെക്സ്റ്റ് ബുക്ക് ഒഴിവുള്ള സാധനങ്ങളും മൊത്തമായി ജില്ലാ മൊത്ത ഉപഭോക്തൃ സ്റ്റോറിൽ നിന്നോ സംസ്ഥാന കൺസ്യൂമർ ഫെഡറേഷനിൽ നിന്നോ വാങ്ങി സൂക്ഷിക്കേണ്ടതും അതുവഴി നല്ല തുക ലഭിക്കുന്നതിനും ഗുണനിലവാരമുള്ള സാധനങ്ങളും ലഭിക്കുന്നതിനും സാധിക്കുന്നു.

6 ക്ഷീര വ്യവസായ സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നു. ധവള വിപ്ലവത്തിന്റെ പേരിൽ കഴിഞ്ഞ 5 വർഷത്തിനകമാണ് 5 സംഘങ്ങളും രജിസ്റ്റർ ചെയ്യപ്പെട്ടതു്. ഇവകളെല്ലാം മിൽക്ക് സപ്ലൈസ് യൂണിയന്റെ അപ്കോസ് സൊസൈറ്റികളാണ്. രാവിലേയും വൈകിട്ടും രണ്ടു നേരങ്ങളിൽ കാലികർഷകരിൽ നിന്നും ശേഖരിക്കുന്ന പാൽ പ്രദേശിക വില്പനയ്ക്ക് ശേഷമുള്ളതു് മിൽമാ വാഹനങ്ങളും വഴി ചില്ലിംഗ് പ്ലാന്റിലേക്ക് കൊണ്ടുപോകുന്ന നടപടി ക്രമമാണ് തുടർന്നു കൊണ്ടിരിക്കുന്നതു്. സീസൺ ജോലികളിൽ ഉൾപ്പെട്ടിട്ടുള്ള കൃഷിക്കാർക്കും, കർഷകതൊഴിലാളികൾക്കും, മറ്റു തൊഴിൽരഹിതർക്കും ഒരു ഉപതൊഴിലെന്ന നിലയിലാണ് കാലി വളർത്തലിനു് പ്രാധാന്യം നൽകിയതും അപ്കോസ് പോലുള്ള സംവിധാനം ഉണ്ടാക്കിയിട്ടുള്ളതും, യഥാർത്ഥത്തിൽ ഇത്രയൊക്കെ പ്രാധാന്യം നൽകി കൂടുതൽ പാൽ ഉൽപ്പാദിപ്പിച്ചിട്ടും നമ്മുടെ ആവശ്യങ്ങൾക്ക് തികയാതെ വരുന്നതായിട്ടാണനുഭവം. കൂടാതെ പാൽ ഉൽപ്പാദകനു് കിട്ടുന്ന വിലയും നാമമാത്രമായിട്ടും കൊഴുപ്പിന്റേയും, SNF ന്റേയും പേരിൽ ഒരു ലിറ്റർ പാലിനു് ഉല്പാദകനു് കിട്ടുന്ന വില 8/രൂപാ അതോ പാൽ വിൽക്കുന്നതു് 11/രൂപാ പാലിന്റെ വിലക്കുറവും, ക്രമാതീതമായ കാലിത്തീറ്റയുടെ വിലക്കയറ്റവും കാരണം കറവപശുക്കളെ വളർത്തി ഉപജീവനം നടത്തിക്കൊണ്ടിരിക്കുന്ന കർഷകർ നട്ടം തിരിയുകയാണ്. പാലുൽപ്പാദനം ലാഭകരമാക്കാൻ പല നടപടികളും സ്വീകരിക്കേണ്ടിയിരിക്കുന്നു.

നിർദ്ദേശങ്ങൾ

1 അധിക പാൽ നൽകുന്ന ഹൈബ്രീസ് കാബിറ്റിയുള്ള കാലികളെ ലഭ്യമാക്കണം

2 മൃഗാശുപത്രികളുടെ പ്രവർത്തനം വിപുലീകരിക്കണം. 13 വാർഡുകളുള്ള പഞ്ചായത്തിൽ ഒരു വെറ്റിനറി ഡോക്ടറാണുള്ളതു്. അതു് കുറഞ്ഞത് രണ്ട് കേന്ദ്രങ്ങളാക്കുകയും ഓരോ വാർഡിലും ഫീൽഡ്വർക്കിനു് ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറെ നിയമിക്കേണ്ടതുമാണ്. കാലികളുടെ ചികിത്സയും, രോഗപ്രതിരോധ കുത്തിവയ്പുകളും ബീജസങ്കലനവും അവരവരുടെ സ്ഥലത്തുവച്ച് തന്നെ ഫീൽഡ് ഉദ്യോഗസ്ഥൻമാർ വഴി നിർവ്വഹിക്കേണ്ടതാണ്.

3 വിപുലമായി ഇൻഷ്യറൻസ് സംവിധാനം ഏർപ്പെടുത്തണം

4 ഒരു വാർഡിനു് ഒരു സംഘം എന്ന നിലയിൽ അവശേഷിയ്ക്കുന്ന 7 വാർഡുകളിലും ക്ഷീരവ്യവസായ സംഘങ്ങളും രജിസ്റ്റർ ചെയ്യു് പ്രവർത്തിപ്പിക്കേണ്ടതാണു്.

5 കന്നുകാലി വളർത്തൽ കർഷകർക്കാവശ്യമുള്ള കാലിത്തീറ്റയും, മിനറൽ മിക്ച്ചറും ഈ സംഘങ്ങൾ വഴി തന്നെ വിതരണം ചെയ്യേണ്ടതും, കാലിതീറ്റയുടെ വില പാലിന്റെ വിലയുമായി ബന്ധപ്പെടുത്തി തീരുമാനിക്കേണ്ടതുമാണു്.

6 കാലിത്തീറ്റ പുൽ വിത്തു് വിതരണം ചെയ്യു് പുല്ലു് സ്വന്തമായി ഉൽപ്പാദിപ്പിക്കുന്നതിനും, സ്വന്തമായി സ്ഥലമില്ലാത്തവർക്കു് പഞ്ചായത്തിന്റെ പൊതുസ്ഥലത്തു് കൃഷി ചെയ്തു് പുല്ലു് ഉൽപ്പാദിപ്പിച്ചു് ന്യായവിലയ്ക്കു് കൃഷിക്കാർക്കു് വിതരണം ചെയ്യുന്നതിനും നടപടി ഉണ്ടാകണം.

ഈ വക ഭൗതിക സാഹചര്യങ്ങളും ലഭ്യമാകുമ്പോഴും ഈ വ്യവസായം ലാഭകരമാകുകയും കൂടുതൽ ആളുകൾക്കും ഈ മേഖലയിൽ വരുന്നതോടുകൂടി പാൽ ഉൽപ്പാദനം വർദ്ധിച്ചു് നമ്മുടെ ആവശ്യങ്ങളും നിറവേറ്റുന്നതിനും അധികമുള്ളതു് പുറത്തു് വിൽക്കുന്നതിനും അതോടൊപ്പം തൊഴിലില്ലായ്മ ഒരു നല്ല അളവുവരെ കുറയ്ക്കുന്നതിനും അതുവഴി നമ്മുടെ ഗ്രാമ സമ്പദ്വ്യവസ്ഥയുടെ വളർച്ചയ്ക്കും വികസനത്തിനും സാദ്ധ്യമാക്കുന്നു.

ജനാധിപത്യ പ്രക്രിയയിൽ വികേന്ദ്രീകൃത ആസൂത്രണം നടപ്പാക്കുന്നതിനു് സഹകരണപ്രസ്ഥാനം പോലെയുള്ള ഒരു മാധ്യമം ലോകത്തു് എവിടെ നോക്കിയാലും കണ്ടുകിട്ടാൻ വിഷമമായിരിക്കും.

ഗ്രൂപ്പ് - II

പട്ടികജാതി, പട്ടികവർഗക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ ഏതാണ്ട് 17% പട്ടികജാതിക്കാരാണ് പട്ടികവർഗ്ഗക്കാർ ആരുമുള്ളതായി റിപ്പോർട്ട ചെയ്തിട്ടില്ല. 1991- ലെ കാനേഷുമാരി കണക്കനുസരിച്ച് 5928 പട്ടികജാതിക്കാരാണുള്ളത്. ഇതിൽ 2990 പുരുഷന്മാരും 2938 സ്ത്രീകളുമാണ്. ലക്ഷംവീട്, ജയന്തി, ഐ. എച്ച്. ഡി. പി. സെറ്റിൽമെൻറ് ഇങ്ങനെ വിവിധ കോളനികളിലായും അതിനോടനുബന്ധമായും ചുരുക്കം ചിലയിടങ്ങളിൽ ഒറ്റപ്പെട്ടും ഇവർ വസിയ്ക്കുന്നു. വിദ്യാഭ്യാസം, തൊഴിൽ, ജീവിതനിലവാരം എന്നിവയിൽ ഇവരിൽ ചില സമുദായങ്ങളും മുൻപന്തിയിലാണ്.

കോളനികൾ

ഈ പഞ്ചായത്തിൽ 25-ൽ പരം കോളനികളുണ്ട് വളരെ പഴക്കമുള്ള ലക്ഷംവീട് മുതൽ ഈ അടുത്തകാലത്തു് അനുവദിച്ചതുവരെ ഈ പട്ടികയിൽ ഉൾപ്പെടുന്നു (പട്ടികഅനുബന്ധം)

ജീവിത നിലവാരത്തിൽ സെറ്റിൽമെൻറ് കോളനികളും മറ്റുള്ളവയെ അപേക്ഷിച്ച് മെച്ചമാണ്. ഈ കോളനികളിലെല്ലാം 80% തോളം ഹരിജനങ്ങളാണ് പ്രഥമികസൗകര്യങ്ങളും, കുടിവെള്ളം, വെളിച്ചം ഇത്യാദി കാര്യങ്ങളിൽ വളരെ പിന്നോക്കമാണിവരുടെസ്ഥിതി. ലക്ഷംവീടുകളും പുതുക്കിപണിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പലതും വിണ്ടുകീറി അപകടാവസ്ഥയിലാണ്. ചുരുക്കം ചിലയിടങ്ങളിലൊഴിച്ച് ഗതാഗതസൗകര്യങ്ങളുണ്ട് പാർപ്പിടം, കക്കൂസ് ഇവരണ്ടും അത്യാവശ്യം വേണ്ടഘടകങ്ങളാണ്. വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, ശിശുപരിപാലനം എന്നിവയിലെല്ലാം സമൂഹത്തിനൊപ്പം വളർച്ചനേടാൻ കോളനി നിവാസികൾക്കു് കഴിഞ്ഞിട്ടില്ല. കോളനികളിൽ കയറിപ്പറ്റിയവരിൽ പറ്റിയവർ അധികവും ഹരിജനങ്ങളും ഭൂമി കൈമാറ്റം ചെയ്യപ്പെടുകയോ വിലയ്ക്ക് വിൽക്കപ്പെടുകയോ ചെയ്തിട്ടുണ്ട്.

പൊതുസ്ഥിതി

ഈ പഞ്ചായത്തിൽ ഹരിജനങ്ങളുടെ ജീവിത നിലവാരം ഈ നൂറ്റാണ്ടിന്റെ ആരംഭദിശയിലുള്ളതിനേക്കാളും പതിന്മടങ്ങ് പുരോഗതി നേടിയിട്ടുണ്ട്. ഒരു കാലത്ത് ജന്മിമാരുടെ അടിമകളായി അവരുടെ പറമ്പുകളിൽ കുടിയേറി കഴിഞ്ഞിരുന്നവർ, ഇടങ്ങഴി നെല്ലിനും ഒരുനേരത്തെ കഞ്ഞിക്കും പകലന്തിയോളം പണിയെടുത്തിരുന്നവർ, ജന്മിമാരുടെയോ അഥവാ തമ്പുരാന്റെ കൽപനകളുടെ മുമ്പിൽ അടിയറവുപറഞ്ഞിരുന്നവർ ഇന്നു് സമൂഹത്തിലെ മുഖ്യധാരയിലെത്തിപ്പെട്ട എന്നുള്ളതു്.

ചിലവിഭാഗങ്ങളിലെങ്കിലും എൻജിനീയർ, ഡോക്ടർ, വക്കീൽ തുടങ്ങി എല്ലാ മേഖലകളിലും പണിയെടുക്കുന്നവർ ഉണ്ട്. വിവാഹാദി ചടങ്ങിൽ സമൂഹത്തിലെ എല്ലാ വിഭാഗക്കാരും പങ്കെടുക്കണം. ജാതിപറഞ്ഞുള്ള സംബോധനയില്ല നാമകരണത്തിലും സമൂഹത്തിൽനിന്നും അന്യമായ വേർതിരിവ് ഇല്ല. ജനസംഖ്യ വർദ്ധനവിനനുസൃതമായി ഭൂമി ലഭ്യമല്ലാത്തതിനാൽ ഭൂരഹിതരായ കുറെപേർ ഉണ്ടെന്നല്ലാതെ മിക്കവരും ഭൂവുടമകളാണ്. സ്ത്രീകളുടേയും സ്ഥിതി ഏറെമെച്ചപ്പെട്ടിട്ടുണ്ട്. തൊഴിലെടുക്കുന്ന സ്ത്രീകൾ പ്രത്യേകിച്ച് കശുവണ്ടി മേഖലയിൽ പുരോഗതി നേടിയിട്ടുണ്ട്. ശുചിത്വത്തിലും വേഷവിധാനത്തിലും ഇവർ വളരെയേറെ മുന്നിലാണ്. ആത്മാഭിമാനബോധം ഇക്കൂട്ടരിലിന്ന് കാണപ്പെടുന്നില്ല സ്ത്രീകൾക്കിടയിലെ ഇന്നത്തെ തലമുറ വിദ്യാഭ്യാസരംഗത്തും മുൻപന്തിയിൽ തന്നെ. ചുരുക്കിപറഞ്ഞാൽ ദശകങ്ങൾക്കു് മുമ്പ് സമൂഹത്തിന്റെ കാഴ്ചപ്പാടിലുള്ള ഒരു പട്ടികജാതിക്കാരനും ഇന്നില്ല.

വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്തെ ഇവരുടെ പുതിയ തലമുറ വളരെ മുന്നിലാണ്. സാമ്പത്തികമായി എത്ര പിന്നോക്കമായാലും അവരുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കണമെന്നാഗ്രഹിക്കുന്ന രക്ഷകർത്താക്കളെയാണ് കാണാൻ കഴിയുക. ഇന്നത്തെ എല്ലാ കുട്ടികളും പ്രാഥമിക വിദ്യാഭ്യാസം നേടിയവരാണ്. പത്താം ക്ലാസ്സുവരെയുള്ള പഠനത്തിൽ ചുരുക്കം ചിലർ മാത്രമെ പൊഴിഞ്ഞു പോകുന്നുള്ളു. വിദ്യാഭ്യാസനിലവാരം പൊതുവെ മെച്ചമല്ല എന്നാൽ നല്ല മാർക്കുവാങ്ങി ബിരുദവും ബിരുദാനന്തരബിരുദവും നേടിയ ധാരാളം യുവതിയുവാക്കൾ ഇന്നുണ്ട്. തൊഴിൽ രാഹിത്യം ഇവർക്കിടയിൽ നിരാശാജനകമായ അനുഭവമാണ്. മുതിർന്ന അളുകളിൽ സാക്ഷരതാനിരക്ക് കുറവാണ്. വിശിഷ്യാ സ്ത്രീകളിൽ ഇതിനുവേണ്ടി കോളനികൾ കേന്ദ്രീകരിച്ചെങ്കിലും തുടർ സാക്ഷരതാപദ്ധതികൾ നടപ്പാക്കേണ്ടതാണ്. സ്കൂളുകളുടെ കാര്യത്തിൽ സംപുഷ്ടമായ ഈ പഞ്ചായത്ത് വിദ്യാഭ്യാസ മേഖലയിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നില്ല. ചുരുക്കം ചിലരെങ്കിലും ദൂരെയുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ അയക്കുന്നു. വിദ്യാഭ്യാസം അനിവാര്യമാണെന്ന ചിന്താഗതിയിൽ ഇവരും സമൂഹത്തിന്റെ മുഖ്യധാരയിലെത്തിയെന്ന് നമുക്ക് അഭിമാനിക്കാം.

തൊഴിൽ

പരമ്പരാഗത തൊഴിലുകളിലും കാർഷിക മേഖലയിലുമായി പണിയെടുത്തിരുന്ന ഇവർ ഇന്ന് എല്ലാ തൊഴിൽ മേഖലകളിലും കടന്നു വന്നിട്ടുണ്ട്. പുരുഷന്മാർ കല്ലുവെട്ട്, റോഡുപണി, കെട്ടിടം പണി ഇഷ്ടികനിർമ്മാണം തുടങ്ങിയ മേഖലകളിലേക്ക് കടന്നു കയറിയപ്പോഴും സ്ത്രീകളും കശുവണ്ടി മേഖലയിലാണ് കൂടുതൽ ശ്രദ്ധ പതിപ്പിച്ചത്. കർഷകരുടെ എണ്ണം കുറഞ്ഞതുപോലെ കർഷകതൊഴിലാളികളുടേയുംഎണ്ണം കുറഞ്ഞു–വിദഗ്ദ്ധതൊഴിലാളികളും ഈ മേഖലയിൽ കുറവാണെന്നു തന്നെ പറയാം. വ്യവസായങ്ങളും, കശുവണ്ടിയൊഴികെ മറെറാന്നും വികാസം പ്രാപിക്കാത്ത ഈ പഞ്ചായത്തിൽ സ്ത്രീകളെ ഉദ്ദേശിച്ചെങ്കിലും പരമ്പരാഗത തൊഴിലുകളും വേണ്ട സൗകര്യങ്ങളും ഉണ്ടാക്കേണ്ടതാണ് കട്ട, പനമ്പ് തുടങ്ങിയവയുടെ നിർമ്മാണം പായ്നെയ്തു ഇവയൊക്കെ പ്രോത്സാഹനം അർഹിക്കുന്ന തൊഴിലുകളാണ്. കല്ലുവെട്ട് ഈ പഞ്ചായത്തിലെ ഒരു മുഖ്യതൊഴിലാണ്. ഈ പണിയിലേർപ്പെട്ടിരിക്കുന്ന പട്ടികജാതിക്കാരായവർക്കുവേണ്ടി ഒരു ഹരിജൻസംഘം രൂപീകരിച്ച് ഇടനിലക്കാരുടെ നീരാളിപ്പിടുത്തത്തിൽ നിന്ന് അവർക്ക് മോചനം നൽകാവുന്നതാണ്. അതുപോലെ റോഡ് ടാറിംഗും ഇവിടുത്തെ ഒരു പ്രധാന തൊഴിലാണ്. ഈ മേഖലയിലും ഈ രീതി പരിശോധിച്ചു നോക്കാവുന്നതാണ്. സർക്കാർ അർദ്ധസർക്കാർ ജീവനകാരും ഇവർക്കിടയിൽ ഉണ്ട് ആർ.ഡി.ഒ.വരെ എത്തിയവ അക്കൂട്ടത്തിൽ ഉണ്ട്. ഇന്നത്തെ ഈ ഗ്രാമത്തിന്റെ സ്ഥിതിയിൽ വിദഗ്ദവും അവിദഗ്ദവുമായ മേഖലയിൽ പുരുഷത്തൊഴിലാളികൾക്ക് ഏതാണ്ട് 200 നു മേൽ തൊഴിൽ ദിനങ്ങൾ ഒരു വർഷം ലഭിക്കുന്നുണ്ട് സ്ത്രീകളും ഇക്കാര്യത്തിൽ വളരെ പിന്നിലാണ്. കശുവണ്ടി മേഖലയിലെ അനിശ്ചിതത്വം ഇക്കൂട്ടർക്ക് ഒരു ശാപമാണ്. സഹകരണമേഖലയിൽ ഒരു ഹരിജൻസംഘം നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

പാർപ്പിടം

കൂടുതൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കിടയിൽ അനുഭവപ്പെടുന്ന പ്രധാന പ്രശ്നം പാർപ്പിട രാഹിത്യമാണ്. കോളനികളുടെ സ്ഥിതി അന്യത്ര ചേർത്തിട്ടുണ്ട്. വ്യക്തിഗത പരാതികളുടെ അടിസ്ഥാനത്തിൽ വീടിനുവേണ്ടി പരാതിപ്പെട്ടവർ ഇരുനൂററിയൻപതിലേറെ വരും. ഏകദേശ കണക്കനുസരിച്ച് തിട്ടപ്പെടുത്തിയാൽ ഈ മേഖലയിൽ അടുത്ത 5 വർഷക്കാലത്തേക്ക് കൂറഞ്ഞത് 700 പാർപ്പിടങ്ങളെങ്കിലും ഉണ്ടാകേണ്ടിയിരിക്കുന്നു. മുൻഗണനാ ക്രമത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഇതു നടപ്പാക്കേണ്ടതാണ്. സന്നദ്ധ സംഘടനകളെയും വ്യക്തികളേയും ഇക്കാര്യത്തിൽ ദാതക്കളായി പരിഗണിക്കാവുന്നതാണ്.

ശുചിത്വം

കോളനികളിൽ പൊതുവേ അനുഭവപ്പെടുന്ന ഒരു കാര്യം ശുചിത്വമില്ലായ്മയാണ്. 70 ശതമാനത്തോളം കോളനിവാസികൾക്കും കക്കൂസില്ല. അടിയന്തിര ശ്രദ്ധപതിയേണ്ട ഒരു വിഷയമാണ്. വ്യക്തിഗതപരാതികളും ഗ്രാമസഭയിൽ ലഭിച്ചവയിൽ നല്ലപങ്കും കക്കൂസിനു വേണ്ടിയാണ്. കോളനികളിൽ ഒരോ കുടുംബത്തിനും ഒരു കക്കൂസെന്ന രീതിയിൽ നിർമ്മിച്ചു നൽകേണ്ടതാണ്. ലോകാരോഗ്യ സംഘടനയുടെ സഹായം ഇക്കാര്യത്തിൽ തേടാവുന്നതാണ്.

കുടിവെള്ളം

ആരോഗ്യ പരിപാലനത്തിനും ജീവസന്ധാരണത്തിനും അത്യാവശ്യമായ കുടിവെള്ളത്തിന്റെ കാര്യത്തിൽ കോളനികളുടെ സ്ഥിതി തൃപ്തികരമല്ല. ഉള്ള കിണറുകളും വേനൽക്കാലത്ത് ജല ലഭ്യതയില്ലാത്തതാണ്. ചിലയിടങ്ങളിൽ കിണറുകളിൽ സ്ഥാപിച്ചിരുന്ന പമ്പ് സെററുകളും തുരുമ്പെടുത്ത് ഉപയോഗ ശൂന്യമായി നശിക്കുന്നു. പൈപ്പു ലൈനുകളും എത്തിയിടത്ത് ആവശ്യത്തിന് ജലം ലഭിക്കുന്നില്ല. അടുത്തുവരെ പൈപ്പു ലൈനുകളും എത്തിനിൽക്കുന്ന കോളനികളുമുണ്ട്.

ആരോഗ്യം

കോളനികളും കേന്ദ്രീകരിച്ചു ആരോഗ്യ ബോധന ക്ലാസ്സുകളും നടത്തുകയും മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങളും തുറക്കുകയും വേണം. P.H. സെൻററിന്റെ ചികിൽസാ സൗകര്യം വർദ്ധിപ്പിക്കുകയും രാത്രികാല ഡോക്ടറുടെ സേവനം ഉറപ്പാക്കുകയും വേണം.

പൊതുശ്മശാനം

3ഉം 4ഉം സെൻറുകളിലായി പാർപ്പിടം തരപ്പെടുത്തിയിരിക്കുന്ന ഇക്കൂട്ടർക്ക് അടിയന്തിരമായി ലഭിക്കേണ്ട ഒരു ആനുകൂല്യമാണ് പൊതുശ്മശാനം. ആരോഗ്യ സംരക്ഷണത്തിനും ഇതു വളരെ അത്യന്താപേക്ഷിതമാണ്. ഗതാഗത സൗകര്യമുള്ള ഏതെങ്കിലും സ്ഥലത്തു. ഈ പഞ്ചായത്തിൽ ഒരു പൊതുശ്മശാനം എത്രയും പെട്ടന്ന് നിർമ്മിക്കേണ്ടതാണ്. ശവമെത്തിക്കാനുള്ള ഒരു വാഹനവും പഞ്ചായത്തു വകയായി ഉണ്ടാക്കേണ്ടതാണ്.

സേവനത്തുറകൾ

ഗവൺമെൻറിൽ നിന്നും ലഭിക്കുന്ന സഹായങ്ങളെക്കുറിച്ച് ദുർബല വിഭാഗങ്ങളിൽ ഭൂരിഭാഗവും അജ്ഞരാണ്. I.R.D.P പോലെ സഹായം ലഭിച്ച പദ്ധതികളുടെ പുനഃരവലോകനം നടത്തേണ്ടിയിരിക്കുന്നു. ഇവയുടെ ഉപയോഗം ശരിയായ രീതിയിലല്ലയെന്നുതന്നെപയറാം. തിരിച്ചടവ് വളരെ കറവു്.

ഇന്നീ രംഗത്ത് പുതിയ സഹായം നൽകാനാവാത്തവണ്ണം ഗുണഭോക്താക്കളെല്ലാംതന്നെ കുടിശികക്കാരായി മാറിയിരിക്കുന്നു. ദാരിദ്ര്യ രേഖയ്ക്ക് നിശ്ചയിച്ചിരിക്കുന്ന 11000/–രൂപ എന്ന മാനദണ്ഡം ഉയർത്തുകയും പുതിയ സർവ്വേ നടത്തി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും വേണം. ഈ മേഖലയിൽ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുമ്പോൾ സ്ത്രീകൾക്കു മുൻഗണന നൽകുന്നതു നന്നായിരിക്കും. കൃത്യമായ തിരിച്ചടവിനും ശരിയായ ഉപയോഗത്തിലും ഈ രീതി സഹായകരമായിരിക്കും. ഹരിജൻ കോളനികൾ കേന്ദ്രമാക്കി കമ്മ്യൂണിറ്റി ഹാളുകൾ (ഇപ്പോൾ 2 കോളനികളിലുണ്ട്.) നിർമ്മിക്കുകയും T.V. സെൻറുകൾ സ്ഥാപിക്കുന്നതോടൊപ്പം കലാ സാംസ്കാരിക പരിപാടികൾക്കും ഊന്നൽ നൽകുകയും വേണം. ഹരിജന കുടുംബത്തിലെ പെൺകുട്ടികളെ വിവാഹം കഴിച്ചയയ്ക്കുന്നതിനു പഞ്ചായത്തു തലത്തിൽ ഒരു മംഗല്യ നിധിയും രൂപീകരിയ്ക്കാവുന്നതാണ്.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി നേടിയെങ്കിലും, നിലവാര തകർച്ചയുണ്ട്.
2. അഭ്യസ്ത വിദ്യരുടെ തൊഴിൽ രാഹിത്യം.
3. കാർഷിക മേഖലയിലെ തൊഴിൽ കുറയുന്നു.
4. സ്ത്രീതൊഴിലാളികൾക്ക് തൊഴിൽ മേഖലയിൽ സ്ഥായി ഭാവമില്ല.
5. പാർപ്പിടമില്ലായ്മ.
6. കോളനികളിലെ ദയനീയ സ്ഥിതി.
7. ആരോഗ്യ സംവിധാനം മെച്ചമല്ല.
8. പൊതു ശ്മശാനമില്ല.
9. I.R.D.P. പോലുള്ള ധനസഹായം ദുർവിനിയോഗം ചെയ്യുന്നു.
10. നിർധനർക്ക് വിവാഹ ധനസഹായം.

നിർദ്ദേശങ്ങൾ

1. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത ഉറപ്പാക്കുക.
2. പരമ്പരാഗത തൊഴിലുകൾ പ്രോൽസാഹിപ്പിക്കുക.
3. കോളനികൾ അടിസ്ഥാനമാക്കി കൈത്തൊഴിൽ യൂണിറ്റുകൾ ഉണ്ടാക്കുക.
4. അഭ്യസ്തവിദ്യരുടെ തൊഴിൽ രാഹിത്യത്തിന് പരിഹാരമായി സ്വയം തൊഴിൽ സഹായം പഞ്ചായത്തു മേൽനോട്ടത്തിൽ നടപ്പാക്കുക.
5. വീടു നിർമ്മാണത്തിൽ ധനസഹായം വർദ്ധിപ്പിക്കുകയും സന്നദ്ധ സംഘടനകൾ, വ്യക്തികൾ ഇവരുടെ സേവനം ഈ മേഖലയിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുക.
6. പാർപ്പിട നിർമ്മാണത്തിൽ മുൻഗണനാക്രമത്തിൽ അർഹതയുള്ളവരെ തെരെഞ്ഞെടുക്കുക.
7. ലക്ഷംവീടുകൾ, ജയന്തിവീടുകൾ ഇവയ്ക്ക് അടിയന്തിരമായി അറ്റകുറ്റ പണികൾക്കുവേണ്ട സഹായം ചെയ്യുക.
8. കോളനികൾ കേന്ദ്രീകരിച്ചു. ഫീഡിംഗ് സെൻറുകൾ ബാലവാടികൾ എന്നിവ സ്ഥാപിക്കുക.
9. പഞ്ചായത്തിൽ രണ്ടു മേഘലകളിലായി 2 പൊതു ശ്മശാനം നിർമ്മിക്കുക.
10. കോളനി നിവാസികൾക്കും അല്ലാത്തവർക്കുമായി അടുത്ത 5 വർഷത്തേക്ക് 2000 വീടുകളും 2500 കക്കൂസുകളും നിർമ്മിക്കണം.

SL No	വാർഡ് നമ്പർ	കോളനിയുടെപേര്	വീടുകളം			ആവശ്യമുള്ള വീടുകൾ	ആവശ്യമുള്ള കക്കൂസുകൾ	ഹരിജനങ്ങൾ	അംഗസംഖ്യ
			ഓല	ഓട്	ആകെ				
1	I	വേളൂർവടക്കത്തിൽ	3	5	8	3	2	3	30
2	,,	അഞ്ചുവിളതെക്കത്തിൽ	1	12	13	1	9	3	70
3	,,	കരിമ്പിൻകോളനി	2	10	12	2	7	1	72
4	,,	നാരാണച്ചംവീട്കോളനിവീട്	7		22	22	22	11	100
5	II	വരിക്കോലയുത്ത്ലക്ഷം	15	7	22	15	15	15	120
6	,,	മുട്ടത്തുകോളനി	1	5	6	2	5	5	30
7	,,	പ്ലാമൂട്ടിൽചന്തകോളനി	20		20	20	20	14	105
8	III	പബ്ലിക്മാർക്കറിൽകോളനി	1	5	6	1	—	4	38
9	,,	അംബദ്ക്കർസെറ്റിൽമെൻറ്	24	4	28	20	25	25	145
10	IV	മൂത്തോട്ടിൽലക്ഷംവീട്	16	6	22	15	5	8	150
11	V	തുണ്ടിൽതെക്കതിൽ ജയന്തികോളനി	25	5	30	27	12	14	160
12	,,	കണ്ണാത്ത് ജയന്തികോളനി	6	15	21	8	9	11	105
13	VI	കാഞ്ഞിരംവിളലക്ഷംവീട്	7	11	18	7	—	15	110
14	,,	കുമ്പളയിൽ ജയന്തികോളനി	31	2	33-3	36	16	24	130
15	,,	നടയിൽപടി:സെറ്റിൽമെൻറ്	5	7	12	5	—	12	65
16	VII	കണിച്ചേരിൽതെക്കതിൽലക്ഷംവീട്	2	8	10	3	3	5	58
17	,,	പള്ളിയുടെവടക്കത്തിൽ ലക്ഷംവീട്	4	7	11	4	7	1	55
18	VIII	വേളൂർകുന്ന് സെറ്റിൽമെൻറ്	1	11	12	1	1	12	60
19	,,	മണ്ണൂർക്കാവ് സെറ്റിൽമെൻറ്	7	3	10	7	8	9	55
20	IX	തുപ്പായിവിളപുറംജയന്തി	29	7	36	32	29	30	180
21	,,	മാലീത്തറലക്ഷംവീട്	18	1	19	18	18	4	100
22	X	റബ്ബർതോട്ടംകോളനി							
23	XII	കോവൂർഹരിജൻകോളനി	15	80	95	15	55	66	500
24	,,	മങ്ങോടി സെറ്റിൽമെൻറ്	6	17	23	6	10	23	105
25	,,	ചൂരപ്പണസെറ്റിൽമെൻറ്	7	1	8	7	7	8	56
26	XIII	ഉരുമാളൂർ I.H.D.P	5	48	53	5	5	53	260

കോളനികൾ സൗകര്യങ്ങൾ

SL. No	വാർഡ് നമ്പർ	കോളനിയുടെപേര്	കുടി വെള്ളം	വൈദ്യുതി	റോഡുകം ഗതാഗത യോഗ്യം	മറ്റു സൗകര്യങ്ങം	റിമാർക്സ്
1	I	വേളൂർവടക്കതിൽ	പബ്ലിക്ക് ടാപ്പ് ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	
2	,,	അഞ്ചുവിളതെക്കതിൽ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	
3	,,	കരിമ്പിൻകോളനി	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	
4	,,	നാരാണച്ചംവീട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	
5	II	വരിക്കോലയ്യത്ത്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	
6	,,	മുട്ടത്ത്കോളനി	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	
7	,,	പ്ലാമൂട്ടിൽചന്ത	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	
8	III	പബ്ലിക് മാർക്കറ്റ്	റോഡിൽ ടാപ്പ് ഉണ്ട്	എത്തിയിട്ടുണ്ട്	ഉണ്ട്	ഇല്ല	
9	,,	അംബദ്ക്കർ സെറ്റിൽമെൻറ്	ഉണ്ട്	എത്തിയിട്ടുണ്ട്	ഇല്ല	ഇല്ല	
10	IV	മുത്തോട്ടിൽലക്ഷംവീട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	
11	V	തുണ്ടിൽതെക്കതിൽ	പൈപ്പ് ലൈൻ ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	വളരെ മോശം
12	,,	കണ്ണാത്ത് ജയന്തി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	രണ്ട് കിണർ ഉണ്ട് വെള്ളമില്ല
13	VI	കാഞ്ഞിരംവിളലക്ഷംവീട്	ഉണ്ട്	ഉണ്ട്	ഉണ്ട്	യുവജന സമാജം	
14	,,	കുമ്പളയിൽജയന്തി	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	
15	,,	നടയിൽപടീ:	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	
16	VII	കണിച്ചേരിൽതെക്കതിൽ	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	
17	,,	പള്ളിയുടെപട:	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	
18	VIII	വേളൂർകുന്ന്	കിണറുകം ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	
19	,,	മണ്ണൂർക്കാവ്	കിണർ ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	
20	IX	തുപ്പായിവിളപുറം ജയന്തി	ഉണ്ട്	ഇല്ല	കോളനിവരെ റോഡുണ്ട്	ഇല്ല	T.V ഇല്ല കമ്മ്യൂണിറ്റി ഹാം ഉണ്ട്
21	,,	മാലിത്തറലക്ഷംവീട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	
22	X	റബ്ബർതോട്ടം					
23	XII	കോവ്വൂർ ഹരിജൻ കോളനി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഫീഡിംഗ് സെൻറർ ഉണ്ട്	കമ്മ്യൂണിറ്റി ഹാം T.V.
24	,,	മത്തോടി	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	
25	,,	ചൂരപ്പണ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	
26	XIII	ഉരുമാളൂർ I.H.D.P	ഉണ്ട് വരം ച്ചയ്ക്കു ലഭ്യമല്ല	ഉണ്ട്	ഇല്ല	ഇല്ല	വർഷകാലത്ത് വെള്ളം കെട്ടി നില്ക്കുന്ന സ്ഥലം

A

വിഭവ സമാഹരണം

വിഭവസമാഹരണ സാധ്യതകളും ചർച്ച ചെയ്യുന്നതിന്റെ പ്രാരംഭമായി നിലവിൽ പഞ്ചായത്തിലെ വരവും ചെലവും വിലയിരുത്തേണ്ടതുണ്ട്.

വിവിധ ഇനങ്ങളിലായി കഴിഞ്ഞ നാലുവർഷത്തെ വാർഷിക വരുമാനം.

	കെട്ടിടനികുതി	തൊഴിൽനികുതി	വിനോദനികുതി	ഗ്രാന്റ്	മറ്റിനം	ആകെ
1992—93	131311 10	138220 00	20525 50	428442	593549 15	1312047 75
1993—94	244863 00	159855 00	40261 00	596484	471441 45	1512904 45
1994—95	240070 00	186965 00	39905 00	493041 00	557775 00	1517756
1995—96	260502 00	206735 00	34704 00	1395455 00	85032 25	1982428 25

ആകെ വരുമാനത്തിൽ കഴിഞ്ഞ നാല് വർഷങ്ങളിൽ ഉണ്ടായ ഏറ്റക്കുറച്ചിലുകൾ ശ്രദ്ധിക്കുക



പഞ്ചായത്തിന്റെ തനതു വരുമാനം ആയി കണക്കാക്കാവുന്നത് നികുതി വരുമാനമാണ്. ഇതിലെ ഏറ്റക്കുറച്ചിലുകൾ ശ്രദ്ധിക്കുക.

വർഷം	ആകെ വരുമാനം
1992—93	2,90,056 രൂ
93—94	4,44,979 ,,
94—95	4,66,940 ,,
95—96	5,01,941 ,,

നികുതിയിനത്തിൽ പഞ്ചായത്തിന്റെ വരുമാനത്തിൽ മുൻവർഷങ്ങളിൽ നല്ലരീതിയിലുള്ള വർദ്ധനവ് ഉണ്ടായിട്ടുള്ളതായി കാണാം.



ആകെ വരുമാനത്തിന്റെ കാര്യത്തിലെന്നപോലെ തന്നെനികുതിവരുമാനത്തിലും 93–94, 94–95 വർഷങ്ങളിൽ മാറ്റമില്ലാതെ തുടർന്നു എന്ന കാരണം കാര്യമായ വർദ്ധനവ് 93-94 ലും 95-96 ലും ആണ് ഉണ്ടായത്.

കഴിഞ്ഞ വർഷങ്ങളിൽ തുടർച്ചയായി നൂറുശതമാനവും നികുതി പിരിവ് നടക്കുന്നുണ്ടെന്നുള്ള ത് സംതൃപ്തി ജനകമായ ഒരു വസ്തുതയാണ്.

പഞ്ചായത്തിന്റെ മറ്റിന വരുമാനങ്ങളിൽ പന്തലേലം ഇനത്തിൽ 775/രൂ ഫലവൃക്ഷങ്ങളിൽ ലേലം ഇനത്തിൽ 7763/ ലൈസൻസ് ഫീസ് ഇനത്തിൽ 5797.50 ഇവയാണ്.

വിവിധ ഇനം ഗ്രാന്റുകളിൽ വില്ലേജ് റോസ്മെയിൻറൻസ് ഗ്രാന്റ്(V R M),ചെറുകിട ജലസേചന ഗ്രാന്റ് (MI). വാഹന നികുതി വിഹിതം(V T C(ഇവയാണ്. കൂടാതെ ഉപാധിരഹിതഫണ്ട്, J R Yസ്കീം പ്രകാരമുള്ള വരവ് ഇവയാണ്. നടപ്പ് വർഷം ഉപാധിരഹിതഫണ്ട് ആകെ 931870/രൂപയാണ്. J R Yഇനത്തിൽ 354311 രൂപയും അനുവദിക്കപ്പെട്ടിട്ടുണ്ട്. എല്ലാ ഇനങ്ങളിലുമായി പോയവർഷം പഞ്ചായത്തിന്റെ വരുമാനം19 82.438 രൂപ 25പൈസയാണെന്ന് കാണാം.

പഞ്ചായത്ത്രാജ് നിയമപ്രകാരം മറ്റ് വകുപ്പുകളിൽ നിന്നും അനുവദിക്കപ്പെട്ടിട്ടുള്ള തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

മറ്റ് വകുപ്പുകളിൽ നിന്നും പഞ്ചായത്തിന്റെ അധികാര പരിധിയിലേയ്ക്ക് കാര്യമായ കൈമാറ്റം വന്നിട്ടില്ലെന്ന് കാണാം. ഭാവിയിൽ ഈ രംഗത്ത് അടിസ്ഥാന മാറ്റം പ്രതീക്ഷിക്കാം.

വകുപ്പ്	പദ്ധതിവിഹിതം രൂ.	തുക പദ്ധതിയേതര വിഹിതം രൂ	ആകെ രൂ
മൃഗസംരക്ഷണം	12875	1200	14075
ആരോഗ്യം (ആയുർവേദം)		3280	3280
കൃഷി	92400		92400
പൊതുമരാമത്തു വകുപ്പുകൾ		33500	33500
ക്ഷീരവികസനം	3705		3705
വിദ്യാഭ്യാസം		1300	
ഗ്രാമവികസനം		2400	2400
ഹരിജനക്ഷേമം	4000	8160	12160
ആകെ	112980	49840	162820

ഇനി പഞ്ചായത്തിന്റെ ചെലവ് ഇനങ്ങൾ പരിശോധിക്കാം

95-96 വർഷം വിവിധ ഇനങ്ങളിലുള്ള ചെലവ് പരിശോധിക്കാം.

ഇനം	തുക
ഭരണം	5,45191 00
പൊതുമരാത്തുവകുപ്പ്	934 624 00
വിദ്യാഭ്യാസം-	1 8154 00
ജലവിതരണ ഓടകൾ പൊതുജനാരോഗ്യം	1,01,000 00
തെരുവ് വിളക്കുകൾ കത്തിക്കാൻ	88203 00
മറ്റുള്ളവ	67592 00
ആകെ	17.54.7.64 00

ഭരണ ചെലവ് ആകെ വരുമാനത്തിന്റെ 28% വൈദ്യുതി ചാർജ്ജ് ഇനത്തിൽ ആകെ വരുമാനത്തിന്റെ 4.5% ചെലവാടുന്നതായി കാണാം..

കഴിഞ്ഞനാലു വർഷങ്ങളിൽ വിവിധഇനം ചെലവുകളിൽ ഉണ്ടായ വർധനവ് പരിശോധിക്കാം

	92—93	93—94	94—95	95—96
ഭരണം	3,18,254	39,9,105	4,55,239	5,45,191
പൊതുമരാമത്ത്	76 216	59.367	2,86,381	9 34 624
വിദ്യാഭ്യാസം	ലഭ്യമല്ല		1412	18154
ജലവിതരണ പൊതുജനാരോഗ്യം ഓടകൾ		ലഭ്യമല്ല		10 1.000
തെരുവുവിളക്കുകൾ	60632	78996	85944	88203
മറ്റുള്ളവ	2,67,770	5,50,290	5,53,367	96,886

D

വിവിധ ഇനം ചെലവുകളിൽ ഉണ്ടായ വർദ്ധനവ് പരിശോധിക്കാം.



വർദ്ധനവ് ഏറ്റവും കാര്യമായി ഉണ്ടായത് പൊതുമരാമത്ത് വകുപ്പിന്റെ ചെലവുകളിൽ ആണെന്നും ഭരണരംഗത്ത് തുടർച്ചയായ വർദ്ധനവ് ഉണ്ടായതായും കാണാം. തെരുവുവിളക്കുകൾ കത്തിക്കുന്നതിലെ വർദ്ധനവ് താരതമ്യേന ചെറുതാണെന്നും കാണാം.

പഞ്ചായത്തിലെ വികസനരംഗത്തെ സ്വാധീനിക്കുന്ന മറ്റ് ഘടകങ്ങളും ധനകാര്യ സ്ഥാപനങ്ങളും ആണ്. പട്ടിപണക്കാരന്റെ വലയിൽ നിന്ന് സാധാരണക്കാരെ മോചിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് ചുമതല പെടുത്തിയ സഹകരണ സംഘങ്ങളും വാണിജ്യബാങ്കുകളും ഇവ ഈ രംഗത്ത് കാര്യമായ സംഭാവന ചെയ്യുന്നുണ്ട്. മൈനാഗപ്പള്ളി സർവ്വീസ് സഹകരണബാങ്ക് 4500 വായ്പകളായി ഏതാണ്ട് 150 ലക്ഷം രൂ. കാർഷിക വികസന സഹകരണ ബാങ്കിൽ നിന്ന് 2551 വായ്പകളിലായി 190 ലക്ഷം രൂപയും ബ്ലോക്ക് തല ഹൗസിംഗ് സൊസൈറ്റിയിൽ നിന്നും ഭവന നിർമ്മാണാവശ്യത്തിനായി 14 വായ്പകളിലായി 4.23 ലക്ഷം രൂപയും നിലവിൽ ഗുണഭോക്തൃക്കൾക്ക് ലഭിച്ചിട്ടുണ്ട്.

ഗ്രാമസഭകളിൽ വന്ന നിർദ്ദേശങ്ങൾ

1 സ്വകാര്യ പണമിടപാടുകാർക്ക് പഞ്ചായത്ത് തലത്തിൽ ഒരു നിയന്ത്രണം ഏർപ്പെടുത്തുകയും അവരിൽ നിന്നും നികുതി ഈടാക്കുകയും ചെയ്യുക.

2 ടൂറിസ്റ്റോറിയൽ സ്ഥാപനങ്ങളെ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടു വരിക.

3 കല്ലുവെട്ടു കോൺട്രാക്ടർ കല്ലുവെട്ടു തൊഴിലാളികൾ എന്നിവരെ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരിക.

4 ഷോപ്പിംഗ് കോംപ്ലക്സ് പണിത് വാടക ഇനത്തിൽ വരുമാനംകണ്ടെത്തുക.

5 ബസ് സ്റ്റാൻഡ് നിർമ്മിക്കുകയും വാഹനങ്ങളിൽ നിന്നു സെസ് ഏർപ്പെടുത്തുകയും ചെയ്യുക.

6 മണ്ണെടുത്ത് മാറുന്ന ഭൂമിയ്ക്ക് പഞ്ചായത്ത് നികുതി ഏർപ്പെടുത്തുക.

7 ആഴ്ച ചന്ത ആരംഭിക്കുക പട്ടിയെ വളർത്തുന്നതിന് ലൈസൻസ് ഏർപ്പെടുത്തുക കെട്ടിടനികുതി ശാസ്ത്രീയമായി പരിഹരിക്കുക. ഗൾഫ് കുടിയേറ്റക്കാരിൽ നിന്നുമുള്ള നിക്ഷേപം ഉല്പാദന രംഗത്തേക്ക് തിരിച്ചുവിടാൻ പദ്ധതി ഉണ്ടാക്കുക. തുടങ്ങി പലആവശ്യങ്ങളും ഗ്രാമസഭയിൽ വന്നിട്ടുണ്ട്.

8 ദിവസകൂലിക്കാരായ കർഷക തൊഴിലാളികൾ, നിർമ്മാണ തൊഴിലാളികൾ തുടങ്ങിയവർക്കായി വാർഡ് തലത്തിൽ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്യുകയും വാർഡ് മെമ്പറുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന സൊസൈറ്റിയിൽ തൊഴിലാളികളെ രജിസ്റ്റർ ചെയ്യുകയും ചെയ്യുക. ട്രസ്റ്റ് അടിസ്ഥാനത്തിൽ ആവശ്യാനുസരണം തൊഴിലാളികളെ നിയോഗിക്കുക, നാട്ടിൽ നടപ്പുള്ള കൂലി അവർക്ക് വാങ്ങി കൊടുക്കുക അവരുടെ ക്ഷേമനിധിയിലേക്ക് ഒരു തുക ദിവസകൂലിയിൽ നിന്ന് നിക്ഷേപമായി സ്വീകരിക്കുക രോഗം, ചികിത്സ, വാർദ്ധക്യകാലചികിത്സ, വിവാഹം ഭവനനിർമ്മാണം തുടങ്ങിയ ആവശ്യങ്ങൾക്ക് ധനസഹായം ചെയ്യുക. തുടങ്ങിയവ ഇതിന്റെ പ്രവർത്തനം ആക്കണം പഞ്ചായത്തിലേക്ക് ഇവരിൽ നിന്ന് ഒരു ചെറിയ നികുതിയും ഈടാക്കാം.

നമ്മുടെ നാട്ടിലെ ഏറ്റവും വിലപ്പെട്ടതും സുലഭവുമായ വിഭവം മനുഷ്യ വിഭവം തന്നെയാണ്. നാടിന്റെ വികസനത്തിന് ഫലപ്രദമായി വിനിയോഗിക്കാൻ അതുവഴി മുഴുവൻ ആളുകളുടേയും ക്ഷേമം ഉറപ്പാക്കാൻ കഴിയുന്ന ഏത് പദ്ധതിയും സ്വീകാര്യമാകണം മുഴുവൻ ആളുകൾക്കും പ്രഥമിക ആവശ്യങ്ങളായ ആഹാരം, വസ്ത്രം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, വിനോദം, വിശ്രമം ഇവ ലക്ഷ്യമാക്കുകയായിരിക്കണം സമഗ്ര വികസനം കൊണ്ട് അർത്ഥമാക്കുന്നത്.

സമഗ്രമായ ചർച്ചയിലൂടെ ഈ റിപ്പോർട്ട് സംപുഷ്ടമാക്കാൻ സവിനയം ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവം,

പി. ടി. കുട്ടൻ
(പ്രസിഡൻറ്)

എസ്. ഗോപാലകൃഷ്ണപിള്ള
(വൈസ്പ്രസിഡൻറ്)

എ. വിൻസൻറ്
(സെക്രട്ടറി)

പി. കെ. ഗോപൻ
(കൺവീനർ)



ഉൽപ്പാദന രീതികളിലും
ബന്ധങ്ങളിലും വരുന്ന മാറ്റമാണ്
ചരിത്ര സൃഷ്ടിക്കാധാരമാവുന്നത്.

— മാർക്സ്

വികസനരേഖ തയ്യാറാക്കിയവർ

P. K. ഗോപൻ (ജനകീയാസൂത്രണസമിതി കൺവീനർ)

Dr. രാധാകൃഷ്ണപിള്ള (DRP)

K. P. വേണുഗോപാൽ ,,

P. K. മുഹമ്മദ് ഹനീഫ ,,

R. മദനമോഹനൻ ,,

രാജശേഖരവാര്യർ ,,

T. M. തരകൻ ,,

S. അജയൻ ,,

K. ദിലീപ്കുമാർ ,,

M. K. ശങ്കരനാരായണപിള്ള ,,

A. വിൻസന്റ് (ഗ്രാമ പഞ്ചായത്ത് സെക്രട്ടറി)

A203



ചിത്രം (3)

ഗ്രാമീണജനതയുടെ വികാസത്തിലൂടെ മാത്രമേ
സ്വാതന്ത്ര്യത്തിലേക്ക് എത്തിച്ചേരാൻ കഴിയൂ.

— ഗാന്ധിജി

ജനപങ്കാളിത്തമില്ലാത്ത വികസനം അർത്ഥപൂർണമാവില്ല.
വികസനമെന്നു പറഞ്ഞാൽ റോഡും കെട്ടിടങ്ങളും മാത്രമല്ല.
വ്യാവസായിക-കാർഷിക മേഖലയിലെ
ഉൽപ്പാദന വർദ്ധനവാണ് മുഖ്യം.

— ഇ. എം. എസ്.